LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2006 മാർച്ച് 14, ചൊവ്വ

വാല്യം CXXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2006 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I അറിയിപ്പ്

മി. സ്പീക്കർ: നമ്മൾ അവസാനത്തെ സെഷനെന്ന നിലയ്ക്ക് പിരിഞ്ഞതാണ്. അത്യപൂർവ്വമായ ഒരു സാഹചര്യത്തിലാണ് സഭ വീണ്ടും സമ്മേളിക്കുന്നത്. സംസ്ഥാനത്തിന്റെ താത്പര്യങ്ങളും ജനങ്ങളുടെ സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സുപ്രധാനമായ ഒരു നിയമനിർമ്മാണമാണ് നമ്മുടെ അജണ്ട. കക്ഷി രാഷ്ട്രീയത്തിനതീതമായി സംസ്ഥാന താത്പര്യങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഈ നിയമനിർമ്മാണത്തിന്റെ ഗൗരവം നാം ശരിക്കും ഉൾക്കൊള്ളണം. അയൽ സംസ്ഥാനവുമായി ബന്ധപ്പെട്ട ഒരു വിഷയമെന്നനിലയ്ക്ക് നാം അങ്ങേയറ്റം സംയമനം പാലിക്കണം. കാര്യമാത്ര പ്രസക്തമായിരിക്കണം നമ്മുടെ പ്രസംഗങ്ങൾ. അവസരത്തിനൊത്തുയരാൻ എല്ലാ മാന്യമെമ്പർമാരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

II നിയമനിർമ്മാണകാര്യം

2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിന്റെ അവതരണവും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമത്തിൽ ക്ലാസ് 4 ഒഴിവാക്കിക്കൊണ്ടുള്ള ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വ്യക്തമായിട്ടില്ല. അതെന്താണെന്ന് പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ക്ലാസ് 4-ൽ ഗവൺമെന്റ് ആഗ്രഹിക്കുന്ന വിധത്തിൽ രണ്ടു മെമ്പർമാരെക്കൂടി നോമിനേറ്റു ചെയ്യാമെന്നുപറയുന്ന 58 'കെ' ആയിട്ടുള്ള ഭേദഗതിയായിട്ട് വന്നിട്ടുണ്ട്. അതാണ് ക്ലാസ് 4-ലുള്ളത്. ആ ക്ലാസ് 4 ഒഴിവാക്കിക്കൊണ്ടുള്ളതാണ് ഈ ബിൽ.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ സഭ അസാധാരണമായ സാഹചര്യത്തിൽ വിളിച്ചുകൂട്ടാനിടയായ സ്ഥിതി അങ്ങ് ഇവിടെ പറയുകയുണ്ടായി. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിർത്തണമെന്നുള്ളതാണ് നമ്മുടെ സാങ്കേതിക വിദഗ്ദ്ധന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനം. കാലാകാലങ്ങളായി ആ തീരുമാനം നടപ്പിലാക്കാനാണ് നമ്മൾ ശ്രമിച്ചിട്ടുള്ളത്. പക്ഷേ കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് 1999-ൽ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി ഇതിൽ നിന്നും വ്യത്യസ്തമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടിനെ ബേസ് ചെയ്താണ് സുപ്രീംകോടതിയിൽ നിന്നും 142 അടിയായി ഉയർത്താനുള്ള വിധി വന്നിരിക്കുന്നത്. ഈ വിധി വന്ന ഉടനെതന്നെ അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിച്ചു. അതിനുശേഷം ഗവൺമെന്റ് പ്രതിപക്ഷനേതാവുമായി ചർച്ച ചെയ്തു. പ്രതിപക്ഷനേതാവിന്റെകൂടി അഭിപ്രായം സ്വീകരിച്ചതിനുശേഷം എല്ലാ പാർട്ടി നേതാക്കന്മാരുടേയും ഒരു യോഗം വിളിച്ചുകൂട്ടാനായി തീരുമാനിച്ചു. അങ്ങനെയൊരു യോഗം കഴിഞ്ഞ 6-ാം തീയതി എറണാകുളത്തുവച്ചു കൂടുകയും അവിടെ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ഈ നിയമസഭ വിളിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു. തമിഴ്നാടുമായി നമുക്ക് നല്ല ബന്ധമാണുള്ളത്. ആ നല്ല ബന്ധം തുടരുകതന്നെ ചെയ്യും. ആ കാര്യത്തിൽ ഈ സഭയിൽ ആർക്കുംതന്നെ ഒരു അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. നമുക്കെല്ലാം ആ കാര്യത്തിൽ യോജിപ്പാണ്. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിൽ നമ്മൾ എതിരല്ല. പക്ഷേ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ട ബാധ്യത നമുക്കുണ്ട്. അഞ്ചു ജില്ലകളെ ബാധിക്കുന്ന, വളരെയധികം ആളുകളുടെ ജീവനും സ്വത്തിനും ഭീഷണി വരത്തക്കവിധത്തിലുള്ള ഒരു സാഹചര്യം നമുക്ക് ഒരിക്കലും ചിന്തിക്കാൻപോലും പറ്റില്ല. 111 കൊല്ലത്തെ പഴക്കമുള്ള ഡാം ആണ്. ഇന്നിപ്പോൾ അതിന്റെ സുരക്ഷയെക്കുറിച്ചൊക്കെ ടെക്നിക്കൽ കമ്മിറ്റി മെച്ചപ്പെട്ട റിപ്പോർട്ടാണ് തന്നിരിക്കുന്നതെങ്കിലും 111 കൊല്ലമെന്നുപറയുമ്പോൾ ആ ഡാമിന്റെ കാലപഴക്കമെല്ലാം കഴിഞ്ഞിരിക്കുകയാണ്. പിന്നെ ഇടയ്ക്കിടയ്ക്ക് നടത്തിയിട്ടുള്ള ബലപ്പെടുത്തലും അഡീഷണലായിട്ടുള്ള മെയിന്റനൻസുമെല്ലാം കൊണ്ടാണ് അതിന് ഇപ്പോൾ സാങ്കേതികമായ ബുദ്ധിമുട്ടില്ലെന്നു പറയുന്നത്. അപ്പോൾ 136 അടി എന്നുള്ള നമ്മുടെ സാങ്കേതിക വിദഗ്ദ്ധന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മളെടുത്തിട്ടുള്ള തീരുമാനത്തിൽ തന്നെ ഉറച്ചുനിൽക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കേരളത്തിലെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും അതിനോട് യോജിക്കുമെന്ന് വിശ്വാസമുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും അതിന് അനുകൂലമായിട്ടുള്ള അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. ഇത് തമിഴ്നാടിന് വെള്ളം കൊടുക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ടുള്ളതല്ല. മറിച്ച് 111 കൊല്ലത്തെ പഴക്കമുള്ള, പഴയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പണിതിട്ടുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചിടത്തോളം നൂറുശതമാനവും ഉറപ്പുവരുത്തുന്ന സാഹചര്യത്തിലേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സുപ്രീംകോടതി വിധിവന്ന സമയത്ത് അതിന്റെ മറ്റുള്ള എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിച്ചു. പരിശോധിച്ചതിൽ വന്നിട്ടുള്ളത് നമുക്ക് ഇതുപോലുള്ള ഒരു നിയമനിർമ്മാണത്തിലൂടെ മാത്രമേ ഗവൺമെന്റും കേരളത്തിലെ ജനങ്ങളും ആഗ്രഹിക്കുന്ന നിലയിൽ ഈ ഡാമിനെ സംബന്ധിച്ചുള്ള ജലനിരപ്പ് ഒരു നിശ്ചിത ലെവലിൽ നിർത്തുന്നതിന് സാധിക്കുകയുള്ളൂ എന്ന് പൂർണ്ണമായി ബോധ്യപ്പെട്ട സാഹചര്യത്തിലാണ് എല്ലാ പാർട്ടികളുമായി ആലോചിച്ചതിനുശേഷം ഇങ്ങനെയൊരു യോഗം വിളിച്ചുകൂട്ടിയത്. ഗവൺമെന്റിനുവേണമെങ്കിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് ഈ ലക്ഷ്യം നേടാമായിരുന്നു. അതിന് ഒരു ബുദ്ധിമുട്ടുമില്ലായിരുന്നു. പക്ഷേ ഒരു ഓർഡിനൻസും നിയമസഭയുടെ പൂർണ്ണമായ അംഗീകാരത്തോടുകൂടിയുള്ള നിയമനിർമ്മാണവും തമ്മിലുള്ള വ്യത്യാസം നല്ലതുപോലെ ഗവൺമെന്റ് മനസ്സിലാക്കുന്നു. അതുകൊണ്ട് നിയമസഭ അസാധാരണമായ നിലയിലാണെങ്കിൽ പോലും വിളിച്ചുകൂട്ടി ഈ നിയമസഭയുടെ പൂർണ്ണമായ അംഗീകാരം, കേരളത്തിലെ ജനങ്ങളുടെ പൂർണ്ണമായ അംഗീകാരം വാങ്ങിക്കൊണ്ടായിരിക്കണം ഈ നിയമനിർമ്മാണവുമായി മുമ്പോട്ടു പോകേണ്ടതെന്ന് നിശ്ചയിച്ചു. അതല്ലെങ്കിൽ ഗവൺമെന്റിന് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അവകാശമുണ്ട്. പക്ഷേ അതിൽ നിന്നും തികച്ചും വ്യത്യസ്തമായ നിലയിൽ ഈ സഭതന്നെ കൂടി കേരളത്തിന്റെ പൊതുവികാരം അറിയിക്കണമെന്നുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സഭ കൂടിയിട്ടുള്ളത്. അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഇവിടുത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ അംഗങ്ങളും പൂർണ്ണമായി യോജിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. തമിഴ്നാടുമായിട്ടുള്ള ഒരു തർക്കമോ തമിഴ്നാടുമായിട്ടുള്ള ഏതെങ്കിലുമൊരു പ്രശ്നമോ ആയിട്ടല്ല ഇതിനെ കാണേണ്ടത്. ആ എഗ്രിമെന്റ് അനുസരിച്ച് അവർക്ക് ലഭിക്കേണ്ടതായിട്ടുള്ള വെള്ളം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളവും തർക്കങ്ങളില്ല. പക്ഷേ നമ്മുടെ സുരക്ഷയെ സംബന്ധിച്ചിടത്തോളം അണുവിടപോലും നമുക്ക് അതിന്റെ ഒരു റിസ്ക് ഏറ്റെടുക്കാൻ സാധിക്കില്ല. 136 അടി എന്നുള്ളത് വർദ്ധിപ്പിച്ചതുകൊണ്ട് തമിഴ്നാടിന് പെട്ടെന്ന് ഒരു പ്രയോജനവും ഉണ്ടാകുമെന്ന് തോന്നുന്നില്ല. കഴിഞ്ഞ കുറെ അധിക വർഷക്കാലത്തെ കണക്കെടുത്തു നോക്കിയാൽ 136 അടി എന്നുള്ള ലെവലിലേക്ക് ഒരിക്കൽപോലും എത്തിയിട്ടില്ല. ഈ വർഷം വന്നു. എങ്ങനെ വന്നു? അവിടെ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ഒരു പൈപ്പ് ലൈൻ കേടായി. അതു വഴിയുള്ള വെള്ളം കൊണ്ടുപോകാൻ സാധിക്കാത്ത വന്ന ഒരു സാഹചര്യത്തിൽ, നല്ല മഴ കൂടി കിട്ടിയ സാഹചര്യത്തിലാണ് അവിടത്തെ ജലനിരപ്പ് അല്പമെങ്കിലും ഈ വർഷക്കാലത്ത് ഉയർന്നത്. തമിഴ്നാടിന് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും, 136 അടി എന്നുള്ള നിലയിൽ നിലനിർത്തുന്നതുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിയമം ഡാം സേഫ്റ്റി ആക്ടിനകത്ത് കുറെക്കൂടി അധികാരം നൽകുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ്. അതിനകത്ത് രണ്ടു മെമ്പർമാരെ അഡീഷണലായി ചേർക്കുന്ന ഒരു ക്ളാസ്സുള്ളതാണ് വിത്ത്ഡ്രാ ചെയ്യുന്നത്, അതുൾക്കൊള്ളിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് മന്ത്രി ഇവിടെ പറഞ്ഞത്. ഇന്നലെ നേതാക്കന്മാരുടെ യോഗം കൂടിയ അവസരത്തിൽ അങ്ങനെയൊരു അഭിപ്രായം വന്നു. നിയമസഭ കൂടാൻ തീരുമാനിച്ചതു തന്നെ എല്ലാവരുമായി ഒരു അഭിപ്രായ ഐക്യം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ്. ഇന്നലത്തെ മീറ്റിംഗിൽ രണ്ടു മെമ്പർമാരെ പുതുതായി ചേർക്കേണ്ട കാര്യമില്ല, അതു ഒഴിവാക്കണമെന്ന് പറഞ്ഞു. ആ സമയത്ത് തന്നെ ഗവൺമെന്റ് അത് അംഗീകരിച്ചു. അതിന് ഒഫിഷ്യലായിട്ടുള്ള അമെന്റുമെന്റ് കൊണ്ടുവരികയോ, അല്ലെങ്കിൽ മറ്റാരെങ്കിലും അമെന്റ്മെന്റ് കൊണ്ടുവരികയോ ചെയ്യുകയാണെങ്കിൽ അതു സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കും. പക്ഷേ ബിൽ അവതരിപ്പിച്ചപ്പോൾ ഗവൺമെന്റിന്റെ ഇന്റൻഷൻ ഇന്നലത്തെ തീരുമാനമനുസരിച്ച് വ്യക്തമാക്കി എന്നു മാത്രമേയുള്ളൂ. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചും അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ സംബന്ധിച്ചും നമുക്ക് വളരെയധികം താല്പര്യമുണ്ട്. 136 അടിയിൽ നിർത്തുക എന്നുള്ളത് താൽക്കാലികമായിട്ടുള്ള ഒരു നടപടിയാണ്. സുരക്ഷാകമ്മിറ്റി എല്ലാ വശങ്ങളും പരിശോധിക്കണം. 111 കൊല്ലമായി ഡാം പണിതിട്ട്. ഡാമിന്റെ കാലാവധി കഴിഞ്ഞു. അതുകൊണ്ട് ഇനി അങ്ങോട്ട് എന്ത് എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കേണ്ടി വരും. പുതിയ ഡാമിനെക്കുറിച്ചും പുതിയ എഗ്രിമെന്റിനെക്കുറിച്ചും തമിഴ്നാടുമായുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ ചിന്തിക്കേണ്ടി വരും. 142 അടിയിലേക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സുപ്രീംകോടതി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു നിയമ നിർമ്മാണത്തിലൂടെ, കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുമ്പോട്ടു പോകുകയാണ്. താൽക്കാലികമായ ഒരു നടപടിയായിട്ടു മാത്രമേ ഇതിനെ കാണാൻ കഴിയൂ. ശാശ്വതമായ പരിഹാരത്തെക്കുറിച്ചും നടപടിയെക്കുറിച്ചും എല്ലാവരുമായി യോജിച്ച് എല്ലാവരുടെയും അഭിപ്രായം കേട്ടുകൊണ്ട് ഒരു അഭിപ്രായ ഐക്യം ഉണ്ടാക്കി മുമ്പോട്ടു പോകേണ്ടി വരും. അതുകൊണ്ട് ഈ കാര്യത്തിൽ എല്ലാവരുടെയും പൂർണ്ണമായ സഹകരണം ഉണ്ടാകണം. ഇത് കേരളത്തിന്റെ പൊതുവായ ഒരു പ്രശ്നമാണ്. നിയമസഭ വിളിച്ചു കൂട്ടിതന്നെ ഈ നിയമനിർമ്മാണം പാസ്സാക്കാൻ തീരുമാനിച്ചതും ആ ഒരു സാഹചര്യത്തിലാണ്. എല്ലാവരുടെയും സഹായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെ അപൂർവ്വമായ ഒരു സാഹചര്യത്തിലാണ് വീണ്ടും ഈ സഭ സമ്മേളിക്കേണ്ടി വന്നത്. ഈ നിയമ നിർമ്മാണം നടത്തുമ്പോൾ വളരെയധികം അവധാനതയോടുകൂടി കൈകാര്യം ചെയ്യേണ്ടുന്ന ഒരു പ്രശ്നമാണ് ഇത്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും ചൂണ്ടിക്കാണിച്ച അഭിപ്രായ പ്രകടനങ്ങൾ വളരെ പ്രസക്തമാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളും തമിഴ്നാട്ടിലെ ജനങ്ങളും തമ്മിൽ യാതൊരു തർക്കവുമില്ല. ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്ന ജനവിഭാഗങ്ങളാണ്. ഇവിടെ പ്രശ്നം, സുപ്രീംകോടതി എടുത്തിട്ടുള്ള നിലപാടും കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നിലപാടുമാണ്. അത് കേരളത്തിന്റെ താല്പര്യത്തിന് വിരുദ്ധമാണ്. തമിഴ്നാട്ടിലെ കൃഷിക്കാർക്ക് വെള്ളം കിട്ടേണ്ട പ്രശ്നമാണ് തമിഴ്നാട് ഉന്നയിച്ചിരിക്കുന്നതെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം അഞ്ചു ജില്ലകളിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിന്റെ പ്രശ്നമാണ്. 30 ലക്ഷം ജനങ്ങളുടെ ജീവനെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇത് സംരക്ഷിക്കാൻ നമുക്കല്ലാതെ വേറെയാർക്ക് സാധിക്കും? അതുകൊണ്ട് ഭരണ-പ്രതിപക്ഷ അഭിപ്രായ വ്യത്യാസങ്ങളെല്ലാം മാറ്റിവച്ചുകൊണ്ട് ഈ പ്രശ്നത്തിൽ കേരളം ഒറ്റക്കെട്ടാണെന്ന് അറിയിക്കാൻ നമുക്ക് സാധിക്കണം. അതുവഴി സുപ്രീംകോടതിയുടെയും കേന്ദ്രഗവൺമെന്റിന്റെയും നിലപാട് കേരളത്തിനനുകൂലമാക്കി മാറ്റിയെടുക്കുവാൻ കഴിയണം. ആ ഒരു സംരംഭത്തിലാണ് നമ്മൾ ഇന്നു ഏർപ്പെട്ടിരിക്കുന്നത്. ഇരു സംസ്ഥാനങ്ങളിലേയും ജനങ്ങളുടെ താല്പര്യം സംരക്ഷിക്കത്തക്ക വിധത്തിലുള്ള ഒരു സമീപനമാണ് നമ്മൾ ഉദ്ദേശിക്കുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തിന്റെ പ്രശ്നമാണ് നമുക്ക് ഉന്നയിക്കേണ്ടത്. ഈ പ്രശ്നം ഒരു അന്തർ സംസ്ഥാന നദീജലപ്രശ്നമായിട്ട് കൈകാര്യം ചെയ്യേണ്ടതല്ല; ഒരു തർക്ക പ്രശ്നമായിട്ടല്ല മുല്ലപ്പെരിയാർ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്. ഇതു പൂർണ്ണമായും നമ്മുടെ സംസ്ഥാനത്തിന് തന്നെ അവകാശപ്പെട്ടിട്ടുള്ള വെള്ളമാണ്. കേരളത്തിൽ കൂടുതൽ വെള്ളമുണ്ടായിരുന്ന കാലഘട്ടത്തിൽ നമ്മൾ അയൽ സംസ്ഥാനത്തിനു വെള്ളം കൊടുക്കാൻ തീരുമാനിച്ചു. 1960-ലാണ് 136 അടിയായി ജലനിരപ്പ് ഉയർത്താൻ തീരുമാനിച്ചത്. അതിനുമുമ്പ് 136 അടിയിൽ കൂടുതൽ എപ്പോഴെല്ലാം ജലനിരപ്പ് ഉയർന്നിട്ടുണ്ടോ അപ്പോഴെല്ലാം തന്നെ പോർച്ച സംഭവിക്കുകയും, ഡാമിന്റെ സുരക്ഷിതത്വത്തിനു ഭീഷണിയുണ്ടാകുകയും ചെയ്തിട്ടുണ്ട്. 1960 മുതലാണ് 136 അടിയായി ജലനിരപ്പ് ഉയർത്തുന്ന പ്രക്രിയ തുടർന്നുവരുന്നത്. ഇതിനൊരു മാറ്റം വരുത്തിയാൽ, ജലനിരപ്പ് ഉയർന്നാൽ, ഡാമിന്റെ സുരക്ഷിതത്വം തകരുമെന്നു മാത്രമല്ല തൊട്ടപ്പുറത്തുള്ള സെറ്റിൽമെന്റ് കോളനി, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, വനം ഇതെല്ലാം തന്നെ നശിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി ഇതിന്റെ ഭാഗമായി വന്നുചേരും. അഞ്ചു ജില്ലകളിലെ

ജനങ്ങളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും. ചുണ്ണാമ്പും സുർക്കിയും ചേർത്ത് വളരെ പഴകിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുണ്ടാക്കിയതാണ് ഈ ഡാം. ഞാൻ മനസ്സിലാക്കിയത്, ലോകത്തിൽ ഈജിപ്തിൽ മാത്രമാണ് ഇങ്ങനെയൊരു ഡാമുണ്ടായിരുന്നത് എന്നാണ്. ആ ഡാമും ഇപ്പോൾ പൊളിഞ്ഞു. ഈ സന്ദർഭത്തിൽ ഡാമിന്റെ സുരക്ഷിതത്വ പ്രശ്നം, ഒരു പ്രധാന പ്രശ്നമായി കൈകാര്യം ചെയ്യുന്ന ഒരു സ്ഥിതിയുണ്ടാകണം. ആദ്യം മുതൽ തന്നെ ഈ കേസ് കൈകാര്യം ചെയ്തതിനകത്ത് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ചു ഇപ്പോൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഒരു ക്ളാസ് ഡിലീറ്റ് ചെയ്യുന്നു എന്നു പറഞ്ഞു. ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം, ഇതു കൈകാര്യം ചെയ്യുന്നതിൽ ഇപ്പോഴും വേണ്ടത്ര ജാഗ്രത ലാ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നാണ്. ഇങ്ങനെ ഒരു പ്രശ്നമുണ്ടായിരുന്നുവെങ്കിൽ ലാ ഡിപ്പാർട്ടുമെന്റ് ആദ്യമേ തന്നെ അതു ചൂണ്ടിക്കാണിക്കണമായിരുന്നു. ഈ ക്ളാസ് വച്ചാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം ചെലവഴിക്കേണ്ടുന്ന പ്രശ്നം വരും. ആദ്യം മുതൽ തന്നെ ഈ കേസ് കൈകാര്യം ചെയ്യുന്നതിലും മറ്റും സ്വീകരിച്ചിരുന്ന അലംഭാവം, ഈ ബിൽ തയ്യാറാക്കിയതിലും ഉണ്ടായിട്ടുണ്ട് എന്നാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. ഇതു സംബന്ധിച്ച് നമ്മൾ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും തർക്കിച്ച് കേരളത്തിന്റെ പൊതുവികാരം ഉയർത്തിപ്പിടിക്കുന്നതിന് പകരമുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്ക് പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും അതൊന്നും ഇപ്പോൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിന്റെ താല്പര്യം ഉയർത്തിപ്പിടിക്കാൻ ഈ സംസ്ഥാനത്തെ ജനങ്ങൾ, മനുഷ്യരായി ഉയർത്തെഴുന്നേൽക്കത്തക്ക വിധത്തിലുള്ള ഒരു സമീപനം ഇതിന്റെ ഫലമായി സ്വീകരിക്കാൻ സാധിക്കണം. അതിനുവേണ്ടി സഭാ സമ്മേളനം വിളിച്ചു കൂട്ടാൻ, സർവ്വ കക്ഷി യോഗം എടുത്തിട്ടുള്ള തീരുമാനം ഒരു നല്ല തുടക്കമാണ്. കേരളത്തിന്റെ പൊതു ആവശ്യത്തിനുവേണ്ടി നമുക്ക് ഒന്നിച്ചു നിൽക്കാൻ സാധിക്കണം. അതനുസരിച്ചുള്ള ഒരു ചർച്ചയായി ഇതിനെ മാറ്റാൻ നമുക്ക് സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി നിലവിൽ വരുന്നതിനുമുമ്പുണ്ടായിരുന്ന നടപടിക്രമമനുസരിച്ച് പരിപാടികൾ പോകണമെങ്കിൽ സസ്പെന്റു ചെയ്യാനുള്ള ഒരു പ്രമേയം ഉണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ 362-ാം നമ്പർ ബില്ലായ 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടേയോ സെലക്ടു കമ്മിറ്റിയുടേയോ പരിഗണനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കാതെ പരിഗണനയ്ക്ക് എടുക്കുന്നതിനുവേണ്ടി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76 സസ്പെന്റു ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ. . . .

പ്രതികൂലിക്കുന്നവർ. . . .

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ ജല നിരപ്പ് 136 അടിയിൽ താഴെയായിരിക്കണമെന്നുള്ള നിബന്ധന മറികടന്നുകൊണ്ട് 142 അടിവരെ ഉയർത്താമെന്നും ഡാമിന്റെ അറ്റകുറ്റ പണികൾ നടത്താൻ കേരളാ തമിഴ്നാട് സർക്കാരുകൾ സഹകരിക്കണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. അതുമാത്രമല്ല അതിന്റെ ഭാഗമായി അണക്കെട്ട് ശക്തിപ്പെടുത്തിയ ശേഷം വീണ്ടും വിദഗ്ദ്ധ സമിതിയെ നിയമിക്കാമെന്നും സമിതിയുടെ റിപ്പോർട്ട് അനുകൂലമെങ്കിൽ 152 അടി വരെയാക്കി ഉയർത്താമെന്നുമാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്. ഈ വിധി വന്നതിനുശേഷം ഒരു പുനഃപരിശോധനാ ഹർജി നൽകുക മാത്രമാണ് കേരളത്തിന്റെ മുൻപിലുള്ള ഏക പോംവഴിയെന്ന് ചിലർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിനുവേണ്ടി വാദിച്ച ശ്രീ. ടി. എൻ. വിശ്വനാഥ അയ്യരും ഇക്കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. ഞാൻ അതിന്റെ സാങ്കേതികത്വത്തിലേക്ക് കടക്കുകയല്ല; ആ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ വേണ്ടി പറയുന്നുവെന്നുമാത്രമേയുള്ളൂ. ഇതൊരു അന്തർ സംസ്ഥാന നദീജല തർക്കത്തിന്റെയോ കേരളവും തമിഴ്നാടും തമ്മിൽ നദീജലം പങ്കുവയ്ക്കുന്ന തർക്കത്തിന്റെയോ പ്രശ്നമല്ല. കേരളത്തിലെ ഏതാണ്ട് മുപ്പത് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവന്റെയും സ്വത്തുവകകളുടെയും പരിസ്ഥിതിയിലുണ്ടാകാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

വലിയ പ്രത്യാഘാതത്തിന്റെയും പ്രശ്നമാണ്. ഇതൊക്കെ സംരക്ഷിക്കാൻ വേണ്ടിയുള്ള കേരളാ ഗവൺമെന്റിന്റെ ന്യായമായ ആവശ്യത്തിനുവേണ്ടിയുള്ള ഒരു വാദമുഖം മാത്രമാണ്. അതുകൊണ്ടാണ് ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ ബില്ലിനെയും അതിലെ ഭേദഗതികളേയും, ജനങ്ങളുടെ പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാനും നിയമനിർമ്മാണത്തിനും ഞങ്ങൾ സഹകരിക്കുന്നത്. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ താഴെയായിരിക്കണമെന്നും ഒരു പുതിയ ഡാം നിർമ്മിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഡാം ചുണ്ണാമ്പും സുർക്കിയും കൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ്. അതിന്റെ ആയുസ്സ് 60 വർഷം മാത്രമാണ് പറയുന്നത്. അതിപ്പോൾ 111 വർഷം പിന്നിട്ടിരിക്കുകയാണ്. കമ്മീഷന്റെ റിപ്പോർട്ട് വരുന്ന സന്ദർഭത്തിൽ ചുണ്ണാമ്പും സുർക്കിയുമെല്ലാം ഒഴുകിപ്പോയി. ഡാമിന്റെ ഉള്ള് പൊള്ളയായിരിക്കുന്നതുകൊണ്ട് അത് നികത്തണമെന്നും അടിയന്തിരമായി സിമന്റ് പമ്പ് ചെയ്ത് ഡാമിന് ബലക്ഷയം വന്നിരിക്കുന്നത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പറഞ്ഞിരുന്നു. അതനുസരിച്ച് കുറെ നടപടികൾ അന്ന് സ്വീകരിച്ചിട്ടുണ്ട്. പക്ഷെ സിമന്റ് പമ്പ് ചെയ്യുമ്പോൾ പെട്ടെന്ന് ഉറച്ചു പോകും അതുകൊണ്ട് മാക്സിമം മുപ്പത് ശതമാനത്തിൽ കൂടുതൽ പമ്പ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നു പറഞ്ഞാൽ 27 വർഷങ്ങൾക്ക് മുൻപ് പറഞ്ഞ കാര്യം, അതായത് ഡാമിന്റെ പൊള്ളയായ ഭാഗത്ത് 70 ശതമാനവും സിമന്റ് കടത്തിവിടാൻ കഴിയാതിരിക്കുകയാണ്. അതിനുശേഷവും 27 വർഷം പിന്നിട്ടിരിക്കുകയാണ്. ഇപ്പോൾ ഡാം അപകടത്തിലാണ്. വലിയ ഭീതിജനകമായ ഒരന്തരീക്ഷമാണ് ഇപ്പോൾ നിലനിൽക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ടായിരം മില്യൻ ക്യൂസക്സ് വെള്ളം ഈ ഡാം തകർന്നാൽ മറ്റയടിക്ക് താഴോട്ട് പോകും. നമ്മുടെ വിദഗ്ദ്ധൻമാർ അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഇടുക്കി ഡാം ഇതെല്ലാം താങ്ങിക്കൊള്ളുമെന്നാണ്. ഭരണകക്ഷിയിലെ പ്രധാനപ്പെട്ട നേതാക്കൻമാർ ഉത്തരവാദിത്വമില്ലാതേയും സൂക്ഷ്മതയില്ലാതേയും ഈ കാര്യത്തെ സംബന്ധിച്ച് പ്രതികരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം പോർക്കളം എന്നൊരു പരിപാടിയിൽ ഞാനും പങ്കെടുത്തിരുന്നു. അതിൽ ശ്രീ. പി. ടി. തോമസ്, എം. എൽ. എ. പറഞ്ഞത് ഇത് വലിയ അപകടമാണ്, ടൂറിസം വികസനത്തിന് ഇത് അപകടമുണ്ടെന്ന് പറഞ്ഞാൽ, ടൂറിസം വികസനത്തിന് കുഴപ്പമുണ്ടാകുമെന്ന് പറഞ്ഞാൽ, ടൂറിസ്റ്റുകൾ ഇവിടെ വരാൻ ഇടയാകില്ലെന്ന് പറഞ്ഞാൽ, കേരളത്തിലെ വികസനത്തിന് ആ ഡാം തടസ്സമാകുമെന്ന് പറഞ്ഞാൽ എന്ത് ചെയ്യും? മാത്രവുമല്ല ഈ ഡാം തകർന്നാൽ ആ വെള്ളത്തെ തടഞ്ഞുനിർത്താനുള്ള ശേഷി ഇടുക്കി ഡാമിനുണ്ടെന്നാണ്. മുല്ലപ്പെരിയാർ ഡാമിന് എന്തെങ്കിലും സംഭവിച്ചാൽ അവിടെ താമസിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകേണ്ടേ? ഇനി വേണ്ടത്ര ശ്രദ്ധിക്കാതെയോ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിലും വിദഗ്ദ്ധമായ കാഴ്ചപ്പാടില്ലാതെയാണെങ്കിലും അശ്രദ്ധമായി കാര്യങ്ങൾ പറയുന്നത് കൂടുതൽ അപകടകരമായിരിക്കുമെന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളൂ. ഈ കേസ് വാദിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണെന്നു തോന്നുന്നു അസംബ്ളിയിൽ ഇക്കാര്യം ചർച്ച ചെയ്യപ്പെട്ടത്. അന്ന് നമ്മുടെ മന്ത്രി 142 അടിയാകുന്നതുകൊണ്ട് വലിയ പ്രശ്നമൊന്നും അവിടെ ഉണ്ടാകാൻ പോകുന്നില്ലെന്ന് പറഞ്ഞു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 1979-മുതൽ ഗവൺമെന്റ് എടുത്തിട്ടുള്ള ഒരു സ്റ്റാന്റുണ്ട്. അതിനിടയിൽ നിരവധി ഗവൺമെന്റുകൾ വരികയും പോകുകയും ചെയ്തിട്ടുണ്ട്. ആ ഗവൺമെന്റുകളെല്ലാം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയെന്നുള്ളതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഞാനും അന്ന് 136 അടിയെന്നാണ് പറഞ്ഞിട്ടുള്ളത്. തമിഴ്നാടിന് കേസ് വാദിക്കാൻ പറ്റുന്ന തരത്തിൽ ഇട്ടുകൊടുക്കരുതെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. കെ. ജയചന്ദ്രൻ : 142 അടിയാക്കണമെന്ന് മന്ത്രി പറഞ്ഞുവെന്ന് ഞാൻ പറഞ്ഞിട്ടില്ല. പക്ഷെ 142 അടിവരെ വല്ലപ്പോഴും ഉയർന്നാലും വലിയ അപകടം ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് അന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞു. ഇതെല്ലാം ഉയർത്തിപിടിച്ചുകൊണ്ടാണ് നമുക്കെതിരായി കേസ് വിധിക്കാൻ ഇടയായതെന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ : ഇതിൽ പരിഭ്രാന്തി ഉണ്ടാക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഒരു പരിഭ്രാന്തിയും നമ്മൾ ഉണ്ടാക്കുന്നില്ല. ഏതായാലും ഡാമിന് അപകടം സംഭവിച്ചുകഴിഞ്ഞാൽ പരിഭ്രാന്തിയല്ല, 30 ലക്ഷം ജനങ്ങളുടെ ജീവനും മറ്റു ജീവജാലങ്ങളുടെ നിലനിൽപ്പുതന്നെ നഷ്ടവുമാണ് ഉണ്ടാകാൻ പോകുന്നത്. അത് എല്ലാവരും കാണണം.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട കെ. കെ. ജയചന്ദ്രൻ ഇവിടെ തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനയുമായി മുന്നോട്ടു പോകുകയാണ്. 136 അടിയിൽനിന്ന് ഒരടി വെള്ളം കൂടുതൽ മുല്ലപ്പെരിയാർ ഡാമിലുണ്ടായാൽ അത് ഒഴുകിപ്പോകും. അവിടെ ഓപ്പണായിട്ട് കിടക്കുന്ന സ്പിൽവേയും ഷട്ടറുള്ള സ്പിൽവേയും ഉണ്ട്. ഓപ്പണായിട്ട് കിടക്കുന്ന സ്പിൽവേയിലൂടെ അത് പുറത്ത് പോകും. ഷട്ടർ എപ്പോഴും തുറന്നുവയ്ക്കണമെന്നാണ് നിയമം. ഇവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യാനാണ് ശ്രമിക്കുന്നത്. 136 അടിയിൽ കൂടുതൽ ജലനിരപ്പ് ഉയർന്നാൽ ഓട്ടോമറ്റിക്കലി ജലം പുറത്ത് പോകും. ഇപ്പോഴും 126 അടി ജലനിരപ്പ് മാത്രമാണ് ഉള്ളത്. ഇത് ആളുകളെ ഭയപ്പെടുത്താൻവേണ്ടി പറയുകയാണ്. അത് തീർച്ചയായും ഈ ചർച്ചയുടെ അന്തഃസത്തക്ക് നിരക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഈ പറയുന്ന കാര്യത്തിൽ ജനങ്ങൾക്ക് ഭയപ്പെടാനൊന്നുമില്ലെങ്കിൽ പിന്നെ എന്തിനാണ് ഈ ബില്ലും ഈ ഭേദഗതിയുമൊക്കെ? ശ്രീ. പി. ടി തോമസ് 136 അടിയിൽ നിന്ന് 142 അടിയാക്കി ഉയർത്തണമെന്ന് പറഞ്ഞതായി ഞങ്ങൾ പറഞ്ഞിട്ടില്ല. പക്ഷെ ഈ ഡാമിന്റെ ജലനിരപ്പ് 136 അടിയോ 142 അടിയോ വരുന്നതുകൊണ്ട് സ്പിൽവേയിൽക്കൂടി ഒഴുകിപ്പോകും, അതുകൊണ്ട് ഭീതിജനകമായ ഒരന്തരീക്ഷമൊന്നും അവിടെ നിലനിൽക്കുന്നില്ലെന്ന് സ്ഥാപിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അങ്ങനെ പരസ്യമായി സ്ഥാപിക്കാൻ ശ്രമിക്കുന്നത് നമ്മുടെ താൽപര്യത്തിന് സഹായകരമല്ലെന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട കെ. കെ. ജയചന്ദ്രൻ എവിടേയോ ശ്രീ. പി. ടി. തോമസ് പറഞ്ഞതിനെക്കുറിച്ചൊക്കെ പറഞ്ഞു. ശ്രീ. പി. ടി. തോമസ് അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ലെന്ന് പറഞ്ഞു. പക്ഷെ എന്റെ ഒരു ചോദ്യം നമ്മുടെ മുൻപിൽ ഒരു ബിൽ ഉണ്ടല്ലോ. ആ ബില്ലിലെ വ്യവസ്ഥകളിൽ ഈ ആളുകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പറയുന്നുണ്ട്. താവിലെ ബിൽ വായിക്കാൻ കഴിയാത്തതുകൊണ്ട് കഴിഞ്ഞ ദിവസം നടന്ന ചർച്ചയെപ്പറ്റിയും പത്ര വാർത്തകളെപറ്റിയും പറയുകയാണോയെന്ന് വ്യക്തമാക്കണം.

മി. സ്പീക്കർ : എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ബില്ലിൽ ഒതുങ്ങി നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ന്യായമായ ചോദ്യം ചോദിച്ചാൽ മനസ്സിലാകും. ബിൽ വായിച്ചിട്ടുണ്ടോ; കണ്ടിട്ടുണ്ടോ; കേട്ടിട്ടുണ്ടോ; എന്നൊക്കെ ചോദിക്കുന്നത് ശരിയല്ല. ഞാൻ സത്യം പറഞ്ഞാൽ നിങ്ങളുടെ മുഖം വികൃതമാകുമെന്നതിനാലാണ് ഞാൻ നേരത്തേ പറഞ്ഞതുതന്നെ ഇപ്പോഴും പറയുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ താഴെ നിലനിർത്തണമെന്നുള്ള കാര്യത്തിൽ എനിക്കും ബഹുമാനപ്പെട്ട ഇ. എം. അഗസ്തിക്കും തമ്മിൽ യാതൊരു തർക്കവുമില്ല. ജലനിരപ്പ് 136 അടിയിൽ ഉയർന്നുപോയാലും അപകടം സംഭവിക്കാൻ പോകുന്നില്ല, അങ്ങനെ ജനങ്ങളെ ഭയപ്പെടുത്തേണ്ടതില്ല എന്നുള്ള നിലയിൽ പരസ്യമായി നിങ്ങൾ നടത്തുന്ന കമന്റ് കേരളത്തിന്റെ താല്പര്യത്തിന് സഹായകരമായിരിക്കുകയില്ല, അത് കേരളത്തിന്റെ താല്പര്യത്തിന് എതിരായിരിക്കുമെന്ന് ഞാൻ ഇവിടെ വ്യക്തമാക്കുകയാണ്. പഴയകാല ചരിത്രത്തിൽ ചിലതെടുത്ത് പരിശോധിച്ചാൽ, സ്വാതന്ത്ര്യലബ്ധിക്കു മുമ്പാണ് മുല്ലപ്പെരിയാർ ഡാം പണിയുന്നത്. സ്വാതന്ത്ര്യം ലഭിക്കുന്നതിനു 61 വർഷംമുമ്പ് സ്ഥാപിക്കപ്പെട്ട ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് സ്വാതന്ത്ര്യലബ്ധിക്കുശേഷവും അനുകൂലമായ നിയമനിർമ്മാണമോ എഗ്രിമെന്റോ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞില്ലായെന്നുള്ളത് നമ്മുടെ പോരായ്മയാണ്. ഏതായാലും 1895-ൽ പൂർത്തിയാക്കപ്പെട്ട ഈ ഡാമിന് 1964 മുതൽ ചോർച്ച കണ്ടുതുടങ്ങിയതാണ്. 1964-ലും 1978-ലും തമിഴ്നാട് ഗവൺമെന്റും കേരളാ ഗവൺമെന്റും ചർച്ച ചെയ്ത് ഡാം പരിശോധിച്ച് വേണ്ടത്ര സുരക്ഷിതമല്ലെന്നു

കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജലനിരപ്പ് 136 അടിയിൽ താഴെ നിർത്താൻ പൊതുധാരണ ഉണ്ടാക്കുകയും ചെയ്തിട്ടുള്ളതാണ്. ആ ധാരണയാണ് ഇവിടെ ലംഘിക്കപ്പെടുന്നത്. ഈ സ്ഥിതിയെല്ലാം കണക്കിലെടുത്താണ് 1970-ൽ ഒരു അനുബന്ധ കരാർ ഉണ്ടാക്കിയിട്ടുള്ളത്. ജലനിരപ്പ് 136 അടിയിൽ കൂടുതൽ ഉയർത്തിയാൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പറഞ്ഞിട്ടുണ്ട്. ഇതിനെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുമായി ബന്ധപ്പെടുത്തി പറയാൻ ആഗ്രഹിക്കുകയാണ്. നാലാമത്തെ കാര്യം, ഏറ്റവും പ്രധാനപ്പെട്ട ടൈഗർ റിസർവ് ഈ പ്രദേശത്താണ്. ജലനിരപ്പ് 142 അടിയായി ഉയർത്തിയാൽ 2000 ഹെക്ടർ ഭൂമിയാണ് വെള്ളത്തിനടിയിലാകാൻ പോകുന്നത്. മാത്രമല്ല അവിടെ ഭൂരിപക്ഷവും ചതുപ്പാണ്. വന്യമൃഗങ്ങൾ പൂർണ്ണമായും അപ്രത്യക്ഷമാകാനേ ഇത് സഹായകരമാകുകയുള്ളൂ. രണ്ടാമത്തെ കാര്യം, മറ്റൊരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ജലനിരപ്പ് 142 അടിയിൽനിന്നും ഉയർത്തുകയെന്നു പറഞ്ഞാൽ മറ്റൊരു അപകടത്തിലേക്കാണ് വരുന്നത്. കുമിളി അടങ്ങുന്ന പട്ടണം ഇല്ലാതാകും. അവിടെ ഇപ്പോൾ നിലനിൽക്കുന്ന ടൂറിസം സാധ്യതകൾ പൂർണ്ണമായും ഇല്ലാതാകും. 1980-ൽ നിലവിൽ വന്ന വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് ജലനിരപ്പ് 136 അടിയായി നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ 1964 മുതൽ ആരംഭിച്ച ഡാമിന്റെ ബലക്ഷയം 2000-ലും 2001-ലും ഉണ്ടായ ഭൂചലനത്തെത്തുടർന്ന് വളരെ ഗൗരവമായ രൂപത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഞാൻ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് 2000-ൽ ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഭൂചലനം ഉണ്ടായാൽ ഡാമിന് ഏതവസരത്തിലും അപകടം ഉണ്ടാകാമെന്നും ഈ പ്രദേശം ഭൂചലന സാധ്യത കൂടുതലുള്ളതാണെന്നും പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ, നമ്മുടെ നാടിന് ഉണ്ടാകാവുന്ന അപകടകരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് ഈ കേസ് വാദിക്കുന്ന കാര്യത്തിൽ നമുക്ക് പോരായ്മയും പിശകും സംഭവിച്ചുപോയിട്ടുണ്ട് എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇവിടെ നമ്മുടെ കേസ് വാദിക്കുന്നതിന് നാലു വർഷത്തിനിടയിൽ നാലു വക്കീലൻമാരെയാണ് മാറ്റിയിരിക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ തമിഴ്നാട് ചെയ്തത് എന്താണ്? 2001-ൽ കേസ് സുപ്രീം കോടതിയിൽ വന്നതുമുതൽ നദീജല തർക്കങ്ങളിൽ വളരെ വൈദഗ്ദ്ധ്യത്തോടുകൂടി ഇടപെടാൻ കഴിയുന്ന സ്പെഷ്യലിസ്റ്റായ അഡ്വക്കേറ്റ് വിനോദ് ബോപ്സെയാണ് സ്ഥിരമായി കേസ്സിന്റെ വിധി വരുന്നതുവരെ ആ കേസ് വാദിച്ചത്. പക്ഷേ നമ്മൾ മൂന്നുനാലു വക്കീലൻമാരെ നിയമിച്ചു. ഏറ്റവും അവസാനം അഡ്വക്കേറ്റ് ടി. എൻ. വിശ്വനാഥ അയ്യരാണ് ഈ കേസ് വാദിച്ചത്. ഈ ഡാമിന്റെ അപകടകരമായ സ്ഥിതിയെ സംബന്ധിച്ച് കഴിഞ്ഞ കാലങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശരിയായ രൂപത്തിൽ വാദിക്കാനും സ്ഥാപിക്കാനും നമുക്ക് കഴിഞ്ഞിട്ടില്ലായെന്നുള്ളത് കേസ്സിന്റെ പരാജയത്തിന് മുഖ്യ കാരണമായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട മെമ്പർ ഈ ഭേദഗതിയെ സംബന്ധിച്ച് നന്നായി പഠിച്ചിട്ടാണ് കാര്യങ്ങൾ വിശദീകരിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിന്റെ ഭാഗമായി അഞ്ചു വകുപ്പുകളാണ് ഭേദഗതി ചെയ്യപ്പെടുന്നത്. ഒരു വകുപ്പ് പുതിയതായി കൂട്ടിച്ചേർക്കുകയാണ്. 2, 57, 58, 59, 62, 62(എ), 62(ബി) ഈ വകുപ്പുകളിൽ സുപ്രീം കോടതിയുടെ വിധിയെ മറികടക്കാൻ, മുല്ലപ്പെരിയാർ ഡാമിൽ നിലവിലുള്ള 136 അടി ജലവിതാനത്തിൽ ഒരു അടിപോലും ഉയർത്താൻ പാടില്ലായെന്ന് സ്ഥാപിക്കാൻ ഇതിൽ ഏത് വകുപ്പാണ് ഉള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് സൂചിപ്പിക്കാൻ പറ്റുമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഇതിനകത്ത് അങ്ങനെ ഒരു വകുപ്പും പ്രത്യേകമായി പറഞ്ഞിട്ടില്ല. അതിന്റെ ഉദ്ദേശമെന്താണെന്ന് ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചാൽ മാത്രമേ മനസ്സിലാകുകയുള്ളൂ. കാരണം എവിടെ വാദിച്ചുനോക്കിയാലും സ്പെസിഫിക്കായി വെള്ളം ഇത്ര അടി ഉയർത്താതിരിക്കാനുള്ള വകുപ്പ് ഇന്ന കാരണംകൊണ്ട് കൂട്ടിച്ചേർക്കേണ്ടതുണ്ടെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. അപ്പോൾ സുപ്രീം കോടതി വിധിയെ അതിന്റെ അടിസ്ഥാനത്തിൽ മറികടക്കാൻ സഹായകരമാണോയെന്ന് സംശയമുണ്ട്. കേരളത്തിന്റെ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി ബോധ്യപ്പെടുത്താൻ നമുക്ക് കഴിയാതെ പോയിട്ടുണ്ട്. മറ്റൊരു കാര്യം, ചീഫ് എഞ്ചിനീയറായിരുന്ന ടി. കെ. ശശിയെപ്പോലുള്ള ആളുകൾ നടത്തിയിട്ടുള്ള ഗുരുതരമായ വീഴ്ചകളും അഴിമതികളും ഗവൺമെന്റിന് യഥാസമയം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളെല്ലാം വളരെ നിസ്സംഗതയോടുകൂടി നോക്കിനിൽക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നുള്ള ആക്ഷേപമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നങ്ങൾ വേണ്ടത്ര ഗൗരവത്തോടെയല്ലാതെ ലാഘവ ബുദ്ധിയോടുകൂടി അവതരിപ്പിച്ചതുപോലെയാണ് എനിക്ക് തോന്നിയത്. ജലനിരപ്പ് ഉയർത്താൻ സുപ്രീം കോടതിയുടെ വിധി വന്നതുകൊണ്ട് പ്രത്യേക അപകടമില്ലായെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിന് പറഞ്ഞ കാരണം, വർഷങ്ങളായി ജലനിരപ്പ് ഉയരാറില്ലായെന്നും ഈ വർഷം ഉയരാൻ ഇടയായത് ഒരു പൈപ്പ് കേടായതുകൊണ്ടും മഴ കൂടുതൽ കിട്ടിയതുകൊണ്ടും ആണെന്നും ഈ വിധികൊണ്ട് തമിഴ്നാട് ഗവൺമെന്റിന് കാര്യമായ നേട്ടമൊന്നുമില്ലെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിനർത്ഥം നമുക്ക് വേറെ അപകടമൊന്നുമില്ലായെന്നുകൂടി വരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ആ നിലയിലല്ല ഈ പ്രശ്നത്തെ കാണേണ്ടത്. ഞാൻ അവിടെ പോയി പരിശോധിച്ചില്ലെങ്കിൽപ്പോലും ഇന്നത്തെ പത്രങ്ങളിൽ പറഞ്ഞിരിക്കുന്നത്, ഷട്ടർ ഇട്ടതിനെത്തുടർന്ന് വെള്ളം മൂന്ന് അടികൂടി ഉയർന്നിട്ടുണ്ട് എന്നാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇന്ന് മാവിലെയുള്ള റിപ്പോർട്ട് അനുസരിച്ച് ജലനിരപ്പ് 126 അടിക്കുമുകളിൽ ഉയർന്നിട്ടില്ല. അതുകൊണ്ട് ദയവായി 126 അടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തേക്കുള്ള കണ്ടൻഷൻ എടുക്കണ്ട. പിന്നെ ടി. കെ. ശശിയെക്കുറിച്ച് പറഞ്ഞു. ടി. കെ. ശശിയെ നിയമിച്ചത് ഞങ്ങളുടെ കാലത്തല്ല. പത്തു കൊല്ലങ്ങൾക്കു മുമ്പാണ് ടി. കെ. ശശി ആ സ്ഥാനത്ത് വന്നത്. ഏത് കാലത്താണെന്ന് ആലോചിച്ചാൽ മതി.

ശ്രീ. കെ. കെ. ജയചന്ദ്രൻ : എത്ര കൊല്ലംമുമ്പ് നിയമിച്ചു എന്നല്ല. ടി. കെ. ശശിയുടെ പേരിൽ അഴിമതികളും ആക്ഷേപങ്ങളും വന്നിരിക്കുകയാണ്. കുറ്റം ചെയ്തത് നേരത്തേയാകാം. ഇപ്പോൾ ആ പ്രശ്നം വരുമ്പോൾ അത് എങ്ങനെ കൈകാര്യം ചെയ്തു; ശക്തമായി നേരിട്ടോ; അതോ നിസ്സംഗത പാലിച്ചോ; എന്നാണ് പരിശോധിക്കേണ്ടത്. ഇന്ന് കേരളത്തിൽ അഞ്ചു ജില്ലകളിലെ ജനങ്ങൾ അതീവ ആശങ്കയിലും ഉത്കണ്ഠയിലും ഭീഷണിയിലുമാണ് കഴിഞ്ഞുകൂടുന്നത്. ജലനിരപ്പ് ഉയർത്താൻ ഇടയായാൽ നമുക്ക് ഉണ്ടാകാവുന്ന നഷ്ടം ഒരു കാലത്തും നികത്താൻ കഴിയുന്നതല്ല. മുകളിലിരുന്ന് തീരുമാനിക്കുന്നവർ അവരുടേതായ ചില താല്പര്യങ്ങളുടെകൂടി അടിസ്ഥാനത്തിൽ ഇത്തരത്തിൽ തീരുമാനിക്കാൻ ഇടയായിട്ടുണ്ട്. അതിനെയെല്ലാം മറികടക്കണം. അതിന് ഇന്ന് പ്രസ്താവനകളിലൂടേയും അല്ലാതേയും വന്നുകൊണ്ടിരിക്കുന്ന എല്ലാ വീഴ്ചകളും തിരുത്തി ഒരു മനസ്സോടുകൂടി ഇതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണം. ഇത് വ്യത്യസ്ത അഭിപ്രായത്തോടുകൂടി തീരുമാനിക്കപ്പെടേണ്ട ഒന്നല്ല. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. എം. അഗസ്തി: 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ടിലെ 57-ാം വകുപ്പുപ്രകാരം സംസ്ഥാനത്തിനകത്ത് സ്ഥിതിചെയ്യുന്ന അണക്കെട്ടുകളുടെ കാവൽ, പരിശോധന, പരിപാലനത്തിനുള്ള ഉപദേശം എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന് കേരളാ ഗവൺമെന്റിന് അധികാരം നൽകുകയും കേരള ഗവൺമെന്റ് അതനുസരിച്ച് ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ച് 2006 ഫെബ്രുവരി 18-ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ സഭയിൽ അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ചൂണ്ടിക്കാണിച്ചതുപോലെ സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും വകുപ്പിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരളത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഈ അതോറിറ്റിക്ക് കൂടുതൽ അധികാരങ്ങൾ നൽകേണ്ടത് ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നത്. ഈ ബില്ലിനെപ്പറ്റിയുള്ള ചർച്ച നടക്കുന്നയവസരത്തിൽ അങ്ങ് പ്രകടിപ്പിച്ചതുപോലെയും ബഹുമാനപ്പെട്ട സഭാ നേതാവ് പ്രകടിപ്പിച്ചതുപോലെയും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ചതുപോലെയും കേരളത്തിന്റെ താൽപ്പര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിരക്ഷിക്കുകയും അതോടൊപ്പംതന്നെ അയൽ സംസ്ഥാനവുമായി ഉത്തമമായ ബന്ധം നിലനിർത്തുകയും ചെയ്യത്തക്ക നിലയിൽ ഈ സഭ അതിന്റെ ഉത്തരവാദിത്വവും ഗൗരവവും പൂർണ്ണമായി ഉൾക്കൊണ്ട് ചർച്ച നടത്തണം എന്ന അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഇതിന് ഒരു പശ്ചാത്തലമുണ്ട്. മുല്ലപ്പെരിയാർ ഡാം നിലനിൽക്കുന്നത് എന്റെ നിയോജക മണ്ഡലത്തിലാണ്. അതുകൊണ്ട് എന്റെ മാത്രം പ്രശ്നമാണെന്നോ എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ മാത്രം പ്രശ്നമാണെന്നോ ഞാൻ കരുതുന്നില്ല. ഇവിടെ എല്ലാപേരും ചൂണ്ടിക്കാണിച്ചതുപോലെ അഞ്ച് ജില്ലകളിൽ ഉൾപ്പെടുന്ന 30 ലക്ഷം ആളുകളുടെ ജീവന്റേയും അവരുടെ സുരക്ഷിതത്വത്തിന്റേയും പ്രശ്നമാണ്. 30 ലക്ഷം ആളുകളാണ് ഒരുപക്ഷേ നേരിട്ട് ആശങ്ക ഉളവാകുന്ന സാഹചര്യത്തിൽ കഴിയുന്നതെങ്കിലും കേരളം പോലുള്ള, densely populated area-യിൽ അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുന്നത് 30 ലക്ഷം ആളുകൾ മാത്രമല്ല കേരള സംസ്ഥാനം മുഴുവനായിരിക്കും. മറ്റെന്തെങ്കിലും ഒരു സാഹചര്യം സംഭവിക്കുന്നതിനെ സംബന്ധിച്ച് കേരള സംസ്ഥാനത്തിന് ചിന്തിക്കാൻ പറ്റില്ല. അതിനപ്പുറമായി അതിന്റെ ന്യായാന്യായങ്ങളിലേക്കോ അതിന്റെ അപകട സാഹചര്യങ്ങളെ സംബന്ധിച്ചോ കൂടുതൽ സംസാരിക്കുന്നത് കേരളത്തിലെ ജനങ്ങളിൽ ഭയാശങ്ക ഉളവാക്കും എന്നുള്ളതുകൊണ്ട് ഞാൻ ആ കാര്യത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. എന്തായാലും കേരളത്തിന്റെ പൊതുതാൽപ്പര്യം പരിരക്ഷിക്കുന്നതിൽ ഈ സഭ ഒന്നാകെ ഉണർന്നു പ്രവർത്തിക്കും എന്ന കാര്യത്തിൽ സംശയമില്ല. മുല്ലപ്പെരിയാർ ഡാമിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ചൊന്നും ഞാൻ പ്രതിപാദിക്കുന്നില്ല. അതിന്റെ ആവശ്യവുമില്ല. ഈ സഭ ഇത്രയേറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമില്ല. എന്റെ കയ്യിൽ എല്ലാവിധ രേഖകളും ഉണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി 9-ാം കേരള നിയമസഭ ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച അഡ്ഹോക് കമ്മിറ്റി രൂപീകരിച്ച്, ആ കമ്മിറ്റി ബന്ധപ്പെട്ട രേഖകൾ എല്ലാം പരിശോധിച്ച്, സ്ഥലങ്ങൾ പരിശോധിച്ച് ഈ നിയമസഭയിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് ഈ സഭയുടെ മുൻപാകെയുണ്ട്. കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മൂന്നു പ്രാവശ്യമാണ് മുല്ലപ്പെരിയാർ സന്ദർശിച്ചത്. മൂന്നു പ്രാവശ്യം ഹർജികൾ സംബന്ധിച്ച സമിതി പരിശോധിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ റിപ്പോർട്ടുകളിലും മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് കേരളത്തിനുള്ള ആശങ്കയും ആ ആശങ്കയുടെ പേരിൽ കേരളം സ്വീകരിക്കേണ്ട നടപടികളും പ്രതിപാദിച്ചിട്ടുണ്ട്. ഒരേ സമിതി തന്നെ രണ്ടുമൂന്നു പ്രാവശ്യം സന്ദർശനം നടത്താനുണ്ടായ സാഹചര്യമെന്ന് പറയുന്നത് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിജപ്പെടുത്തിയതിനെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി മുല്ലപ്പെരിയാർ ഡാമിന്റെ തുറന്നു വച്ചിരിക്കുന്ന സ്പിൽവേയുടെ മുൻപിൽ മണ്ണും കല്ലും കൂട്ടിയിട്ട് അനധികൃതമായി തടസ്സം ഉണ്ടാക്കിയിരിക്കുന്നു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. 1996-ൽ ആ റിപ്പോർട്ട് സമർപ്പിച്ചിട്ട് രണ്ടു വർഷത്തിന് ശേഷവും അത് നീക്കം ചെയ്തിട്ടില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും ഹർജികൾ സംബന്ധിച്ച സമിതി പരിശോധിച്ചു. അപ്പോഴും നീക്കം ചെയ്തിട്ടില്ല. അതിനുശേഷം 1999-ൽ വീണ്ടും സമിതി സ്ഥലം സന്ദർശിക്കുകയുണ്ടായി. ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച ഭയാശങ്കയുടെ അടിസ്ഥാനത്തിൽ സമിതി വീണ്ടും പരിശോധന നടത്തി. ഈ മൂന്നു പരിശോധനാവേളയിലും ഹർജികൾ സംബന്ധിച്ച സമിതിയിലെ അംഗം എന്ന നിലയിൽ അവിടെ പോകാൻ അവസരം ലഭിച്ചിട്ടുള്ള ആളാണ് ഞാൻ. 1996 മുതൽ 2001 വരെ കേരള നിയമസഭയുടെ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം സബ്ജക്ട് കമ്മിറ്റി രണ്ടു പ്രാവശ്യം അവിടെ സ്ഥലം സന്ദർശിക്കുകയുണ്ടായി. അതിന്റെ റിപ്പോർട്ട് ഇവിടെ വന്നിട്ടുണ്ട്. അതുപോലെ കേരളാ ഗവൺമെന്റ് രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും ഏറെ പ്രാധാന്യം ഉള്ളതാണ്. ആ റിപ്പോർട്ടും ഈ സഭ ചർച്ച ചെയ്തിട്ടുണ്ട്. നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ ചട്ടം 275 അനുസരിച്ച് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന അവസരത്തിൽ ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയും അത് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ഡാമിന്റെ ജലനിരപ്പ് ഉയർത്തിയാൽ അത് താങ്ങാനുള്ള ശേഷി 106 വർഷം പഴക്കമുള്ളതും ചുണ്ണാമ്പും സുർക്കിയും കൊണ്ട് നിർമ്മിച്ചതും ഭൂകമ്പ ബാധിതമേഖലയിൽ സ്ഥിതി ചെയ്യുന്നതുമായ ഈ അണക്കെട്ടിനുണ്ടാകില്ലാ എന്ന് എഞ്ചിനീയർമാരും മറ്റ് വിദഗ്ധൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നതിനാലും ജലവിതാനം ഉയർന്ന് ഡാമിന് ഏതെങ്കിലും അപകടം സംഭവിച്ചാൽ അതുമൂലം ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകൾ അതിഭീകരമായ ദുരന്തത്തിന് ഇരയാകുമെന്നതിനാലും സമീപകാലത്ത് ഈ മേഖലയിൽ ഉണ്ടായ ഭൂചലനങ്ങൾക്കും ഉരുൾപൊട്ടലിനും ശേഷം കേന്ദ്ര വിദഗ്ദ്ധ സമിതി ഈ കാര്യത്തിൽ പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല എന്നതിനാലും ജലനിരപ്പ് നിലവിലുള്ള 136 അടിയിൽ കൂടുതൽ ഉയർത്തിയാൽ കേരളത്തിലെ ഏക ടൈഗർ റിസർവ് ആയ പെരിയാർ വനമേഖലയിലെ 11.21 ചതുരശ്ര കി. മീറ്റർ വനഭൂമി കൂടി വെള്ളത്തിൽ മുങ്ങുകയും തൻമൂലം അത്യപൂർവ്വമായ സസ്യ ജാലകങ്ങളുടേയും ജന്തുവർഗ്ഗങ്ങളുടേയും നാശത്തിന് കാരണമാവുകയും അതിലുപരി വനത്തിലുള്ള ആദിവാസികളുടെ നിലനിൽപ്പിന് ഭീഷണിയാവുകയും ചെയ്യുമെന്നുള്ളതിനാലും മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നിലവിലുള്ള 136 അടിയിൽനിന്നും ഉയർത്താനുള്ള യാതൊരു നടപടികളും ഉണ്ടാകരുതെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു എന്ന് ഈ സഭ പ്രമേയത്തിലൂടെ പാസാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സഭ ഇത്ര ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും കേരള ഗവൺമെന്റിന്റെ അഭ്യർത്ഥന കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയുടെ ശ്രദ്ധയിൽ

കൊണ്ടുവന്നിട്ടില്ല എന്ന് കേരളാ ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന അവസരത്തിൽ 22-11-2001-ൽ അദ്ദേഹം തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് ഒരു ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെ പങ്കെടുത്തിട്ടുണ്ട്. ആ യോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു രേഖ ചർച്ചയ്ക്കായി സബ്മിറ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് സബ്മിറ്റ് ചെയ്ത രേഖയിൽ മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൽ പറയുന്നത് 20 വർഷത്തിലധികം കാലത്തെ ചർച്ചകൾക്കുശേഷം 1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും മദ്രാസ് ഗവൺമെന്റിനുവേണ്ടി Secretary of State for India-യും മുല്ലപ്പെരിയാർ പാട്ട കരാർ ഒപ്പുവച്ചു. 1895-ൽ വെൽഡോഡ് കമ്മീഷൻ ചെയ്ത ഈ ഡാമിന്റെ ഉടമസ്ഥതയും മേൽനോട്ടവും തമിഴ്നാടിനാണെന്നും ഈ കരാർ 999 വർഷത്തേക്കു കൂടി പുതുക്കാനുള്ള വ്യവസ്ഥയുണ്ടെന്നും ഇതനുസരിച്ച് കേരളത്തിലെ പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം എണ്ണായിരം ഏക്കർ ജല സംഭരണിയും അതിനടുത്തുതന്നെയുള്ള മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേക്ക് തമിഴ്നാടിന് പാട്ടത്തിന് നൽകിയിരിക്കുകയാണ്. അതിനെ സംബന്ധിച്ച് അനുബന്ധകരാറിന്റെ വിശദാംശത്തിലേക്ക് ഞാൻ പോകുന്നില്ല.

ഒരു തർക്കം ഉണ്ടായപ്പോൾ ആ തർക്കം പരിഹരിക്കാൻ കരാറിന്റെ ആറാം വകുപ്പനുസരിച്ച് ആർബിട്രേറ്റർക്ക് വിടുകയുണ്ടായി. ആർബിട്രേറ്റർക്ക് വിട്ടതിന്റെ കാര്യം തമിഴ്നാടിലേക്ക് തിരിച്ചുവിടുന്ന വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തമിഴ്നാടിന് അധികാരമില്ല, അവരുടെ ജലസേചനത്തിനാവശ്യമായ ചില പമ്പുസെറ്റുകൾ വയ്ക്കുന്നതിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാനല്ലാതെ കൊമേഴ്സ്യൽ പർപ്പസിന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അധികാരമില്ല എന്ന വസ്തുത കേരളം തമിഴ്നാടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഈ മുഖ്യ കരാറിലെ വ്യവസ്ഥയനുസരിച്ച്, കരാറിന്റെ ആറാം വകുപ്പ് അനുസരിച്ച് ഒരു തർക്കം ഉടലെടുക്കുകയും അത് ആർബിട്രേറ്റർക്ക് വിടുകയും ചെയ്തു. ആർബിട്രേറ്റർക്ക് അതിൽ തീരുമാനം എടുക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് ആ പ്രശ്നം അമ്പയർക്ക് വിടുകയും 2-5-1941-ൽ അതിൽ അന്തിമവിധി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ജലസേചനത്തിനു വേണ്ടി മാത്രമേ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയൂ എന്നും കേരളത്തിന് ആ വൈദ്യുതിക്കുള്ള പ്രതിഫലം നൽകണമെന്നും അതിൽ വ്യവസ്ഥ ചെയ്തിരുന്നു. അതിനുശേഷം 1970 മെയ് 29-ന് തമിഴ്നാടും കേരളവും തമ്മിൽ ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഈ അണക്കെട്ടിലെ ഭൗതിക പശ്ചാത്തലം എന്നുപറയുന്നത് 1885-95 കാലഘട്ടത്തിലുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാർ ഡാമിന് 176 അടി ഉയരവും 1200 അടി നീളവും 155 അടി ജലവിതാനവുമാണുള്ളത്. അതിൽ പൂർണ്ണമായും നിലനിർത്താൻ കഴിയുന്ന ജലവിതാനം 152 അടിയാണ്. ഈ ഡാമിന്റെ നിർമ്മാണശൈലി എന്നുപറയുന്നത് വളരെ പഴയ സാങ്കേതിക വിദ്യയാണ്. കേരളത്തിൽ രണ്ടുവിധത്തിലുള്ള ഡാമുകളാണുള്ളത്. ഒന്ന് മേസൺറി ഡാമും മറ്റൊന്ന് കോൺക്രീറ്റ് ഡാമും. മുല്ലപ്പെരിയാർ ഡാമിന്റെ സ്വഭാവം ഈ രണ്ടിൽനിന്നും വ്യത്യസ്തമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ പുറംഭാഗമൊക്കെ മേസൺറിയാണ്, പരുക്കൻ കല്ലുകൊണ്ട് കെട്ടിയിരിക്കുകയാണ്. ഇതിന്റെ ഉൾഭാഗം കോൺക്രീറ്റ് എന്ന് അന്ന് പറയപ്പെട്ടിരുന്ന ചുണ്ണാമ്പും സുർക്കിയും ഉപയോഗിച്ച് പണിതതാണ്. വളരെ പഴകിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് തീർത്തിരിക്കുന്ന ഈ ഡാമിന് 50 വർഷമാണ് അതിന്റെ നിർമ്മാണ കാലഘട്ടത്തിൽ അതിന് നേതൃത്വം കൊടുത്തിരിക്കുന്ന വിദഗ്ദ്ധൻമാർ അതിന്റെ ലൈഫ് പീരിയഡായി ചുണ്ടിക്കാണിച്ചിട്ടുള്ളത്. ഈ ഡാമിന്റെ ബലപ്പെടുത്തലിനെ സംബന്ധിച്ച് 1930-32-ൽ ചുണ്ണാമ്പ് ഉപയോഗിച്ച് കെട്ടിയ ഡാമിന് കാലം ചെല്ലുംതോറും ചുണ്ണാമ്പിന്റെ ഭാഗങ്ങൾ ഒലിച്ചുപോകുന്നു എന്നാണ് കണ്ടെത്തിയത്. അങ്ങനെ 1930-32 കാലഘട്ടത്തിൽ സിമന്റ് ഗ്രൗട്ടിങ് നടത്തുകയും അതുപോലെതന്നെ 1935 കാലഘട്ടത്തിൽ ഗുണൈറ്റിംഗ് എന്നുപറയുന്ന ഒരു പ്രത്യേക സംവിധാനത്തിൽ കൂടി സിമന്റ് അതിന്റെ ഉൾഭാഗത്തേക്ക് ഇറക്കുകയും ചെയ്തുകൊണ്ട് ബലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ പരിശോധനയ്ക്കുശേഷവും വീണ്ടും ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് പരാതികൾ ഉയർന്നു. 1966-ൽ വീണ്ടും ഡാം കൂട്ടായി പരിശോധിച്ചു. അതിനെത്തുടർന്ന് ജലവിതാനം 155 അടിയിൽ നിന്ന് 152 അടിയായി കുറയ്ക്കാൻ തീരുമാനിച്ചു. 1964-ൽ തന്നെ ഡാമിന്റെ ബലക്ഷയം പരിഗണിച്ചുകൊണ്ട് ജലനിരപ്പ് കുറച്ചുകൊണ്ടുവരണമെന്ന് തീരുമാനിക്കുകയുണ്ടായി. 1978-ൽ വീണ്ടും രണ്ട് സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി. ആ പരിശോധനയെത്തുടർന്ന് ഡാമിന്റെ ബലത്തെ സംബന്ധിച്ച് കേരളത്തിലെ ഗവൺമെന്റിനും കേരളത്തിലെ ജനങ്ങൾക്കുമുള്ള ആശങ്ക ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് സെൻട്രൽ വാട്ടർ കമ്മീഷനെ ചുമതലപ്പെടുത്തുകയാണുണ്ടായത്. കേന്ദ്ര വാട്ടർ കമ്മീഷന്റെ ചെയർമാൻ ശ്രീ. കെ. സി. തോമസ് രണ്ട് സംസ്ഥാനങ്ങളുടേയും ഉദ്യോഗസ്ഥൻമാരുമായി ഒരുമിച്ച് 23-11-1979-ൽ ഡാം പരിശോധിച്ചു. അതിനുശേഷമാണ് ജലനിരപ്പ് 136 അടിയിലേക്ക് കുറച്ചുകൊണ്ടുവരണമെന്നും ഡാമിന്റെ സ്പിൽ വേ ഷട്ടറുകൾ പൂർണ്ണമായും ഉയർത്തിവയ്ക്കണമെന്നും നിർദ്ദേശമുണ്ടായത്. അതനുസരിച്ച് ചില അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആ അടിയന്തിര നടപടികൾ താൽക്കാലിക അടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ഉണ്ട്. താൽക്കാലികാടിസ്ഥാനത്തിലുള്ള ചില നടപടികൾ സ്വീകരിച്ചതിനുശേഷം ഡാം പൂർണ്ണമായി സുരക്ഷിതമായതുകൊണ്ട് ഡാമിന്റെ ജലനിരപ്പ് 152 അടിയിലേക്ക് ഉയർത്തിക്കൊണ്ടുവരണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. ദീർഘകാല

LIBRARY ARCHIVES Kerala Legislative Assembly

നടപടികളുടെ ഭാഗമായി ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ശ്രീ. കോടിയേരി ബാലകൃഷ്ണനും ചൂണ്ടിക്കാണിച്ചതുപോലെ മറ്റൊരു ഡാമിനെ സംബന്ധിച്ച് ഒരു നിർദ്ദേശം വന്നിരുന്നു. അതിലും ചില പ്രശ്നങ്ങളുണ്ട്. ദീർഘകാല നടപടികളുടെ ഭാഗമായി ഇപ്പോഴുള്ള ഡാമിന്റെ വളരെയകലെയല്ലാതെ ഈ ഡാമിന് ബദലായി മറ്റൊരു ഡാം പണിയുന്ന കാര്യവും പരിശോധിച്ചു. ഇതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം വന്യമൃഗ സംരക്ഷണ മേഖലയായതിനാലും വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്തും ഈ നിർദ്ദേശത്തിൻമേൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 1996-97 കാലഘട്ടത്തിൽ കേരള ഗവൺമെന്റ് വീണ്ടും ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിച്ചു. ഈ സാങ്കേതിക കമ്മിറ്റിയുടെ റിപ്പോർട്ടിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദോഷരഹിതമായ ആയുസ്സ് മുഴുവൻ പിന്നിട്ടുകഴിഞ്ഞതായും, ഇപ്പോൾ നടത്തിയിട്ടുള്ള ബലപ്പെടുത്തൽ പണി അപര്യാപ്തമാണെന്നും ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലസംഭരണിയിലെ ജലനിരപ്പ് 136 അടിയിലോ അതിനുതാഴെയോ നിർത്തണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതാണ് ഏറ്റവും പ്രസക്തമായ കാര്യം. എന്തെങ്കിലും ബലപ്പെടുത്തൽ നടപടികൾ നടത്തിയതായി തമിഴ്നാട് ഗവൺമെന്റ് അവകാശപ്പെടുന്നുവെങ്കിൽ ആ ബലപ്പെടുത്തൽ നടപടികൾ ദീർഘ കാലാടിസ്ഥാനത്തിൽ ഉള്ളതല്ല. മുല്ലപ്പെരിയാർ ഡാമിന്റെ ആയുസ്സ് മുഴുവൻ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ബലപ്പെടുത്തൽ നടപടികൾ അപര്യാപ്തമാണ്. ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലസംഭരണിയിലെ ജലനിരപ്പ് 136 അടിയിലോ അതിനു താഴെയോ നിർത്തേണ്ടതാണ്. ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ മുമ്പിൽ പോയപ്പോൾ സുപ്രീം കോടതി ഇപ്പോൾ ഒരു തീരുമാനം എടുത്തിരിക്കുന്നത് 136 അടിയിൽ നിന്ന് ജലനിരപ്പ് 142 അടിയായി ഉയർത്തുകയും, 142 അടിയായി ഉയർത്തുന്നതിന് കേരളാ ഗവൺമെന്റ് എല്ലാ സഹായവും ചെയ്തുകൊടുക്കും എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു എന്ന സുപ്രീംകോടതിയുടെ വിധി വന്ന പശ്ചാത്തലത്തിൽ കേരളത്തിൽ ഏറെ ഭീതിയുണ്ടായിട്ടുണ്ട്. ഈ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇവിടെ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട എ.കെ. ബാലൻ ഒരു കാര്യം ചോദിച്ചു, സുപ്രീം കോടതി വിധിയെ ദുർബലപ്പെടുത്താൻ കഴിയുന്ന എന്ത് സ്പെസിഫിക് വകുപ്പാണ് ഈ ബില്ലിൽ ഉള്ളത് എന്ന്. സുപ്രീം കോടതി വിധിയെ ദുർബലപ്പെടുത്താനുള്ള നിയമമാണ് ഇതെന്ന അഭിപ്രായം എനിക്കില്ല. കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഒരു നിയമമാണ്. കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഒരു നിയമത്തിൽ സുരക്ഷിതത്വത്തിന് ഭീഷണിയുണ്ടായ സാഹചര്യം സുപ്രീം കോടതിയുടെ വിധിയാണ് എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സുപ്രീം കോടതിയുടെ വിധി തടസ്സമായേക്കുമോ എന്ന സംശയം ഉളവായ സാഹചര്യത്തിൽ കേരള താൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ കൊണ്ടുവന്ന ഒരു നിയമമാണ്. അല്ലാതെ സുപ്രീംകോടതി വിധിക്ക് എതിരായ ഒരു നിയമമാണെന്ന് വ്യാഖ്യാനിക്കുമെന്ന് ഞാൻ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ജലസംഭരണിയിലെ ജലവിതാനം 136 അടിയിൽനിന്ന് മുകളിലേക്ക് പോകുമ്പോഴാണ് ഡാമിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്നത്. അത് ഒരു യാഥാർത്ഥ്യമാണ്. അത് 146 അടിവരെ പോകാം എന്ന് സുപ്രീം കോടതി പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ 142 അടി. യഥാർത്ഥത്തിൽ ആ വിധിയെ ദുർബലപ്പെടുത്തുന്നതാണ് ഈ നിയമ ഭേദഗതിയുടെ ഇന്റൻഷൻ. അത് നമ്മൾ മറച്ചുവച്ചിട്ട് കാര്യമില്ല. എന്റെ ചോദ്യം ഈ 136 അടിയിൽ നിന്ന് ഒരു അടിയെങ്കിലും വർദ്ധിപ്പിക്കാൻ പാടില്ല എന്ന് സ്പെസിഫിക്കായി സ്ഥാപിക്കാൻ ഈ ഭേദഗതികൊണ്ട് സാധിക്കുമോ? അതാണ് എന്റെ സിമ്പിൾ ചോദ്യം.

ശ്രീ. ഇ. എം. അഗസ്തി: ഞാൻ വളരെ സിമ്പിളായിട്ടുള്ള ചോദ്യത്തിന് സിമ്പിളായിട്ടുള്ള മറുപടി പറയാം. അങ്ങ് ദയവായി ഈ ബിൽ വായിക്കണം. വ്യക്തിപരമായി എന്റെ പരാമർശത്തെ കാണരുത്. അങ്ങ് ദയവായി ബിൽ വായിക്കണം. ഡാം സേഫ്റ്റി അതോറിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി ഒരു അടി പോയിട്ട് ഒരിഞ്ച് ജലവിതാനമെങ്കിലും വർദ്ധിപ്പിക്കണമെങ്കിൽ അതിന് രൂപീകരിക്കപ്പെടുന്ന ഡാം സേഫ്റ്റി അതോറിറ്റിക്ക് റിട്ടണായി അപേക്ഷ കൊടുത്ത് അവരുടെ മുൻകൂട്ടി അനുമതി വാങ്ങി മാത്രമേ ചെയ്യാൻപാടുള്ളൂ എന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ ബില്ലിലെ ഒബ്ജക്ടീവായ വ്യവസ്ഥകൾ അങ്ങ് വായിക്കാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഒരു നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ സുപ്രീം കോടതിയുടെ വിധിയെ മറികടക്കാൻ കൊണ്ടുവന്ന നിയമമാണ് എന്ന് ഈ ബില്ലിന്റെ മുഖവുരയിൽ എഴുതിവയ്ക്കുകയോ അപ്രകാരം ഒരു പ്രസ്താവന നടത്തുകയോ ഈ നിയമസഭയിൽ അങ്ങനെ സംസാരിക്കുകയോ ചെയ്യുന്നത് ഈ ബില്ലിനെ ദുർബലപ്പെടുത്താനും കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി വരാനും മാത്രമേ സഹായിക്കൂ എന്ന കാര്യം ദയവായി അങ്ങ് ശ്രദ്ധിക്കണമെന്ന് വിനയപൂർവ്വം അങ്ങയോട് ഞാൻ അപേക്ഷിക്കുകയാണ്. .....(ബഹളം)..... ബഹുമാനപ്പെട്ട ബാലന് ഇക്കാര്യത്തിൽ അത്ര താൽപ്പര്യമുണ്ടെങ്കിൽ തീർച്ചയായിട്ടും അങ്ങേക്ക് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം. അങ്ങ് ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കണം. അങ്ങയുടെ വിലപ്പെട്ട അഭിപ്രായം ഈ സഭ കേൾക്കണം, ഈ അഭിപ്രായം കേരളത്തിലെ ജനങ്ങളും അറിയണം. പക്ഷേ അങ്ങ് ഇവിടെ പ്രകടിപ്പിക്കുന്ന സംശയത്തിന് യാതൊരു കാര്യവുമില്ല. ഈ ബില്ലിൽ ഒബ്ജക്ടീവ് പോർഷനിൽ, ബോഡി പോർഷനിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഞാൻ ഇതിന്റെ ആമുഖം സൂചിപ്പിച്ചു. ഈ ഭേദഗതി ബിൽ ഈ സഭയിൽ അവതരിപ്പിക്കാനുള്ള പശ്ചാത്തലത്തെ സംബന്ധിച്ചു മാത്രമാണ് ഞാൻ സംസാരിച്ചത്. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിൽ 2003-ൽ നമ്മൾ രൂപംകൊടുത്ത ഡാം സേഫ്റ്റി അതോറിറ്റിക്ക് മതിയായ അധികാരങ്ങൾ, അല്ലെങ്കിൽ ഉള്ള അധികാരങ്ങൾ പോരാ എന്ന് ഈ ഗവൺമെന്റിനും സഭയ്ക്കും ബോദ്ധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഡാം സേഫ്റ്റി അതോറിറ്റിയെ

കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഈ നിയമനിർമ്മാണം കൊണ്ടുവന്നത്. അതാണ് ഈ ബില്ലിന്റെ പ്രസക്തി എന്നാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ പശ്ചാത്തലം എല്ലാവർക്കും അറിയാവുന്നതാണ്. അത് വിസ്തരിച്ച് പറയേണ്ട കാര്യമില്ല. പക്ഷെ ഇത് പറയാൻ ഒരു കാര്യമുണ്ട്, ബഹുമാനപ്പെട്ട ബാലന്റെ പരാതി ഇപ്രകാരം ഒരു ബില്ലിന്റെ ഇഫക്ടീവ്നസ്സിനെ സംബന്ധിച്ചാണ്. 22-1-2001-ൽ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വിളിച്ചുകൂട്ടിയ യോഗത്തിൽ അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ ഒരു നോട്ട് സർക്കുലേറ്റ് ചെയ്യുകയുണ്ടായി. അന്ന് ശ്രീ. ടി.എം. ജേക്കബാണ് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി. യു.ഡി.എഫ്. ന്റെ കൺവീനർ എന്നുള്ള നിലയിൽ നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ഈ സമ്മേളനത്തിൽ പങ്കെടുത്തതാണ്. ആ നോട്ട് വായിച്ചിരിക്കുന്ന ഒരാളിന് ഈ ബില്ലിനെപ്പറ്റി വ്യത്യസ്തമായ ഒരു അഭിപ്രായം പ്രകടിപ്പിക്കാൻ കഴിയുമോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കക്ഷി നേതാക്കൻമാരുടെ യോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സർക്കുലേറ്റ് ചെയ്തിരിക്കുന്ന നോട്ടിൽ പറഞ്ഞിരിക്കുന്നത് മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന്

10 A.M.] ശാസ്ത്രീയമായി സ്ഥാപിക്കുന്നതിന് ഒരു ശ്രമവും നടത്താതെ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തണമെന്ന് സാങ്കേതിക കമ്മിറ്റി ശുപാർശ ചെയ്ത വിരോധാഭാസം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നിയമനിർമ്മാണം നടത്തേണ്ടതാണ് എന്നാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കെ. പി. രാജേന്ദ്രനും ആ യോഗത്തിൽ പങ്കെടുത്തിരുന്ന ആളാണ്. അതനുസരിച്ചാണ് 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് നിലവിൽ വന്നത്. ആക്ടിലെ 57-ാം വകുപ്പ് അനുസരിച്ചാണ് സംസ്ഥാനത്തിനകത്ത് സ്ഥിതിചെയ്യുന്ന അണക്കെട്ടുകളുടെ കാര്യത്തിൽ അതിന്റെ കാവലിനെ സംബന്ധിച്ചും പരിശോധനയെ സംബന്ധിച്ചും പരിപാലനം സംബന്ധിച്ചും ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. ഡാം സേഫ്ടി അതോറിറ്റി രൂപീകരിച്ചു. പക്ഷെ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ആ ഡാം സേഫ്റ്റി അതോറിറ്റിക്ക് കേരളത്തിലെ ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വിപുലമായ അധികാരങ്ങൾ ആവശ്യമുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യമായതിന്റെ പശ്ചാത്തലത്തിൽ 57-ാം വകുപ്പിൽ ഭേദഗതി വരുത്താനും കൂടുതലായി ഒരു വകുപ്പുകൂടി കൂട്ടിച്ചേർക്കാനും അധികാരപ്പെടുത്തുന്ന ഭേദഗതി ബില്ലാണ് ഈ സഭയിൽ വന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ലിനെ സംബന്ധിച്ച് ആലോചിക്കേണ്ട ഒരു കാര്യം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്യുന്ന, സഭ പാസ്സാക്കാൻ പോകുന്ന ബിൽ അതിന്റെ ഉദ്ദേശകാരണങ്ങളിൽ വിവരിക്കുന്നതുപോലെ ഇഫക്ടീവ് ആയിട്ടുള്ള ലെജിസ്ലേഷൻ ആയിരിക്കുമോ എന്നുള്ളതാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രശ്നം. ബഹുമാനപ്പെട്ട ശ്രീ. ബാലൻ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി യോജിക്കുന്നത് any expressive words, 136 അടിയിൽ നിന്ന് ജലവിതാനം ഉയർത്തുന്നത് നിരോധിക്കാൻ കഴിയുന്ന എക്സ്പ്രസീവ് ആയ എന്ത് വാക്കാണ് ബില്ലിലുള്ളതെന്ന് അദ്ദേഹം ചോദിക്കുമ്പോൾ അദ്ദേഹത്തിനോട് എനിക്കുള്ള മറുപടി 136 അടിയിൽ അപ്പുറമായി ജലവിതാനം ഉയർത്താനുള്ള ഏത് നടപടിയും സ്വീകരിക്കാൻ ഏതെങ്കിലും ഒരു ഏജൻസിക്കോ ഏതെങ്കിലും ഒരു കസ്റ്റോഡിയനോ രൂപീകരിക്കപ്പെട്ടിരിക്കുന്ന ഡാം സേഫ്റ്റി അതോറിറ്റിക്ക് രേഖാമൂലമായ അപേക്ഷ സമർപ്പിക്കേണ്ടതും ആ അപേക്ഷയിൻമേൽ ഡാം സേഫ്റ്റി അതോറിറ്റിയുടെ തീരുമാനം റിട്ടൺ ആയി നൽകിയതിനുശേഷം മാത്രമേ നടപ്പിലാക്കാൻ സാദ്ധ്യമാകൂ എന്ന് പറഞ്ഞാൽ അതിനർത്ഥം ഇതിനേക്കാൾ ഇഫക്ടീവായിട്ടുള്ള ലെജിസ്ലേഷൻ നടത്താൻ സാദ്ധ്യമല്ല എന്നുതന്നെയാണ്. അതുകൊണ്ട് ഈ ലെജിസ്ലേഷന്റെ ഉദ്ദേശശുദ്ധി ഈ സഭ മാനിക്കണമെന്ന് വിനയപൂർവമായി ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ പറയുന്നതും ശ്രീ. ബാലൻ പറയുന്നതും ഏറെക്കുറെ വാക്കുകളുടെ അർത്ഥം ഒന്നുതന്നെയാണെന്ന് അദ്ദേഹവും സമ്മതിക്കുമെന്ന് എനിക്ക് അറിയാം. അങ്ങ് പ്രകടിപ്പിച്ച വികാരവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പ്രകടിപ്പിച്ച വികാരവും ഈ ബിൽ പൈലറ്റ് ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പ്രകടിപ്പിച്ച വികാരവും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പ്രകടിപ്പിച്ച വികാരവും ഒന്നുതന്നെയാണ്. കേരളത്തിന്റെ താൽപ്പര്യം പരിരക്ഷിക്കപ്പെടേണ്ടതാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ വാക്കുകൾക്ക് അല്പമായി മൃദുലഭാവമുണ്ടെങ്കിൽ ആ മൃദുലഭാവങ്ങൾക്ക് അപ്പുറമായി അതിന്റെ കണ്ടന്റ്സ് എന്താണ്, അതിന്റെ ഉള്ളടക്കം എന്താണ്, ഉള്ളടക്കത്തിന്റെ കാര്യത്തെപ്പറ്റി ഈ സഭ ഉൾക്കൊള്ളണമെന്ന് വിനയപൂർവമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. ബില്ലിന്റെ പശ്ചാത്തലത്തെപ്പറ്റിയാണ് ഞാൻ ഇവിടെ പറഞ്ഞത്. ഇനി ഉള്ളടക്കത്തിലേക്ക് കടക്കുകയാണ്. നിയുക്തമായ ഡാം സേഫ്ടി അതോറിറ്റിയുടെ പ്രധാനപ്പെട്ട അധികാരങ്ങളെന്നു പറയുന്നത് to evaluate the safety and security of all dams which is scheduled. സർ, ഈ ഭേദഗതി ബില്ലിലാണ് ഷെഡ്യൂൾ ഉണ്ടാക്കിയിരിക്കുന്നത്. ആ ഷെഡ്യൂളിൽ ഒന്നാമത്തെ ഐറ്റത്തിൽ പറഞ്ഞിരിക്കുന്നത് മുല്ലപ്പെരിയാർ ഡാമിന്റെ, description-ൽ പറയുന്നുണ്ട്, അതിന്റെ year of completion 1895, Full Reservoir level 136 അടി, ആ ഷെഡ്യൂളിൽ പറയാൻ ഒരു കാര്യമുണ്ട്. ഈ ഷെഡ്യൂളിൽ പറയുന്നതിൽ നിന്ന് ഒരടി ജലവിതാനം ഉയർത്താനോ, കൂട്ടാനോ, കുറയ്ക്കാനോ എന്തെങ്കിലും പ്രത്യേക പണികൾ നടത്താനോ എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെങ്കിലോ ഡാം സേഫ്റ്റി അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കുകയും ആ അപേക്ഷയിൻമേൽ ഡാം സേഫ്റ്റി അതോറിറ്റിയുടെ തീരുമാനം രേഖാമൂലം അറിയിക്കുകയും ചെയ്തതിനുശേഷം മാത്രമേ ചെയ്യാൻ കഴിയൂ എന്ന് ഈ ബില്ലിന്റെ ബോഡി പോർഷനിൽ പറയുന്നു. ഈ സെക്കന്റ് ഷെഡ്യൂളിന്റെ പ്രത്യേകത അതാണ്. ഇതിലെ ഒന്നാമത്തേതിൽ ബോഡി പോർഷനിൽ പറയുന്ന സെക്ഷൻ 62-ൽ പറയുന്ന ഫങ്ഷൻസ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി അതിന് ആധികാരികത നൽകുന്നത് ഇതിന്റെ സെക്കന്റ് ഷെഡ്യൂളിൽ പറയുന്ന ഡാമിന്റെ ലിസ്റ്റുകളിലെ ഡീറ്റെയിൽസിലാണ്. അതിൽ പ്രധാനമായിട്ടുള്ള കാര്യമെന്നുപറയുന്നത് ഈ ബില്ലിന്റെ സ്റ്റേറ്റ്മെന്റിൽ തന്നെ പറയുന്നു In order to strengthen the Authority to exercise its functions with more powers for ensuring the safety and security of the dams in the State. ബില്ലിൽ 138 അടിയിൽ നിന്ന് ഒരിഞ്ചുപോലും വെള്ളം ഉയർത്താൻ കഴിയില്ല, അനുവദിക്കില്ല, എന്നുപറയുന്ന വാക്ക് വേണമെന്ന് പറയുന്ന ആളിനോട് ഞാൻ ചോദിക്കുന്നു അങ്ങ് ഇതൊന്ന് വായിക്കണം. Statement of Objects and Reasons അതിൽ പറയുന്നു Accordingly, the State Government have constituted the Kerala Dam Safety Authority by notification on 18th February, 2006. അടുത്ത വാചകം In order to strengthen the Authority to exercise its functions with more powers for ensuring the safety and security of the dams in the State, Government have decided to amend the Act suitably. അതാണ് ഈ ബില്ലിന്റെ ഉദ്ദേശം. അതിൽ പറയുന്നതനുസരിച്ച് ഡാം സേഫ്ടി അതോറിറ്റിയുടെ പ്രധാനപ്പെട്ട ഫങ്ഷൻ എന്നുപറയുന്നത് (a) to evaluate the safety and security of all dams in the State; then (b) to conduct periodical inspections of all the dams; (c) to advise the Government on security measures to be adopted in respect of any dam considering its vulnerability to terrorism, sabotage and the like; പിന്നെ ഞാൻ നേരിട്ട് ബന്ധമുള്ള കാര്യത്തിലേക്ക് വരികയാണ്. മുല്ലപ്പെരിയാർ ഡാമിന് ഒരു പ്രത്യേകതയുണ്ട് സെക്കന്റ് ഷെഡ്യൂളിൽപ്പെടുത്തിയിരിക്കുന്ന മറ്റ് ഡാമുകളുടെയെല്ലാം കസ്റ്റോഡിയൻ ഇവിടെ കെ. എസ്. ഇ. ബി.യും കേരള വാട്ടർ അതോറിറ്റിയും അതുപോലെതന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും കേരള ഗവൺമെന്റുമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ കസ്റ്റോഡിയൻ എന്നുപറയുന്നത് തമിഴ്നാട് ഗവൺമെന്റാണ്. അതുകൊണ്ട് ഇതിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന വാക്കുകൾക്ക് അതിന്റേതായ പ്രസക്തിയുണ്ട്. To direct the custodian to take measures to suspend the functioning of any dam, to decommission any dam or restrict the functioning of any dam if public safety or threat to human life or property, so requires; to conduct studies, inspect and advise, the custodian or any other agency on the advisability of raising or lowering of the Maximum Water Level or Full Reservoir Level of any dam, not being a scheduled dam, taking into account the safety of the dam concerned; ഇതിന്റെ രണ്ടാമത്തെ ക്ലാസിൽ പറയുന്നു As soon as may be after the receipt of any advice or recommendation under sub-section (1) the custodian, or any other agency to whom it is addressed by the Authority, shall consider the advice or recommendation and report to the Authority, what action, if any, is proposed to be taken on its advice or recommendation. അഡൈ്വസ് കൊടുക്കാം അതിനുശേഷം അഡൈ്വസ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചില്ലെങ്കിൽ ഇതിനെ സംബന്ധിച്ച് പറയുന്നുണ്ട്, the Authority, may direct the Government to take possession and control of the dam for such period and take such measures or do such things or refrain from doing such things as may be necessary to give effect to the order or direction of the Authority and the cost incurred by the Government on that behalf shall be recovered from the custodian or any other agency to whom the order or direction was issued, as if it were arrears of revenue due on land, to the State. സംസ്ഥാനത്തെ ലാന്റ് കൂടിശ്ശികയിൻമേൽ എങ്ങനെ നടപടി സ്വീകരിക്കാമോ അപ്രകാരം നടപടി സ്വീകരിച്ച് ഈ ഡാം സേഫ്ടി അതോറിറ്റി നിർദ്ദേശത്തിൻമേൽ കേരള ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള ചെലവുകൾ കസ്റ്റോഡിയനിൽ നിന്ന് ഈടാക്കാമെന്ന് ഇതിൽ പറയുന്നുണ്ട്. ഇതിൽ 62(എ)യിലാണ് ഷെഡ്യൂൾഡ് ഡാംസിനെപ്പറ്റി പറയുന്നത്. ആ ഷെഡ്യൂൾഡ് ഡാംസിൽ പറയുന്ന കാര്യങ്ങൾ വായിക്കുമ്പോൾ ഈ ബിൽ എന്തുമാത്രം ഇഫക്ടീവ് ആണെന്നുള്ള കാര്യത്തെ സംബന്ധിച്ച് വ്യക്തമാകും. *62A. Scheduled dams*:- The details of the dams which are endangered on account of their age, degeneration, degradation, structural or other impediments are as specified in the SECOND SCHEDULE. Notwithstanding anything contained in any other law or in any judgment, decree, order or direction of any court, ഞാൻ ബഹുമാനപ്പെട്ട ബാലന്റെ ശ്രദ്ധ ക്ഷണിച്ചത് ഇവിടേക്കാണ്. അദ്ദേഹത്തിന്റെ സംശയം ദൂരീകരിക്കപ്പെടും. അദ്ദേഹം വായിച്ചില്ല എന്നാണ് തോന്നുന്നത്. Notwithstanding anything contained in any other law or in any judgment, decree, order or direction of any court, or any treaty, contract, agreement, instrument or document, no Government, custodian or any other agency shall increase, augment, add to or expand the Full Reservoir Level, or in any other way do or omit to do any act with a view to increase the water level fixed and set out in THE SECOND SCHEDULE. Such level shall not be altered except in accordance with the provisions of this Act in respect of any Scheduled dam. ഇപ്പോൾ സംശയം മാറിയിട്ടുണ്ടാകും എന്ന് ഞാൻ കരുതുകയാണ്. വീണ്ടും പറയുകയാണ്. The custodian or any other agency intending to, or having secured any right under any treaty, contract, agreement, instrument or document or by any other means to increase, augment, add to or expand, the storage capacity or increase the Full Reservoir Level of any Scheduled dam, shall not do any act or work for such purpose without seeking prior consent in writing of the Authority and without obtaining an order permitting such work by the Authority. ആർക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്ന് വളരെ എക്സ്പ്രസീവായി പറയുന്നുണ്ട്. The Kerala Irrigation and Water Conservation (Amendment) Act, 2006 shall immediately be stopped and the Government, custodian or any other agency shall submit an application to

LIBRARY ARCHIVES Kerala Legislative Assembly

obtain prior consent of the Authority for such intended increase, augmentation, addition or expansion of the storage capacity or for increase of Full Reservoir level of the Scheduled dam and shall recommends the act or work or preparation only after, prior consent in writing of the Authority is obtained. എന്തൊക്കെ പറഞ്ഞാലും ചെയ്യാനുള്ള അധികാരം ഡാം സേഫ്റ്റി അതോറിറ്റിക്ക് ഉണ്ടോ എന്നതിനെ സംബന്ധിച്ചാണ്. അതിനെപ്പറ്റി പറയുന്നത്, ബില്ലിന്റെ ബോഡി പോർഷനിൽ പറയുന്ന കാര്യങ്ങളായതുകൊണ്ട് ഞാൻ ബില്ലിന്റെ പഠിധിയിലാണ് നിൽക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം 62 (ബി)-യാണ്. *62B. Powers of the Authority.*—(1) The Authority while dealing with applications for consent in writing for increasing, augmenting, adding to or expanding the storage capacity or the catchment area or for increasing of Maximum Water Level or Full Reservoir Level of Scheduled dams, shall have the powers of a Civil Court trying a suit under the Code of Civil Procedure. വീണ്ടും പറയുന്നു, The proceedings before the Authority shall be deemed to be a judicial proceeding within the meaning of section 193 and 228 of the Indian Penal Code. ഇത്രയൊക്കെ കാര്യങ്ങൾ ചെയ്യാനും അല്ലെങ്കിൽ ചെയ്യാതിരിക്കാനും അല്ലെങ്കിൽ ചെയ്യുന്നതിനെ തടസ്സപ്പെടുത്താനും അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർക്കുള്ള അധികാരത്തിന് പരിരക്ഷ നൽകാൻ ഈ ബില്ല് പര്യാപ്തമാണോ എന്നുള്ളതാണ് ഈ സഭ പരിശോധിക്കേണ്ട മറ്റൊരു പ്രശ്നം. അതോറിറ്റിക്ക് കൊടുക്കുന്ന അധികാരങ്ങൾ നടപ്പിലാക്കാൻ അതോറിറ്റിക്കും അതിലെ ഉദ്യോഗസ്ഥൻമാർക്കും എന്ത് പരിരക്ഷ നൽകാൻ കഴിയുമെന്നുള്ള പ്രശ്നം സ്വാഭാവികമായും ഈ ബില്ലിനുണ്ട്. ബില്ലിന്റെ അതോറിറ്റി അവിടെയാണ് നിൽക്കുന്നത്. അതിനെ സംബന്ധിച്ച് പറയുന്നതാണ് 68 (എ). *Protection of action and immunities from challenge etc.*-(1) No suit, prosecution or other legal proceedings shall lie against the Authority or against any officer or employee in respect of anything which is done in good faith or intended to be done in the discharge of official duties under this Act, and also (2) No civil court shall have jurisdiction to settle, decide or deal with any question of fact or to determine any matter which is by or under this Act required to be settled, decided or dealt with or to be determined by the Authority under this Act.

ശ്രീ. എ. കെ. ബാലൻ: ഡാം സേഫ്റ്റി അതോറിറ്റിക്ക് നല്ല അധികാരം കൊടുക്കുന്ന നിയമനിർമ്മാണമാണ് നമ്മൾ നടത്തുന്നത്. അക്കാര്യത്തിൽ വിയോജിപ്പില്ല. എന്നാൽ, ഡാം സേഫ്റ്റി അതോറിറ്റിയുടെ ഒരു ഡിസിഷനെതിരായി ഒരാൾ ഹൈക്കോടതിയിലോ, സുപ്രീം കോടതിയിലോ മറ്റേതെങ്കിലും കോടതിയിലോ പോയി സുപ്രീം കോടതിയോ ഹൈക്കോടതിയോ ഒരു കമ്മീഷനെ വച്ചുകഴിഞ്ഞാൽ, ആ കമ്മീഷന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയോ ഹൈക്കോടതിയോ മുൻസിഫ് കോടതിയോ ഒരു വിധി പ്രഖ്യാപിച്ചാൽ അതിനെ മറികടക്കാൻ ഈ നിയമനിർമ്മാണം കൊണ്ട് കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: അദ്ദേഹം ഇത് തുടക്കം മുതലേ ചോദിക്കുകയാണ്. Commission is only a fact finding .....or to give advice to a Court സിവിൽ പ്രൊസീഡ്യുവർ കോഡിൽ കമ്മീഷനെപ്പറ്റി പറയുന്നത് എന്താണെന്നറിയാത്തതു കൊണ്ടാണ് അദ്ദേഹം ഇത് പറയുന്നത്. സിവിൽ കോടതിക്ക് മുമ്പാകെ വരുന്ന എന്തെങ്കിലും തർക്ക വിഷയത്തിൽ ഫാക്ട് ഫൈന്റിംഗിനുവേണ്ടി ഒരു കമ്മീഷനെ വയ്ക്കാനുള്ള അധികാരം മാത്രമാണുള്ളത്. ആ കമ്മീഷന്റെ റിപ്പോർട്ട് ഒരു ആധികാരിക രേഖയായി ആ കോടതിക്ക് പരിഗണിക്കാമെന്നല്ലാതെ അത് ബൈൻഡിംഗല്ല.

ശ്രീ. എ. കെ. ബാലൻ: സുപ്രീം കോടതിയുടെ വിധി വന്നത് ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ ഡിസിഷന്റെ ഭാഗമായിട്ടാണ്. അത് ആദ്യം മനസ്സിലാക്കണം. സുപ്രീം കോടതിയുടെ മുമ്പിൽ ഈ വിധിക്ക് അടിസ്ഥാനം എന്നു പറയുന്നത് ഒരു കമ്മീഷൻ റിപ്പോർട്ടാണ്. എക്സ്പെർട്ട് ആയ്ട്ട് ടെക്നിക്കൽ ഒപ്പീനിയനാണ്. അതിന്റെ ഭാഗമായിട്ടാണ് 142 എന്നത് 146 ആയാലും പ്രശ്നമില്ലെന്ന് പറഞ്ഞത്. അത് മറികടക്കാൻ ഈ നിയമനിർമ്മാണംകൊണ്ട് കഴിയുമോ?

ശ്രീ. ഇ. എം. അഗസ്തി: ഏതായാലും ശ്രീ. എ. കെ. ബാലൻ സംസാരിക്കുന്നുണ്ടല്ലോ? അദ്ദേഹത്തിന് വ്യത്യസ്തമായ വാദങ്ങളുണ്ടെന്ന് എനിക്ക് അറിയാം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. പക്ഷേ ഈ ബില്ലിന് യാതൊരു പ്രസക്തിയുമില്ലെന്ന ധാരണ പരത്താൻ അങ്ങ് ആദ്യംമുതൽതന്നെ ബോധപൂർവ്വം ശ്രമിക്കുകയാണ്. അങ്ങ് ബോധപൂർവ്വം ശ്രമിക്കുന്നു എന്നു പറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. കാരണം, ഇപ്രകാരം ഒരു സഭാ സമ്മേളനം വിളിച്ചുകൂട്ടാനും ഈ സഭയിൽ ബിൽ കൊണ്ടുവരാനും ഈ സഭ പ്രത്യേകമായി സമ്മേളിക്കാനും ചർച്ച ചെയ്യാനുമുള്ള പശ്ചാത്തലം വിശദമായി ഇവിടെ പറഞ്ഞിട്ടുണ്ട്. .....(ബഹളം)..... അങ്ങയുടെ വികാരം മാനിച്ചുകൊണ്ട് ഞാൻ പരമാവധി വഴങ്ങിത്തന്നു. ഇപ്രകാരം ഒരു ബില്ല് കൊണ്ടുവരാനും സഭാസമ്മേളനത്തിലൂടെ ചർച്ച ചെയ്യാനും ഒരു പശ്ചാത്തലമുണ്ട്. ആ പശ്ചാത്തലം അടുത്ത കാലത്ത് ഉരുത്തിരിഞ്ഞതാണ്. കേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടും ഭയാശങ്കയുമുണ്ട്. അത് സുപ്രീം കോടതി വിധി തന്നെയാണ്. അതുമൂലം കേരളത്തിലെ ജനങ്ങൾക്കുണ്ടായിരിക്കുന്ന ഭയാശങ്കകൾ ഒഴിവാക്കാനും കേരള ജനതയുടെ സുരക്ഷിതത്വം ഉറപ്പു വരുത്താനും കേരളാഗവണ്മെന്റും കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും ഉത്തരവാദിത്വ ബോധത്തോടുകൂടി എടുത്ത തീരുമാനത്തിന്റെ ഫലമായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ അങ്ങയുടെ പാർട്ടിയുടെ നേതാക്കന്മാരും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പങ്കെടുത്ത് കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സഭാസമ്മേളനം വിളിച്ചുചേർത്തിരിക്കുന്നത്. അതനുസരിച്ചാണ് ബിൽ വന്നിരിക്കുന്നത്. ആ ബില്ലിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. ദയവായി ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ സംബന്ധിച്ച് വിവാദം ഉണ്ടാക്കരുത്. അത് കേരളത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായിരിക്കുമെന്ന് ഞാൻ വിനയപൂർവ്വം പറയുകയാണ്. അങ്ങ്

സുപ്രീം കോടതിയുടെ വിധിയെക്കുറിച്ച് വളരെ വാചാലമായി സംസാരിച്ചു. അങ്ങയ്ക്ക് ആശങ്കയുണ്ട്. അതിൽ ഞാനും പങ്കുചേരുന്നു. സുപ്രീം കോടതി വിധിയിലൂടെ ഈ രാജ്യത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസം എനിക്കില്ല. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബാബറി മസ്ജിദ് നമ്മുടെ മുമ്പിലുണ്ട്. ബാബറി മസ്ജിദ് പൊളിക്കുമെന്ന് ഒരു കൂട്ടരും സംരക്ഷിക്കണമെന്ന് മറ്റൊരു കൂട്ടരും പറയുന്നു. ആ അവസരത്തിൽ സുപ്രീം കോടതിയുടെ മുമ്പിൽ പരാമർശം വന്നു. .....(ബഹളം)..... ഞാൻ പറയുന്നതിൽ നിയമവിരുദ്ധമായിട്ടെന്തെങ്കിലും ഉണ്ടെങ്കിൽ അത് രേഖയിൽനിന്നും നീക്കം ചെയ്യാനുള്ള അധികാരം അങ്ങയ്ക്കുണ്ട്. സുപ്രീം കോടതിയിൽ ഒരു ഹർജി ഉണ്ടായിരുന്നപ്പോൾ, മസ്ജിദ് തകർക്കാനുള്ള ശ്രമം ആരംഭിച്ചപ്പോൾ, ബാബറി മസ്ജിദ് തകർത്തുകൊണ്ടിരുന്നപ്പോൾ സുപ്രീം കോടതിയുടെ ഒരു അടിയന്തിര ബഞ്ച് കൂടിക്കൊണ്ടിരിക്കുകയായിരുന്നു. സുപ്രീം കോടതിയുടെ അടിയന്തിര ബഞ്ചിന്റെ തീരുമാനം വരുന്നതിനുമുമ്പ് ബാബറി മസ്ജിദ് തകർത്തുകഴിഞ്ഞിരുന്നു. സുപ്രീം കോടതി കമ്മീഷനെ വച്ചു. അതുകൊണ്ട് സുപ്രീം കോടതിയുടെ ഒരു വിധി അവസാന വാക്കാണെന്ന അഭിപ്രായം എനിക്കില്ല. ആ വിധിക്കെതിരായി കേരളത്തിന്റെ താൽപര്യങ്ങളെ പരിരക്ഷിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ ഈ സഭയ്ക്ക് അധികാരമുണ്ട്. അത് എസ്റ്റാബ്ലിഷ് ചെയ്യുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. അതുകൊണ്ട് അതിനെതിരായി യാതൊരു വാക്കും ശ്രീ. എ. കെ. ബാലന്റെ ഭാഗത്തു നിന്നും ചർച്ചയിൽ ഉണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഭേദഗതി സർക്കുലേറ്റ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> സർ, കഴിഞ്ഞ ആറാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷി സമ്മേളനത്തിൽ ഇത്തരമൊരു നടപടിയിൽ നമുക്ക് യോജിച്ച് നിന്നുകൊണ്ട് പ്രത്യേകമായ അസംബ്ലി സമ്മേളനം വിളിച്ചുകൂട്ടി ഒരു നിയമനിർമ്മാണം എന്നത് അവിടെ ചർച്ച ചെയ്തതാണ്. കേരളത്തിലെ എല്ലാ പത്രമാദ്ധ്യമങ്ങളും അതുപോലെ പൊതുജനം മൊത്തത്തിൽ അന്നത്തെ യോഗ തീരുമാനത്തെ സ്വാഗതം ചെയ്തു. കേരളത്തിലുള്ള രണ്ടുകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ ഒന്നിച്ച് സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്ക് വേണ്ടി നിൽക്കുന്നു. തുടർന്നും ഗവൺമെന്റുകൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും കാണിക്കണമെന്നതുകൊണ്ടാണ് ഞാൻ ചിലത് പറയാൻ ഉദ്ദേശിക്കുന്നത്. എന്റെ ബഹുമാന്യ സുഹൃത്ത് അഗസ്തി പറഞ്ഞു, സുപ്രീം കോടതിയുടെ വാക്ക് അവസാന വാക്കല്ല, നമുക്കത് മറികടക്കാമെന്നും നിയമനിർമ്മാണത്തിന്റെ കാര്യവുമൊക്കെ പറഞ്ഞു. അത് ശരിയാണ്. കോടതിവിധിയിൽ പറഞ്ഞ ഒരു കാര്യം, ബഹുമാനപ്പെട്ട മന്ത്രി തന്നെ നോട്ടിൽ പറയുന്നു, കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള ബലപ്പെടുത്തൽ നടത്താൻ തമിഴ്നാടിന് അനുവാദമുണ്ട്, അതിന് കേരളം സഹകരിക്കണം, ഇല്ലെങ്കിൽ നമ്മളെന്തെങ്കിലും തടസ്സമുണ്ടാക്കിയാൽ അതിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമ്മളെ വിലക്കിക്കൊണ്ടു കൂടി ഉത്തരവുണ്ട്. എന്നുപറഞ്ഞാൽ, കോടതി വിധി വന്നതിന്റെ അടുത്ത ദിവസം തന്നെ തമിഴ്നാട് അവിടെ ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പക്ഷേ ശ്രീ. അഗസ്തിക്ക് അറിയാമല്ലോ, നമ്മളെല്ലാവരും അവിടെ എത്ര പ്രാവശ്യം പോയതാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെയുള്ളവർ അവിടെപ്പോയി. പല കമ്മിറ്റികളും അവിടെപ്പോയി. കമ്മിറ്റി പോകുമ്പോൾ മാത്രമാണ് ഉദ്യോഗസ്ഥൻമാർ വരുന്നത്. കേരള നിയമസഭാ കമ്മിറ്റി മുല്ലപ്പെരിയാർ വിസിറ്റ് ചെയ്യുന്നുണ്ടെങ്കിൽ ആ ദിവസമാണ് കേരളത്തിലെ ഉദ്യോഗസ്ഥൻമാർ അവിടേക്ക് വരുന്നത്. നമ്മൾ എത്ര ശുപാർശകളും നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. അവിടെ സ്ഥിരമായിട്ട് ഓഫീസ്, സ്ഥിരമായ മോണിറ്ററിംഗ്, സ്ഥിരമായ സംവിധാനങ്ങൾ, ബോട്ട് വേണമെങ്കിൽ വാങ്ങിക്കൊടുക്കാൻ ഒക്കെ തീരുമാനിച്ചതല്ലേ? ഒന്നും നടന്നില്ല എന്നത് വസ്തുതയല്ലേ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നമ്മുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങളുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഒരു ബോട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ബോട്ട് അവർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഓഫീസും മറ്റ് സാധാരണഗതിയിലുള്ള സംവിധാനങ്ങളുമുണ്ട്. നമ്മുടെ പ്രശ്നം അതൊന്നുമല്ല. ജലവിതാനം 136 അടിക്ക് മുകളിലോട്ട് പോകാതിരിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: നമുക്കെല്ലാവർക്കും ബോദ്ധ്യപ്പെട്ട കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. കുറ്റപ്പെടുത്തി പറഞ്ഞതല്ല. ഇന്ന്, മാർച്ച് 14-ാം തീയതി തന്നെ ചർച്ച നടക്കുന്നതിന് ഒരു പ്രാധാന്യവും പ്രസക്തിയുമുണ്ട്. ഇന്ന് 'International day of action against dams' ആണ്. സാർവ്വദേശീയമായിട്ട് ഡാമുകളുടെ അപകടവും അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, ജനങ്ങളുടെ ജീവിതം, അതിന്റെ സംരക്ഷണം തുടങ്ങിയവയ്ക്ക് ഇന്റർനാഷണലായിട്ടുള്ള പല പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇന്നത്തെ ദിവസത്തിന് തന്നെ പ്രാധാന്യമുണ്ട്. സാർവ്വദേശീയ പ്രാധാന്യമുള്ള ദിവസമാണ് മാർച്ച് 14. സ്വാതന്ത്ര്യത്തിന് മുൻപുള്ള കാലഘട്ടത്തിൽ ഒരു കമാറുണ്ടാക്കാൻ 20 വർഷമെടുത്തു. ഈ ചർച്ച തുടങ്ങിയിട്ട് എത്ര വർഷമായി? എത്ര ചർച്ചകൾ, സിറ്റിംഗുകൾ, തെളിവെടുപ്പുകൾ എന്നിവ നടന്നു; ഏതൊക്കെ രീതിയിലുള്ള റിപ്പോർട്ടുകൾ വന്നു? പക്ഷേ എവിടെയും എത്തുന്നില്ല. നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. കേന്ദ്ര ഗവൺമെന്റോ, തമിഴ്നാട് ഗവൺമെന്റോ, സുപ്രീം കോടതിയോ കേരളത്തിന്റെ യഥാർത്ഥത്തിലുള്ള പ്രശ്നങ്ങളും ശരിയായിട്ടുള്ള ന്യായങ്ങളും ശ്രദ്ധിക്കുന്നില്ല. എല്ലാ കാര്യങ്ങളും ഏകപക്ഷീയമാണ്. ഡോ. മിത്തൽ കമ്മീഷൻ എന്ന വിദഗ്ദ്ധ കമ്മിറ്റി തന്നെ കേരള ഗവൺമെന്റ് പറഞ്ഞ ഒരു കാര്യവും ശ്രദ്ധിച്ചിട്ടില്ല. അതിന് അവർ ഒരു ഊന്നലും കൊടുത്തിട്ടില്ല. അത് ശരിയാണോ തെറ്റാണോ എന്ന് പരിശോധിക്കാൻ പോലും തയ്യാറായിട്ടില്ല. ഏകപക്ഷീയമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തീരുമാനങ്ങളുമെടുത്തത്. ഇതിൽ നമ്മുടെ ഭാഗത്തുനിന്നും ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. സുപ്രീം കോടതിയിൽ കേസ് നടത്തുന്നതിൽ തന്നെ ചില വീഴ്ചകൾ വന്നിട്ടുണ്ട്. അങ്ങാണോ ശ്രീ. ജേക്കബാണോ എന്നറിയില്ല, ഈ സഭയിൽ തന്നെ മറുപടിയിൽ നമ്മുടെ കേസ് വാദിക്കുന്ന സുപ്രീം കോടതിയിലെ വക്കീലൻമാർക്ക് ഫീസ് കൊടുക്കുന്നില്ല, അതുകൊണ്ട് സുപ്രീം കോടതിയിൽ നമ്മുടെ വക്കീൽ ഹാജരാകുന്നില്ല എന്ന് പറഞ്ഞു. ഇതിൽപ്പരം ഒരു കേസ് തോൽക്കാൻ, ഒരു കേസ് ദുർബ്ബലമാകാൻ വേറെ എന്ത് വേണം? ഒന്നര ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ നമ്മൾ വച്ച വക്കീലൻമാർക്ക് ഫീസ് കൊടുക്കാത്തതിന്റെ പേരിൽ കോടതിയിൽ ഹാജരാകുന്നില്ല. തമിഴ്നാട്ടിൽ ആണെങ്കിൽ ഏറ്റവും പ്രഗത്ഭരായ, പ്രത്യേകിച്ച് ഡാമുകളുടെയും വെള്ളത്തിന്റെയുമൊക്കെ പ്രശ്നങ്ങൾ പഠിച്ച് ഏറ്റവും എക്സ്പർട്ടായ വക്കീലൻമാർ സ്ഥിരമായി കോടതിയിൽ ഹാജരാവുകയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഫീസ് കൊടുക്കാത്തത് മാത്രമല്ല. കോടതിയും നമ്മുടെ വക്കീലും തമ്മിൽ സ്വരചേർച്ച ഇല്ലാതെപോയി. അവർ തമ്മിൽ വളരെ അകന്നുപോയി. അതാണ് പ്രധാനപ്പെട്ട കാരണം. അക്കൂട്ടത്തിൽ മറ്റ് പലതുമുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ തർക്കത്തിന് വേണ്ടി പറയുന്നതല്ല. നമുക്ക് എവിടെയൊക്കെയാണ് പരാജയം? ഉദ്യോഗസ്ഥൻമാരുടെ പരാജയമുണ്ട്. കൃത്യമായിട്ട് നമുക്ക് എത്ര റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്? കോടതിയുടെ മുൻപിൽ ഹാജരാക്കാവുന്ന റിപ്പോർട്ടല്ലേ? കേരളത്തിലുണ്ടായ ഭൂചലനങ്ങൾ, ഭൂമികുലുക്കമുണ്ടാകുന്ന പ്രദേശങ്ങൾക്ക് തൊട്ടടുത്ത് കിടക്കുന്ന ഇടുക്കി, കോട്ടയം ജില്ലയിലുണ്ടായ ഉരുൾപൊട്ടലുകൾ, അങ്ങനെ ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരളത്തിൽ കഴിഞ്ഞ 10 വർഷമായി ഉണ്ടായിട്ടില്ലേ? സമർത്ഥമായി അതിന്റെ റിപ്പോർട്ടുകൾ പഠിച്ച് ആവശ്യമായ രീതിയിൽ കോടതിയിൽ കൊടുക്കാൻ കഴിഞ്ഞോ? റിപ്പോർട്ടുകൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞോ? കെ. എഫ്. ആർ. ഐ.-ൽ കേരളത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട വളരെ പ്രശസ്തരായ ശാസ്ത്രജ്ഞൻമാരില്ലേ? പ്രത്യേകിച്ച് ഇന്ന് ആഗോളതലത്തിൽ, ഇൻഡ്യയിലായാലും ലോകത്തായാലും എവിടെയായാലും വനസംരക്ഷണം വളരെ പ്രധാനപ്പെട്ടതല്ലേ? അതുമായി ബന്ധപ്പെട്ട് കെ. എഫ്. ആർ. ഐ.-ലെ പ്രധാനപ്പെട്ട സയന്റിസ്റ്റുമാർ ഡോ. ശങ്കർ, ഡോ. ഈശ്വരൻ, ഡോ. മേനോൻ, ഡോ. ശശിധരൻ എന്നീ വിദഗ്ദ്ധരടങ്ങിയ കമ്മിറ്റി പഠിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട്, അതിന്റെ വനപ്രദേശങ്ങളിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ, ഡാമുമായി ബന്ധപ്പെട്ട്, 136 അടിയിൽ നിന്ന് കൂടുതൽ ഉയർത്തിയാൽ വെള്ളം ഒഴുകി വന്നാലുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് വളരെ നല്ല റിപ്പോർട്ടുണ്ട്. അവിടുത്തെ വന്യമൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട്, ആനകൾക്കുള്ള പ്രത്യേകതരം ഭക്ഷണം, അതിന് സഞ്ചരിക്കാനുള്ള സൗകര്യങ്ങൾ, അവിടുത്തെ പ്രത്യേകതരം ചെടികൾ, പ്രത്യേകതരം സസ്യജീവജാലങ്ങൾ, ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചൊക്കെ ഏറ്റവും നല്ല റിപ്പോർട്ട് കേരള ഗവൺമെന്റിന് കൊടുത്തു. പക്ഷേ നമുക്ക് ആ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ല. കോടതിയെ ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച നമുക്ക് വരുന്നു. മറ്റൊന്ന് വെള്ളത്തിന്റെ ലെവൽ, നേരത്തെ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു, 136 അടിയിൽ കവിഞ്ഞ്, ഇവിടെ കിട്ടിയ ഒരു പഠന റിപ്പോർട്ട്, Tragedy of Commons - The Kerala Experience on River linking. 2004-ൽ പുറത്തിറക്കിയ വളരെ ആധികാരികമായ ആ റിപ്പോർട്ടിൽ പറയുന്നത് 1994 മുതൽ 1999 വരെയുള്ള കണക്കെടുത്ത് അവർ പറയുന്നത്, 139 അടിയിൽ കവിഞ്ഞ് കേരളത്തിലേക്ക് ഒഴുകിയ വെള്ളത്തിന്റെ കണക്ക് വളരെ വളരെ നിസ്സാരമായിട്ടാണ്, അങ്ങനെ ഒഴുകിയിട്ടില്ല. 139-ൽ നിന്ന് 146 ആയിട്ടോ 152 ആയിട്ടോ 156 ആയിട്ടോ അതിലും കൂടുതലോ ഏത് കോടതി വിധിയായാലും അത് ഉയർത്തി തമിഴ്നാടിന് ഒരുപാട് വെള്ളം സംഭരിച്ച് കൊണ്ടുപോകാൻ കഴിയുന്ന വിധത്തിലുള്ള റിപ്പോർട്ടുകളല്ലേ? എന്നാൽ ഇതിന്റെ പിന്നിൽ ഒരു ദുരുദ്ദേശമില്ലേ? ഇന്ന് തമിഴ്നാട് അതെല്ലാം ആസൂത്രിതവും സംഘടിതവുമായി കയ്യടക്കി. ഈ ഡാമും ഡാമിന്റെ എല്ലാ കാര്യങ്ങളും അവരുടെ കീഴിലാക്കി. പറമ്പിക്കുളം-ആളിയാറിന്റെ കാര്യമെടുത്താലുമുണ്ട്, ചാലക്കുടി റിവറുമായി ബന്ധപ്പെട്ട വിഷയമെടുത്താലുമുണ്ട്, കേരളത്തിന്റെ പമ്പാ-അച്ചൻകോവിൽ ഇന്റർസ്റ്റേറ്റ് റിവറിന്റെ പ്രശ്നത്തിലുമുണ്ട്. അങ്ങനെ എല്ലാ കാര്യങ്ങളിലും തമിഴ്നാടിന് ദുരുദ്ദേശമുണ്ട്. കേരളത്തിൽ നിന്ന് പരമാവധി വെള്ളം അവർക്ക് വേണം. ഇവിടെ പമ്പാ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുമായി ബന്ധപ്പെട്ട് നിയമസഭാ കമ്മിറ്റി പഠനം നടത്താൻ പോയി. എം. എൽ. എ.-മാർ എല്ലാവരും ഒരുപാട് ദിവസം മലയിൽ ഒരുപാട് സഞ്ചരിച്ചു. കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. നമ്മുടെ ഉദ്യോഗസ്ഥൻമാർ ഒരുപാട് ശ്രമം നടത്തി. കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. പക്ഷേ വെള്ളം തമിഴ്നാട്ടിലേക്ക് പോവുകയാണ്. അപ്പോൾ ഇതിൽ നിന്ന് എന്താണ് മനസ്സിലാകുന്നത്? ഏത് ഗവൺമെന്റായാലും, തമിഴ്നാട് വളരെ സംഘടിതമായി വെള്ളത്തിന്റെ കാര്യത്തിലും ഭാഷയുടെ കാര്യത്തിലും അവിടെ എല്ലാവരും ഒന്നാണ്. അവിടെ ഗവൺമെന്റും പാർട്ടികളും ജനങ്ങളും പത്രമാദ്ധ്യമങ്ങളും ഉദ്യോഗസ്ഥൻമാരും കോടതിയും എക്സിക്യൂട്ടീവും എല്ലാം ഒന്നാണ്. അവരുടെ ഏറ്റവും സംഘടിതമായ പരിശ്രമങ്ങളിലൂടെ തമിഴ്നാടിന് വേണ്ടത്ര വെള്ളം കേരളത്തിൽ നിന്ന് ഊറ്റിയെടുക്കാൻ, വഴിതിരിച്ച് കൊണ്ടുപോകാൻ ഏതെല്ലാം തരത്തിൽ കഴിയുമോ അതിനൊക്കെ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സുപ്രീംകോടതി വിധി കൂടി കിട്ടിയാൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ നാളെ പമ്പാ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുടെ പ്രശ്നം വരും. പറമ്പിക്കുളം-ആളിയാറിന്റെ പ്രശ്നം വരും. കേരളവുമായി ബന്ധപ്പെട്ട ഇന്റർസ്റ്റേറ്റ് റിവറുകളായാലും അതിർത്തികളിൽ കിടക്കുന്ന റിവറുകളിൽ നിന്ന് വെള്ളം തിരിച്ചുവിടുന്ന പ്രശ്നമായാലും കേരളത്തിന് ഒരുപാട് ഭവിഷ്യത്തുകൾ, ഒരുപാട് ദൂരവ്യാപകമായ നഷ്ടങ്ങൾ സംഭവിക്കാൻ വഴിവയ്ക്കും. അതുകൊണ്ട് മുല്ലപ്പെരിയാറിന്റെ വിഷയത്തിൽ നമ്മുടെ കണ്ണ് തുറക്കണം. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് 30 ലക്ഷം ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ജീവനും ആ പ്രദേശങ്ങളിലെ ജീവജാലങ്ങൾക്കും ഫോറസ്റ്റിനും നമ്മുടെ നാടിനെ മുഴുവൻ തന്നെ നാശനഷ്ടത്തിലേക്ക് കൊണ്ടുപോകത്തക്ക വിധത്തിലുള്ള അപകടങ്ങൾ ഒരുഭാഗത്തുള്ളപ്പോൾ മറുഭാഗത്ത് കേരളം മൊത്തത്തിൽ ഈ പ്രദേശങ്ങൾക്ക് മാത്രമല്ല കേരളത്തിലെ മൊത്തം താൽപ്പര്യങ്ങൾക്ക് ഈ കോടതി വിധിയും തമിഴ്നാടിന്റെ നടപടിയും വഴിവയ്ക്കും എന്നുള്ളതുകൊണ്ടാണ് നമ്മൾ ഉണർന്നുപ്രവർത്തിക്കണമെന്ന് പറയുന്നത്. ഞാൻ ബില്ലിലേക്ക് വരികയാണ്. ഞാനൊരു തർക്കത്തിനുവേണ്ടി പറയുന്നതല്ല. ഇപ്പോൾ ഷെഡ്യൂളിൽപ്പെടുത്തിയിട്ടുള്ള 10 ഡാമുകളെക്കുറിച്ച് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കൂടി ശ്രദ്ധിക്കണം, എന്റെ ഒരു പ്രബലമായ സംശയം, പറമ്പിക്കുളം-ആളിയാറിനെക്കുറിച്ച് ഇതിൽ മെൻഷൻ ചെയ്ത് കാണുന്നില്ല. ഒരു വിശദീകരണം വേണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അത് ഞാൻ പിന്നീട് വിശദീകരിക്കാം. വർഷങ്ങളുടെ അടിസ്ഥാനത്തിലാണ്, ഏജിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഷെഡ്യൂൾ കൊണ്ടുവന്നിരിക്കുന്നത്. ഇടുക്കിയില്ല പലതുമില്ല.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> സർ, അതാണ് എന്റെ സംശയം. നമ്മൾ വർഷത്തിന്റെ കാര്യം മാത്രം എടുത്താൽ മതിയോ? ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബും സംസാരിക്കുമ്പോൾ പറയുമായിരിക്കും. വർഷം മാത്രം എടുത്താൽ മതിയോ? കേരളത്തിലെ ഡാമുകളെ സംബന്ധിച്ചുള്ള ഏറ്റവും ആധികാരികമായ ഒരു പഠനം നമുക്ക് ആവശ്യമില്ലേ? ആ പഠനത്തിന്റെ ഒക്കെ അടിസ്ഥാനത്തിൽ വേണ്ടതല്ലേ? നമ്മൾ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കാണുമ്പോൾ.....

<u>ശ്രീ. ഇ. എം. ആഗസ്തി</u> : സർ, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ, അങ്ങയോട് തർക്കത്തിനൊന്നുമില്ല. അങ്ങ് പറയുന്നതിൽ കേരളത്തിലെ എല്ലാ ഡാമുകളും ഒരുപോലെ അപകടാവസ്ഥയിലാണെന്ന സൂചനയുണ്ടോ? ഏതെങ്കിലും ഡാമിന്റെ സേഫ്റ്റിയെ സംബന്ധിച്ച് സംശയം ഉണ്ടാകുന്ന സാഹചര്യത്തിൽ അത് പരിശോധിക്കാനും ആവശ്യമായ നിർദ്ദേശം ഗവൺമെന്റിന് കൊടുക്കാനുമുള്ള അധികാരമല്ല ഡാം സേഫ്റ്റി അതോറിറ്റിക്കുള്ളത്? എല്ലാം നമ്മൾ സ്പെസിഫിക്കായി ഒരു ബില്ലിൽ പറയേണ്ട കാര്യമുണ്ടോ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : ഞാൻ ചോദിച്ചത് അതല്ല. ഇത് 40 വർഷം അല്ലെങ്കിൽ 50 വർഷം എടുത്തു. ഇപ്പോൾ പറമ്പിക്കുളം-ആളിയാറുമായി ബന്ധപ്പെട്ട് വലിയ വിവാദപരമായ ചർച്ചകൾ നടക്കുന്നു. നമ്മുടെ സ്റ്റേറ്റിന്റെ ചില താല്പര്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന ഒരു അടിസ്ഥാനത്തിൽ കൂടിയാണ് ഞാൻ ചോദിച്ചത്. അവിടുത്തെ ഡാമുകളുമായി ബന്ധപ്പെട്ടതും സേഫ്റ്റി എന്നു പറയുമ്പോൾ ഡാം തകർന്നു പോകും എന്നുള്ളത് മാത്രമല്ലല്ലോ. കേരളത്തിന്റെ ഡാമുകളുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തേണ്ടതല്ലേ? ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

തർക്കിക്കുന്നതല്ല. ഈ 136 അടിയുടെ കാര്യത്തിൽ ഈ ഷെഡ്യൂളിൽ പറഞ്ഞാൽ തന്നെയും ഇപ്പോൾ നമ്മുടെ മുമ്പിലുള്ള വിഷയം എന്താണ് ? 138 അടിയിൽ കൂടുതലായി ജലനിരപ്പ് ഉയർത്താൻ പാടില്ല. കഴിഞ്ഞ ആഗസ്റ്റിൽ ഈ അസംബ്ലിയിൽ ചർച്ച നടന്നപ്പോൾ അന്ന് ഇവിടെ, ശ്രീ. ജയചന്ദ്രൻ പറഞ്ഞപ്പോൾ നിങ്ങൾ തർക്കിച്ചു. ശ്രീ. സി. കെ. നാണുവും ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. കോടിയേരി ബാലകൃഷ്ണനും എല്ലാവരും അന്ന് ഇവിടെ ചർച്ചയിൽ പങ്കെടുത്ത് ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ 139 അടിയായി, 140 അടിയായി ഉയർത്തിയ പത്ര വാർത്തകൾ ഇടുക്കിയിൽ നിന്ന് വ്യാപകമായി പത്രങ്ങളിൽ വരുന്നു, ടി. വി. യിൽ വരുന്നു. സഭ സമ്മേളിച്ചുകൊണ്ടിരുന്നതുകൊണ്ടാണ് ഞങ്ങൾ ഇവിടെ അന്ന് ഉന്നയിച്ചത്. അന്ന് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. ഇ. എം. അഗസ്തി ആ പ്രദേശം ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. എന്നുള്ള നിലയിൽ കുറച്ചുകൂടി ആധികാരികമായി പറയാൻ കഴിയുന്ന വ്യക്തിയാണ്. ശ്രീ. ഇ. എം. അഗസ്തി ഇവിടെ പറഞ്ഞതും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതും ശ്രീ. എ. കെ. മണി ഇവിടെ പറഞ്ഞതും എല്ലാം രേഖയിലുണ്ട്. ഞങ്ങൾ പ്രതിപക്ഷത്തുള്ളവർ അനാവശ്യമായി ജനങ്ങളിൽ ഭീതിയുണ്ടാക്കുന്നു, ജനങ്ങളെ പരിഭ്രാന്തരാക്കുന്നു, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് ഒരു അപകടഭീഷണിയും ഇല്ല എന്നു വളരെ ശക്തമായി ഇവിടെ പറഞ്ഞു. പിറ്റേ ദിവസം അവിടെ ബഹുമാനപ്പെട്ട മന്ത്രി പോയി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പോയി. മന്ത്രി പത്രസമ്മേളനം നടത്തി. അപകടമില്ലായെന്ന് പറഞ്ഞു. 136 അടിയിൽ കൂടുതൽ വെള്ളം അവിടെ ഉയർന്നിരിക്കുന്നുവെന്നു എല്ലാവരും അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ ഡാമിന് ഭീഷണിയില്ല എന്നു പറയുക മാത്രമല്ല ഭീഷണിയുണ്ടെന്നു പറഞ്ഞ പ്രതിപക്ഷത്തെ, ഞങ്ങൾ അനാവശ്യമായി ജനങ്ങളിൽ ഭീതിയുണ്ടാക്കുന്നു, ജനങ്ങളെ പരിഭ്രാന്തരാക്കാൻവേണ്ടി ബോധപൂർവ്വമായി പരിശ്രമിക്കുന്നു എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുകയാണുണ്ടായത്. അത് പത്രങ്ങളിലൊക്കെ വന്നു. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. സുപ്രീം കോടതിയിൽ ഈ വിധി വന്ന സന്ദർഭത്തിൽ നമ്മുടെ അസംബ്ലിയിൽ നടന്ന ചർച്ചകളുടെ മുഴുവൻ ഡീറ്റെയിൽസും സുപ്രീം കോടതിയിൽ തമിഴ്നാട് ഗവൺമെന്റിനുവേണ്ടി വക്കീലന്മാർ ഹാജരാക്കി. ബഹുമാനപ്പെട്ട മന്ത്രിയുടെ പത്രസമ്മേളനം അവർ അവിടെ ഹാജരാക്കി. ഞങ്ങൾ സുപ്രീം കോടതിയിൽനിന്ന് കേസുമായി ബന്ധപ്പെട്ട് അറിഞ്ഞ വിവരമാണ്. നമ്മൾ ഇവിടെ നടത്തുന്ന ചർച്ചകളിൽപോലും ഞങ്ങളാരും പേടിപ്പിക്കാൻ പറഞ്ഞതല്ല. ആരെയും ഭയപ്പെടുത്താൻ പറഞ്ഞതുമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇതേ വാചകങ്ങൾ ഞങ്ങൾ പ്രതിപക്ഷ മെമ്പർമാരും പ്രതിപക്ഷ നേതാവും ആഗസ്റ്റ് മാസത്തിൽ അവിടുത്തെ വെള്ളത്തിന്റെ നിരപ്പ് ഉയർന്നിരിക്കുന്നുവെന്നു മുഴുവൻ പത്രങ്ങളിലും വലിയ വാർത്തയായി വന്നു, ജനങ്ങൾ മുഴുവനും പാർട്ടിക്കാരും പ്രവർത്തകരും നാട്ടുകാരുമൊക്കെ ആ ആശങ്ക ഉയർത്തിയത് സഭയിൽ പറഞ്ഞപ്പോൾ അത് നിഷേധിക്കുക മാത്രമല്ല, ഞങ്ങളെ ആക്ഷേപിക്കാൻകൂടി ശ്രമിച്ചു. അതുകൊണ്ട് ഞാൻ ചില നിർദ്ദേശങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ ചർച്ചകളും ശ്രദ്ധിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : രണ്ട് മൂന്നു നിർദ്ദേശങ്ങളാണ് ഇതിന്റെ ഭാഗമായി എനിക്ക് പറയുവാനുള്ളത്. ഇവിടെ ചർച്ച ചെയ്യുമ്പോൾ ഈ പ്രദേശവുമായി ബന്ധപ്പെട്ട് വരുന്ന നാലോ അഞ്ചോ ജില്ലകൾ മുന്ന് ജില്ലകൾ പൂർണ്ണമായിട്ടും മറ്റ് രണ്ട് ജില്ലകൾ ഭാഗികമായിട്ടും—ആ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവിടുത്തെ ജനപ്രതിനിധികൾ, അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുക്കണം. അവരുടെ യോഗങ്ങൾ പ്രത്യേകമായി വിളിച്ചുകൂട്ടണം. അവരുടെ കൂടി ഒരു പങ്കാളിത്തത്തോടുകൂടി നമ്മുടെ ഈ സയ്ക്കുള്ള ഉത്ക്കണ്ഠപോലെ തന്നെ യു. ഡി. എഫ്., എൽ. ഡി. എഫ്. എന്നുള്ളത് നോക്കേണ്ട. ആ പ്രദേശങ്ങളിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പ്രതിനിധികളുടെ അഭിപ്രായങ്ങൾ കേൾക്കണം. ഈ വിഷയത്തിലുള്ള അവരുടെ ഇടപെടലും അവരുടെ ഉത്ക്കണ്ഠയും പങ്കാളിത്തവും വേണം. ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിൽ അത് പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഇതുമായി ബന്ധപ്പെട്ട് കുറെ സംഘടനകളുണ്ട്. മുല്ലപ്പെരിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരിസ്ഥിതി പ്രവർത്തകരും സാമൂഹിക പ്രവർത്തകരും അടങ്ങിയ സംഘടനകളൊക്കെ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ ഉണ്ട്. ഇതിൽ സുപ്രീം കോടതിയിൽ കക്ഷി ചേർന്ന സംഘടനകൾ വരെയുണ്ട്. വളരെ സമർത്ഥമായി ഗവൺമെന്റ് കൊടുത്തതിനേക്കാൾ കൂടുതൽ വസ്തുതകൾ സുപ്രീം കോടതിയുടെ മുമ്പിൽ സമർപ്പിച്ച സംഘടനകളില്ലേ? അത്തരം സംഘടനകളുമായി ചർച്ച ചെയ്യണം. അവരുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളണം. ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും ഒരു പഠനം നടത്തേണ്ടതുണ്ടെങ്കിൽ ഞാൻ മനസ്സിലാക്കുന്നത് കെ. എഫ്. ആർ. ഐ.-യെ ഏല്പിച്ചാൽ അവർ നടത്തിയ ആദ്യത്തെ പഠനത്തിന്റെ അനുബന്ധമായി ഒരു പഠനം നടത്തണമെങ്കിൽ ഒരാഴ്ച മതി. ഞാൻ അവിടെയുള്ള സയന്റിസ്റ്റുകളുമായി ബന്ധപ്പെട്ടതുകൊണ്ടും അറിയുന്നതുകൊണ്ടുംകൂടി പറയുകയാണ്. ഒരാഴ്ച സമയം ഉണ്ടെങ്കിൽ ഇതിനെ സംബന്ധിച്ച് വളരെ ഡീറ്റെയിൽഡായിട്ടുള്ള, വളരെ ആധികാരികമായ പഠനം ഈ കോടതി വിധിയുടെ പശ്ചാത്തലത്തിൽ എങ്ങനെ അപകടങ്ങളുണ്ടാകും, ഏതൊക്കെ നമ്മുടെ വന സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന റിപ്പോർട്ട് ശേഖരിക്കാം. വളരെ ഇന്റർനാഷണലായ, അറിയപ്പെടുന്ന വളരെ പ്രശസ്തരായ വ്യക്തികൾ ഉൾക്കൊള്ളുന്ന സ്ഥിരം ഒരു സംവിധാനം കേരളത്തിൽ വേണം. നമുക്കിവിടെ സി. ഡബ്ല്യു. ആർ. ഡി. എം. ഉണ്ട്. കാർഷിക സർവ്വകലാശാല സയന്റിസ്റ്റുകളുണ്ട്. നമുക്ക് അതുപോലെ തന്നെ കെ. എഫ്. ആർ. ഐ. ഉണ്ട്. നമ്മുടെ സയന്റിസ്റ്റുകളെ കൊച്ചാക്കി കാണരുത്. കേരളത്തിലുള്ള സയന്റിസ്റ്റുകളെയും നമ്മൾ കൊച്ചാക്കി കാണരുത്. കേരളത്തിലെ സയന്റിസ്റ്റുകളുടേയും പാരിസ്ഥിതികമായ കാര്യങ്ങളിൽ നന്നായി പഠനം നടത്തിയിട്ടുള്ള വ്യക്തികളുടെയും അഭിപ്രായങ്ങളും ഉപദേശങ്ങളും ഈ കാര്യത്തിൽ സ്വീകരിക്കണം. നമുക്ക് കൃത്യമായി ഒരു വക്കീലിനെ ഏല്പിച്ച്, ഏതെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥനെ ഏല്പിച്ച് ആ ഉദ്യോഗസ്ഥന്റെ ചുമതലയിൽ അല്ലെങ്കിൽ ആ വക്കീലന്മാരുടെ ചുമതലയിൽ കാര്യങ്ങൾ നടന്നു പോകുന്ന സ്ഥിതിയുണ്ടാകരുത്. ഇത് നമുക്കൊരു മുന്നറിയിപ്പാണ്. ഒരു ജാഗ്രതയുണ്ടാകേണ്ട കാര്യമായതുകൊണ്ട് സ്ഥിരമായി കേരളത്തിലെ പുഴകളുടെ സംരക്ഷണം, ഡാമുകളുടെ സംരക്ഷണം, കേരളത്തിലെ പാരിസ്ഥിതികമായ പ്രശ്നങ്ങൾ, വനം സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഇത്തരം കാര്യങ്ങളിൽ കൃത്യമായി ശരിയായ വിവരങ്ങൾ തരാനും നമുക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാനും കഴിയുന്ന ഒരു വിദഗ്ദ്ധ കമ്മിറ്റി ഈ നിയമത്തിന്റെ ഭാഗമായിട്ടെങ്കിലും ഉണ്ടാകണം. ഡാം സേഫ്റ്റി കമ്മിറ്റിയെപ്പോലെ തന്നെ വിദഗ്ദ്ധ ഉപദേശം നൽകാൻ കഴിയുന്ന ഒരു സമിതികൂടി നിയമപരമായ അധികാരത്തോടുകൂടി ഉണ്ടാകേണ്ടത് നന്നായിരിക്കും എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് കേരളവും തമിഴ്നാടും തമ്മിൽ ഒരു തർക്കത്തിനും ഇടവയ്ക്കാതെ കേരളീയരുടെ പ്രശ്നങ്ങളും സംരക്ഷിക്കപ്പെടണം, തമിഴ്നാടിന്റെ പ്രശ്നങ്ങളും സംരക്ഷിക്കപ്പെടണം. ധാരാളം മലയാളികൾ തമിഴ്നാട്ടിൽ വർക്ക് ചെയ്യുന്നുണ്ട്. ധാരാളം തമിഴർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അങ്ങോട്ടും ഇങ്ങോട്ടുമുള്ള തർക്ക പ്രശ്നങ്ങളാക്കാതെ കേരളത്തിന്റെ യഥാർത്ഥത്തിലുള്ള അവകാശം സംരക്ഷിക്കാൻവേണ്ടി യിട്ടുള്ള രാഷ്ട്രീയവും നിയമപരവുമായിട്ടുള്ള തീരുമാനങ്ങൾ ഉറച്ച കാൽവയ്പ്പോടു കൂടി ഗവൺമെന്റെടുക്കണം. അതിന് ഈ നിയമത്തിലുള്ള പോരായ്മകൾ പരിഹരിച്ച് കൂറ്റമറ്റ ഒരു നിയമത്തിലൂടെ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നമുക്ക് ഒന്നിച്ച് മുന്നോട്ട് പോകാം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ടി. പി. എം. സാഹിർ</u> : സർ, ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ സംസാരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വളരെ ലാഘവത്തോടുകൂടി എടുത്ത ഒരു വിധിയുടെ പശ്ചാത്തലത്തിലാണ് നാം ഇന്ന് ഇവിടെ സമ്മേളിച്ചിരിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ, സാങ്കേതിക പരിജ്ഞാനം വളരെയൊന്നും പുരോഗമിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ വളരെ പ്രിമിറ്റീവ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ച ഒരു ഡാം, അത് കേരളത്തിന്റെ അതിർത്തി യിൽപ്പെട്ടതാണെങ്കിലും 1895-ൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ള സ്ഥലത്ത് തിരുവിതാംകൂർ മഹാരാജാവ് ഭരിച്ചിരുന്ന കാലത്ത് നിർമ്മിച്ച ഈ ഡാം 152 അടി ഉയരത്തിൽ വെള്ളം സ്റ്റോർ ചെയ്ത് വിതരണത്തിന് നൽകാനുള്ള ഡിസൈനിൽ നിർമ്മിച്ചതാണ്. പക്ഷേ 1976-ൽ അതിൽ ഒരു ക്രാക്ക് ഡെവലപ് ചെയ്തപ്പോൾ കേരള

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

ഗവൺമെന്റ് ഇടപെടുകയും സെൻട്രൽ വാട്ടർ കമ്മീഷൻ പരിശോധിച്ച് ഡാമിന്റെ ജല നിരപ്പ് 136 അടിയിൽ നിർത്തണമെന്ന് നിർദ്ദേശിച്ചതുമാണ്. അതൊന്നും കാണാതെ അതൊന്നും എവിടെയും അവതരിപ്പിക്കാതെ സുപ്രീം കോടതിയിൽ നിന്നും 136 അടി എന്നുള്ളത് 142 അടിയാക്കിക്കൊണ്ട് തമിഴ്നാടിന്റെ ആവശ്യം പരിഗണിച്ചുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിധിയാണ് വന്നിരിക്കുന്നത്. ഏതായാലും നമ്മുടെ ഗവൺമെന്റ് കാലത്തിന് അനുസരിച്ച്, കാലഘട്ടത്തിൽ ചെയ്യേണ്ട ജോലി ചെയ്ത് സഭ വീണ്ടും സമ്മേളിച്ച് നമുക്ക് ഒരു കമ്മീഷനെ നിയമിക്കുവാൻ, ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബില്ലിലൂടെ നമ്മുടെ കേരളത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് ഈ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുവാൻ നമുക്ക് അധികാരമുണ്ട്. ഇത് ഒരു അന്തർ സംസ്ഥാന നദീജല കരാറിന്റെ പ്രശ്നമല്ല. ഒരു നാടിന്റെ നിലനില്പിന് ആധാരമാകുന്ന Seas big zone-ൽ പെടുന്ന ഈ സ്ഥലത്ത് ഡാമിന്റെ സേഫ്റ്റി തന്നെ ചോദ്യം ചെയ്യപ്പെട്ടു. ആ സമയത്താണ് ഇത് ഉയർത്തുവാനുള്ള ഒരു ഉത്തരവ് സുപ്രീം കോടതി പ്രഖ്യാപിക്കുന്നതുതന്നെ. അത് ജനങ്ങളിൽ വളരെയധികം പരിഭ്രാന്തിയുണ്ടാക്കിയിട്ടുണ്ട്. തേക്കടി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന് ഭീഷണിയുണ്ട്. അടുത്ത ഭാവിയിൽ ഡാമിന് വല്ലതും പറ്റുകയാണെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഏകദേശം രണ്ടായിരം ഏക്കർ വരുന്ന നമ്മുടെ കൃഷിത്തോട്ടം ഏരിയായിലുള്ള എല്ലാ വസ്തുക്കളും നശിച്ചുപോകുന്നതുമാണ്. അതുകൊണ്ടുതന്നെ നമുക്ക് ഇന്ന് ഇത് എതിർത്തേ പറ്റുകയുള്ളൂ. അതിനായി എല്ലാ കക്ഷികളും യോജിച്ചുകൊണ്ട് ഇന്ന് ഇവിടെ സഭയിൽ അവതരിപ്പിച്ച ഈ ബിൽ പാസ്സാക്കണമെന്നു തന്നെയാണ് എനിക്കു പറയാനുള്ളത്. പൂർണ്ണമായും സാധാരണ കോൺക്രീറ്റ് ഡാമുകളിൽ ഉണ്ടാകുന്ന ലീക്കേജ്, ഇൻസ്പെക്ഷൻ ഗ്യാലറി ഇല്ലാത്ത ഒരു കൺസ്ട്രക്ഷൻ ആയതുകൊണ്ട് ഈ ഡാമിന്റെ ഉൾഭാഗത്ത് എന്തുപറ്റിയെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധ്യമല്ല. അതുകൂടാതെ സെൻട്രൽ വാട്ടർ കമ്മീഷൻ 152 അടിയിൽനിന്നും 136 അടിയാക്കുവാൻ ഒരു കാരണമുണ്ടായിരുന്നു. അത് ഡാം സേഫ് അല്ല എന്നുള്ളതുകൊണ്ടു തന്നെയാണ്. ഡാം സേഫ് അല്ലായെന്ന് 1978-ലുള്ള ഒരു തീരുമാനം 2006-ൽ മാറ്റിയെടുക്കുവാൻ എന്താണ് കാരണം? അത് വീണ്ടും പുതുക്കി പണിതോ? ഇല്ല. ഒരു റിപ്പെയർ നടത്തിയോ? ചെറിയ റിപ്പെയർ അല്ലല്ലോ; ഡാമിന്റെ റിപ്പെയറിന് പത്ത്, ഇരുപതുകോടി രൂപ ചെലവാക്കിയാലും മതിയാകുകയില്ല. അങ്ങനെയുള്ള റിപ്പെയറൊന്നും ഇവിടെ നടത്തിയിട്ടുമില്ല. ഇത് കാണിക്കുന്നത് എന്താണ്? കർത്തവ്യനിർവ്വഹണത്തിൽ സുപ്രീം കോടതിയിൽ ഒരു വീഴ്ച പറ്റിയിട്ടുണ്ട്. അത് മറികടക്കുവാൻ നമുക്ക് ഈ ബില്ലിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അത് ഇവിടെ ഇന്ന് നിർവ്വഹിക്കുന്നത് ജനങ്ങളുടെ ഭീതി അകറ്റുവാനും നാടിന്റെ രക്ഷയ്ക്കും ആവശ്യം തന്നെയാണ്. ഈ ബിൽ സർക്കുലേറ്റ് ചെയ്യുകയും ഇത് വളരെ പെട്ടെന്നുതന്നെ നിയമമാക്കാനുള്ള ഏർപ്പാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായതിൽ സർവ്വവിധ പിന്തുണയും പറഞ്ഞുകൊണ്ട് ഞാൻ വിരമിക്കുന്നു. നമസ്കാരം.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാടിനോട് മുല്ലപ്പെരിയാറിലെ ജലവിതരണത്തിന്റെ കാര്യത്തിൽ വളരെ അനുകൂലമായ നിലപാടാണ് നമ്മൾ സ്വീകരിച്ചത്. 1970-ൽ കരാർ പുതുക്കുന്ന അവസരത്തിൽ മറ്റ് സംസ്ഥാനങ്ങൾ അടുത്തുള്ള സംസ്ഥാനത്തിന് വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന അവസരത്തിൽ വസൂലാക്കുന്ന രൂപത്തിലുള്ള പണമോ അതുപോലെയുള്ള മറ്റ് നിയന്ത്രണങ്ങളോ കേരളം മുന്നോട്ടു വച്ചില്ല. ഇടുക്കി ഡാമിലൊക്കെ വെള്ളം വളരെ കുറഞ്ഞു. ചുരുങ്ങിയ വിലയ്ക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് കുറഞ്ഞു വന്നപ്പോൾ ഇടുക്കി ഡാമിലേക്ക് വെള്ളം വരാൻ മുല്ലപ്പെരിയാർ ഡാമിലെ വെള്ളം എങ്ങനെ ലഭിക്കുമെന്നതിനെ സംബന്ധിച്ച് നമ്മൾ ആലോചിച്ചു. അവിടെ നിന്നും വെള്ളം വന്നിരുന്നുവെങ്കിൽ ഭൂഗർഭജലം വളരെ കുറഞ്ഞു വരുന്ന ഈ പശ്ചാത്തലത്തിൽ കേരളത്തിന് ഭൂഗർഭ ജലം കൂടുതൽ ലഭിക്കുവാനുള്ള സാധ്യതകളും ഉണ്ടായിരുന്നു. പക്ഷേ ഇതൊന്നും മുല്ലപ്പെരിയാറിലെ ജലത്തെ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് കേരളം ഒരിക്കലും ശ്രമിച്ചിട്ടില്ല. ഇപ്പോൾ ഇന്ത്യയിൽ ഉടനീളം പല ഡാമുകളുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ വലിയ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ സർദാർ സരോവർ പ്രോജക്ട് മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സ്റ്റേറ്റുകളിലെ വലിയ ഒരു പ്രദേശത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. പക്ഷേ അവിടുത്തെ ആദിവാസികളുടെ വീടുകൾ നഷ്ടപ്പെടുമെന്നും ഭൂമി നഷ്ടപ്പെടുമെന്നും പാവപ്പെട്ട ആളുകൾ താമസിക്കുന്ന സ്ഥലം വെള്ളത്തിനടിയിലാകുമെന്നുമുള്ളതിന്റെ പേരിൽ അവിടെ നടന്നു വരുന്ന പ്രക്ഷോഭത്തിന്റെ ഫലമായി വലിയ പദ്ധതിയായ സർദാർ സരോവർ പ്രോജക്ട് ഇപ്പോഴും ആരംഭിക്കാതെ കിടക്കുകയാണ്. അതുപോലെ മധ്യപ്രദേശിലെ അതിവാഡ പ്രോജക്ട്, ചെറിയ ഒരു പ്രോജക്ടാണ്, മൈനർ ഇറിഗേഷൻ. പക്ഷേ അവിടേയും ആദിവാസികൾക്ക് അവരുടെ ഭൂമി നഷ്ടപ്പെട്ടു പോകുന്നുവെന്നതിന്റെ പേരിൽ വളരെക്കാലമായി ആ പ്രോജക്ട് നടപ്പിലാക്കുവാനും സാധിക്കുന്നില്ല. ആന്ധ്രയിലെ പോലാവാരം പ്രോജക്ട്. അവിടേയും പ്രശ്നം ഇതാണ്. ആദിവാസികളുടെ ഭൂമി നഷ്ടപ്പെടുക, അതിനുപകരമായി ഭൂമി കൊടുത്ത് അവരെ സംരക്ഷിക്കുവാൻ സാധിക്കാത്ത പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഇന്ന് ഈ ഡാമുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്ത ഒരു അവസ്ഥയുണ്ട്. കേരളത്തിൽ മുല്ലപ്പെരിയാർ ഡാമിനെപ്പോലെ ഈ പ്രശ്നത്തിന് സമാനമായ ഒരു പ്രശ്നം ഇന്ത്യാ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തുമില്ല. ഇവിടെ കേരളം തമിഴ്നാടിനു വെള്ളം കൊടുക്കാതിരിക്കുന്നതല്ല പ്രശ്നം; മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ. മുല്ലപ്പെരിയാർ ഡാമിന് അപകടം പറ്റിയാൽ അതുകൊണ്ട് കേരളത്തിനുണ്ടാകുന്ന ഭവിഷ്യത്തുകൾ ഇതുപോലൊരു പ്രശ്നം ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഒരു ഡാമിനെ സംബന്ധിച്ചും പറയാനില്ല. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ മുല്ലപ്പെരിയാർ ഡാം ഉണ്ടാക്കിയിരിക്കുന്നതുപോലെ സുർക്കിയും മറ്റും കൊണ്ടുണ്ടാക്കിയ ഡാം ഇന്തോനേഷ്യയിൽ ഉണ്ടായിരുന്നത് തകർന്നു. ഇനി ഈ ഡാം മാത്രമാണുള്ളത്. ആ ഡാമിൽ പലപ്പോഴായി പല കമ്മിറ്റികളുടേയും അംഗങ്ങളായി സന്ദർശിച്ച ഇവിടുത്തെ അംഗങ്ങളായ പലർക്കും ആ ഡാമിന്റെ പല ഭാഗത്തും ചോർച്ചയുണ്ടെന്നു കാണാൻ കഴിഞ്ഞു. കുറച്ചു വർഷങ്ങൾക്കു മുമ്പ്, 1979 കാലത്ത് 136 അടിയിൽ നിലനിർത്താമെന്നു പറഞ്ഞത് ഈ ചോർച്ചയുടെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

136 അടിയിൽനിന്ന് താഴോട്ടു വരേണ്ടതാണെന്നാണ് കേരളം ആവശ്യപ്പെട്ടത്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ 136 അടിക്ക് മുകളിലെത്തി സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജലനിരപ്പ് ഉയർത്തിയാൽ മറ്റ് സംസ്ഥാനങ്ങൾക്ക് വെള്ളം കൊടുക്കുന്ന പ്രശ്നമല്ല, പാർലമെന്റിൽ കേരളത്തിലെ എം. പി. മാർ പറഞ്ഞതു പോലെ ഇത് കേരളത്തിലെ ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്. അങ്ങനെയുള്ള ഒരു പ്രശ്നം കൈകാര്യം ചെയ്യുന്ന അവസരത്തിൽ പ്രധാനമന്ത്രിയുടെ മുമ്പാകെ ഈ കാര്യം ഉന്നയിക്കാമെന്ന് കേന്ദ്രത്തിലെ ഉത്തരവാദപ്പെട്ട ഒരു മന്ത്രി പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തിരമായ നടപടികൾ വരേണ്ടതല്ലേ? പഞ്ചാബും ഹരിയാനയും തമ്മിലൊക്കെ അവിടെയുള്ള വെള്ളം സംബന്ധിച്ചുള്ള കേസ്സുകൾ നടക്കുന്നു. സുപ്രീം കോടതിയുടെ വിധി വന്നു, ഹൈക്കോടതികളുടെ വിധി വന്നു. പല വിധികളും വന്നു. പക്ഷേ അവിടെ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. കാരണം ഇത് ആ രണ്ടു സംസ്ഥാനങ്ങളിലേയും കൃഷിക്കാരുടെ ജീവനെ ബാധിക്കുന്ന, കൃഷിക്കാരുടെ നിലനില്പിനെ ബാധിക്കുന്ന ഗൗരവമായ പ്രശ്നമാണ്. കേരളത്തിൽ പരിശോധിക്കുവാനുള്ള ഒരു പ്രശ്നം 136 അടിയായശേഷം അതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിനെക്കൊണ്ട് അടയാളപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ടോ? 136 അടിയിൽ ഇപ്പോൾ വെള്ളം നില്ക്കുന്ന അവസരത്തിൽ വനപ്രദേശം അടയാളപ്പെടുത്തിയിട്ട് ഒരിഞ്ച് വെള്ളം മുകളിലേക്കു വന്നാൽ, ഒരു അടി വെള്ളം മുകളിലേക്കു വന്നാൽ എത്ര ഏക്കർ നഷ്ടപ്പെടുമെന്നുള്ളത് സംബന്ധിച്ചുള്ള വസ്തുത വനംവകുപ്പ് ബോധ്യപ്പെടുത്തിയിട്ടുണ്ടോ? സുപ്രീം കോടതിയുടെ വിധിയിൽ ഒരു തകരാറുമില്ല. കഴിഞ്ഞ മഴക്കാലത്ത് ഇടുക്കി ഡാമിലും മറ്റു ഡാമുകളിലുമൊക്കെ വെള്ളം കുറേശ്ശെ പൊന്തി വന്നപ്പോൾ പത്രങ്ങളിൽ ഒരു കോലാഹലമാണ് ഉണ്ടായത്. "നാളെ ഡാമിന്റെ ഷട്ടറുകൾ തുറന്നു വിടും, വെള്ളം പുറത്തേക്ക് ഒഴുക്കി വിടാൻ പോകുന്നു" അതിനെ സംബന്ധിച്ചുള്ള വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. അങ്ങനത്തെ ഒരു ഘട്ടത്തിൽ അങ്ങേയറ്റം അപകടകരമായ ഒരു സ്ഥിതിയാണ്. ഈ ഡാമിന് എന്തെങ്കിലും സംഭവിച്ചാലും നല്ല മഴയുണ്ടായാൽ വരുന്ന വെള്ളം താങ്ങാൻ ഇടുക്കി ഡാമും മറ്റും ഉണ്ടെന്ന് സുപ്രീംകോടതി പറഞ്ഞാൽ അത് കേരളത്തിലെ മുപ്പത് ലക്ഷം ആളുകളുടെ ജീവനുമായി താരതമ്യപ്പെടുത്തിയാൽ കേന്ദ്രഗവൺമെന്റ് ഇതു സംബന്ധിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതല്ലേ? അപ്പോൾ 136 അടിയിൽ നിന്ന് മുകളിലേക്ക് പോകാൻ സാധിക്കില്ല എന്നുമാത്രമല്ല, ഓരോ വർഷവും ബലക്ഷയം വന്നുകൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ ഡാമിന്റെ വസ്തുതകൾ പരിശോധിച്ചാൽ ഒരു കാരണവശാലും നമുക്ക് 136 അടിയിൽ നിറുത്താനും സാധിക്കുകയില്ല. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന് ബദലായി എന്ത് നടപടി സ്വീകരിക്കണമെന്ന് ആലോചിക്കണം. വനം നഷ്ടപ്പെട്ടാൽ എന്തു സംഭവിക്കുമെന്നുള്ളതിനെ സംബന്ധിച്ചുള്ള വസ്തുതകൾ വ്യക്തമായി ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ? കേന്ദ്ര വന നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, സാർവ്വദേശീയ വന നിയമത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്യമൃഗസംരക്ഷണ മേഖലയിൽ ഒരു കാരണവശാലും വന്യമൃഗങ്ങൾക്ക് അപകടം ഉണ്ടാകുന്ന വിധത്തിലുള്ള ഒരു നടപടിയും സ്വീകരിക്കാൻ പറ്റില്ല എന്നുള്ള നിയമം ഇൻഡ്യാ ഗവൺമെന്റും വനം വകുപ്പും സുപ്രീം കോടതിയുമെല്ലാം അംഗീകരിച്ച പാശ്ചാത്തലത്തിൽ വന്യമൃഗ സംരക്ഷണത്തിന് തകരാറ് പറ്റുന്ന നടപടികൾ വന്നാൽ അതിന്റെ അപകടം എന്തായിരിക്കും? എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. ഇന്ന് നമ്മൾ ഇവിടെ ഈ ബിൽ അവതരിപ്പിച്ചു. 2003-ൽ ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്ന കാലത്ത് ഇവിടെ അവതരിപ്പിച്ച ബിൽ ഗവൺമെന്റ് നടപ്പിലാക്കിയിരുന്നെങ്കിൽ സുപ്രീംകോടതിക്ക് ഇതുപോലുള്ള ഒരു നടപടി സ്വീകരിക്കാൻ സാധിക്കുമായിരുന്നോ എന്ന് സംശയമാണ്. ഏതായാലും അതിന്റെ ഗൗരവാവസ്ഥ വന്ന ശേഷം ക്യാബിനറ്റ് ചേർന്ന് പുതിയ ബിൽ അവതരിപ്പിച്ചു. ആ ബിൽ അവതരിപ്പിച്ച ശേഷം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വന്ന് അതിലെ ഒരു വകുപ്പ് എടുത്തുമാറ്റുന്നു. ഇത്രയും ഗൗരവമായ ഒരു പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ച് ഒരു തീരുമാനമെടുത്തശേഷം ഈ വകുപ്പ് എടുത്തുമാറ്റുന്ന രൂപത്തിൽ എക്സ്പർട്ട് എന്നുപറയുന്നവരെ ചേർക്കാൻ നിർബന്ധിതരായ സാഹചര്യം എന്തായിരുന്നു? എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമ്മൾ ഈ നിയമം പാസ്സാക്കുന്നതോടൊപ്പം പാർലമെന്റിലെ ഇരുസഭകളിലുമായി കേരളത്തിലെ എം. പി. മാർ പ്രകടിപ്പിച്ച വികാരത്തോടൊപ്പം ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇൻഡ്യയിലെ ഒരു സംസ്ഥാനവുമായി ബന്ധപ്പെട്ട പ്രശ്നമല്ല ഇത് എന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം. കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിന് അപകടം വന്നാൽ, എന്തെങ്കിലും തകരാറ് സംഭവിച്ചാൽ ഒരു സമിതിക്കും ഒരു കോടതിക്കും അവരെ സംരക്ഷിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കിക്കൊണ്ട് ബില്ലിന്റെ ചർച്ചാവേളയിലാണെങ്കിലും സംസ്ഥാനഗവൺമെന്റും മന്ത്രിമാരും കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അടിയന്തിരമായ നടപടികൾ എടുപ്പിക്കുന്നതിന് സന്നദ്ധരാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നിനച്ചിരിക്കാത്ത ഒരു സമയത്ത് തങ്ങളുടെ ഉറ്റവരും ഉടയവരും വെള്ളത്തിൽ അകപ്പെട്ട് മരണം എന്ന അവസ്ഥയിലേക്ക് നീങ്ങുമോ എന്നുള്ള ആശങ്കയിലാണ് കേരളത്തിലെ അഞ്ച് ജില്ലകളിൽപ്പെട്ട ഉദ്ദേശം 40 ലക്ഷത്തോളം വരുന്ന ജനങ്ങൾ. സാധാരണ ഒരു ഡാമിന് കൽപ്പിച്ച് നൽകിയിട്ടുള്ള കാലാവധിയുടെ ഇരട്ടിയേക്കാൾ കൂടുതൽ കാലാവധി പൂർത്തീകരിച്ചിട്ടുള്ള ഒരു ഡാമാണ് മുല്ലപ്പെരിയാർ ഡാം. മുല്ലപ്പെരിയാർ ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുക എന്നുള്ളതിന് ഉത്തേജക മരുന്ന് നൽകി അതിനെ മുന്നോട്ട് കൊണ്ടുപോകുക എന്ന ഒരു സമീപനമാണ് തമിഴ്നാട് സർക്കാർ അവലംബിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 136 അടിയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

142 അടിയായി ജലനിരപ്പ് വർദ്ധിപ്പിക്കുകയും പിന്നീട് 152 അടിയോളം എത്തിക്കുകയും ചെയ്യുക എന്നുള്ളതാണ് തമിഴ്നാട് സർക്കാരിന്റെ നിക്കമെന്ന് നമുക്കറിയാം. 1886-ൽ തിരുവിതാംകൂർ മഹാരാജാവും ബ്രിട്ടീഷ് ഭരണാധികാരിയും തമ്മിൽ ഒപ്പിട്ട ഒരു കരാർ വ്യവസ്ഥയാണ് ഈ ഡാം നിർമ്മാണത്തിന്റെ ആദ്യപടി എന്ന് നമുക്കറിയാം. ആ കരാർ അനുസരിച്ച് പെരിയാറും മുല്ലപ്പെരിയാറും ഉൾക്കൊള്ളുന്ന 8000 ഏക്കർ ഭൂമി 999 വർഷത്തേക്കാണ് ജലസേചനത്തിനായി വിട്ടുകൊടുത്തിട്ടുള്ളത്. ഏതാണ്ട് പത്ത് വർഷംകൊണ്ട് അതായത്, 1895-96 കാലഘട്ടത്തിലാണ് അണക്കെട്ടിന്റെ നിർമ്മാണം പൂർത്തിയായത്. ഡാമിന് രൂപം നൽകിയ അതിന്റെ ശിൽപ്പികൾ നിശ്ചയിച്ചിരുന്ന കാലാവധി അമ്പത് വർഷക്കാലമാണ്. അതനുസരിച്ച് അമ്പത് വർഷത്തിനുശേഷം ഡാം പുനർനിർമ്മിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യേണ്ടതാണ്. അതുണ്ടായില്ല. 1970-ൽ കേരളത്തിലെ ജനകീയ സർക്കാരിന് ഈ കരാർ പുനഃപരിശോധിക്കാൻ അവസരമുണ്ടായിരുന്നു. പക്ഷേ അത് നമ്മൾ ഫലപ്രദമായി വിനിയോഗിച്ചില്ല. ഡാമിന്റെ പഴക്കം കേരളത്തിലെ ജനങ്ങൾക്ക് വൻ ഭീഷണി ഉയർത്തിയിരിക്കുന്നുവെന്ന് മനസ്സിലായപ്പോൾ ഇരു സർക്കാരുകളും ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ഡാമിന്റെ ജലനിരപ്പ് 136 അടിയായി നിലനിറുത്താൻ സമ്മതിക്കുകയും ചെയ്തു. പിന്നീട് ഒരു വിദഗ്ദ്ധ സമിതിയുടെ മറവിലും മറ്റു ചില ഉദ്യോഗസ്ഥന്മാരുടെയൊക്കെ സഹായത്തോടുകൂടിയും ഇത് അട്ടിമറിക്കപ്പെടുകയാണുണ്ടായത്. 100 വർഷം പഴക്കമുള്ള അണക്കെട്ടുകൾ കേരളത്തിലെന്നല്ല ലോകത്തെങ്ങും ഇല്ല എന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയാണ്. ഈ നിലയിൽ ഡാമിനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല എന്നുള്ള യാഥാർത്ഥ്യം അവശേഷിക്കുന്നു. മാത്രവുമല്ല, ഭൗമശാസ്ത്രപരമായ പഠനങ്ങൾ നടത്തിയാൽ ഡാം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഭൂകമ്പസാദ്ധ്യതയുള്ള സ്ഥലങ്ങളായിട്ട് മനസ്സിലാക്കാൻ കഴിയുമെന്ന് വിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഡാം പണിത സന്ദർഭത്തിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് വിദഗ്ദ്ധമായ ഭൂകമ്പ പരിശോധന നടത്താനോ ഭൗമശാസ്ത്ര പഠനം നടത്താനോ നമുക്ക് കഴിഞ്ഞില്ല. അതുമാത്രമല്ല അന്നത്തെ കാലഘട്ടത്തിൽ റിക്ടർ സ്കെയിലിൽ നാല് എന്നുമാത്രം രേഖപ്പെടുത്തിയിരുന്ന ഭൂചലന സാദ്ധ്യതകൾ മാത്രമാണുണ്ടായിരുന്നത്. കഴിഞ്ഞ കുറെ നാളുകളായി ലോകത്ത് നടത്തിയിട്ടുള്ള വിവിധ പരിശോധനകൾ പ്രത്യേകിച്ച് ഉപഗ്രഹ ചിത്ര അപഗ്രഥനത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പല പ്രദേശങ്ങളിലും ആറ് എന്ന നിലയിൽ റിക്ടർ സ്കെയിലിൽ ഭൂകമ്പ സാദ്ധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. അതുമാത്രമല്ല, കേരളത്തിൽ നിരവധി സ്ഥലങ്ങളിൽ വിള്ളലുകൾ ഉണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇപ്രകാരം കേരളത്തിൽ രണ്ട് പ്രധാന വിള്ളലുകളാണുള്ളത്. ഒന്ന് വടക്ക് ഭാഗത്തുള്ള വടക്ക്-പടിഞ്ഞാറൻ ദിശയിലുള്ള ഇടമലയാർ വിള്ളലും തെക്ക്, കിഴക്ക്-വടക്ക്-പടിഞ്ഞാറൻ ദിശയിലുള്ള പെരിയാർ വിള്ളലുമാണ്. ഈ രണ്ട് വിള്ളലുകളും കൂടി ചേരുന്ന പ്രദേശമാണ് നേര്യമംഗലം. നേര്യമംഗലത്ത് നിന്ന് ഒരുപാട് അകലെയല്ല മുല്ലപ്പെരിയാർ സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ നിർജ്ജീവാവസ്ഥയിലുള്ള രണ്ട് വിള്ളലുകളും ഭാവിയിൽ ഏത് സമയത്തും സജീവമാകാവുന്നതാണ്. അങ്ങനെ സജീവമായാൽ ഭൂകമ്പം തീർച്ചയായും വരികയും റിക്ടർ സ്കെയിലിൽ ആറ് എത്തിയാൽ പെരിയാർ ഡാമിന്റെ പതനം

LIBRARY ARCHIVES Kerala Legislative Assembly

അനിവാര്യമായിത്തീരുകയും ചെയ്യും. ഇത് വിദഗ്ദ്ധമായ പരിശോധനയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഇങ്ങനെയൊരു അവസ്ഥ വന്നാൽ മുല്ലപ്പെരിയാർ ഡാം തകരുമെന്നുള്ള കാര്യത്തിൽ ഒരു സംശയമില്ല ഡാം തകർന്നാൽ പെരിയാർ ഡാമിൽ സ്ഥാപിച്ചിട്ടുള്ള പതിനൊന്നോളം ഡാമുകളിൽ അതിന്റെ പ്രത്യാഘാതങ്ങളുണ്ടാകും. മാത്രമല്ല, എറണാകുളം, പത്തനംതിട്ട, കോട്ടയം, തൃശൂർ, ഇടുക്കി ജില്ലകളിൽ അതിന്റെ പ്രത്യാഘാതമുണ്ടാകാൻ സാദ്ധ്യതയുണ്ട്. പെരിയാർ ടൈഗർ റിസർവോയറിലെ ജൈവ വൈവിദ്ധ്യം നശിക്കുന്നതിന് ഇടയാവും. തേക്കടിയിലെ ടൂറിസം സാദ്ധ്യതകളും അട്ടിമറിക്കപ്പെടും. കൂടാതെ ജലനിരപ്പ് 142 അടിയായി ഉയർത്തിയാൽ തേക്കടി തടാകത്തിന്റെ തീരഭൂമിയും തുരുത്തുകളും ഉൾപ്പെടെ 1500 ഏക്കർ വനഭൂമി കേരളത്തിന് എന്നെന്നേക്കുമായി നഷ്ടപ്പെടും. പുൽമേടുകൾ ജലത്തിനടിയിൽ ആകുമ്പോൾ വന്യജീവികളുടെ നിലനിൽപ്പു തന്നെ അപകടത്തിലാകും. കുമിളി നഗരത്തിലെ ഏഴ് ജനവാസകേന്ദ്രങ്ങൾ

11 A.M.] വെള്ളത്തിനടിയിൽ ആകും. മുല്ലപ്പെരിയാർ സന്ദർശിച്ച വിദഗ്ദ്ധ സമിതിയെ സ്വാധീനിക്കുകയാണ് സത്യത്തിൽ തമിഴ്നാട് സർക്കാർ ചെയ്തത്. അത് നമ്മുടെ പല ഉന്നത ഉദ്യോഗസ്ഥരേയും നിശബ്ദരാക്കി. പഴഞ്ചൻ വാദങ്ങൾ ഉന്നയിച്ചുകൊണ്ട് നമ്മുടെ അഭിഭാഷക സുഹൃത്തുക്കൾ ശരിയായ കാര്യങ്ങൾ കോടതിയിൽ പറയാത്ത സാഹചര്യങ്ങൾ ഉണ്ടായി. അങ്ങനെയുള്ള സാഹചര്യങ്ങളാണ് ഈ നിലയിൽ കൊണ്ടെത്തിച്ചത്. നമ്മൾ തമിഴ്നാട് സർക്കാരിന് എതിരല്ല. തമിഴ്നാട്ടിലെ ജനങ്ങൾ നമ്മുടെ സഹോദരി സഹോദരൻമാരാണ്. തമിഴ്നാട് സംസ്ഥാനത്തിലെ ഏഴ് ജില്ലകളിലെ ആളുകളുടെ കൃഷിക്ക് വേണ്ടിയുള്ള ജലസേചന മാർഗ്ഗം തന്നെ മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് അവിടെ നിന്ന് വരുന്ന വെള്ളമാണ്. അവിടെനിന്ന് കൊണ്ടുവരുന്ന പച്ചക്കറികളാണ് നമ്മുടെ നാട്ടിലെ ജനങ്ങൾ ഉപയോഗിക്കുന്നത്. അതുകൊണ്ട് നമ്മൾ ആരും അവർക്ക് എതിരല്ല. ആ നിലയിൽ തമിഴ്നാട്ടിലെ ജനങ്ങൾക്ക് എതിരായി പറയാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഗുരുതരമായിട്ടുള്ള ഈ വിഷയം പരിഹരിക്കുന്നതിനും ജനങ്ങളുടേയും അവരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യത്തിൽ ഇതിനെക്കുറിച്ച് ഉയർന്നു ചിന്തിക്കാൻ തമിഴ്നാട് സർക്കാർ തയ്യാറാകണമെന്നാണ് പറയാനുള്ളത്. എനിക്ക് പുതിയ ഒരു നിർദ്ദേശം എന്ന നിലയിൽ മുന്നോട്ട് വയ്ക്കാനുള്ളത് ഡാമിന്റെ ഉയരം താഴ്ത്തുകയോ ഉയർത്തുകയോ ചെയ്യാൻ പോകാതെ ഈ പ്രദേശത്ത് പുതിയൊരു ഡാം നിർമ്മിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകണം. ആ ഡാം നിർമ്മിക്കുന്നതിനുള്ള പണം തമിഴ്നാട് സർക്കാർ നമുക്ക് തരുന്നതിന് തയ്യാറാകുക. അങ്ങനെ തയ്യാറായാൽ പുതിയ ഡാം നിർമ്മിക്കാൻ കഴിയുന്ന സന്ദർഭത്തിൽ പഴയ ഡാം നീക്കം ചെയ്യുന്ന സാഹചര്യം ഉണ്ടാക്കുക. അങ്ങനെ ഒരു പുതിയ നിർദ്ദേശം വച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകണം. അങ്ങനെ മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ ഇന്ന് നമുക്ക് ആധുനികമായി മെച്ചപ്പെടുത്താവുന്ന ഭൗമ ശാസ്ത്ര പഠനം ശരിയായ നിലയിൽ വിനിയോഗിച്ചുകൊണ്ട് ഭൂകമ്പ സാധ്യതകൾ ഉണ്ടോയെന്നൊക്കെ പഠിച്ച് ഇതു സംബന്ധിച്ച് മനസ്സിലാക്കുന്നതിന് ഡിസാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റ് ഉൾപ്പടെയുള്ള കാര്യങ്ങൾ രൂപപ്പെടുത്തി അങ്ങനെ ഒരു നീക്കം നടത്തണം എന്നുള്ളതാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. ഈ സാഹചര്യത്തിൽ ഈ ഗുരുതരമായ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഇങ്ങനെ സഭ വിളിച്ചുകൂട്ടാനും ചർച്ച ചെയ്യാനും നിയമം അവതരിപ്പിക്കാനും തയ്യാറായ ഗവൺമെന്റിനെ അനുമോദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുകയാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് നിലവിലുള്ള 136 അടിയിൽ നിന്ന് ഉയർത്തിയാൽ കേരളത്തിന്റെ പകുതി ജില്ലകളിലെ ജനജീവിതം അപകടത്തിലാകും. 111 വർഷം പഴക്കമുള്ളതും ചുണ്ണാമ്പും സുർക്കിയും ഉപയോഗിച്ച് പണിതതുമായ ഈ ഡാമിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല കാരണം രോഗം വന്നതിനുശേഷമുള്ള ഒരു ചികിൽസയാണ് ഉദ്ദേശിക്കുന്നത്. രോഗം വരാതിരിക്കാൻ മുൻകരുതലുകൾ വാസ്തവത്തിൽ ഈ ഗവൺമെന്റ് നടത്തിയില്ല. കാരണം- ഈ ബില്ലിൽ ഡാം സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിനകത്തുള്ള പ്രദേശത്ത് സ്ഥിതിചെയ്യുന്ന അണക്കെട്ടുകളുടെ കാവൽ, പരിശോധന, പരിപാലനത്തിനുള്ള ഉപദേശം എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു എന്ന് 2003-ൽ ശ്രീ. ടി. എം. ജേക്കബ് ഈ സഭയിൽ അവതരിപ്പിച്ച് പാസാക്കിയ ബില്ലിൽ ഉള്ളതാണ്. പക്ഷെ അത് നടപ്പാക്കാൻ സംസ്ഥാന സർക്കാർ എടുത്ത സമയം 2006 ഫെബ്രുവരി 18 ആണ്. ഒരു വിജ്ഞാപനത്തിലൂടെ കേരള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുകയുണ്ടായി. ഈ വീഴ്ച ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായതു കൊണ്ടാണ് രോഗം വന്നതിനുശേഷമുള്ള ചികിൽസ ആണ് ഈ ബില്ലിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നതെന്ന് നേരത്തെ പറഞ്ഞത്. രോഗം വരാതിരിക്കാൻ വേണ്ടി, 2003-ൽ ബിൽ പാസാക്കിയിട്ട് യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഒരു പ്രതിസന്ധി നമുക്കുണ്ടായത്. കേരളത്തിലേയും തമിഴ്നാട്ടിലേയും ജനങ്ങൾ സഹോദരങ്ങളെപ്പോലെ ജീവിക്കുന്നവരാണ്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങൾ തമ്മിലോ ജനങ്ങൾ തമ്മിലോ ഉള്ള ഒരു അഭിപ്രായ ഭിന്നത ഇക്കാര്യത്തിൽ ഇല്ല. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ നിലനിൽപ്പാണ് പ്രധാനമായിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ 5 ജില്ലകളും അനുബന്ധ ജില്ലകളായ 2 ജില്ലകളും ഉൾപ്പെട്ട ഏഴ് ജില്ലകളിലെ ജനജീവിതം ദുസ്സഹമാകുന്ന ഒരു സാഹചര്യത്തിൽനിന്നും മോചനം ലഭിക്കുക എന്നതാണ് യഥാർഥത്തിൽ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ മാനിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ ഈ ദേഗതി ബില്ലിനെ അനുകൂലിക്കുകയാണ്. രാജഭരണകാലത്ത് ഉണ്ടാക്കിയ കരാർ ഇല്ലായിരുന്നെങ്കിൽ മുല്ലപ്പെരിയാറിലെ വെള്ളം കേരളത്തിന്റേത് മാത്രമായിട്ട് നിൽക്കുമായിരുന്നു. തമിഴ്നാട് അവകാശപ്പെടുന്നതുപോലെ മുല്ലപ്പെരിയാർ പ്രശ്നം ഒരു അന്തർ സംസ്ഥാന ജല പ്രശ്നമല്ല. എന്നാൽ 1970-ൽ കരാർ റിവ്യൂ ചെയ്തപ്പോൾ കേരളത്തിന്റെ ആവശ്യത്തെ കാണാനുള്ള കണ്ണ് ആർക്കും ഉണ്ടായിരുന്നില്ല. അതിനാൽ 999 വർഷത്തേക്ക് ഈ കരാർ നിലവിൽ വരികയായിരുന്നു. കേരളത്തിന്റെ മാത്രം എന്ന് പറയാവുന്ന ഒരു നദിയിൽനിന്ന് വെള്ളം കൊടുക്കാനുള്ള കരാർ ഒട്ടകത്തിന് സ്ഥലം നൽകിയ അറബിയെപ്പോലെ ആയിരിക്കുകയാണ്. കാവേരി നദീജല പ്രശ്നത്തിൽ തമിഴ്നാട്ടിലും കർണാടകത്തിലും ഉണ്ടായ വികാരം മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇല്ല എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. കാവേരി നദീജല പ്രശ്നത്തിൽ ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നം ഇല്ലായിരുന്നു. എന്നാൽ വെള്ളത്തിൽ മുങ്ങി മരിക്കുന്ന ഭീഷണി ഇവിടെ ഉണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ പൂർണ്ണമായി വെള്ളത്തിൽ മുക്കിക്കൊല്ലുന്ന പ്രശ്നമാണ്. പെരിയാർ ടൈഗർ റിസർവ് പോലെ ലോകശ്രദ്ധ പിടിച്ചു പറ്റിയ ഒരു സംരക്ഷണ പ്രദേശം പോലും ഇല്ലാതാകുന്നു. പത്തനംതിട്ട ശിവഗിരി കൊടുമുടിയിൽ 16 കി.മി. താഴോട്ട്, 2400 മീറ്റർ ഉയരത്തിൽ നിന്ന്, താഴെ 850 മീറ്റർ ഉയരത്തിൽ, ഇവിടെ വച്ചാണ് മുല്ലപ്പെരിയാറുമായിട്ട് ചേരുന്നത്. 11 കിലോമീറ്റർ ഒഴുകി കേരളത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മലയിടുക്കിലാണ് ഈ നിർമ്മാണം. 1886-ൽ മഹാരാജാവ് എഗ്രിമെന്റ് വയ്ക്കുമ്പോൾ ചരിത്ര രേഖകൾ കാണിക്കുന്നത്, എന്റെ ഹൃദയ രക്തത്തിൽ മുക്കിയ ഒരു കരാറാണ് ഇത് എഴുതിയിരിക്കുന്നത് എന്ന് പറയുമ്പോൾ അത് തീർച്ചയായും സാധാരണ കരാറിനെ vitiate ചെയ്യുന്ന coercion പോലും അവിടെ ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. അതിനുശേഷം തമിഴ്നാട്ടിന് എത്ര ജലം നഷ്ടപ്പെട്ടു എന്നുള്ളതാണ്. 1970-ന് ശേഷം 10 തവണ മാത്രമാണ് ഇത് 136 അടിയിൽനിന്ന് ഉയർന്നിട്ടുള്ളത്. 5% മാത്രമാണ്. തമിഴ്നാട്ടിലെ വൈഗയ് പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ് ബ്രിട്ടീഷുകാർ ഈ പദ്ധതി തുടങ്ങിയത്. തുടങ്ങിയതുതന്നെ തിരുവിതാംകൂറിന്റെ അനുമതി കൂടാതെയാണ്. ഏതാണ്ട് 8,000 ഏക്കർ കൃാച്ച്മെന്റ് ഏരിയായും നൂറ് ഏക്കർ സ്ഥലം അണക്കെട്ട് ഏരിയായുമാണ്. 1970-ലെ കരാർകൊണ്ടുള്ള ഒരേയൊരു മാറ്റം ഇത്രയും സ്ഥലത്തിന് അഞ്ചുരൂപ പാട്ടം നിശ്ചയിച്ചിരുന്നത് മുപ്പത് രൂപയാക്കി വർദ്ധിപ്പിച്ചു എന്നുള്ളതാണ്. അന്ന് മുതൽ, 1896-ൽ പണി പൂർത്തിയാക്കിയ കാലഘട്ടം മുതൽ ഈ അണക്കെട്ടിന് ചോർച്ചയുണ്ടായിരുന്നതാണ്. മുകൾ ഭാഗത്ത് 60 ശതമാനം ചോർച്ചയുണ്ടായി. ആ സാമ്പിൾ വെള്ളം പരിശോധിച്ചപ്പോൾ ഒരു വർഷം ശരാശരി 30 ടൺ ചുണ്ണാമ്പ് അണക്കെട്ടിൽ നഷ്ടമാകുന്നു എന്ന് പറയുമ്പോൾ, ഈ അണക്കെട്ടിന്റെ ബലം എത്രമാത്രം കുറഞ്ഞു വരുന്നു എന്ന് മനസ്സിലാകും. അതുകൊണ്ടാണ് 1930 മുതൽ 35 വരെ ഗുണൈറ്റിംഗും 22 മുതൽ 35 വരെ ഗ്രൗട്ടിംഗും നടത്തിയത്.

ഏതാണ്ട് 40 ടൺ സിമന്റ്. വീണ്ടും ചോർച്ച തുടങ്ങിയ 1961 മുതൽ 1965 വരെ 503 ടൺ സിമന്റ് ഉപയോഗിച്ചാണ് ഗ്രൗട്ടിംഗ് നടത്തിയിരിക്കുന്നത്. അത് വീണ്ടും 1970-ൽ വഷളായി. വീണ്ടും സുഷിരങ്ങളുണ്ടായി, ചോർച്ചയായി. അങ്ങനെയാണ് 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ ചെയർമാന്റെ നേതൃത്വത്തിൽ ഏതാണ്ട് 136 അടി മതി എന്ന് പറഞ്ഞിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് പിന്നീട് പ്രശ്നങ്ങളുണ്ടാകുന്നതും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇടപെട്ട് കക്ഷി ചേർന്നതിൽ, ഇരു സംസ്ഥാനങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കാനുള്ള നിർദ്ദേശം നൽകിയതും ഒരു സാങ്കേതിക കമ്മിറ്റിയെ നിയമിച്ചതും കോടതിതന്നെ. ആ സാങ്കേതിക കമ്മിറ്റിയുടെ ചെയർമാനായിരുന്ന മിത്തലും വാനിഷും വാർശനി എന്ന മെമ്പറും, അദ്ദേഹം തന്നെ എഴുതിയ പുസ്തകത്തിൽ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായത്തിന് വിരുദ്ധമായി കമ്മിറ്റിയിൽ ഇരുന്നുകൊണ്ട് ചെയർമാൻ മിത്തലിനെ സപ്പോർട്ട് ചെയ്ത സംഭവങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. അങ്ങനെ ഈ വിദഗ്ദ്ധ സംഘവും ന്യായമായ രീതിയിലുള്ള ഒരു റിപ്പോർട്ടല്ല നൽകിയത്. അത് മാത്രമല്ല 2000-2001-ൽ രണ്ട് ഭൂചലനങ്ങളുണ്ടായി. അതിനെ സംബന്ധിച്ച് സെസ്സ് ഡയറക്ടർ ബാവയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ ഭൂചലനം ബാധിക്കാനിടയുള്ള പ്രദേശങ്ങളാണിതെന്നും ഭൂചലനം ബാധിക്കാതിരിക്കാൻ കാരണം ആ ഭൂചലനം പത്ത് കിലോമീറ്റർ അകലെയായതുകൊണ്ടാണെന്നും വെളിപ്പെടുത്തിയിട്ടുണ്ട്. അന്ന് 110 അടി ജലനിരപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളു. 110 അടിയിൽ നിന്ന് ജലനിരപ്പ് കൂടുകയും പത്ത് കിലോമീറ്ററിനുള്ളിൽ ഭൂചലനം സംഭവിക്കുകയും ചെയ്താൽ അത് ഭൂചലന ബാധിതപ്രദേശമാണ്. അതിനെ സംബന്ധിച്ചുള്ള ഈ വിദഗ്ദ്ധ കമ്മിറ്റിയുടെ ആദ്യത്തെ റിപ്പോർട്ടിന്റെ Terms of Reference-ൽ അണക്കെട്ടിന്റെ ബലക്ഷയം ആണെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ വളരെ വിദഗ്ദ്ധമായി ഈ Terms of Reference മാറ്റുകയാണ് ചെയ്തത്. ബലക്ഷയം എന്നുള്ള Terms of Reference മാറ്റി എത്ര അടിവരെ ആക്കണം എന്ന രീതിയിലേക്ക് ഡൈവർട്ട് ചെയ്തുകൊണ്ടുപോയി. മുൻ മുഖ്യമന്ത്രി നായനാർ തന്നെ അതിനെ എതിർത്ത് അന്ന് എഴുതുകയുണ്ടായി ഇന്നിപ്പോൾ ഈ സാഹചര്യത്തിലാണ് എത്തിയിരിക്കുന്നത്. സുപ്രീം കോടതിവിധിയെ മറികടക്കാൻ സാധിക്കുമോ എന്ന് ശ്രീ. ബാലൻ ചോദിക്കുകയുണ്ടായി. ഇത് ഈ നിയമസഭയുടെ പരമാധികാരത്തിൽ വരുന്ന വിഷയമാണ്. ഇത് ഇന്റർസ്റ്റേറ്റ് ജല തർക്കമല്ല. അതായിരുന്നെങ്കിൽ ഏഴാം ഷെഡ്യൂളിന്റെ ലിസ്റ്റ് 1-ന്റെ 56 എൻട്രിയനുസരിച്ച് പാർലമെന്റിന് ഉള്ളതാകുമായിരുന്നു. അത് അല്ലാത്തതുകൊണ്ട് നമ്മുടെ 2nd ലിസ്റ്റിലെ എൻട്രി 17 അനുസരിച്ച് കേരള നിയമസഭയുടെ നിയമ നിർമ്മാണ പരിധിയിൽ വരുന്നതാണ്. ഇത് ബഹുമാനപ്പെട്ട നാണുവേട്ടൻ സൂചിപ്പിച്ചതുപോലെ ഇത് കഴിഞ്ഞ ബില്ലിന്റെ കൂടെ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഇങ്ങനെയൊരു സുപ്രീം കോടതി വിധി ഉണ്ടാകുമായിരുന്നുയെന്ന് തോന്നുന്നില്ല. കാരണം ഇതുപോലെയുള്ള ഒരു കേസിൽ, നർമ്മദാ ഡാമിന്റെ ഹൈറ്റ് കൂട്ടുന്നത് സംബന്ധിച്ച ഒരു പ്രശ്നം സുപ്രീം കോടതിയിൽ വരികയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീം കോടതിയിൽ ഹൈറ്റ് കൂട്ടുന്നതിനെക്കുറിച്ച് തർക്കം വന്നപ്പോൾ ആർട്ടിക്കിൾ 21-ന്റെ അടിസ്ഥാനത്തിൽ ആദിവാസി സെറ്റിൽമെന്റിനെ സംബന്ധിച്ച് ഡിസ്റ്റർബൻസ് ഉണ്ടാകും എന്നു പറഞ്ഞുകൊണ്ട് അവർക്ക് right to live ഉണ്ട്. അത് ഭരണഘടനയുടെ 21-ാം വകുപ്പനുസരിച്ച് മൗലികാവകാശമാണ്. അതുകൊണ്ട് അതുകൂടി കണക്കിലെടുത്തുവേണം ഡാമിന്റെ ഹൈറ്റ് കൂട്ടാൻ എന്ന് കണ്ട സുപ്രീംകോടതിയിൽ വ്യത്യസ്തമായ ഒരു വിധിയാണ് ഇതിൽ വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട നാദാപുരം മെമ്പർ സൂചിപ്പിച്ചതുപോലെ ആ വിധി ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഇതിൽ വ്യത്യസ്തമായ ഒരു നിലപാട് എടുക്കേണ്ടതായിരുന്നു. ആ വിധിയിൽ സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. ഡാമിന്റെ ഹൈറ്റ് കൂട്ടുന്നതുപോലെയുള്ള കേസിൽ സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് നർമ്മദാ ബചാവോ ആന്തോളൻ വേഴ്സസ് യൂണിയൻ ഓഫ് ഇൻഡ്യ, അതിൽ സുപ്രീം കോടതി എന്താണ് പറഞ്ഞത് The courts, in the exercise of their jurisdiction, will not transgress into the field of policy decision. Whether to have an infrastructural project or not and what is the type of project to be undertaken and how it has to be executed, are part of policy making process and the Courts are ill-equipped to adjudicate on a policy decision so undertaken. The Court, no doubt, has a duty to see that in the undertaking of a decision, no law is violated and people's fundamental rights are not transgressed upon, except to the extend permissible under the Constitution. ഇതു പറഞ്ഞ കോടതി തന്നെ വീണ്ടും പറഞ്ഞു The Courts cannot run the government nor can the administration intervene, abuse or non use of power and get away with it. The essence of judicial review is a Constitution fundamental. The role of the higher judiciary under the Constitution *guards* on a greater obligation of *the sentinal* to defend the values of the Constitution and the right of Indians. The Court must therefore act within their judicially permissible limitation to uphold the rule of law and..... to act in a particular manner, the court ought not to, without striking down the law, give any direction which is not in accordance with law. In other words the Court itself is not above the law. When two or more options or views are possible and after considering them the government takes a policy decision. It is then not the function of the court to go into the matter afresh and, in a way, sitting in appeal over such a policy decision. ഈ സാഹചര്യത്തിൽ ഈ അതോറിറ്റി വച്ചുകൊണ്ട് ഇത് എങ്ങനെ ഫങ്ഷൻ ചെയ്യണമെന്നുള്ള ഫോറം കൊടുത്തുകൊണ്ട് ഈ നിയമത്തിന് ഗവൺമെന്റിന്റെ പോളിസിയുടെ അടിസ്ഥാനത്തിൽ തീർച്ചയായും നർമ്മദാ ബചാവോ ആന്തോളൻ കേസിന്റെ സുപ്രീം കോടതി വിധിയനുസരിച്ചു തന്നെ ഈ നിയമം നിലനിർത്താവുന്നതാണ്. നിയമനിർമ്മാണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുള്ള സബ്ജക്ടാണ് ഇത്. വാട്ടർ എന്ന സബ്ജക്ട് അത് ഏത് തരത്തിലുള്ളതായാലും റിസർവ്വോയർ ആയാലും എല്ലാം തന്നെ സ്റ്റേറ്റ് ലിസ്റ്റിന്റെ പതിനേഴാം എൻട്രിയിൽ വരുന്നതുകൊണ്ട് നിയമനിർമ്മാണത്തിന് തടസ്സമില്ലെങ്കിൽപ്പോലും മദ്രാസ് സംസ്ഥാനം വെറുതെ ഇരിക്കുമെന്ന് കാണരുത്. ഏതെല്ലാം കുതന്ത്രങ്ങൾ ഉപയോഗിക്കാമോ അതെല്ലാം ഉപയോഗിച്ചുകൊണ്ട് ഇതിനെ ചോദ്യം ചെയ്യപ്പെടാനുള്ള സാഹചര്യമുണ്ടാകും. അതിനെ സംബന്ധിച്ച് നമ്മൾ ജാഗരൂകരായിരിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, പെരിയാർ സംഗമിച്ചുണ്ടാകുന്ന മുല്ലപ്പെരിയാർ ഈ സംസ്ഥാനത്തിലെ 30 ലക്ഷം ജനങ്ങൾക്ക് ഭീഷണിയായി മാറും എന്ന അവസ്ഥ സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന് ഉണ്ടായിരിക്കുന്നു. ഈ വിധി ഉണ്ടായതുകൊണ്ടാണല്ലോ നിയമസഭയുടെ ഒരു പ്രത്യേകസമ്മേളനം നടത്താനും ഇത്തരത്തിലൊരു ബിൽ അവതരിപ്പിക്കാനും ഇടയായത്. ഈ വിധി വന്നപ്പോൾ പല കാര്യങ്ങളിലും വ്യത്യസ്തമായ അഭിപ്രായം പറയുന്ന ഒരാളാണ് സുബ്രഹ്മണ്യം സ്വാമി, എങ്കിലും അദ്ദേഹം പറഞ്ഞ അഭിപ്രായം ഈ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. കേരളത്തിലെ ഗവൺമെന്റും ജനങ്ങളും തടിമിടുക്ക് കാണിക്കാനും വായാടിത്തം പ്രസംഗിക്കാനുമല്ലാതെ ആവശ്യമുള്ള കാര്യം ആവശ്യമുള്ള സ്ഥലത്ത് അവതരിപ്പിക്കേണ്ട രീതിയിൽ അവതരിപ്പിക്കാൻ കഴിയാതെ പോയതിന്റെ ഭവിഷ്യത്താണിത്. അദ്ദേഹം പറഞ്ഞ പല അഭിപ്രായങ്ങളും നമുക്ക് പൊരുത്തപ്പെടില്ല. അദ്ദേഹം പറഞ്ഞ ഈയൊരു കാര്യം യഥാർത്ഥത്തിൽ ശരിയല്ലേ? ഈ നിയമസഭ അംഗീകരിച്ചിട്ടുള്ള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിരുന്നെങ്കിൽ, പ്രവർത്തിച്ചിരുന്നെങ്കിൽ ... സുബ്രഹ്മണ്യംസ്വാമി പറഞ്ഞതാണ് ഈ ഗവൺമെന്റിന്റെ യഥാർത്ഥത്തിലുള്ള മുഖമുദ്ര. ഞാൻ ഇപ്പോഴും പറയുകയാണ് ഒരു തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ജനങ്ങളെ കബളിപ്പിക്കാനുള്ള ഒരു ബില്ലിനപ്പുറം ഈ ബില്ലിന് ഗൗരവമുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്, നിങ്ങൾ ഇതുവരെയെടുത്ത നിലപാട് വച്ചുകൊണ്ട്. മദിരാശിയും തമിഴ്നാടും തമ്മിലുള്ള തർക്കം മാത്രമാണോ ഇത്? ഇന്ത്യയിൽ അടുത്തകാലത്തുണ്ടായ ഗുജറാത്തിലെ മോർവി അണക്കെട്ടിന്റെ പതനവും അതിനെ തുടർന്നുണ്ടായ ലക്ഷങ്ങളുടെ നഷ്ടവും അനവധി മരണവും മുല്ലപ്പെരിയാറിൽ ആവർത്തിക്കപ്പെടണമോ? അവിടെയുണ്ടായത് വായിച്ചു കേട്ടവരാണ് നമ്മൾ. നേരിട്ട് അനുഭവിച്ചവരല്ല. നമുക്ക് നേരിട്ട് അനുഭവിക്കാൻ ഇടവരരുതോ? ഞാൻ അധികം സംസാരിക്കുന്നില്ല. ഈ നിയമ നിർമ്മാണം ഏകകണ്ഠമായി പാസ്സാകണം. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ... ഈ ബില്ലിൽ നാലാം വകുപ്പ് അദ്ദേഹം പിൻവലിച്ചു, ഫിനാൻഷ്യൽ മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തു. കൊടുക്കുമ്പോൾ ഇത് കണ്ടില്ല. സഞ്ചിതനിധിയിൽ നിന്ന് ചെലവ് വരില്ല. നോൺ ഒഫീഷ്യൽ മെമ്പർമാർക്ക് സഞ്ചിതനിധിയിൽ നിന്ന് ചെലവ് വരും. അതു പരിശോധിക്കാൻ കഴിയാത്ത നിയമവകുപ്പാണെങ്കിൽ, അതു പരിശോധിക്കാൻ കഴിയാത്ത ഗവൺമെന്റാണെങ്കിൽ ഭയമുണ്ട്. നമ്മൾ ഏകകണ്ഠമായി

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിയാലും 30 ലക്ഷത്തോളം വരുന്ന 5 ജില്ലയിലെ ജനങ്ങൾ ഈ ഗവൺമെന്റിന്റെ കയ്യിൽ സുരക്ഷിതമല്ല. ആ സുരക്ഷിതത്വം ഉണ്ടാക്കിയെടുക്കാൻ ഞങ്ങൾക്ക് ചെയ്യാവുന്ന എല്ലാ സഹകരണവും ഞങ്ങൾ നൽകുന്നു. അതുകൊണ്ടാണ് സകല നടപടിക്രമങ്ങളും മാറ്റി അങ്ങും നമ്മളെല്ലാപേരും ഒത്തുചേർന്ന് ഈ സഭ സമ്മേളിക്കുന്നത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വേണ്ടായെന്നു വച്ച് നമ്മൾ ഈ കാര്യത്തിൽ യോജിക്കുന്നത്, ഈ യോജിപ്പിന്റെ സ്പിരിറ്റ്, ഈ ഗവൺമെന്റ് ഉൾക്കൊള്ളണം. അങ്ങനെ ഉൾക്കൊണ്ടുകൊണ്ട് നിങ്ങളുടെ മാമൂൽ നടപടിക്രമങ്ങൾ മാറ്റി ഇത് സത്യസന്ധമായി ചെയ്യേണ്ട രീതിയിൽ ഗൗരവത്തോടെ ചെയ്യാൻ ശ്രമിക്കുമെങ്കിൽ നമുക്കു രക്ഷപ്പെടാം. സുപ്രീം കോടതി പല തവണ പല രീതിയിൽ വിധി പറഞ്ഞിട്ടുണ്ട്. നിയമസഭാ നടപടികൾക്കുള്ള അധികാരത്തെ ഏത് കോടതി ചോദ്യം ചെയ്താലും ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിൽ ഞാൻ വിശ്വസിക്കുന്നു, സംസ്ഥാനത്തിൽ നിയമവകുപ്പ്, ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട്, ഈ സഭ അംഗീകരിക്കാവുന്ന ഒന്നാണെന്ന്, ഗവൺമെന്റ് നമ്മളെ അറിയിച്ചതുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ ചർച്ചയ്ക്കു വരുന്നത്. അതിൽ എന്തെങ്കിലും പാളിച്ച പറ്റിയാൽ ഉത്തരവാദിത്വം ഏൽക്കേണ്ടവർ ഏൽക്കണം. അപ്പോൾ അതിൽ നിന്ന് ഒഴിഞ്ഞുമാറരുത്. ഭരണഘടനാപരമായി ഈ സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നിയമപരമായി നിങ്ങൾക്കു കിട്ടിയ ഉപദേശമാണല്ലോ ഞങ്ങളെ അറിയിച്ചിരിക്കുന്നത്. ആ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭ പാസ്സാക്കുന്ന ഈ നിയമനിർമ്മാണം കേരളത്തിലെ 30 ലക്ഷത്തോളം വരുന്ന 5 ജില്ലകളിലെ ജനങ്ങളുടെ ജീവനും, സ്വത്തും സംരക്ഷിക്കാനുള്ള ഒരു സംരക്ഷണത്തിന്റെ രേഖയായി മാറട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഈ ചർച്ച സ്വാഭാവികമായും നന്നായി നടക്കുകയും, ഏകകണ്ഠമായി ബിൽ പാസ്സാകുമെന്നുമാണ് എന്റെ വിശ്വാസം. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, 2003-ൽ ഈ സഭ തന്നെ പാസ്സാക്കിയ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് അമെന്റ് ചെയ്തുകൊണ്ടുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കാര്യമായ അഭിപ്രായവ്യത്യാസം ആർക്കുമില്ലാത്ത നിയമമാണിത്. സംസ്ഥാനത്തെ ഏതാണ്ട് 5 ജില്ലകളിലെ ആളുകളുടെ ജീവനേയും സ്വത്തിനേയും ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ് ഈ നിയമസഭ ചർച്ച ചെയ്യാൻ തീരുമാനിച്ചത്. ഇതൊരു ഓർഡിനൻസായി ഇറക്കാതെ നിയമമായിത്തന്നെ, ഒരുപക്ഷേ കഴിഞ്ഞ നിയമസഭാ സമ്മേളനത്തോടുകൂടി ഇനി നിയമസഭ ഒന്നിച്ചുകൂടേണ്ടി വരില്ലായെന്നൊക്കെ കരുതി പിരിഞ്ഞ ശേഷമാണ് ഈ ഗവൺമെന്റ് ഈ സമ്മേളനം വിളിച്ചുകൂട്ടിയത്, അത് ഔചിത്യപൂർവ്വമായ ഒരു നടപടിയാണ് എന്നാണ് എന്റെ അഭിപ്രായം. ഇത്രയും ജനങ്ങളെ ബാധിക്കുന്ന പ്രശ്നം, ജനപ്രതിനിധികൾ തന്നെ തീരുമാനിക്കുകയാണ് ഓർഡിനൻസ് ഇറക്കുന്നതിനേക്കാളും നിയമമാക്കുന്നതാണ് നല്ലതെന്ന്. തമിഴ്നാടിനോട് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു വഴക്കുമില്ല. വളരെക്കാലമായി ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ് ഞാൻ. ഈ ഗവൺമെന്റിന് കേരളത്തിലെ ജനങ്ങളോടാണ് കൂടുതൽ പ്രതിബദ്ധത ഉണ്ടാകേണ്ടതും ഉള്ളത്. തമിഴ്നാട് നമ്മുടെ അടുത്ത സംസ്ഥാനമാണ്. കേരളത്തിന്റെ ജലസമ്പത്തിന്റെ ആവശ്യം ഇന്നത്തെ നിലയിൽ കണക്കാക്കിയാൽ തമിഴ്നാടിന് കൊടുക്കാൻ ജലം നമ്മുടെ കയ്യിലില്ല. എന്നാലും തൊട്ടടുത്ത സംസ്ഥാനത്തിന് കുടിവെള്ളത്തിനും, മറ്റ് അത്യാവശ്യങ്ങൾക്കും ജലം കാലാകാലങ്ങളിൽ കൊടുക്കാൻ നാം തീരുമാനിച്ചു. ശ്രീ. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കോയമ്പത്തൂരിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി ഒരു തുള്ളി വെള്ളം പോലും നമ്മളെടുക്കാതെ, പാലക്കാട്ട് അണ കെട്ടാനും ആ വെള്ളം കൊണ്ടുപോകാനും നാം സമ്മതിച്ച കാര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. ആ അണക്കെട്ടിൽ നിന്ന് ഒരു തുള്ളി വെള്ളം പോലും താഴോട്ടുവിടാനുള്ള സ്പിൽവേ പോലുമില്ലാത്ത ഒരു അണക്കെട്ടാണ് അവിടെ നിർമ്മിക്കാൻ നമ്മളനുവദിച്ചത്. മുഴുവൻ വെള്ളവും അവർക്കു കൊടുക്കുകയാണ് ചെയ്തത്. ഞങ്ങളൊക്കെ പിന്നീടത് പരിശോധിക്കുമ്പോൾ മഴ വരുമ്പോൾ കുറേ വെള്ളം തുറന്നുവിടാനുള്ള സ്പിൽവേ പോലുമില്ലല്ലോയെന്നു പലപ്പോഴും ആലോചിച്ചിട്ടുണ്ട്. സാധാരണ അങ്ങനെ ഒരു അണക്കെട്ട് നിർമ്മിക്കാൻ അനുവദിക്കാറില്ല. പക്ഷേ അന്ന് അത് അനുവദിച്ചതിനു കാരണം ഒട്ടും വെള്ളം നമുക്ക് വേണ്ടായെന്നായിരുന്നു നില. കുന്തിപ്പുഴയിലെ വെള്ളവും അതുപോലെ പാലക്കാട്ടുള്ള മറ്റ് നദികളിലെ വെള്ളവും കൊണ്ട് അവിടത്തെ കുടിവെള്ളവും ജലസേചനവും നടത്താൻ കഴിയുമെന്നുള്ള കണക്കുകൂട്ടലിലാണ് അന്ന് നമ്മൾ അങ്ങനെ ചെയ്തത്. തമിഴ്നാടിനെ സഹായിക്കാൻ, കോയമ്പത്തൂരിലെ ലക്ഷക്കണക്കിന് വരുന്ന ജനങ്ങൾക്ക് കുടിവെള്ളം കിട്ടാൻ വേണ്ടിയാണ് നമ്മൾ അന്ന് അങ്ങനെ ചെയ്തത്. നമ്മളിന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയമാണ് തേക്കടിയിലെ ഈ ഡാം. ഇത് മഹാരാജാവിന്റെ കാലത്ത് തമിഴ്നാട്ടുകാരായ ദിവാന്മാർ കേരളം ഭരിക്കുകയും കേന്ദ്രം സായിപ്പന്മാർ ഭരിക്കുകയും ചെയ്ത കാലഘട്ടത്തിൽ മദ്രാസ് പ്രവിശ്യ സമ്മർദ്ദം ചെലുത്തിയുണ്ടാക്കിയെടുത്ത ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണെന്നും ഇത് പരിശോധിക്കുമ്പോൾ കാണാൻ കഴിയും. എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ഈ ഡാം ഉണ്ടാക്കിയതുതന്നെ. അന്ന് നമുക്ക് വെള്ളം അറബിക്കടലിലേക്ക് ഒഴുകിപോകുന്ന കാലമാണ്. ഇടുക്കി പദ്ധതിയെപ്പറ്റി ആലോചിക്കുക പോലും ചെയ്യാത്ത ഒരു കാലഘട്ടമായിരുന്നു. എന്നാൽ പിന്നീട് കേരളത്തിന്റെ വൈദ്യുതി ആവശ്യങ്ങൾക്കും വ്യവസായികാവശ്യങ്ങൾക്കും അതുപോലെത്തന്നെ ഓരുവെള്ളം തടയുന്നതിനുമൊക്കെയായി ഉപയോഗിക്കുന്ന പല പദ്ധതികളും വന്നപ്പോൾ നമുക്ക് ഡാം കെട്ടേണ്ടി വന്ന സാഹചര്യത്തിൽ, ആവശ്യമായ ജലം ഇല്ലാതെ പോയി. 1975-ലാണ് ഇടുക്കി ഡാം കമ്മിഷൻ ചെയ്യുന്നത്. അതിനുശേഷം 4 പ്രാവശ്യമേ ഇടുക്കി ഡാം നിറഞ്ഞിട്ടുള്ളൂ. പിന്നെ ഡാം നിറഞ്ഞിട്ടില്ല. നിറയാനുള്ള വെള്ളം നമുക്കില്ല. പെരിയാറിന്റെ കൃാച്ച്മെന്റ് ഏരിയായിൽ പെയ്യുന്ന മഴവെള്ളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുഭൂരിപക്ഷവും ഇന്ന് തമിഴ്നാടിന് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇനിയും കൊടുക്കണം. ആക്ഷേപമില്ല. പക്ഷേ കേരളത്തിന്റെ ആഭ്യന്തര ഉപയോഗത്തിനുള്ള വെള്ളം നമുക്ക് അത്യാവശ്യത്തിന് തരാൻ പലയിടത്തും തയ്യാറാകുന്നില്ല. ചിറ്റൂരിലെ പ്രശ്നമതാണ്. പറമ്പിക്കുളത്ത് നിന്ന് വാഗ്ദാനമനുസരിച്ച് നമുക്ക് നൽകേണ്ട വെള്ളം പലപ്പോഴും തരാറില്ല. അപ്പർ ഷോളയാറിൽനിന്ന് ലോവർ ഷോളയാറിലേക്ക് ജലം തന്നാൽ, ചാലക്കുടിപ്പുഴയിൽ ലോവർ ഷോളയാറിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം ഷോളയാറിന്റെ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട ചാലക്കുടി പുഴയിലെ വെള്ളം തരില്ല. കാരണം മുകളിലുള്ള അപ്പർ ഷോളയാർ ഒരിക്കലും തമിഴ്നാട് വെള്ളം ജനറേറ്റ് ചെയ്ത് ഇലക്ട്രിസിറ്റിക്കുപയോഗിക്കുന്നില്ല. ജനറേറ്റ് ചെയ്താൽ വെള്ളം താഴോട്ടേ ഒഴുകൂ. അതുകൊണ്ട് ജനറേഷനേയില്ല. അനുഭവസ്ഥനായതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇതൊക്കെയാണെങ്കിലും തമിഴ്നാടിന് ജലം കൊടുക്കുന്നതിൽ ഇവിടെ ആർക്കും ആക്ഷേപമില്ല. പക്ഷേ നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ല് ഉണ്ട്. "താൻ ചത്ത് മീൻ പിടിക്കണമോ" യെന്ന്. ഈ കാര്യം ആലോചിക്കണം. കേരളത്തിലെ 5 ജില്ലകൾ, നമ്മുടെ പ്രോജക്ടുകൾ, ഇതൊക്കെ നശിച്ചുപോകുന്ന ഒരു സാഹചര്യമാണ്. കുളമാവ്, ചെറുതോണി, ഇടുക്കി ഉൾപ്പെടെയുള്ള വലിയ അണക്കെട്ടുകൾ, പെരിയാറും, മൂവാറ്റുപുഴയാറും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കൂടി വെള്ളം വന്നാൽ പീരുമേടു മുതൽ താഴോട്ടുള്ള പ്രദേശങ്ങളിൽ വണ്ടിപ്പെരിയാർ മുതൽ ജനവാസയോഗ്യമായ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുന്ന ഒരു സാഹചര്യം ഒരു സർക്കാരിനും, ജനങ്ങൾക്കും അംഗീകരിച്ചുകൊടുക്കാൻ സാധിക്കില്ല. വളരെ തെറ്റായ നയങ്ങളാണ് സ്വീകരിക്കുന്നത്. മുല്ലപ്പെരിയാർ ഒരു അന്തർ സംസ്ഥാന നദിയല്ല. പടിഞ്ഞാറോട്ട് ഒഴുകുന്ന നദിയാണ്. കിഴക്കോട്ടൊഴുകുന്ന നദിയായ ചോലാറ്റിപ്പുഴ, പാണ്ടിയാർ, പുന്നപ്പുഴ, കേരള ഭവാനി, കബനി ഇതൊക്കെ അന്തർ സംസ്ഥാന നദികളാണ്. അവിടെ നടപടികൾ നടത്തണമെങ്കിൽ നമുക്ക് കേന്ദ്രത്തിന്റെ അംഗീകാരം വേണം. അല്ലെങ്കിൽ 2 സംസ്ഥാനങ്ങളും തമ്മിൽ സംസാരിക്കണം. എം.ജി.ആർ. മുഖ്യമന്ത്രിയായിരുന്നപ്പോൾ ഈ കാര്യങ്ങൾ സംസാരിച്ച്, ഏതാണ്ട് ഷെയറിംഗിനെ സംബന്ധിച്ച് ഒരു ധാരണയിലെത്തിയിരുന്നു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ജഗജീവൻ റാം ഫോർമുലയെന്നാണ് അതിനെ പറയുന്നത്. ഈ വെള്ളം സംബന്ധിച്ച് ഉദ്യോഗസ്ഥന്മാർ പലപ്പോഴും അയഞ്ഞ സമീപനമാണ് സ്വീകരിച്ചിരുന്നത്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാനുള്ളപ്പോഴുമിതുതന്നെ. അവർക്ക് ഇതിൽ താൽപ്പര്യമില്ല. ഒരിക്കൽ നമ്മുടെ എൻജിനീയർ, അച്ചൻ കോവിലിൽനിന്ന് വെള്ളം കൊടുക്കാൻ കഴിയുമെന്ന് എഴുതി വച്ച ഫയൽ കാണാനുള്ള ദുരനുഭവം എനിക്കുണ്ടായി. ഇവിടെ ഇഷ്ടം പോലെ വെള്ളമുണ്ടല്ലോയെന്നാണ്. ഇവിടെ വെള്ളം ഉണ്ടോ? ഇവിടെ വെള്ളമില്ല. അച്ചൻകോവിലാറ്റിൽ, ശ്രീ മാധവകൃഷ്ണന് അറിയാം, ഇറിഗേഷനും, നമ്മുടെ വാട്ടർ സപ്ലൈ സ്കീമുകൾക്കും കുടിക്കാനുള്ള വെള്ളവും കൊടുക്കാൻ ഇന്ന് ഞാൻ ഈ സംസാരിക്കുന്ന സമയത്ത് വെള്ളമില്ല. പന്തളം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ആവശ്യമായ വെള്ളം വാട്ടർ അതോറിറ്റിക്ക് എടുക്കാൻ ഇല്ല. ആ അച്ചൻകോവിലാർ തിരിച്ചുവിടാനാണ് ഇന്ന് തമിഴ്നാട് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് വേണ്ടത്ര നേതൃത്വം കൊടുത്തേ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ നിയമം പാസ്സാകുമ്പോൾ ഡാം സേഫ്റ്റി മാത്രമല്ല, ഭാവിയിലുള്ള കാര്യങ്ങളും കൂടി ആലോചിക്കണം. അലംഭാവം കാണിച്ചാൽ അപകടമാകും. അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികൾക്ക് കൃഷി ചെയ്യാനും കുടിക്കാനും വെള്ളമെടുക്കാൻ വേണ്ടി മുക്കാലിയിൽ ഒരു തടയണ കെട്ടാൻ തീരുമാനിച്ചപ്പോൾ, കേരളത്തിലെ ആളുകൾക്ക് കുടിക്കാൻ വെള്ളം കൊടുക്കാൻ കേരളത്തിന്റെ മണ്ണിൽ, കേരളത്തിൽ വീഴുന്ന വെള്ളം ഉപയോഗിക്കുന്നതിന് കേന്ദ്രത്തിൽ ഇരുന്നുകൊണ്ട് സ്റ്റേ ഓർഡർ നൽകിയ തമിഴ്നാട്ടിലെ മന്ത്രിമാർ ജനാധിപത്യത്തെക്കുറിച്ച് പ്രസംഗിക്കുന്നത് പുച്ഛത്തോടെ മാത്രമേ കാണാൻ കഴിയൂ. അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികൾക്ക് കുടിക്കാനും കൃഷിചെയ്യാനും മുക്കാലിയിൽ തടയണ കെട്ടി ചെറിയ ഒരു ശതമാനം, കേരള ഭവനിയിൽ നമ്മുടെ കോൺട്രിബ്യൂഷൻ വളരെ വലുതാണ്, ആ കേരള ഭവനിയിൽ തടയണ കെട്ടാൻ അനുവദിക്കാത്ത സമീപനമാണ് പലരും നമ്മോട് കാണിക്കുന്നത് എന്ന് പറയേണ്ടിവന്നതിൽ വളരെ ഖേദമുണ്ട്. ചില കാര്യങ്ങൾ വളരെ കാര്യമായി ശ്രദ്ധിക്കണം. ഒരു കാര്യം ഗവൺമെന്റ് ചെയ്തത് നന്നായി. അണ എന്നു പറഞ്ഞാൽ എന്താണെന്നറിഞ്ഞുകൂടാത്ത ആളുകളെയൊന്നും അതിന്റെ കമ്മിറ്റിയിൽ വച്ചിട്ടുകാര്യമില്ല. അതുകൊണ്ട് അത് പിൻവലിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. അണയെക്കാൾ കൂടുതൽ നുണയാണ് അറിയാവുന്നത്. അണയെന്നുപറഞ്ഞാൽ എന്താണെന്നറിയാത്തവരെ മാറ്റണം എന്നത് ഗവൺമെന്റ് സ്വീകരിച്ചതിൽ വളരെ സന്തോഷമുണ്ട്. സാങ്കേതിക വിദഗ്ദ്ധർ വേണം, സത്യസന്ധൻമാർ വേണം, തമിഴ്നാട്ടിൽ പോയാൽ ഓർമ്മയില്ലാതെ ഉറങ്ങിയിട്ടു തിരിച്ചുവരുന്നവർ ഈ കമ്മിറ്റിയിൽ ഉണ്ടാകാൻ പാടില്ല. ഒരു കാര്യം വളരെ വ്യക്തമായി ഓർമ്മിപ്പിക്കുകയാണ്. ഗവൺമെന്റ് ഒരു കമ്മിറ്റി എടുക്കുമ്പോൾ, ഇവിടെ പലരുടെയും കാര്യം പറഞ്ഞു. ആരാണെന്നു ഞാൻ പറയുന്നില്ല. ഗവൺമെന്റ് ചെയ്ത ഏറ്റവും ഉചിതമായ കാര്യം, ഇറിഗേഷന്റെ ചുമതലയുള്ള മന്ത്രിയോട് പറയാനുള്ളത്, Insertion of new sections 62A and 62B—After section 62, the following sections shall be inserted, namely:—അവിടെ എനിക്ക് പറയാനുള്ളത് സെക്കന്റ് ഷെഡ്യൂളിൽ 9 ഡാമുകളുടെ പേരുപറഞ്ഞിട്ടുണ്ട്. ഡാമിന്റെ ബലവും ബലക്ഷയവും വർഷത്തിന്റെ അടിസ്ഥാനത്തിൽ അല്ല. ഗുജറാത്തിലും മഹാരാഷ്ട്രയിലും ഒക്കെ പൊട്ടിയ ഡാമുകൾ വർഷത്തിന്റെ അടിസ്ഥാനത്തിൽ പഴയതല്ല. കോൺക്രീറ്റ് ഡാമുകൾ ആണ്. അതുകൊണ്ട് ഈ ഒൻപത് ഡാമുകൾ ചേർക്കുന്നതിൽ കുഴപ്പമില്ല. കുടെക്കുടെ നിയമസഭയിൽ വരാതെ തന്നെ കൂടുതൽ ഡാമുകൾ ബലക്ഷയം ഉണ്ടെന്ന് അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ ആ ഡാമുകൾ ഉൾപ്പെടുത്താനുള്ള അധികാരം ബില്ലിൽ ഗവൺമെന്റ് എടുക്കണമെന്നാണ് ഞാൻ പഠിച്ചതിൽനിന്ന് എനിക്ക് തോന്നുന്നത്. ഇതിൽ നെയ്യാർ ഡാമില്ല, കൊച്ചു കൊച്ചു ഡാമുകൾ പല സ്ഥലത്തുമുള്ളതില്ല, പറമ്പിക്കുളമില്ല, പല ഡാമുകളും ഇല്ല. ഡാമുകൾക്ക് കാലപ്പഴക്കമുണ്ടാകുമല്ലോ. ഓരോ ഡാമും പരിശോധിച്ചിട്ട് ബലക്ഷയം ഉള്ള ഡാമുകൾ ടെക്നിക്കൽ കമ്മിറ്റിയിലെ എക്സ്പെർട്ടുകൾ പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ വേണ്ടി റൂൾസ് ഉണ്ടാക്കുകയോ ഇതിൽത്തന്നെ ഭേദഗതി ചെയ്യുകയോ വേണം. അടിയന്തിര ഘട്ടങ്ങളിൽ നിയമസഭയിൽ വന്ന് ഷെഡ്യൂളിൽ ഭേദഗതി വരുത്തണമെന്ന വ്യവസ്ഥ ഒഴിവാക്കി മന്ത്രി തന്നെ അമെന്റ്മെന്റ് കൊണ്ടുവരണം. ഒൻപത് ഡാമുകൾ അല്ലല്ലോ ഇനിയും ഡാമുകൾ ഉണ്ടാവും. ഇത് വളരെക്കാലം നിലനിൽക്കേണ്ടതാണ്. ഇങ്ങനെ ടെക്നിക്കൽ കമ്മിറ്റി വച്ചാൽ മാത്രം പോരാ. അവിടെ സ്ഥിരമായി നിൽക്കുമെന്ന് ബോധ്യമുള്ള, ഒരു അസിസ്റ്റന്റ് എൻജിനീയറുടെ ചുമതലയിൽപ്പോരാ, കുറേക്കൂടി ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻമാരെ ഓരോ ഡാമിന്റെയും പ്രദേശത്ത് സ്ഥിരമായി ഇരിക്കാനുള്ള ഏർപ്പാട് ചെയ്യണം. എനിക്ക് ഓർമ്മയുണ്ട്. തേക്കടിയിൽ മുല്ലപ്പെരിയാർ ഡാമിൽ വച്ചിരുന്ന ഒരു ഉദ്യോഗസ്ഥൻ ഞാൻ അവിടെ പോയി പരിശോധിച്ചപ്പോൾ അദ്ദേഹം അവിടെയില്ല കൊല്ലത്താണ്. ശമ്പളം വാങ്ങിക്കാനേ വരൂ, തമിഴ്നാട്ടുകാരുമായി നല്ല കമ്പനിയായിരുന്നു. അവിടെ നിന്ന് മാറ്റി. ഇത് വളരെ വലിയ ഉത്തരവാദിത്വമാണ്. അതുകൊണ്ട് സീനിയർ ഉദ്യോഗസ്ഥൻമാരെ ഈ ഡാമുകളുടെ സംരക്ഷണവുമായി ബന്ധപ്പെടുത്തി ഇത് മോണിട്ടർ ചെയ്യാൻ വയ്ക്കേണ്ടത് ഭരണപരമായ ആവശ്യമായതിനാൽ അത് ചെയ്യണം. ഇത് ഈ ഷെഡ്യൂളിൽ എപ്പോഴും നോട്ടിഫിക്കേഷൻ വഴി ഉൾപ്പെടുത്താനും നിയമസഭയിൽ അത് വയ്ക്കാനുമുള്ള സാഹചര്യമുണ്ടാകുന്ന അമെന്റ്മെന്റ് ഇതിൽത്തന്നെ ഉൾപ്പെടുത്തികൊണ്ടുവരുന്നത് നന്നായിരിക്കും. കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ആരുടെയും മുഖം നോക്കേണ്ട കാര്യമില്ല. കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള അവകാശം നമുക്കുണ്ട്. 1979-ൽ ഉണ്ടാക്കിയ വാട്ടർ ആൻഡ് പവർ കമ്മീഷന്റെ തീം അനുസരിച്ച് ബലപ്പെടുത്തി കഴിഞ്ഞാലും കൂടുതൽ വേണമെങ്കിൽ പുതിയ ഡാം പണിയണമെന്നുതന്നെ പറഞ്ഞിട്ടുണ്ട്. പുതിയ ഡാം പണിതാൽ ഇന്നത്തെക്കാൾ കൂടുതൽ വെള്ളം അവർക്ക് ശേഖരിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയായിരിക്കും ചെയ്യുന്നത്. 142 അടി എന്നതിനേക്കാൾ കൂടുതൽ വെള്ളം ശേഖരിക്കാനുള്ള സൗകര്യം ലഭിക്കുന്നതാകും പുതിയ ഡാം അതിന്റെ താഴെവശത്ത് നിർമ്മിച്ചാൽ എന്നുള്ള സ്ഥിതി കൂടി ഓർമ്മയിരിക്കണം എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് ഈ നിയമത്തെ പരിപൂർണ്ണമായി പിൻതാങ്ങുന്നു.

<u>ശ്രീ. വി. കെ. ചന്ദ്രൻ</u> : സർ, മുല്ലപ്പെരിയാറിലെ ജലനിരപ്പ് 142 അടിയാക്കാനുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ അസംബ്ലി കൂടാൻ ഇടയായതും ഒരു ചർച്ച അസംബ്ലിയിൽ വേണ്ടിവന്നതും. ഇരുട്ടിൽ കരിമ്പൂച്ചയെത്തപ്പുക എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. 136 അടിയിൽ കൂടുതൽ വെള്ളം സംഭരിക്കാൻ പാടില്ല എന്ന് കാണിക്കാൻ വേണ്ടത്ര കാര്യങ്ങൾ ഈ നിയമത്തിൽ കാണുന്നില്ല. എങ്കിൽ മാത്രമേ സുപ്രീംകോടതി വിധിയെ മറികടക്കാൻ കഴിയുകയുള്ളൂ. സുപ്രീംകോടതിയുടെ വിധി 142 അടി ആക്കി ഉയർത്താൻ കഴിയുമെന്ന് വന്നത് യഥാർത്ഥത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ഡാം ബലപ്പെടുത്താൻ തമിഴ്നാടിനെ സഹായിക്കാൻ കേരളത്തോടു നിർദ്ദേശിക്കുകയാണ് സുപ്രീം കോടതി ചെയ്തിട്ടുള്ളത്. ആ ഡാം ബലപ്പെടുത്തി കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം നിയമിക്കപ്പെടുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണമെങ്കിൽ 152 അടി വരെ വർദ്ധിപ്പിക്കാൻ കഴിയും എന്ന് ഈ വിധിയിൽ പറയുകയാണ്. യഥാർത്ഥത്തിൽ എങ്ങനെയാണ് ഇത് വന്നത്? 136 അടിയാണ് നിലവിൽ ഉണ്ടായിരുന്നത്. അത് 142 അടി ആക്കാമെന്നും അത് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശാനുസരണം 152 അടി ആക്കാമെന്നും സുപ്രീം കോടതി കണ്ടെത്തുന്നത് യഥാർത്ഥത്തിൽ നമ്മുടെ വീഴ്ച കൊണ്ടല്ലേ? നമുക്ക് ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്താൻ കഴിയുന്നില്ല. അങ്ങനെ ജാഗ്രത പുലർത്തി നമ്മൾ ശക്തമായി ഇടപെട്ടിരുന്നെങ്കിൽ ഒരുപക്ഷേ ഇങ്ങനെ ഒരു വിധി സുപ്രീം കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമായിരുന്നില്ല. കേരളത്തിന്റെ താത്പര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ വേണ്ടത്ര വാദിക്കാൻ നമുക്ക് കഴിയുന്നില്ല. കേരളത്തിന്റെ താത്പര്യം ഇന്നതാണെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ സുപ്രീം കോടതിയുടെ വിധി ഇങ്ങനെയാകുമായിരുന്നില്ല. കേരളം ഇക്കാര്യത്തിൽ മാത്രമല്ല എല്ലാ കേസുകളിലും തോറ്റുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഏതു പ്രശ്നവും സുപ്രീം കോടതിയിലോ മറ്റേതെങ്കിലും കോടതിയിലോ വരികയാണെങ്കിലും കേരളം തോറ്റുപോകുന്നു. എന്തുകൊണ്ട് ഇങ്ങനെ തുടർച്ചയായി കേരളം തോൽക്കുന്നു എന്നത് സംബന്ധിച്ച് പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇവിടെ 5 ജില്ലകളിൽ 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ സ്വത്തും ജീവനും നഷ്ടപ്പെടുന്ന കാര്യത്തെ സംബന്ധിച്ച് അല്ലെങ്കിൽ അതിന് ഭീഷണി വരുന്നതു സംബന്ധിച്ച് എന്തുകൊണ്ട് നമുക്ക് ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല? 160 അടി ഉയരമുള്ള ഡാമിൽ വെള്ളം സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് 1970-ൽ കേരളവും തമിഴ്നാടും തമ്മിൽ ചർച്ച നടത്തി. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യരായ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. അതിൽ പറഞ്ഞത് 136 അടിയിൽ കൂടുതൽ വെള്ളം സംഭരിക്കപ്പെട്ടുകഴിഞ്ഞാൽ അത് ഡാമിന്റെ സുരക്ഷയെത്തന്നെ ബാധിക്കും അതുകൊണ്ട് 136 അടിതന്നെ വെള്ളം സംഭരിച്ചാൽ മതി എന്നാണ്. ഇവിടെ ടെക്നിക്കൽ സമിതിയും ഇതേ അഭിപ്രായം മുമ്പ് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് 136 അടി വെള്ളം അവിടെ സംഭരിക്കപ്പെട്ടിരുന്നത്. അവിടെ സംഭരിക്കപ്പെട്ടിരുന്ന 136 അടിയിൽ നിന്നുതന്നെയാണ് തമിഴ്നാട്ടിലേക്ക് നാളിതുവരെ വെള്ളം കൊടുത്തിരുന്നത്. യാതൊരു എതിരഭിപ്രായവും തമിഴ്നാട്ടിലെ ജനങ്ങളോ തമിഴ്നാട് ഗവൺമെന്റോ ഇതിനുമുമ്പ് പ്രകടിപ്പിച്ചിരുന്നില്ല. തമിഴ്നാട്ടിലേക്ക് വെള്ളം കൊടുക്കുന്നതിൽ ആരും എതിരല്ല. തമിഴ്നാട്ടിലേയും കേരളത്തിലേയും ജനങ്ങൾ സഹോദരീ സഹോദരന്മാരെപ്പോലെ കഴിയുന്നവരാണ്. അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ, തമിഴ്നാട്ടിലെ ജനങ്ങൾ കേരളത്തോടും കേരളത്തിലെ ജനങ്ങൾ തമിഴ്നാട്ടിനോടും യാതൊരു വൈമുഖ്യവും ഇന്നുവരെ കാണിച്ചിട്ടില്ല. ഇവിടെ പ്രശ്നം കേരളത്തിന്റെ താത്പര്യങ്ങൾ ഹനിക്കുന്ന രൂപത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭാഗത്തുനിന്നും വിധിയുണ്ടാകുന്നു. ആ വിധിയുണ്ടാകുന്നത് കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

താത്പര്യങ്ങൾ ഉയർത്തിക്കാണിക്കാൻ നമുക്കു കഴിയാതെ പോകുന്നതിന്റെ അടിസ്ഥാനത്തിലാണ്. സബ്ജക്ട് കമ്മിറ്റി മുല്ലപ്പെരിയാറിൽ വിവിധ ഘട്ടങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. ഞാൻ ആ കമ്മിറ്റിയിലെ ഒരംഗമാണ്. ബഹുമാന്യനായ ടി. എം. ജേക്കബ് ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന സമയത്ത്, അദ്ദേഹം അതിന്റെ ചെയർമാനായിരുന്ന സമയത്ത് ഇന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അതിൽ അംഗമായിരുന്നു. ഞാനും അതുപോലെതന്നെ ശ്രീ. കോടിയേരി ബാലകൃഷ്ണനും ഈ സഭയിലെ ബഹുമാന്യരായ ചില അംഗങ്ങളെല്ലാം മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയുണ്ടായി. ഡാമിന്റെ സുരക്ഷ അപകടത്തിലാണെന്ന പത്രവാർത്തയാണ് അന്ന് ഞങ്ങളെ മുല്ലപ്പെരിയാർ ഡാം സന്ദർശിക്കാൻ പ്രേരിപ്പിച്ചത്. ഞങ്ങൾ ചെന്നപ്പോൾ ഡാമിന്റെ പലസ്ഥലങ്ങളിലായി ചോർച്ച കാണാനിടയായി. 136 അടിയിൽ കൂടുതൽ വെള്ളം ഡാമിൽ സംഭരിക്കപ്പെടുന്ന ഒരു സാഹചര്യം വരികയാണെങ്കിൽ, 136 അടിയായി കഴിഞ്ഞാൽ സ്പിൽവേയിലൂടെ വെള്ളം താഴേക്ക് ഒഴുകി വരണം. ഞങ്ങൾ അന്നുകണ്ടത് ആ സ്പിൽവേയുടെ മുന്നിൽ കല്ലും മണ്ണുമിട്ട് വെള്ളം ഒഴുകി വരുന്നത് തടസ്സപ്പെടുത്തിയിരിക്കുകയാണ്. അന്ന് വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണമെന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതാണ്. അതുമാറ്റാൻ നമുക്ക് കഴിയുന്നില്ല. അതുപോലെതന്നെ അതിന്റെ സുരക്ഷയെ സംബന്ധിച്ച് പരിശോധന നടത്താനും വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഒരുക്കാനും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ ആ കമ്മിറ്റി ശുപാർശ ചെയ്തു. പക്ഷേ ഫലപ്രദമായി നടപ്പിലായില്ല. അതുപോലെതന്നെ ജീവനക്കാർക്ക് അവിടെ താമസിക്കാനുള്ള ക്വാർട്ടേഴ്സ് സംവിധാനം ഒരുക്കാൻ പറഞ്ഞു. യാത്ര ചെയ്യാൻ ബോട്ട് സംവിധാനം ഒരുക്കാൻ പറഞ്ഞു. ആ റിപ്പോർട്ട് ഈ നിയമസഭയിൽ സമർപ്പിക്കപ്പെട്ടു. നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നു എന്നുള്ളതല്ലാതെ ആ റിപ്പോർട്ടിനകത്ത് എന്ത് എഴുതിവയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്ത് അതിനൊരു പരിഹാരം കാണാൻ നമുക്ക് കഴിയുന്നില്ല. ഒരുപക്ഷേ അതിൽ പറയുന്ന ശുപാർശകൾ ചർച്ച ചെയ്യപ്പെടാൻ കഴിയുമായിരുന്നു വെങ്കിൽ കേരളത്തിന്റെ താത്പര്യങ്ങൾ കുറേക്കൂടി ബോധ്യപ്പെടുത്താൻ നമുക്ക് കഴിയുമായിരുന്നു. അത്തരത്തിലൊരു നിലപാടിലേക്ക് നമ്മൾ എത്തുന്നില്ല. ഇവിടെ ഈ നിയമത്തിൽ പറയുന്ന ചില കാര്യങ്ങളുണ്ട്. അതിലൊന്ന് വളരെയധികം ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ചാണ്. അവയുടെ പേരും കാര്യങ്ങളും ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ പറയുന്ന ഒരു മംഗലം ഡാമുണ്ട്. ഇപ്പോൾ മംഗലം ഡാമിന്റെ സ്ഥിതിയെന്താണ്? മംഗലം ഡാമിൽ കന്നുകാലികൾ മേയുകയാണ്. ആ ഡാമിലെ വെള്ളം വേണം പാലക്കാട് ജില്ലയിലെ വളരെയധികം പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിക്കാനും കൃഷിക്കും വേണ്ടി ഉപയോഗിക്കേണ്ടത്. മറ്റൊരു ഡാം ആണ് വാളയാർ ഡാം. വാളയാർ ഡാമിന്റെ സ്ഥിതി എന്താണ്? മലബാർ

LIBRARY ARCHIVES Kerala Legislative Assembly

സിമന്റ് സിന് ആവശ്യമായ ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുന്നത് ഇന്നും വാളയാർ ഡാമിന്റെ പരിധിക്കകത്തുനിന്നുമാണ്. അതുപോലെ മലമ്പുഴ ഡാമുണ്ട്. മലമ്പുഴ ഡാമിന്റെ ഒന്നാംപുഴ ഗതിമാറ്റി കൊണ്ടുപോകുന്നു. മലമ്പുഴ ഡാം നിർമ്മിക്കുന്നത് തന്നെ പാലക്കാട് ജില്ലയിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും അവിടെ മുന്നൂപു കൃഷി ചെയ്യുന്നതിനും വേണ്ടിയാണ്. ഇപ്പോൾ മലമ്പുഴ ഡാം നിറയുന്നില്ല. പാലക്കാട് ജില്ലയിൽ ഈ മലമ്പുഴ ഡാമിനെ ആശ്രയിച്ച് കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ പ്രയാസമനുഭവിക്കുമ്പോഴും മലമ്പുഴ ഡാമിൽ നിന്നും ആവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നെൽക്കൃഷി വരണ്ട് ഉണങ്ങിപ്പോവുകയാണ്. കൃഷി ചെയ്യാൻ കഴിയുന്നില്ല. പച്ചക്കറിയും മറ്റു സാധനങ്ങളും മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടേക്ക് കൊണ്ടുവന്ന് ആളുകൾ ഉപയോഗിക്കുന്നു. ഇതിനെല്ലാം സാധ്യമായിട്ടുള്ള ആ ജില്ലയിൽ വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ കഴിയുന്നില്ല. അപ്പോഴും മലമ്പുഴ ഡാം നിറയ്ക്കാൻ സഹായകരമായിട്ടുള്ള നദികൾ ഇടയ്ക്കുവച്ച് ഗതിമാറ്റി കൊണ്ടുപോകുന്നു. അതു കണ്ടെത്താൻ നമുക്ക് കഴിയുന്നുണ്ടോ? കണ്ടെത്തിയാൽ തന്നെ അത് പരിഹരിക്കാനാവശ്യമായ നടപടി നമുക്ക് സ്വീകരിക്കാൻ കഴിയുന്നുണ്ടോ? പാലക്കാട് ജില്ലയിലേയും കേരളത്തിലേയും ജനങ്ങളുടെ താത്പര്യങ്ങൾ ഉയർത്തിക്കാട്ടി ആ താത്പര്യങ്ങൾ സംരക്ഷിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? കഴിയുന്നില്ല. അതുപോലെതന്നെ മറ്റൊന്നാണ് പറമ്പിക്കുളം-ആളിയാർ കരാർ. പറമ്പിക്കുളം-ആളിയാർ കരാറിൽ നിന്നും നമുക്ക് കിട്ടേണ്ടതായ വെള്ളം അളന്നെടുക്കാൻ 20 ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ കൃത്യമായി വെള്ളം അളന്നെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഭാഗമായി നമുക്ക് കിട്ടേണ്ട വെള്ളം കിട്ടിയിരു ന്നുവെങ്കിൽ പാലക്കാട് ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ മുന്നൂപു കൃഷിചെയ്യാനും അവിടെയുള്ള ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാനും ആ ജില്ലയെ അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകാനും നമുക്ക് കഴിയുമായിരുന്നു. ഇപ്പോൾ അത് കഴിയുന്നില്ല. അതുപോലെതന്നെ ഭവാനി നദിയുണ്ട്. ബഹുമാന്യനായ ആർ. ബാലകൃഷ്ണപിള്ള നേരത്തേ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഭവാനി പുഴയിൽ നിന്നും നമുക്ക് കിട്ടേണ്ട വെള്ളം കിട്ടുന്നില്ല. അതിന്റെ പ്രയാസങ്ങളും പ്രശ്നങ്ങളും അവിടെ നിൽക്കുകയാണ്. ഇങ്ങനെ നമ്മുടെ താത്പര്യങ്ങളൊന്നുംതന്നെ സംരക്ഷിക്കാൻ നമുക്ക് കഴിയുന്നില്ല. നേരെമറിച്ച് ഏറ്റവും കൂടുതൽ അപകടകരമായ ഒരു സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുകയുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ മറ്റെന്തിനേക്കാളും മുൻനിർത്തി കൂട്ടായി പ്രവർത്തിച്ചാൽ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചെടുക്കാൻ നമുക്ക് കഴിയും. അതിന് സഹായകരമായിട്ടുള്ള ഒരു നിലപാടാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത് എന്നതുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. പി. ടി. തോമസ്: സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയായി ഉയർത്താമെന്നുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി വന്നതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള ഗുരുതരമായ സാഹചര്യങ്ങളെ നേരിടാൻ ഇപ്രകാരം ശക്തമായ ഒരു നിയമനിർമ്മാണവുമായി മുന്നോട്ടുവന്ന ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനേയും അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റിനേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സയൻസ് ഡെയ്‌ലി എന്നുപറയുന്ന മാഗസിനിൽ പറഞ്ഞിരിക്കുന്നത് The war over water predicted by United Nations Environment Official. A future war over water is distinct possibility according to Culas Tropler, Director General of the United Nations Environment Programme എന്നാണ്. ഭാവിയിലുണ്ടാകുന്ന യുദ്ധങ്ങൾ വെള്ളത്തിനു വേണ്ടിയാകുമെന്ന് ലോകം മുഴുവൻ ഇന്ന് ആശങ്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ നിയമസഭ അത്യപൂർവ്വമായ ഒരു നടപടിക്രമത്തിലൂടെ ഈ കാര്യം ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. 44 നദികൾ കൊണ്ട് അനുഗ്രഹീതമാണ് കേരളം. പാഠപുസ്തകത്താളുകളിലെ ഈ സമൃദ്ധി കേരളീയരെ, മലയാളികളെ എന്നും തെറ്റിദ്ധരിപ്പിച്ചിട്ടേയുള്ളൂ. 15 കിലോമീറ്റർ നീളമുള്ള ഒരു തോടുപോലും ഒരു നദിയായി നാം കണക്കാക്കിയിരിക്കുകയാണ്. ദേശീയ മാനദണ്ഡമനുസരിച്ച് കേരളത്തിൽ ഒരു നദിപോലുമില്ല. രണ്ടായിരം ചതുരശ്ര കിലോമീറ്റർ നീർവാഴ്ച പ്രദേശമുള്ള നദിയെയാണ് വൻനദിയായി കണക്കാക്കപ്പെട്ടിരിക്കുന്നത്. നാല് ഇടത്തരം നദികൾ മാത്രമാണ് നമുക്കുള്ളത്. പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, പമ്പ. ഈ നാലു നദികളുടേയും നീർവാഴ്ച പ്രദേശമെന്നു പറയുന്നത് 8250 ചതുരശ്ര മീറ്റർ മാത്രമാണ്. 40 ചെറുനദികളുടെ ജലസംഭരണിയുടെ നീർവാഴ്ച പ്രദേശം എന്നു പറയുന്നത് 19,489 ചതുരശ്ര മീറ്റർ ആണ്. കേരളം ജല ഉപഭോഗത്തിന്റെ കാര്യത്തിൽ രാജസ്ഥാനെക്കാൾ പിന്നിലാണെന്നു പറഞ്ഞാൽ വിശ്വസനീയമായി പലർക്കും തോന്നില്ല. സത്യം അതാണ്. നമ്മുടെ ജലസമ്പത്തിന്റെ 62 ശതമാനവും പാഴായി കടലിൽ പതിക്കുകയാണ്. 25 ശതമാനം മാത്രമാണ് നമ്മൾ ഉപയോഗിക്കുന്നത്. ബാക്കി നീരാവിയായും വൃക്ഷങ്ങൾ വലിച്ചെടുത്തുമൊക്കെ പോകുകയാണ്. നദീജലം സംബന്ധിച്ച് കേരളത്തിൽ പ്രമുഖമായ രണ്ടു പഠനങ്ങൾ നടന്നിട്ടുണ്ട്. 1958-ൽ പി. എച്ച്. വൈദ്യനാഥൻ എന്നു പറയുന്ന പ്രശസ്തനായ എൻജിനീയർ Advanced Studies in Water Resources of Kerala എന്ന സ്റ്റഡിയും 1974-ൽ ഭരതൻ നടത്തിയ Water Resources of Kerala-യും എന്ന രണ്ടു പഠനങ്ങളാണ് പ്രധാനമായും നടന്നിട്ടുള്ളത്. ഈ രണ്ടു പഠനങ്ങൾ തമ്മിലും വലിയ അന്തരം ഉണ്ടായിട്ടുണ്ട്. ജലലഭ്യത കണക്കാക്കുമ്പോൾ ജലത്തിന്റെ അളവ് കണക്കാക്കണമെന്ന് വൈദ്യനാഥനും, അതല്ല ഉപയോഗിക്കുന്ന ജലത്തിന്റെ അളവാണ് കണക്കാക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഭരതനും തർക്കിക്കുകയുണ്ടായി. അങ്ങനെയുള്ള തർക്കങ്ങളാണ് ജലസമ്പത്തുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. കേരളവും തമിഴ്നാടും തമ്മിലുള്ള, മുല്ലപ്പെരിയാർ-പറമ്പിക്കുളം-ആളിയാർ നദീജല കരാറിനോടനുബന്ധിച്ച് ഒരു പഠനം നടത്തിയത് 1993 മേയ് 25-ന് ബഹുമാനപ്പെട്ട ഈ സഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പശ്ചാത്തലത്തിലാണ്. ആ കമ്മിറ്റിയിൽ അംഗമായിരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. ടി. എം. ജേക്കബ്, ശ്രീ. എം. കെ. മുനീർ, ശ്രീ. എ. സുജനപാൽ തുടങ്ങിയവരൊക്കെ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ആ 14 അംഗ സമിതി പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 1994 ജനുവരി 6-ന് ഈ സമിതി മുല്ലപ്പെരിയാർ സന്ദർശിക്കുകയുണ്ടായി. മുല്ലപ്പെരിയാർ സന്ദർശനത്തെത്തുടർന്ന്, ആ കമ്മിറ്റിയുടെ പരിധിയിൽ ഉണ്ടായിരുന്ന പറമ്പിക്കുളം-ആളിയാർ തുടങ്ങിയ പ്രദേശങ്ങളും സമിതി സന്ദർശിക്കുകയുണ്ടായി. അതിനെത്തുടർന്നാണ് ഈ പ്രശ്നം, അടുത്ത കാലത്ത് ഗൗരവമായ ഒരു ചർച്ചയ്ക്ക് കേരള സംസ്ഥാനം വിധേയമാക്കിയത്. മുല്ലപ്പെരിയാറിന്റെ ചരിത്രം, തിരുവിതാംകൂർ മഹാരാജാവും ഇന്ത്യാ ഗവൺമെന്റ് സ്റ്റേറ്റ് സെക്രട്ടറിയും തമ്മിൽ 1886-ൽ ഒപ്പു വച്ച പെരിയാർ പാട്ടഉടമ്പടി പ്രകാരം കേരളത്തിലെ ഏറ്റവും നീളംകൂടിയ നദിയായ പെരിയാർ നദിയുടെ പോഷകനദിയായ മുല്ലപ്പെരിയാറിൽ മദ്രാസ് സംസ്ഥാന-തിരുവിതാംകൂർ അതിർത്തി പ്രദേശത്ത് ഒരു അണക്കെട്ട് പണിത് പെരിയാറിലെ ജലം കിഴക്കോട്ട് തിരിച്ചുവിട്ട് മധുര ജില്ലയിൽ ജലസേചനം നടത്തുക എന്നതായിരുന്നു മുഖ്യലക്ഷ്യം. പ്രസ്തുത പദ്ധതിക്കായി 8000 ഏക്കർ സ്ഥലം സംഭരണിക്കുവേണ്ടിയും 100 ഏക്കർ സ്ഥലം നിർമ്മാണ പ്രവർത്തനത്തിനുവേണ്ടിയും വിട്ടു കൊടുക്കാനാണ് കരാർ ഉണ്ടായിരുന്നത്. അതനുസരിച്ച് 1886 ജനുവരി ഒന്നു മുതൽ 999 വർഷത്തേക്ക് മദ്രാസിനു പാട്ടത്തിനു നൽകുകയാണുണ്ടായത്. 1886-ൽ ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസുമായി കരാർ ഒപ്പിടാൻ നാട്ടുരാജ്യമായ തിരുവിതാംകൂറിന്റെ മേൽ വലിയ സമ്മർദ്ദം ഉണ്ടായിരുന്നതായി ചരിത്രരേഖകൾ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടുതന്നെ ഈ നിയമം ആധുനിക കാലഘട്ടത്തിൽ നമുക്ക് ചോദ്യം ചെയ്യാൻ കഴിയുന്നതാണ്. സമ്മർദ്ദത്തെത്തുടർന്ന് ഒരു നാട്ടുരാജ്യം ബ്രിട്ടീഷ് മേൽക്കോയ്മയുടെ മുമ്പിൽ കീഴ്പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 20 വർഷത്തെ പെറുത്തുനിൽപ്പിനുശേഷം ഗത്യന്തരമില്ലാതെ ഒപ്പിട്ട ഒരു കരാർ എന്നുള്ള നിലയിൽ അതിനു നിലനിൽപ്പില്ലെന്നു വാദിക്കാൻ ഭരണഘടനയുടെ പിൻബലത്തിൽ നമുക്ക് കഴിയുമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ തിരുവിതാംകൂറിനുവേണ്ടി അന്നത്തെ ദിവാൻ രാമയ്യങ്കാറും മദ്രാസ് സംസ്ഥാനത്തിനുവേണ്ടി, സെക്രട്ടറി ഓഫ് സ്റ്റേറ്റിനുവേണ്ടി റസിഡന്റ് ജോൺ ഹൈൽഡ് ഹൗസ് ഹാനിങ്കനുമാണ് ഈ കരാറിൽ ഒപ്പു വച്ചത്. പെരിയാർ നദിയുടെ ഇരുകരകളിലായി തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ തൊടുപുഴ, ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട പ്രദേശങ്ങളാണ് ഈ കരാറിൽ ഉൾപ്പെട്ടിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മരങ്ങൾ, മൽസ്യബന്ധനം തുടങ്ങിയവയുടെ ഉടമസ്ഥാവകാശം 999 വർഷത്തേക്കു പാട്ടത്തിനു കൊടുത്തപ്പോഴും തിരുവിതാംകൂർ നിലനിർത്തിയിരുന്നു. ആ തിരുവിതാംകൂർ ഇന്നു കേരളത്തിന്റെ ഭാഗമാണ്. ഏക്കറിനു അഞ്ചു രൂപയായിരുന്നു പാട്ടത്തുക. ഈ തുകയാകട്ടെ തിരുവിതാംകൂർ ബ്രിട്ടീഷ് ഇന്ത്യയ്ക്കു നൽകേണ്ട കപ്പത്തിൽ നിന്നും കുറയ്ക്കുകയാണ്. അതുപോലും തന്നില്ല. അങ്ങനെയുള്ള ഈ കരാർ, ഏതെങ്കിലും ഒരു തർക്കമുണ്ടായാൽ ഇരു സർക്കാരുകളും നിശ്ചയിക്കുന്ന ഓരോ ആർബിട്രേറ്റർ ഉൾപ്പെടുന്ന ട്രിബ്യൂണലിനു വിടണമെന്നുള്ളതാണ് ഇതിനകത്തെ വ്യവസ്ഥ. അണക്കെട്ടിന്റെ നിർമ്മാണവും മറ്റു ചെലവുകളും മദ്രാസ് സംസ്ഥാനം വഹിക്കും. ഒൻപതു വർഷം കൊണ്ട് ഡാമിന്റെ പണി പൂർത്തിയായി. ഇന്നു കാണുന്ന മുല്ലപ്പെരിയാർ ഡാമും പെരിയാർ തടാകവും ഇപ്രകാരം രൂപംകൊണ്ടതാണ്. പെരിയാർ തടാകത്തിൽ നിന്നും ടണലിലൂടെ മധുര ജില്ലയിൽ വീഴുന്ന ജലം പ്രയോജനപ്പെടുത്തി വൈദ്യുതി ഉണ്ടാക്കാനുള്ള ഒരു പദ്ധതി 1932-ൽ മദ്രാസ് സർക്കാർ തയ്യാറാക്കുകയുണ്ടായി. ഇതിനെ തിരുവിതാംകൂർ വളരെ ശക്തിയായി എതിർത്തു. എന്റെ രണ്ടാമത്തെ പോയിന്റ്, യഥാർത്ഥ കരാറിൽ വൈദ്യുതിയെ സംബന്ധിച്ച് വ്യവസ്ഥയുണ്ടായിരുന്നില്ല. തർക്കം മുറുകിയപ്പോൾ പ്രശ്നം ആർബിട്രേറ്റർക്ക്, ട്രിബ്യൂണലിന്റെ തീരുമാനത്തിനു വിടേണ്ടിവന്നു. തിരുവിതാംകൂറിന്റെ പ്രതിനിധിയായി ശ്രീ. പി. എസ്. സുബ്രഹ്മണ്യ അയ്യരും മദ്രാസ് ഗവൺമെന്റിന്റെ പ്രതിനിധിയായി ശ്രീ. ഡേവിഡ് ദേവദാസും നിയമിക്കപ്പെട്ടു. കേരളത്തിനുവേണ്ടി സർ സി. പി. രാമസ്വാമി അയ്യരും മദ്രാസിനുവേണ്ടി അല്ലാടി കൃഷ്ണസ്വാമി അയ്യരും ട്രിബ്യൂണലിൽ തെളിവുകൾ നിരത്തി വാദിക്കുകയുണ്ടായി. അവരുടെ ട്രിബ്യൂണലിൽ രണ്ടു അമ്പയർമാരും വ്യത്യസ്തങ്ങളായ വിധിന്യായങ്ങൾ പുറപ്പെടുവിച്ചതിനെത്തുടർന്ന് 1937-ൽ പ്രശ്നം അമ്പയർക്ക് വിടുകയുണ്ടായി. കൽക്കട്ട സ്വദേശിയായ നളിനിരഞ്ജൻ ചാറ്റർജി എന്നു പറയുന്ന അമ്പയർ ഈ കാര്യം വിശദമായി പരിശോധിച്ചു. ആ അമ്പയറുടെ മുമ്പിൽ സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിനുവേണ്ടി നടത്തിയ വാദം പ്രോജ്ജ്വലമായ ഒരു ചരിത്രസംഭവമാണ്. ഒരു സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഒരു ഭരണാധികാരി നടത്തിയ വാദം, രോമാഞ്ചജനകമായ ഓർമ്മകളോടുകൂടി മാത്രമേ ആ വാദത്തെ നമുക്കു കാണാൻ കഴിയൂ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ മറ്റാരെങ്കിലും ഇത്രയും ശക്തമായി കേരളത്തിനുവേണ്ടി വാദിച്ചിട്ടുണ്ടോ എന്നുപോലും സംശയമാണ്. ജലസേചനത്തിനായി മധുര ജില്ലയ്ക്കു നൽകിയിരുന്ന ജലം കുടിവെള്ളത്തിനുവേണ്ടിപ്പോലും ഉപയോഗിക്കാൻ പാടില്ലെന്നായിരുന്നു സർ സി.പി. രാമസ്വാമി അയ്യരുടെ വാദം. സർ സി. പി. രാമസ്വാമി അയ്യരുടെ വാദം അമ്പയർ അംഗീകരിക്കുകയും തിരുവിതാംകൂറിന് അനുകൂലമായ വിധിയുണ്ടാകുകയും ചെയ്തു. അന്നു കരാർ ജലസേചനത്തിനുവേണ്ടി മാത്രമായിരുന്നു. അതിൽ രണ്ടു മൂന്നു കാര്യങ്ങൾ കൂടി പറഞ്ഞിരുന്നു. ജലസേചനത്തിനൊഴികെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. സ്വാതന്ത്ര്യ സമ്പാദനത്തെത്തുടർന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ചില നടപടിക്രമങ്ങൾ രഹസ്യമായി നടന്നു. 1956-59 കാലഘട്ടത്തിൽ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദിപ്പിക്കാനുള്ള മൂന്ന് പെൻസ്ട്രോക്ക് പൈപ്പുകൾ അനുമതിയില്ലാതെ മദ്രാസ് സംസ്ഥാനമുണ്ടാക്കി. കരാറിനുവിരുദ്ധമായി വൈദ്യുതി പൈപ്പുകളുടെ ഉല്പാദനം ആരംഭിച്ചു. 1956-ൽ അനധികൃതമായി നാലാമത് ഒരു പെൻസ്ട്രോക്ക് പൈപ്പ് കൂടി സ്ഥാപിക്കപ്പെട്ടു. 1957 കാലഘട്ടത്തിൽ കരാർ ഭേദഗതി ചെയ്യുന്നതിനു അനുകൂലമായി കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അടക്കമുള്ള നിരവധി കേന്ദ്രങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായതായി ചരിത്ര രേഖകൾ പുണ്ടിക്കാണിക്കുന്നുണ്ട്. 1957-നു ശേഷം നടന്ന രണ്ടുകൂട്ടം ഉപതെരഞ്ഞെടുപ്പിൽ ബഹുമാന്യയായ റോസമ്മ പുന്നൂസും വി. കെ. നായരും തമ്മിൽ നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന്, മധുരയിൽ ശ്രീമതി റോസമ്മ പുന്നൂസിന് നൽകിയ സ്വീകരണത്തിൽ, മുല്ലപ്പെരിയാറിലെ ജലം തമിഴ്നാടിനു കിട്ടുന്നതിനെ സംബന്ധിച്ച് താൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്ന് പറഞ്ഞ ഒരു പത്ര കട്ടിംഗ്സ് എന്റെ കൈവശമുണ്ട്. 'വീക്കിലി കേരള' എന്നു പറയുന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിൽ പി. വി. തമ്പി ഇതിനെ സംബന്ധിച്ച് ലേഖനങ്ങൾ എഴുതിയിരുന്നു. അന്ന് ബഹുമാന്യനായ പനമ്പിള്ളി ഗോവിന്ദമേനോൻ സ്ക്രൂട്ടേറ്റർ എന്നു പറയുന്ന തൂലികാനാമത്തിൽ ഇതു സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിരുന്നു. 1958 കാലഘട്ടത്തിൽ ബഹുമാന്യനായ ഇ. എം. എസ്. ഒരു സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ സർവ്വകക്ഷി യോഗത്തിൽ നിന്നും അന്ന് കോൺഗ്രസ്സ് ഇറങ്ങിപ്പോകുകയും പ്രഗത്ഭനായ കെ. ബാലകൃഷ്ണൻ അതിനെതിരായി വ്യാപകമായ പ്രചരണം നടത്തുകയും ചെയ്ത ചരിത്രസത്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ട്. ഇങ്ങനെയുള്ള ചരിത്ര പശ്ചാത്തലത്തിൽ, 1970 മേയ് 29-ന് മുല്ലപ്പെരിയാർ ഭേദഗതി കരാർ ഉണ്ടായി. 13-11-1954 മുതൽ മുൻകാല പ്രാബല്യം ഈ കരാറിനു നൽകി. 30 വർഷം കൂടുമ്പോൾ കരാർ പുതുക്കണമെന്നതായിരുന്നു അന്നത്തെ വ്യവസ്ഥ. ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനായി 41.17 ഏക്കർ സ്ഥലം കൂടി വിട്ടുകൊടുക്കാൻ തീരുമാനമായി. വൈദ്യുതി ഉല്പാദനത്തിൽ നിന്നും ലഭിക്കുന്ന ആദായം സംസ്ഥാനത്തിനു നൽകണമെന്നും വ്യവസ്ഥയുണ്ടാക്കി. അതിനകത്ത് നമുക്ക് ഇടപെടാൻ കഴിയുന്ന മറ്റു വ്യവസ്ഥകളുമുണ്ട്. ഒരു വർഷത്തെ ഉല്പാദനം 350 മില്യൺ യൂണിറ്റ് അധികരിച്ചിട്ടില്ലെങ്കിൽ ഓരോ 8760 യൂണിറ്റിനും 12 രൂപയും 350 മില്യൺ യൂണിറ്റ് അധികരിച്ചാൽ ഓരോ 8760 യൂണിറ്റിനും 18 രൂപയും നൽകണമെന്നതാണ് ഒരു വ്യവസ്ഥ. ഭൂമിയുടെ പാട്ടക്കരം പെരിയാർ ഇറിഗേഷൻ പ്രോജക്ടിന്റെ പെരുമ്പാവൂർ യൂണിറ്റ് ഓഫീസിൽ അടയ്ക്കണം തുടങ്ങിയ വ്യവസ്ഥകളും അതിൽ ഉണ്ടായിരുന്നു. മറ്റൊരു പ്രധാനപ്പെട്ട സംഭവം ബേബി ഡാമുമായി ബന്ധപ്പെട്ടുള്ളതാണ്. കരാറിൽ വ്യവസ്ഥയില്ലാതെ ബേബി
12 Noon.] ഡാം ഇടയ്ക്ക് നിർമ്മിക്കപ്പെടുകയുണ്ടായി. (+)152 അടി ആയിട്ടുള്ള ഒരു നിർദ്ദേശം തമിഴ്നാട് കേരളത്തിന് നൽകിയിരുന്നു. ഈ ഡാം ശക്തിപ്പെടുത്തുന്നതിന് കേരളം അനുമതി നൽകിയിട്ടില്ല. അനുമതിയില്ലാതെ ഡാം ശക്തിപ്പെടുത്തലുമായി തമിഴ്നാട് മുന്നോട്ടു പോയി. ഒരു ചെറിയ അണകെട്ടി. ആ

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ അണക്കെട്ട് വലിയ അണക്കെട്ടിന്റെ ഭാഗമാണെന്നാണ് തമിഴ്നാടിന്റെ വാദം. ചെറിയ അണക്കെട്ടിന്റെ സ്ഥാനം പ്രധാന അണക്കെട്ടിൽ നിന്നും മാറിയാണെന്നും അതുകൊണ്ട് ഡാം ശക്തിപ്പെടുത്തുന്നതിന് കേരളാ ഗവൺമെന്റിന്റെ അനുമതി വേണമെന്നും 16-11-1988-ൽ ഒരു കത്തുമുഖേന സംസ്ഥാന ഗവൺമെന്റ് തമിഴ്നാട് ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. മുല്ലപ്പെരിയാർ കരാർ ഒരുപക്ഷേ ലോകത്തിലെതന്നെ ഏറ്റവും പുരാതനമായ ഒരു കരാറാണ്. 1886-ൽ 999 വർഷത്തേക്ക് തിരുവിതാംകൂറും ബ്രിട്ടീഷ് സാമ്രാജ്യവുമായി ഉണ്ടാക്കിയ ഈ കരാർ കാലഹരണപ്പെട്ടുവെന്ന് ഇന്നുവരെ നമ്മൾ വാദിച്ചിട്ടില്ല. 1947-ലെ ഇൻഡ്യൻ ഇൻഡിപെൻഡൻസ് ആക്ടും 1956-ലെ സ്റ്റേറ്റ് റീഓർഗനൈസേഷൻ ആക്ടും അനുസരിച്ച് 1947-ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിന്റെ 19 സബ്സെക്ഷൻ (1) അനുസരിച്ച് ഈ കരാർ നിലനിൽക്കുന്നില്ലെന്ന് വാദിക്കാൻ പലപ്പോഴും നമുക്ക് സാധിച്ചിട്ടില്ല. 1947-നും 1956-നും ഇടയിൽ ഒരു stand still കരാർ ഉണ്ടാക്കിയിട്ടില്ല എന്നുള്ളതുകൊണ്ട് ഈ കരാർ നിലനിൽക്കുന്നതല്ലെന്നുള്ള വാദം ഇന്നുവരെ ശക്തമായി കേരളാ ഗവൺമെന്റിന് ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ കരാറിന്റെ 999 വർഷത്തെ കാലപരിധിയെ സംബന്ധിച്ചും കരാറിന്റെ നിയമസാധുതയെ സംബന്ധിച്ചും ഗൗരവതരമായ ഒരു സമീപനം സ്വീകരിക്കണമെന്ന ഒരു നിർദ്ദേശംകൂടി ഈ അവസരത്തിൽ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കർണ്ണാടകവും തമിഴ്നാടും തമ്മിലുള്ള കാവേരി നദീജല തർക്കത്തിൽ 1947-നും 1956-നുമിടയിൽ ഒരു സ്റ്റാന്റ് സ്റ്റിൽ കരാറുണ്ടാക്കി അവർ അത് പ്രൊട്ടക്ട് ചെയ്തതുകൊണ്ടാണ് ആ കരാർ നിലനിന്നതെന്ന് കാവേരി നദീജല തർക്കത്തിന്റെ വസ്തുതകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇതായിരുന്നു അതിന്റെ ഒരു പൊതു പശ്ചാത്തലം. 1964 മുതൽ മുല്ലപ്പെരിയാർ ഡാമിൽ ചോർച്ച കാണുകയുണ്ടായി. വിദഗ്ദ്ധ പരിശോധനയെത്തുടർന്ന് സുരക്ഷിതത്വ നടപടികൾ ആവശ്യമാണെന്ന് തെളിയുകയുണ്ടായി. സെൻട്രൽ വാട്ടർ കമ്മീഷൻ ഉദ്യോഗസ്ഥൻമാരോടൊപ്പം കേരളാ തമിഴ്നാട് ഉദ്യോഗസ്ഥൻമാർ 10-4-1964, 9-5-1978, 23-11-1979, ഈ മൂന്നു പ്രാവശ്യം മുല്ലപ്പെരിയാർ ഡാം സന്ദർശിച്ചു. അതിന്റെയടിസ്ഥാനത്തിൽ ജലനിരപ്പ് 152 അടിയിൽ നിന്ന് 136 അടിയിലേക്ക് താഴ്ത്തിനിർത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. ജലവിതാനം താഴ്ത്തി നിർത്താൻ സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ചു. ഇതിനെത്തുടർന്ന് അണക്കെട്ട് ബലപ്പെടുത്തൽ നടപടി ആരംഭിക്കേണ്ടതാണെന്നും ബലപ്പെടുത്തൽ നടപടികൾ കേരളത്തിനുകൂടി ബോദ്ധ്യമാകണമെന്നും അവർ നിർദ്ദേശിച്ചു. ഞാൻ ഉന്നയിക്കുന്ന നാലാമത്തെ പോയിന്റാണ്. ബലപ്പെടുത്തൽ നടപടികൾ കേരളത്തിനുകൂടി ബോദ്ധ്യപ്പെട്ടുകൊണ്ടായിരിക്കണം എന്നുള്ളതായിരുന്നു നിബന്ധന. എന്നാൽ ഈ ബലപ്പെടുത്തൽ നടപടികൾ ഒരു കാലഘട്ടത്തിലും കേരളത്തെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല എന്നുള്ളത് സുപ്രീം കോടതിയിൽ വാദിച്ചാൽ നമുക്ക് രക്ഷപ്പെടാൻ കഴിയുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു. 1987-വരെ നടന്ന

LIBRARY ARCHIVES Kerala Legislative Assembly

പണികൾ പരിശോധിച്ചതിൽ തമിഴ്നാട് അനധികൃതമായി മുല്ലപ്പെരിയാർ ഡാമിൽ അരമതിൽ കെട്ടി ഉയർത്തിയതും തെളിയുകയുണ്ടായി. കേന്ദ്ര വാട്ടർ കമ്മീഷന്റെ അദ്ധ്യക്ഷതയിൽ 25-1-1979-ൽ കൂടിയ യോഗത്തിൽ കേരളത്തിലേയും തമിഴ്നാട്ടിലേയും ഉദ്യോഗസ്ഥൻമാർ തീരുമാനിച്ച പണിയിൽ അരമതിൽ ഉൾപ്പെടുത്തിയിരുന്നില്ല. നിയമസഭാ കമ്മിറ്റി ഇതിനെ സംബന്ധിച്ച് ഗഹനമായ ഒരു പഠനം നടത്തിയപ്പോൾ മൂന്ന് നാല് പ്രധാനപ്പെട്ട കാര്യങ്ങൾ അവർ പറഞ്ഞു. ഒന്ന് അരമതിൽ നിർമ്മിച്ചത് അനധികൃതമാണ്. രണ്ട്, ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ചുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധമായ പരിശോധനയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. മൂന്ന്, വൈദ്യുതി ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നൽകുന്ന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കണമെന്ന കരാർ പ്രാബല്യത്തിൽ വന്ന 13-11-1954 മുതൽ ഓരോ പത്തുവർഷം കൂടുമ്പോഴും വിഹിതം പുനരവലോകനം നടത്തി നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു അതുപോലെതന്നെ ഓരോ മൂന്നു മാസം കൂടുമ്പോഴും ജലത്തിന്റെ റീഡിംഗ് എടുക്കണമെന്നും പറഞ്ഞു. All Waters of Mullaperiyar..... തമിഴ്നാടിന് ഉണ്ടെന്നാണ് കരാർ. അതനുസരിച്ച് നമുക്ക് വെള്ളം കിട്ടാൻ യോഗ്യതയില്ല. പക്ഷേ ഈ കരാറിനകത്ത് പറയുന്ന ചില സംജ്ഞകൾ നമുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും. അതുപോലെതന്നെ ബേബി ഡാമിന്റെ ജലവിതാനം ഉയർത്തുന്നതിന് അനുമതി നൽകരുതെന്നും സമിതി നിർദ്ദേശിച്ചിരുന്നു. മറ്റൊന്ന് പാട്ട ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് തർക്കമുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും പാട്ടത്തിന് കൊടുക്കുന്ന പ്രദേശങ്ങൾ റീസർവ്വേ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. നദീജല കരാറുകൾ സംബന്ധിച്ച ചർച്ചയിൽ വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തണമെന്നും അതൊരു സ്ഥിരരൂപി ആയിരിക്കണമെന്നും പറഞ്ഞിരുന്നു. അതുപോലെ നദികളെ സംബന്ധിച്ച് ദീർഘവീക്ഷണത്തോടെ പഠിക്കാനുള്ള നടപടികളുണ്ടാക്കണമെന്നും പറഞ്ഞിരുന്നു. അങ്ങനെയുള്ള നിരവധി കാര്യങ്ങൾ മാറി മാറി വന്ന ഗവൺമെന്റുകൾക്ക് തുടരാൻ കഴിഞ്ഞില്ല. ഡാം ബലപ്പെടുത്തിയെന്നു പറയുന്നത് (1) anchoring, (2) gapping, (3) grouting ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. ഈ anchoring, gapping, grouting ഇത് മൂന്നും കേരളത്തിലെ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഡാമിന് ബലം വർദ്ധിച്ചുവെന്ന് ഈ അടുത്തകാലത്ത് സുപ്രീം കോടതി വിധിക്കാനുണ്ടായ കാരണം നിലനിൽക്കുന്നതല്ല. ഇക്കാര്യത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കണം. രണ്ടാമത്തെ കാര്യം ബലപ്പെടുത്തൽ നടപടിയുടെ ബ്ലൂ പ്രിന്റ് കേരളത്തിന് നൽകണമെന്ന് പറഞ്ഞിരുന്നു. ഇന്നുവരെ ആ ബ്ലൂ പ്രിന്റ് കേരളത്തിന് കിട്ടിയിട്ടില്ല. ഗവൺമെന്റിന്റെ സാന്നിധ്യത്തിൽ നടന്നിട്ടില്ലെന്ന് ഞാൻ ആദ്യം പറഞ്ഞു. മറ്റൊന്ന് ഗ്രാവിറ്റി ഡാമായ മുല്ലപ്പെരിയാറിലെ anchoring, gapping, grouting എന്നിവ എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികരിക്കുമെന്നതിനെ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടന്നിട്ടില്ല. ഇന്ന് ഡാമുകളുടെ ബലപ്പെടുത്തൽ സ്കാൻ ചെയ്യാൻ അത്യാധുനിക സംവിധാനങ്ങളൊക്കെ വന്നിട്ടുണ്ട്. പക്ഷെ ഇതിനെ എങ്ങനെയാണ് ബാധിച്ചിരിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഇതുവരെ വിദഗ്ദ്ധ സമിതിയുടെ ഒരു പഠനം ഉണ്ടായിട്ടില്ല. പക്ഷേ കേരളത്തിലായാലും തമിഴ്നാട്ടിലായാലും കരാറുകാർ പണിയുന്ന പണിയിൽ കരാറിന് കാശ് വാങ്ങിച്ചെടുക്കാനുള്ള താൽപ്പര്യം സ്വാഭാവികമാണ്. ഞാൻ കരാറുകാരെ കുറ്റപ്പെടുത്തുകയല്ല. അതുകൊണ്ട് എത്രമാത്രം ശക്തമാണെന്നതിനെ സംബന്ധിച്ച് ഗൗരവതരമായ ഒരു ചർച്ചയുണ്ടാകണം. ചുരുക്കത്തിൽ ജലനിരപ്പ് 136 അടിയിൽ താഴ്ത്തി നിർത്തിയതിനുശേഷം കാര്യമായ വെള്ളമൊന്നും ഇടുക്കി ഡാമിലേക്ക് വന്നിട്ടില്ല. ഇവിടെ ശ്രീ. ജയചന്ദ്രൻ ചില കാര്യങ്ങൾ പറഞ്ഞു. ഇടുക്കി ജില്ലയിലൂടെ നടന്ന് ചില പൊതുപ്രവർത്തകൻമാർ ആവശ്യമില്ലാത്ത, സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിക്കുകയാണ്. ഇപ്പോൾ ഡാം പൊട്ടും 30 ലക്ഷത്തോളം ആളുകൾ മരിക്കും എന്നൊക്കെയുള്ള പ്രചരണങ്ങളാണ് നടത്തുന്നത്. ഇങ്ങനെയെല്ലാം പറഞ്ഞ് ഇടുക്കിയിലേക്ക് ആരും വരാത്ത ഒരു സാഹചര്യമുണ്ടാക്കാൻ ഭീതിജനകമായ ഒരു വാർത്ത അടിസ്ഥാനരഹിതമായി പ്രചരിപ്പിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട ഒരു ചർച്ചയിൽ ഞാൻ പറഞ്ഞു....

ശ്രീ. ഇ. എം. അഗസ്തി : അവരൊക്കെ സ്ഥിരമായി തെരഞ്ഞെടുപ്പിൽ തോറ്റുകൊണ്ടിരിക്കുന്ന ചില നേതാക്കൻമാരാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ് : തെരഞ്ഞെടുപ്പിൽ തോറ്റോ ജയിച്ചോ എന്നുള്ളതല്ല പ്രശ്നം. അത്തരം നേതാക്കൻമാർ കേരള സംസ്ഥാനത്ത് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടത്തിയ ഒരു പ്രവർത്തനത്തിന്റെ വൈകല്യംമൂലമാണ് ഇന്ന് സുപ്രീം കോടതി ഇങ്ങനെയൊരു വിധി പ്രഖ്യാപിക്കാൻ കാരണമെന്ന് ഞാൻ പറയാതിരുന്നത് ഇതൊരു രാഷ്ട്രീയ ചർച്ചയായി മാറാതിരിക്കാനാണ്. അതിന്റെ രേഖകൾ എന്റെ കയ്യിലുണ്ട്. പക്ഷേ ഇതൊരു രാഷ്ട്രീയ ചർച്ചയാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇടുക്കി, എറണാകുളം, കോട്ടയം, തൊടുപുഴ, കോതമംഗലം എന്നിവിടങ്ങളിലെ ആളുകളെല്ലാം ഇപ്പോൾ മരിച്ചുപോകുമെന്നു പറഞ്ഞ് തെരഞ്ഞെടുപ്പ് അടുത്തപ്പോൾ ഒരു രാഷ്ട്രീയ പ്രചരണവുമായി മന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫിനെപ്പോലുള്ളവർ ഇറങ്ങിയിരിക്കുകയാണ്. അതിൽ വളരെ സങ്കടമുണ്ട്. സന്തർഭോചിതമായി പറഞ്ഞുവെന്നുമാത്രമേയുള്ളൂ. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയായി നിർത്തിയതിനുശേഷം 0.5 ടി. എം. സി. ജലം മാത്രമാണ് ഇടുക്കി ഡാമിലേക്ക് വന്നിട്ടുള്ളത്. ഇന്നലെ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 126 അടിയാണ്. ഇനി പത്ത് അടികൂടി ഉയർന്നാലേ 136 അടി ആകുകയുള്ളൂ. ഇവിടെ പ്രധാനപ്പെട്ട ഒരു ചർച്ച നടക്കുന്നതുകൊണ്ട് ഞാൻ പറയട്ടെ 142 അടിയായി

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്താൻ സുപ്രീം കോടതി പറഞ്ഞതുകൊണ്ട് പെട്ടെന്ന് 142 അടിയായി വെള്ളം ഉയരുമോ? അതിന് വെള്ളം വേണ്ടേ? ഇപ്പോൾ 126 അടി വെള്ളം മാത്രമാണുള്ളത്. അവിടെ രണ്ടുതരം സ്പിൽവേയുണ്ട്. ഷട്ടർ ഇടാവുന്ന സ്പിൽവേയും ഷട്ടർ ഇല്ലാത്ത സ്പിൽവേയും. എക്കാലത്തും ഷട്ടർ ഉയർത്തി വയ്ക്കണമെന്നാണ് കരാർ. ഷട്ടർ അടയ്ക്കാൻ പാടില്ല. 136 അടിയിൽ ഒരിഞ്ചു വെള്ളം കൂടിയാൽ ഷട്ടർ ഇല്ലാത്ത സ്പിൽവേയിലൂടെയും ഷട്ടർ ഉള്ളിടത്തുകൂടെയും ആ ജലം പുറത്തേക്ക് വരും. അത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഷട്ടറില്ലാത്ത സ്പിൽവേയിൽ പോയി ഇതൊക്കെ പരിശോധിച്ചിട്ടുള്ളതാണ്. അതുകൊണ്ട് പ്രതിപക്ഷ നേതാവ് ഒരാശങ്കയും പ്രകടിപ്പിച്ചിട്ടില്ല. പ്രതിപക്ഷ നേതാവ് ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നത്തെ കാണുമ്പോൾ ബഹുമാനപ്പെട്ട പി. ജെ. ജോസഫിനെപ്പോലുള്ള ആളുകൾ ജനങ്ങളിൽ ആശങ്കയുണ്ടാക്കി ഒരു രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നത് അപകടകരമാണ്. മുല്ലപ്പെരിയാറിൽ 142 അടിയായി ജലനിരപ്പ് ഉയർത്തണമെന്ന് സുപ്രീം കോടതി പറഞ്ഞാലും ഉയരില്ല. അതിന് അവിടെ വെള്ളമില്ല.

ഇപ്പോൾ പറയുന്നത് ഇലക്ട്രിസിറ്റി ഉല്പാദനം നിർത്തിയതുകൊണ്ട് വെള്ളം കൂടുമെന്നാണ്. 126 അടി വെള്ളം മാത്രമേയുള്ളൂ. 1979 മുതൽ 2006 വരെ 0.5 ടി. എം. സി. വെള്ളം മാത്രമാണ് മുല്ലപ്പെരിയാറിൽനിന്ന് ഒഴുകി ഇടുക്കിയിൽ വന്നിട്ടുള്ളത്. അതിന്റെ കൃത്യമായ കണക്കുകളുണ്ട്. ഇത് ഇൻഡ്യാ ടുഡേ ദിനപത്രത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ജലനിരപ്പ് 136 അടിയുണ്ടോ ഇല്ലയോയെന്ന് നോക്കുന്ന പടമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇടുക്കിയിലെ മറ്റ് എം. എൽ. എ. മാരുമുണ്ട്. (പടം സഭയിൽ ഉയർത്തിക്കാട്ടി) എനിക്ക് ഈ ചർച്ചയുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ആവശ്യമില്ലാതെ സംഭ്രമജനകമായ വാർത്ത പ്രചരിപ്പിക്കരുത് എന്നാണ്. ഈ ബില്ലിന് നിയമപ്രാബല്യമുണ്ടായെന്ന് എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലൻ അടക്കം സംശയം പ്രകടിപ്പിച്ചിരുന്നു. അതിന് ഭരണഘടനയെടുത്ത് വായിക്കണം. സംസ്ഥാന ഗവൺമെന്റിന് നിയമനിർമ്മാണം നടത്തുന്നതിന് കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 186 അനുസരിച്ച് റൈറ്റ് ഉണ്ട്. ആളുകളെ ചുമ്മാ ഭയപ്പെടുത്തിയാൽ മതിയോ? ഇത്തരം ആശങ്കകൾക്ക് അറുതിവരുത്താൻ നിയമനിർമ്മാണത്തിന് മുന്നോട്ടുവന്ന ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെ തമിഴ്നാട് സ്ഥാപിച്ച ഷട്ടറുകളും ഷട്ടറിന് മോട്ടോർ പിടിപ്പിച്ച നടപടിയും തെറ്റാണെന്ന് നിയമസഭാ സമിതി തന്നെ പറഞ്ഞിട്ടുണ്ട്. പിന്നെ ഒരു പ്രധാനപ്പെട്ട സംഭവമുണ്ടായി. കേരളത്തിൽ നമ്മൾ ഉൾപ്പെടെ എല്ലാ ഭരണാധികാരികളും വാട്ടർ സേവിംഗ്സിന്റെ കാര്യത്തിൽ ഗൗരവതരമായ നിലപാടല്ല എടുക്കുന്നത്. കർണ്ണാടക തമിഴ്നാടിന്റെ വാട്ടർ ടാങ്കല്ല എന്നാണ് കർണ്ണാടകയിലെ മുഖ്യമന്ത്രിയായ ശ്രീ. എസ്. എം. കൃഷ്ണ തമിഴ്നാടിനോട് പറഞ്ഞത്. കേരളവും തമിഴ്നാടും തമ്മിൽ ഒരു സംഘർഷവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാൻ പാടില്ല. കേരളവും തമിഴ്നാടും സൗഹൃദ സംസ്ഥാനങ്ങളാണ്. പക്ഷേ നമ്മുടെ കാര്യങ്ങൾ ചോദിച്ചുവാങ്ങുന്നതിൽ നമ്മൾ വിട്ടുവീഴ്ച ചെയ്യാൻ പാടില്ല. 11-1-1996-ൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് പഠിക്കുന്നതിന് എ. കെ. പരമേശ്വരൻ നായർ, പി. ആർ. സഹസ്രനാമൻ എന്നിവർ അംഗങ്ങളായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 10-6-1996-ലും 2-8-1996-ലും 15-3-1997-ലുമായി മൂന്ന് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചു. അതിനെത്തുടർന്ന് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും ബേബിജോൺ സാറുംകൂടി 13 കാര്യങ്ങൾ പറഞ്ഞുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും കത്തുകൾ എഴുതുകയും കേരള രാഷ്ട്രീയത്തിൽ വലിയ കോലാഹലങ്ങൾ ഉണ്ടാകുകയും ചെയ്തു. അന്ന് ആ വിദഗ്ദ്ധ സമിതി പറഞ്ഞ ഒരു കാര്യം, വർഷകാലങ്ങളിൽ മുല്ലപ്പെരിയാറിൽനിന്ന് ഉണ്ടാകാവുന്ന വർദ്ധിച്ച കവിഞ്ഞൊഴുക്ക് 6003 സി. എം. എസ്. ജലം ആണെന്ന് കണക്കാക്കിയിരിക്കുന്നു. 5100 സി. എം. എസ്. ജലം മാത്രം പുറത്തേക്കുവിടാൻ കപ്പാസിറ്റിയുള്ള ഇടുക്കി ഡാമിൽ ഈ ജലം ഒന്നിച്ചുവന്നാൽ ഉണ്ടാകാവുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ആലോചിക്കേണ്ടത്. ഇങ്ങനെയിരിക്കെ 2000 ഏപ്രിൽ 5-ന് അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കരുണാനിധിയും കേരളാ മുൻ മുഖ്യമന്ത്രി യശഃശരീരനായ ഇ. കെ. നായനാരും കോവളത്തുവച്ച് ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ ആമുഖമായിട്ട് ശ്രീ. എം. കരുണാനിധി ചില പ്രധാനപ്പെട്ട കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. ഒന്ന്, കേന്ദ്ര വാട്ടർ കമ്മീഷൻ നിശ്ചയിച്ച ഡാം ബലപ്പെടുത്തൽ നടപടി ഭൂരിഭാഗവും പൂർത്തീകരിച്ചിരിക്കുന്നതിനാൽ മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽനിന്നും 145 അടിയായി ഉയർത്തണം. ബലപ്പെടുത്തൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് 152 അടിയായി പിന്നീട് ഉയർത്തണം. രണ്ട്, ബേബി ഡാമിന്റെയും പ്രധാന ഡാമിന്റെയും പാരപ്പെറ്റിന്റേയും പണി വേഗത്തിൽ പൂർത്തിയാക്കാൻ കേരളം അനുമതി നൽകണം. മൂന്ന്, ഒരു ഭാഗത്ത് ഡാമിന് ബലക്ഷയം ഉണ്ടെന്ന് വാദിക്കുകയും മറുഭാഗത്ത് ബലക്ഷയമുള്ള ഡാം ശക്തിപ്പെടുത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന കേരളത്തിന്റെ ഇരട്ടത്താപ്പു നയം ശരിയല്ല. നാല്, മുല്ലപ്പെരിയാർ നദീജലതർക്കം പരിഹരിക്കാൻ ആർബിട്രേറ്ററെ നിയമിക്കണം. ആർബിട്രേറ്ററുടെ നിയമനത്തെ കേരളം എതിർക്കാത്തതുകൊണ്ടാണ് സുപ്രീം കോടതിയിൽനിന്നും ഇത്തരത്തിൽ ഒരു വിധി ഉണ്ടായിട്ടുള്ളത്. അഞ്ച്, 1979 തൊട്ട് ജലനിരപ്പ് 136 അടിയിൽ താഴ്ത്തിനിർത്തിയതുമുതൽ 20 വർഷത്തിനിടയിൽ ഏകദേശം 140 കോടി രൂപ കൃഷിയിനത്തിലും 90 കോടി രൂപ വൈദ്യുതി ഉല്പാദനത്തിലുമായി തമിഴ്നാട് ഗവൺമെന്റിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ അഞ്ച് കാര്യങ്ങളാണ് തമിഴ്നാട് മുഖ്യമന്ത്രി മുന്നോട്ടുവച്ചത്. കേരളാ മുൻ മുഖ്യമന്ത്രി ഇ. കെ. നായനാരോട് എനിക്ക് ഒരു അനാദരവുമില്ല. കേരളാ മുഖ്യമന്ത്രിയോ മന്ത്രിസഭാ അംഗങ്ങളോ വേണ്ടത്ര തയ്യാറെടുപ്പുകളോടെയാണോ ആ ചർച്ചയിൽ പങ്കെടുത്തത്

LIBRARY ARCHIVES Kerala Legislative Assembly

എന്നതു സംബന്ധിച്ച് കേരളം പറഞ്ഞ കാര്യങ്ങൾ ഞാൻ വായിക്കാം. . . .(ബഹളം). . . ഞാൻ ആ ചർച്ചയുടെ വിവരങ്ങൾ മാത്രമേ പറയുകയുള്ളൂ. മാതൃഭൂമിയിൽ വന്ന വാർത്തയാണ്. ഇ. കെ. നായനാർ, സുപ്രീം കോടതിയേക്കാൾ വലിയ ആർബിട്രേറ്റർ ആരെടോ എന്ന പതിവുശൈലിയിലുള്ള ചോദ്യമാണ് ശ്രീ. എം. കരുണാനിധിയോട് ചോദിച്ചത്. . . . (ബഹളം) . . .

മി. സ്പീക്കർ : ബില്ല് ചർച്ച ഒരു മാറ്റർ ഫാക്ടായിട്ട് വരികയാണ്. രാഷ്ട്രീയ ചർച്ചയായി മാറ്റണ്ട. please ..... please co-operate.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മെമ്പർമാർ വിവരങ്ങൾ അറിയാതെ ബഹളം വയ്ക്കുകയാണ്.

മി. സ്പീക്കർ : നടപടികളുടെ ഗൗരവം കളയണ്ട. വെറും രാഷ്ട്രീയ ചർച്ച ആകണ്ട. ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യൂ.

ശ്രീ. പി. ടി. തോമസ് : കോവളം ചർച്ചയാണ് സുപ്രീം കോടതി വിധിയുടെ ടേണിംഗ് പോയിന്റ്. ആ ചർച്ചയിൽ ശ്രീ. എം. കരുണാനിധി പറഞ്ഞ അഞ്ചു പോയിന്റുകളെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. ഇ. കെ. നായനാർ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് പറയാൻ തുടങ്ങുമ്പോഴാണ് പ്രതിപക്ഷം ഇടപെട്ടത്. ഞാൻ വസ്തുതകളാണ് പറയുന്നത്. 1886-ലെ പെരിയാർ പാട്ടക്കരാറിലും 1970-ൽ പുതുക്കി നിശ്ചയിച്ച കരാറിലും തർക്കമുണ്ടായാൽ പ്രശ്നം ആർബിട്രേറ്റർക്ക് വിടണമെന്നുള്ള വ്യവസ്ഥ പത്താം വകുപ്പായി ഉള്ള കാര്യം ശ്രീ. എം. കരുണാനിധിക്ക് അറിയാമെന്നും ഇ. കെ. നായനാർക്ക് അറിയുകയില്ലായെന്നുമുള്ള വസ്തുത വായിക്കുന്ന ആർക്കും മനസ്സിലാകും. മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയമുണ്ടെന്നും അത് തകർന്നാൽ ഇടുക്കി ഡാമിന് ഉൾപ്പെടെ വൻ ദുരന്തമുണ്ടാകുമെന്നുമുള്ള ഏക പോയിന്റാണ് അന്ന് കേരളം ആ ചർച്ചയിലുടനീളം ഉയർത്തിപ്പിടിച്ചത്. ഡാമിന് ബലക്ഷയമുണ്ടെങ്കിൽ ഞങ്ങൾക്ക് പുതിയ ഡാം കെട്ടണം, ബലക്ഷയമില്ലെങ്കിൽ ഞങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട്, ജലനിരപ്പ് ഉയർത്തണം. ഇതാണ് തമിഴ്നാടിന്റെ വാദം. യഥാർത്ഥത്തിൽ ഇപ്പോൾ നൽകുന്ന ജലംപോലും നൽകാൻ നമ്മൾ സമ്പന്നരല്ല. ജനസംഖ്യാ വർദ്ധനവ്, സാഹചര്യങ്ങളുടെ വ്യത്യാസം എന്നിവ ഉണ്ടായിട്ടുണ്ട്. 1979 മുതൽ ജലനിരപ്പ് താഴ്ത്തിനിർത്തിയതിനെത്തുടർന്ന് 11.29 ചതുരശ്ര കിലോമീറ്റർ സ്ഥലം ഇപ്പോൾ വനഭൂമിയായി ഉയർന്നുവന്നു, പുൽമേടുകളായി മാറി. ഈ പോയിന്റ് ശക്തമായി ഉന്നയിക്കാൻ പറ്റിയിട്ടില്ല. അപൂർവ സസ്യജാലങ്ങൾ, പക്ഷിമൃഗാദികൾ, കാട്ടാനക്കൂട്ടം എന്നിവ അവിടെ ഉണ്ടായി. അവിടെ ടൂറിസം പ്രാധാന്യം കൂടി. മുല്ലപ്പെരിയാറിൽക്കൂടി പോയാൽ ജലനിരപ്പ് 136 അടിയായി നിൽക്കുന്നതുകൊണ്ട് വലിയ മരങ്ങളിൽ തട്ടാതെ ആനകൾ ക്രോസ്സ് ചെയ്യുന്നത് കാണാം. ജലനിരപ്പ് 136 അടിയിൽനിന്നും ഉയർത്തിയാൽ ആനകൾക്ക് ക്രോസ്സ് ചെയ്യാൻ കഴിയുകയില്ല. ജലനിരപ്പ് 136 അടിയായി നിലനിർത്തിയതിനെത്തുടർന്ന് അവിടെ 1950 അത്യപൂർവ

LIBRARY ARCHIVES Kerala Legislative Assembly

പുഷ്പച്ചെടികൾ കണ്ടെത്തിയിട്ടുണ്ട്. എന്റെ കയ്യിലിരിക്കുന്നത് ഒരു സർവ്വേ റിപ്പോർട്ടാണ്. ജലനിരപ്പ് 136 അടിയായി താഴ്ത്തിനിർത്തിയതിനെത്തുടർന്ന് പെരിയാർ തടാകത്തിലെ flora and fauna അതുപോലെ മത്സ്യങ്ങൾ, ആ പ്രദേശത്തെ പലതരത്തിലുള്ള വന്യമൃഗങ്ങൾ, പക്ഷികൾ, സസ്യജാലങ്ങൾ മറ്റ് അത്യപൂർവ ജീവജാലസമ്പത്തിലുണ്ടായ ഘടനയെ സംബന്ധിച്ചും മാറ്റങ്ങളെ സംബന്ധിച്ചും കെ. എഫ്. ആർ. ഐ.-ലെ അടക്കമുള്ള വിദഗ്ദ്ധൻമാർ നടത്തിയ പഠനങ്ങളുണ്ട്. ആ പഠന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട നാല് കാര്യങ്ങളുണ്ട് അതിൽ പ്രധാനപ്പെട്ട ഒരു കാര്യം The Hon'ble Supreme Court, vide, the judgments in Writ Appeal (Civil) No.202/95 dated 12-12-1996 have banned all non-forestry activities in all the `forests of India without the prior concurrence of Central Government, warranted as per Forest (Conservation) Act, 1980. The Hon. Supreme Court have delivered clarified directions in this regard vide its judgment in IA No.421 etc. in WP(Civil) No.202/95 delivered that all the orders passed in contravention to the order issued on 12-12-1996 operation of the same shall stand immediately stayed. ഈ വാദം ഉന്നയിച്ചാൽ സുപ്രീം കോടതി നമ്മളോട് ഡാമിന്റെ ജലനിരപ്പ് ഉയർത്താൻ പറയില്ല. ഇതിൽ രണ്ടാമത്തെ കാര്യം The raising of water level and the resulting loss of forests and wildlife is against the spirit of Articles 48A and 51A(g) of the Constitution of India. 51 എ (ജി) Fundamental Duties -നെ സംബന്ധിച്ചാണ്. അതിൽ പറയുന്നത് to protect and improve the natural environment including forests, lakes, rivers and wildlife and to have compassion for living creatures.. എന്നാണ്. അതുപോലെ തന്നെ മൂന്നാമത്തെ കാര്യം The preamble of the Convention on International Trade in Endangered Species of Wild Fauna & Flora (CITES) of which India is a contracting party since Oct. 1976..... International Convention-ൽ ഐക്യരാഷ്ട്രസഭയുടെ കരാറിൽ ഒപ്പുവച്ച ഒരു രാജ്യം എന്ന നിലയിൽ ഈ അവകാശവും പെരിയാറിനെ സംബന്ധിച്ച് നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയും. ജലനിരപ്പ് ഉയർത്തിയാൽ 7.158 ചതുരശ്ര കി. മീറ്ററിൽ വിസ്തീർണ്ണമുള്ള 25 ദ്വീപുകൾ മുങ്ങിപ്പോകും. അതുപോലെ 1972-ലെ Wild Life Act സെക്ഷൻ 29-ന്റെ ലംഘനമാകും. 1980-ലെ Forest (Conservation) Act-ന്റെ ലംഘനമാകും. അഞ്ചര ലക്ഷത്തോളം ടൂറിസ്റ്റുകളാണ് ഓരോ വർഷവും തേക്കടിയിൽ വരുന്നത്. ഈ ടൂറിസ്റ്റുകൾ വന്യമൃഗങ്ങളെയൊക്കെ കാണാൻവേണ്ടിയാണ് വരുന്നത്. ഈ ജലനിരപ്പ് ഉയർത്തിയാൽ വന്യമൃഗങ്ങൾക്ക് ഭക്ഷണം കഴിക്കാനുള്ള പുൽമേടുകളൊക്കെ നഷ്ടപ്പെട്ടുപോകും. 2000-ൽ ബഹുമാനപ്പെട്ട എം. കരുണാനിധിയും യശഃശരീരനായ ഇ. കെ. നായനാരും പങ്കെടുത്ത കോവളം ചർച്ചയെ തുടർന്ന് മിത്തൽ കമ്മിറ്റി എന്നൊരു കമ്മിറ്റിയുണ്ടായി. 2000 നവംബറിൽ ആ റിപ്പോർട്ട് ഉണ്ടാക്കി 2001 മാർച്ച് 16-ന് സമർപ്പിച്ചു. 2001 മാർച്ച് 16-ന് സമർപ്പിച്ച റിപ്പോർട്ടിൽ 142 അടിയായി ഉയർത്താമെന്ന് പറഞ്ഞു. അതിനകത്തെ അംഗങ്ങൾ അഞ്ചു പേർ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തും അല്ലാത്ത വിദഗ്ദ്ധൻമാർ, അതിലാണ് മിത്തൽ ഒക്കെ വരുന്നത്, കേരളത്തിനുവേണ്ടി ശ്രീ. പരമേശ്വരൻ നായരും തമിഴ്നാടിനുവേണ്ടി ശ്രീ. മോഹനകൃഷ്ണനും ആയിരുന്നു. ഈ കമ്മിറ്റി റിപ്പോർട്ടിലാണ് 142 അടിയായി ഉയർത്താമെന്ന് പറഞ്ഞത്. ഈ റിപ്പോർട്ടാണ് ഈ അടുത്ത ദിവസം സുപ്രീം കോടതി നമുക്കെതിരായി ഉപയോഗിച്ചത്. 2001 മാർച്ച് 16-ന് മിത്തൽ സമർപ്പിച്ച റിപ്പോർട്ടിൽ 142 അടിയായി ഉയർത്താം എന്നുള്ള വാദം പുറത്തു വന്നപ്പോൾ ആ റിപ്പോർട്ടിനെ കേരളം ചോദ്യം ചെയ്തില്ല. അതും ഗുരുതരമായ വീഴ്ചയാണ് അതിന്റെ ദുരന്തമാണ് ഇന്ന് നാം ഏറ്റെടുത്തിരിക്കുന്നത്. ബില്ലിന്റെ രണ്ടാം പട്ടികയിൽ പ്രധാന ആക്ടിൽ പട്ടികയ്ക്കുശേഷം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്. രണ്ടാം പട്ടിക 62 എ (1) വകുപ്പ് ക്രമനം. (1) മുല്ലപ്പെരിയാർ (2) അരുവിക്കര (3) കുന്തള (4) ചെങ്കുളം (5) പീച്ചി (6) വാളയാർ (7) ഷോളയാർ (8) മലമ്പുഴ (9) മംഗലം (10) നെയ്യാർ. ഇതിനകത്ത് ഒന്നിൽ 136 അടി എന്ന് പറയുന്നു. അരുവിക്കര 46.63 മീറ്റർ എന്ന് പറയുന്നു. അത് സീ-ലെവലിൽനിന്നാണോ, ഡാമിന്റെ ഉയരമാണോ ഇതൊക്കെ കൃത്യമായി നിർവ്വചിച്ചില്ലെങ്കിൽ അപകടമുണ്ട്. ബഹുമാന്യനായ ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. എന്താണെന്ന് ചോദിച്ചാൽ കേരളത്തിലെ എല്ലാ ഡാമുകളും ഇതിൽ ഉൾപ്പെടുത്തിയേ പറ്റൂ. ബലക്ഷയം എപ്പോഴാണ് വരുന്നത് എന്ന് പറയാൻ പറ്റില്ല. അതുകൊണ്ട് ഈ കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തണം. കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കു വിരുദ്ധമായി വന്നിട്ടുള്ള സുപ്രീംകോടതി വിധിയെ മറികടക്കാൻ കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒറ്റ വാക്കു കൂടി അടിവരയിട്ടു പറയുന്നു, പുതിയ ഡാം പണിയണം എന്നാണ് ഉദ്ദേശമെങ്കിൽ തമിഴ്നാടുമായി പുതിയ കരാർ ഉണ്ടാക്കണം. തമിഴ്നാടുമായി പുതിയ കരാറും വ്യവസ്ഥയുമുണ്ടാക്കി മാത്രം ഡാം പണിതില്ലെങ്കിൽ അവർ ചോദിക്കുന്ന വെള്ളം ഉയർത്തേണ്ടിവരും. അവർക്ക് വെള്ളം കൊടുക്കേണ്ടിവരും. വെള്ളം കൊടുക്കുന്നതിനെതിരായിട്ടല്ല പറഞ്ഞത്. നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാതെ വരും. 1500 കോടി രൂപയുടെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം നമുക്ക് ലഭ്യമാകാനുള്ള സാദ്ധ്യതയുണ്ട്. അതുകൂടി പരിശോധിക്കണം എന്നു മാത്രം പറയുന്നു. ഡാം സേഫ്റ്റി അതോറിറ്റിയിൽ വളരെ വിദഗ്ദ്ധൻമാരായ ആളുകളെ നിയമിച്ചുകൊണ്ട് സംസ്ഥാന താൽപ്പര്യം ഒന്നുകൂടി ഉയർത്തിക്കാണിക്കണം എന്ന് പറഞ്ഞുകൊണ്ട് ഈ നിയമം കൊണ്ടുവന്ന് കേരളത്തെ സംരക്ഷിക്കാൻ തയ്യാറായ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ നിയമനിർമ്മാണത്തെ അനുകൂലിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, കേരള സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ എതാണ്ട് 30 ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ ജീവനും സ്വത്തിനുമുള്ള ഭീഷണിയിൽനിന്നും അവരെ രക്ഷിക്കുവാൻവേണ്ടി കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതിനിധികളും അവസരത്തിനൊത്ത് ഉയർന്നതിന്റെ ഫലമായിട്ടാണ് ഈ സമ്മേളനം ഇവിടെ നടക്കുന്നത്. അത് സങ്കുചിത

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പിനെ സംബന്ധിച്ച് ഏറ്റവും അവസാനം ഉണ്ടായിട്ടുള്ള സുപ്രീം കോടതി വിധി കേരളത്തിലെ ജനങ്ങളുടെ ഇടയിലുണ്ടാക്കിയിട്ടുള്ള ആശങ്ക, ഇവിടെ ശ്രീ. പി. ജെ. ജോസഫ് മാത്രമല്ല മുഴുവൻ ആൾക്കാരും ഇത് കേരളത്തിന് അപകടം ചെയ്യുമെന്ന് പറയാനുണ്ടായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഞാൻ വിശദമായ ചർച്ചയ്ക്ക് മുതിരുന്നില്ല. ഇൻഡിപ്പെൻഡൻസിനു മുമ്പുള്ള ഒരു കരാർ, അത് പിന്നീട് പുതുക്കുന്ന കാലംതൊട്ടും പുതുക്കിയതിനുശേഷവും ഒക്കെയുള്ള കരാർ ലംഘനങ്ങളും ആ കരാർ ലംഘനങ്ങളെ നേരിടുവാൻ എത്രമാത്രം സിസ്റ്റംഗത നമ്മുടെ ഓരോ തലങ്ങളിലുമുള്ള ആളുകൾ സ്വീകരിച്ചു എന്നുള്ളതും വളരെ വിശദ മായി ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഒന്നാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ ഇതുവരെ ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ ഇനി നാം ആവർത്തിച്ചുകൂടാ. നാം ഇപ്പോൾ അവസരത്തിനൊത്ത് ഉയർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ പഴയകാലതെറ്റുകൾ ഇനി ആവർത്തിച്ചുകൂടാ.

ഇവിടെ ഈ കോടതി വിധി വന്നതിനുശേഷം ഇതിനെ സംബന്ധിച്ചിടത്തോളം ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ അതു പരിഹരിക്കുന്നതിനുവേണ്ടി നമ്മൾ ആലോചിക്കുമ്പോൾ മുല്ലപ്പെരിയാറിൽ നിന്ന് കൊണ്ടുപോകുന്ന ജലം ഉപയോഗി ച്ചുകൊണ്ട് നടത്തുന്ന വൈദ്യുതി ഉൽപ്പാദനം മറ്റൊരു കാലഘട്ടത്തിലും ഇല്ലാത്ത രീതിയിൽ തമിഴ്നാട് ഇപ്പോൾ നിർത്തിവച്ചിരിക്കുന്നു. ജനറേഷൻ നിർത്തി. അവർ മെയിന്റനൻസ് നടത്തുന്ന സ്വാഭാവിക സമയം അല്ല ഇത്. അതിൽനിന്നും മാറി വളരെ നേരത്തെതന്നെ മെയിന്റനൻസിനുവേണ്ടി ഇത് അടച്ചിട്ടു. ജലനിരപ്പ് കൃത്രിമമായി ഉയർത്താൻ വേണ്ടിയാണ്. അവിടെ വെള്ളം ഇല്ല പിന്നെ എങ്ങനെയാണ് ജലനിരപ്പ് ഉയർത്തുന്നത് എന്നാണ് ബഹുമാനപ്പെട്ട പി. ടി. തോമസ് ചോദിക്കുന്നത്. അവിടെ ഷട്ടർ താഴ്ത്തി ജനറേഷൻ നിർത്തി. ഞാൻ ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധനൊന്നുമല്ല, ചില പത്രങ്ങളിൽ വന്ന വാർത്ത ഇപ്പോൾ 126, 127 അടിയേ വെള്ളം ഉള്ളൂ എങ്കിൽ കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ 3 അടി കൂടി ജലനിരപ്പ് അവിടെ ഉയർന്നിട്ടുണ്ട് എന്നാണ്. ഈ നിലയിൽ ജലനിരപ്പ് ഉയർത്തിക്കൊണ്ടുവന്ന് അടുത്ത മൺസൂൺ കാലമാകുന്നതിനുമുമ്പ് തന്നെ ജലനിരപ്പ് ഉയർത്തി 136-നു മുകളിൽ 142-ലേക്ക് എത്തിച്ച്, 142 അടി വന്നാലും കുഴപ്പമില്ല എന്നുള്ള നിലയിലേക്ക് എത്തിച്ച് അവരുടെ വാദഗതി സംരക്ഷിക്കുവാൻ വേണ്ടിയുള്ള ശ്രമം തമിഴ്നാട് ഗവൺമെന്റ് ഇപ്പോഴേ ആരംഭിച്ചിരിക്കുന്നു എന്നുള്ളതാണ് നാം ജാഗ്രതയോടുകൂടി കാണേണ്ടുന്ന ഒരു സംഗതി. തമിഴ്നാട് ഗവൺമെന്റിന്റെ ഈ നീക്കത്തെ എങ്ങനെ മറികടക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് സത്വരമായി ആലോചിക്കുകയും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാമതായി പറയാനുള്ളത് ഈ നിയമനിർമ്മാണത്തിന്റെ പ്രധാനമായ ഉദ്ദേശം ഡാം സേഫ്റ്റി അതോറിറ്റിക്ക് ഇക്കാര്യത്തിൽ ചില പുതിയ അധികാരങ്ങളും ചുമതലകളും നൽകുക എന്നുള്ളതാണ്. അത് നൽകുമ്പോൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണം പാസ്സായാൽ ഉടൻതന്നെ അതിൻമേലുള്ള നടപടികളും ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ മൂലനിയമം 2003-ൽ പാസ്സായി. മൂന്നു കൊല്ലം അതോറിറ്റിയെ നിയമിക്കുന്നതിനുവേണ്ടി മാത്രം നാം കാലതാമസം വരുത്തിയത് നമുക്ക് എത്രമാത്രം ദുഷ്യം ചെയ്തു എന്നുള്ളതിനെക്കുറിച്ച് പറയേണ്ട കാര്യമില്ല. ആ നിലയിലുള്ള ഒരു അലംഭാവം തുടർന്നുണ്ടാകാൻ പാടില്ല. ആ സേഫ്റ്റി അതോറിറ്റിയിലൂടെ ഇപ്പോൾ ഇതിൽ നിർവ്വചിച്ചിട്ടുള്ള അധികാരങ്ങൾക്കും ചുമതലകൾക്കും അനുസരണമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാനും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാനുമുള്ള ജാഗ്രതാപൂർവ്വമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. അങ്ങനെ സ്വീകരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്താനുള്ള സുപ്രീം കോടതിയുടെ കൽപ്പന മറികടക്കുന്നതിനും മധ്യ കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനങ്ങളുടെ ജീവനെയും സമ്പത്തിനെയും വൻ ദുരന്തത്തിൽ നിന്ന് രക്ഷിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ഗവൺമെന്റ് കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ എല്ലാവിധത്തിലും പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും താൽപ്പര്യം സംരക്ഷിക്കുന്നതിന് മാതൃക കാട്ടുന്നത് വളരെ അഭിനന്ദനാർഹമാണ്. ഈ ഡാം തകർന്നാൽ 5 ജില്ലകളിൽ സംഭവിക്കാനിടയുള്ള മഹാദുരന്തത്തെക്കുറിച്ച് വേവലാതിപ്പെടുമ്പോൾ തന്നെ വളരെ നേരത്തേമുതൽ ഈ വിഷയത്തെക്കുറിച്ചുള്ള പല സൂചനകളും മുന്നറിയിപ്പുകളും നമുക്ക് ലഭിച്ചിട്ടുള്ളതാണ്. നിയമസഭാ സമിതി തന്നെ ഇതുസംബന്ധിച്ച് നേരത്തെ ഒരു പരിശോധന നടത്തി ചില ശുപാർശകൾ സമർപ്പിച്ചിരുന്നതാണ്. നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി അന്നുപറഞ്ഞത് ജലനിരപ്പ് 120 അടിയായി താഴ്ത്തണമെന്നായിരുന്നു. ഡാമിന് അപകടം സംഭവിക്കാനിടയുണ്ട് എന്നു മനസ്സിലാക്കി 30,000 കോടി രൂപയ്ക്ക് ഈ അണക്കെട്ട് ഇൻഷ്വർ ചെയ്യണമെന്നും അതിന്റെ അപകട പ്രീമിയം തമിഴ്നാട് ഗവൺമെന്റിനെക്കൊണ്ട് അടപ്പിക്കണമെന്നും ഈ നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പ് ഒരു ശുപാർശ സമർപ്പിച്ചിരുന്നതായി കാണുന്നുണ്ട്. ഈ ഡാമുമായി ബന്ധപ്പെട്ട പാട്ടക്കരാർ 1886 ക്ടോബർ 21-ന് ആദരണീയനായ ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുവിതാംകൂർ രാജ്യത്തിനുവേണ്ടി തമിഴ്നാടുമായി ഒപ്പുവച്ചപ്പോൾ തന്നെ അദ്ദേഹം എല്ലാ സമ്മർദ്ദങ്ങളേയും അതിജീവിച്ചുകൊണ്ട് 24 വർഷം കാത്തിരുന്ന് വളരെ വിമുഖതയോടുകൂടിയാണ് 999 വർഷത്തെ ഒരു പാട്ടക്കരാറിൽ ഒപ്പുവച്ചത്. ഈ ഡാമിന്റെ സുരക്ഷിതത്വ ആയുസ്സ് എന്നുപറയുന്നത് വെറും 30 വർഷം മാത്രമെന്നാണ് പറഞ്ഞിരുന്നത്. 111 വർഷം പഴക്കമുള്ള കാലാവധി കഴിഞ്ഞ ഈ ഡാമിന് ഏതു സമയത്തും അപകടം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അങ്ങനെ അപകടം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിക്കഴിഞ്ഞാൽ പെരിയാറിലെ 11-ഓളം ഡാമുകൾ അതിന്റെ പ്രത്യാഘാതം സഹിക്കേണ്ടതായിട്ട് വരും എന്നുള്ളത് ഉറപ്പുള്ള ഒരു കാര്യമാണ്. സുപ്രീം കോടതി വിധിയെ തൽക്കാലം മറികടക്കുക, അതുപോലെ ജലനിരപ്പ് ഉയർത്തുന്നതിൽ നിന്ന് എങ്ങനെയും മാറിനിൽക്കുക എന്ന ഒരു ലക്ഷ്യം പൂർത്തിയാക്കുന്നതോടുകൂടി നമ്മുടെ ആവശ്യങ്ങൾ അവസാനിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുക എന്നുള്ളത് പരമപ്രധാനമാണ്. തമിഴ്നാട്ടുകാരായ ജനങ്ങളും കേരളത്തിലെ ജനങ്ങളുമെല്ലാം ഏകോദരസഹോദരൻമാരാണ്. തമിഴ്നാട്ടിലെ ജനങ്ങളുടെ താൽപ്പര്യവും കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യവും മാനുഷികമായ വീക്ഷണത്തിൽ ഒന്നുതന്നെയാണ്. തമിഴ്നാട്ടിലെ മുഴുവൻ ജനങ്ങളും ഇതുസംബന്ധിച്ച് ഇപ്പോൾ ജലനിരപ്പ് ഉയർത്താനുള്ള കാര്യത്തോട് യോജിക്കുന്നവരാണ് എന്നൊന്നും ഞാൻ കരുതുന്നില്ല. അപ്പോൾ ഈ രണ്ടു സംസ്ഥാനങ്ങളും തമ്മിൽ ഇതുസംബന്ധിച്ച് ഒരു ചർച്ച നടത്തുന്നതിന്, ഇതേ അഭിപ്രായമുള്ള ആപൽക്കരമായ ഒരു ദുരന്തത്തിലേക്ക് കേരളത്തിലെ ജനങ്ങളെ തള്ളിവിടരുത് എന്ന് ആഗ്രഹിക്കുന്ന തമിഴ്നാട്ടുകാരായ ആളുകളുടേയുംകൂടി സഹായസഹകരണവും പിൻതുണയും നേടിയെടുക്കാൻ സഹായകമായ രീതിയിൽ വേണം നമ്മളും മുന്നോട്ടുനീങ്ങാൻ എന്നാണ് എനിക്ക് തോന്നുന്നത്. ഈ ബിൽ ഏകകണ്ഠമായി നമ്മൾ പാസ്സാക്കി കഴിഞ്ഞാൽ ഒരു സുരക്ഷിതത്വത്തിൽ എത്തിച്ചേർന്നു എന്ന ഒരു വ്യാജമായ നിഗമനത്തിൽ നമ്മൾ എത്തിച്ചേരാൻ പാടില്ല. ബിൽ പാസ്സാക്കാൻ നമുക്ക് സാധിക്കും, പക്ഷെ ബിൽ പാസ്സാക്കുന്നതോടുകൂടി പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. അതിന്റെ ഓപ്പറേറ്റീവ് പാർട്ടാണ് ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ നമ്മുടെ ഗവൺമെന്റ് വളരെ ശക്തമായ നടപടികൾ സ്വീകരിച്ചുവെങ്കിൽ മാത്രമേ ഈ ബിൽ കൊണ്ട് നമുക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. തൽക്കാലം ഡാം അടച്ചിടും എന്നുപറയാൻ ഗവൺമെന്റ് ധൈര്യം കാണിക്കണം. ഈ ഗവൺമെന്റ് ഈ ഡാമിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നു എന്ന് തീരുമാനിക്കുകയും, അങ്ങനെ ഈ വിഷയത്തിലേക്ക് തമിഴ്നാടിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും കോടതിയുടേയുമൊക്കെ ശ്രദ്ധ സജീവമായി ക്ഷണിക്കുന്നതിനും നമുക്ക് കഴിയണം. അന്താരാഷ്ട്ര തലത്തിലുള്ള ഒരു പഠനസംഘത്തെ നമ്മൾ തന്നെ നിയോഗിച്ച് സ്വതന്ത്രമായി സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടെയുള്ള ആളുകൾ പരിശോധിച്ച് ഈ ഡാമിന്റെ യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കുവാനും അതിന്റെ സംഭരണശേഷി മനസ്സിലാക്കുവാനുമുള്ള ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഇതുകൊണ്ട് ആപത്തുവന്നാൽ അത് അനുഭവിക്കേണ്ടിവരുന്ന ജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളും പഞ്ചായത്തുകളും എല്ലാം ഈ കേസിൽ കക്ഷിചേരണം. ഇത് ഒരു ജനകീയ പ്രശ്നമാണെന്നും ജനങ്ങളെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണെന്നും കോടതിയെ മനസ്സിലാക്കിക്കാൻ അത്തരത്തിൽ കക്ഷി ചേരുന്നത് അത്യാവശ്യമാണ്. മാത്രമല്ല ഇതിപ്പോൾ 142 അടിയായി ഉയർത്തിയാലോ പിന്നീട് അടുത്ത ഘട്ടമായി 152 അടിയായി ഉയർത്തിയാലോ വളരെയേറെ പ്രയോജനമൊന്നും തമിഴ്നാടിന് കിട്ടാനില്ല എന്നതും നമ്മൾ അവരെ മനസ്സിലാക്കിക്കേണ്ടതാണ്. ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വശം ഇതിന്റെ ഓപ്പറേറ്റീവ് പാർട്ട് എന്ന നിലയിൽ ശക്തമായ അത്തരം നടപടികളിലേക്ക് നമ്മുടെ ഗവൺമെന്റ് പോകണം.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ തന്നെ നമ്മൾ തയ്യാറാകേണ്ടതാണ്. ഈ അണക്കെട്ടിന്റെ എല്ലാ ദോഷങ്ങളും നമുക്കും ഇതിന്റെ എല്ലാ ഫലങ്ങളും തമിഴ്നാടിനുമാണ്. ഇത് നിർമ്മിച്ചിട്ടുള്ളത് നമ്മുടെ ഭൂമിയിലാണ്. മുല്ലപ്പെരിയാർ എന്നുപറയുന്ന നദി നമ്മുടെ സംസ്ഥാനത്താണ്. ഇതിന്റെ എല്ലാ കാര്യങ്ങളും സ്ഥിതിചെയ്യുന്നത് നമ്മുടെ സംസ്ഥാനത്താണ്. 999 വർഷക്കാലം നീണ്ടുനിൽക്കുന്ന ഒരു പാട്ടക്കരാർ ഉണ്ട് എന്നതുകൊണ്ടുമാത്രം ആ പാട്ടക്കരാറിനെ അമൂല്യമായ ഒരു കാര്യമായി വിലമതിച്ച് നമ്മുടെ ജനങ്ങളുടെ സംരക്ഷണത്തിൽ നിന്ന് മാറിനിൽക്കുന്നത് ഒരിക്കലും ശരിയല്ല. കാലാവധി തീർന്നുപോയ ഈ അണക്കെട്ടിനെക്കുറിച്ച് അതിന്റെ ജലനിരപ്പ് ഉയർത്തണമെന്ന് ഇൻഡ്യയുടെ പരമോന്നത നീതിന്യായപീഠം വിധികൽപ്പിച്ചു എന്നത് അത്ഭുതകരമായ ഒരു വിധിയായിട്ടാണ് എനിക്ക് തോന്നുന്നത്. ചീഫ് ജസ്റ്റീസ് വൈ. കെ. സബർവാളും, ജസ്റ്റീസ് സി. കെ. ദത്തനും, പി. കെ. ബാലസുബ്രഹ്മണ്യവും അടങ്ങുന്ന ബഞ്ച് ഇതിൽ ഇങ്ങനെ ഒരു വിധി കൽപ്പിച്ചു വെങ്കിൽ വാസ്തവത്തിൽ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്ന കാര്യം വേണ്ടത്ര ശ്രദ്ധിക്കുവാൻ ആ വിധികർത്താക്കൾക്ക് സാധിച്ചില്ല എന്ന് വേദനയോടെ നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇതിന് അപകടം സംഭവിച്ചാൽ ആര് നഷ്ടപരിഹാരം കൊടുക്കും എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇപ്പോൾ ഡാമിന്റെ സംഭരണശേഷിയനുസരിച്ച് 450 ദശലക്ഷം ഘനമീറ്റർ വെള്ളം അതിനകത്തുണ്ട്. ഇത് പൊട്ടി വെള്ളം പുറത്തുവന്നാൽ ഒരു ഇടുക്കിക്കോ ചെറുതോണിക്കോ അല്ലെങ്കിൽ ഈ അഞ്ച് ജില്ലകൾക്കോ ആർക്കും തന്നെ തടഞ്ഞുനിർത്താൻ ആകാത്തത്രയും ജലം അതിൽനിന്ന് ഒഴുകി പുറത്തുവരാനുള്ള സാധ്യതകളുണ്ട്. അതുപോലെ ഭൂകമ്പത്തിന്

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. മുരളി]

സാധ്യതയുള്ള ഒരു പ്രദേശമാണ് ഇതെന്ന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കേന്ദ്ര ജല കമ്മീഷനും അതിന്റെ അദ്ധ്യക്ഷനുമെല്ലാം ഇതിന്റെ ജലനിരപ്പ് യാതൊരു തരത്തിലും ഉയർത്താൻ പാടില്ലെന്ന് വ്യക്തമായി നേരത്തെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആ നിർദ്ദേശങ്ങളെ ഒക്കെ അതിജീവിച്ചുകൊണ്ട് 1895-ൽ നിർമ്മിച്ച് 111 വർഷം ആയിട്ടും അതിന്റെ ആപത്തിനെക്കുറിച്ച് നമ്മൾ ബോധവാൻമാരല്ലെങ്കിൽ ഇനി അത് എന്നാണ് ഉണ്ടാകുക എന്നുള്ളത് വളരെ ആലോചിക്കേണ്ട വിഷയമാണ്. 1895-ൽ ഈ അണക്കെട്ട് നിർമ്മിക്കുമ്പോൾ ഇതുപോലുള്ള രണ്ട് അണക്കെട്ടുകൾ മാത്രമേ ലോകത്തിൽ ഉണ്ടായിരുന്നുള്ളൂ. ഒന്ന് ഈജിപ്തിലേതായിരുന്നു. മറ്റേത് ഇവിടെയാണ്. ഈ ടെക്നോളജിയുപയോഗിച്ച് ശർക്കരയും മണലും ചുണ്ണാമ്പും ചേർത്തിട്ടുള്ള ഈ സുർക്കിയെന്ന പേരിലറിയപ്പെടുന്ന സാധനം ഉപയോഗിച്ച് അണക്കെട്ട് ഉണ്ടാക്കിയത് ഇവിടേയും ലോകത്തിൽ പിന്നെ ഈജിപ്തിലും മാത്രമായിരുന്നു. ഈജിപ്തിലെ അണക്കെട്ട് തകർന്നുപോയി. ഇതു മാത്രമേ അവശേഷിക്കുന്നുള്ളൂ. ഈ അണക്കെട്ടിന്റെ സുർക്കിയെല്ലാം ഒലിച്ചുപോയി, അകമെല്ലാം പൊള്ളയായിത്തീർന്നു എന്നും അതിനകത്ത് പ്രഷർ ഉപയോഗിച്ച് സിമന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൗട്ടിംഗ് നടത്താൻ നടത്തിയ ശ്രമങ്ങൾ പൂർണ്ണമായി വിജയത്തിൽ എത്തിയില്ല എന്നും എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെ നമ്മുടെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് ജനപ്രതിനിധികൾ മാത്രമല്ല നമ്മൾ ഇടയ്ക്ക് അവിടെ സന്ദർശിക്കുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തുവെങ്കിലും നമ്മളാരും സാങ്കേതിക വിദഗ്ദ്ധൻമാർ അല്ലല്ലോ. എന്നാൽ അതിന്റെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥൻമാർ കണ്ണിൽ എണ്ണയൊഴിച്ച് കാത്തുസൂക്ഷിക്കേണ്ടുന്ന ഒരു സംഗതിയാണ് ഇത്. അതനുസരിച്ചുള്ള താൽപ്പര്യവും ജാഗ്രതയും നമ്മുടെ ഉദ്യോഗസ്ഥൻമാർ പുലർത്തുന്നുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്, ഇല്ലെന്ന് കാണാൻ സാധിക്കും. ഒരു പത്രത്തിൽ കണ്ട വാർത്തയാണ്. ശരിയാണോ തെറ്റാണോയെന്ന് അറിഞ്ഞുകൂടാ. തമിഴ്നാട് ഗവൺമെന്റ് 200 കോടി രൂപ ആഡിറ്റിംഗിൽ ഉൾപ്പെടുത്താതെ ഇതിന്റെ മറ്റ് കാര്യങ്ങൾ ശരിയാക്കാൻ നീക്കിവച്ചിട്ടുണ്ട്, അതിന്റെ ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥൻമാർ പറ്റുകയാണ് എന്നൊരു പത്രത്തിൽ വാർത്തവന്നു. ശരിയാണോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെ 200 കോടി രൂപ ആഡിറ്റിംഗിനുപോലും വിധേയമാക്കാതെ ഒരു പ്രത്യേക സംഖ്യ കൈക്കൂലി കൊടുക്കാനും ഉദ്യോഗസ്ഥൻമാരെ അവരുടെ പക്ഷത്ത് നിറുത്താനും വേണ്ടി തമിഴ്നാട് നീക്കിവച്ചിട്ടുണ്ട് എന്നുവരെ പറയുമ്പോൾ ഇതിന്റെ ഭയാനകമായ സ്ഥിതിവിശേഷത്തെക്കുറിച്ച് നമുക്ക് മനസ്സിലാകുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന ഈ അണക്കെട്ട് ഉൾപ്പെടെ മറ്റ് അണക്കെട്ടുകളുടേയുമൊക്കെ സുരക്ഷിതത്വത്തെക്കുറിച്ച് ശ്രദ്ധചെലുത്താൻ ഈ സന്ദർഭം നമ്മെ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് ഈ ബിൽ നമ്മൾ പാസ്സാക്കിയെടുത്തുകഴിഞ്ഞാൽ വളരെ ശക്തമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ആപത്ത് മാത്രമല്ല പെരിയാർ എന്നുപറയുന്ന മഹാനദിതന്നെ കല്ലും മണ്ണും നിറഞ്ഞു ഇതോടുകൂടി നശിച്ചുപോകും എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. പെരിയാർ കല്ലും മണ്ണും നിറഞ്ഞ് നശിച്ചുപോയാൽ നമ്മൾ പണ്ടേ പാടിനടക്കുന്ന പെരിയാറെ പെരിയാറെ എന്നൊക്കെ പറയുന്ന പർവ്വതനിരയുടെ പനിനീരും അതുപോലെ കുളിരുംകൊണ്ട് കുണുങ്ങി നടക്കുന്ന ഈ മലയാളിപെണ്ണ് രക്തവും അതുപോലെ ശവശരീരങ്ങളും കൊണ്ടുനടക്കുന്ന ഒരു ചുടലയക്ഷിയായിത്തീരുന്ന ഒരു സാഹചര്യം ഉണ്ടാകും. ആ നദികൾ തകർന്ന് നമ്മുടെ സംസ്ഥാനം തന്നെ പകുതിയിലേറെ നാശമായി ജനലക്ഷങ്ങൾക്ക് വലിയ നഷ്ടമുണ്ടായാൽ ഇതൊക്കെ ചോദിക്കാനും പറയാനും ആരാണ്? ഇതിനൊക്കെ നഷ്ടപരിഹാരം നൽകുന്നത് ആരാണ്? തമിഴ്നാട് സർക്കാർ അത് ചെയ്യുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. തമിഴ്നാട് സർക്കാർ ചെയ്യുന്നതുകൊണ്ട് ആയോ? നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം പൂർണ്ണമായി സംരക്ഷിക്കുന്നതിന് ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുമാത്രം കാര്യങ്ങൾ പൂർത്തിയാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ നിയമം പാസായാൽ ഈ നിയമത്തെ ചോദ്യം ചെയ്യാൻ അവർ കോടതിയിൽ പോകാനുള്ള സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതു സംബന്ധിച്ച് അപ്പോഴും ചില നിഗമനങ്ങളിൽ എത്താൻ സാദ്ധ്യതയുണ്ട്. അപ്പോൾ ഇത് പാസായിക്കഴിഞ്ഞാലും വീണ്ടും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നമ്മൾ ഈ വിഷയത്തിൽ ഒന്നുണർന്ന് പ്രവർത്തിക്കുകയും യാതൊരു കാരണവശാലും ഈ ജലസംഭരണിയിലെ ജലനിരപ്പ് ഉയർത്താൻ ഇനി സമ്മതിക്കില്ല എന്നുള്ള മട്ടിൽ ശക്തമായ നിലപാട് സ്വീകരിക്കുകയും വേണം. തമിഴ്നാട്ടിലെ ജനങ്ങൾക്കല്ല തമിഴ്നാട് ഗവൺമെന്റിന് അത്തരത്തിലുള്ള ഭാഷ മാത്രമേ മനസ്സിലാകുകയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് അതിന്റെ പ്രവർത്തനം നിറുത്തിവയ്ക്കാൻ തന്നെ നടപടികൾ സ്വീകരിക്കാൻ നമ്മൾ മുന്നോട്ടുവന്നില്ലെങ്കിൽ അവർക്ക് ആ ഭാഷയൊന്നും മനസ്സിലാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് വളരെ നിയമാനുസൃതമായി വളരെ മര്യാദക്കാരായി വളരെ സമാധാനക്കാരായി കാര്യങ്ങൾ അവസാനിപ്പിച്ചുകളയാമെന്നുള്ളത് നമ്മുടെ വ്യാമോഹമായി മാറുമെന്നാണ് എനിക്കു തോന്നുന്നത്. ഇന്ന് കാണിച്ച ഈ മാതൃക, നമ്മുടെ സംസ്ഥാനത്ത് ഈ നിയമസഭ ചേർന്ന് ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മളെല്ലാം ഒരുമിച്ച് ചേർന്നു ഇടയ്ക്ക് ഒക്കെ ആവശ്യമില്ലാത്ത ചില അനാശാസ്യമായ പ്രവണതകൾ തലപൊക്കുന്നുണ്ടെങ്കിലും അത് സ്വാഭാവികം മാത്രമായി കാണുകയും .....

മി. സ്പീക്കർ: ശീലം മാറാൻ കുറച്ച് സമയം പിടിക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: അതിന്റെ ഒരു ഹാങ്ങ്ഓവർ ആണ്, അതൊന്ന് അവസാനിപ്പിക്കണം. ഇതൊരു മാതൃകയാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കാണിച്ച ഈ താൽപ്പര്യം മറ്റ് കാര്യങ്ങളിലും നമുക്ക് മാതൃകയായി എടുക്കാവുന്നതാണ്. ഈ രീതിയിൽ നമ്മൾ നേരത്തെ വന്നിരുന്നുവെങ്കിൽ കാര്യങ്ങൾ വളരെ വിജയകരമാകുമായിരുന്നു. ഇതിലിപ്പോൾ നായനാരുടെ സർക്കാരിന്റെ കാലത്ത് എന്തുചെയ്തു? നേരത്തെയുള്ള ഗവൺമെന്റുകൾ എന്ത് ചെയ്തു എന്ന് ചോദിക്കുന്നതിലർത്ഥമില്ല. എന്തു ചെയ്താലും ഇപ്പോൾ നമ്മൾ വന്ന് നിൽക്കുന്നത് ഇവിടെയാണ്. കോൺഗ്രസുകാരോട് മാത്രമല്ല കോൺഗ്രസുകാരും ലീഗുകാരും കമ്മ്യൂണിസ്റ്റുകാരുമുൾപ്പെടെയുള്ള എല്ലാവരോടും കൂടിയാണ് പറയുന്നത്. ഒരു പ്രത്യേക വിഭാഗത്തിനോട് പറയുകയല്ല. ഇതിന്റെ ബുദ്ധിമുട്ടുകളിൽ നിന്ന് കരകയറാൻ മാതൃകാപരമായിട്ടുള്ള ഐക്യം നിലനിർത്തി മുന്നോട്ടുപോകേണ്ടത് വാസ്തവത്തിൽ ആവശ്യമാണ്. ഈ ഒരു നിലപാട് ആദ്യമേ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ സംസ്ഥാനത്തിന്റെ ചിത്രം തന്നെ മാറുമായിരുന്നു. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുൾപ്പെടെയുള്ള ഇൻഡ്യയിലെ പരമോന്നത നീതിന്യായപീഠങ്ങളും സുപ്രീം കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും കോടതികളുമൊക്കെ സാധാരണ ജനപക്ഷത്തുനിന്നുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലറ്റർപോലും റിട്ടായിട്ട് പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നു, ജനങ്ങൾക്ക് വേണ്ടി ഇടപെടുന്നു എന്ന് പറഞ്ഞിട്ട് ഈ വിഷയത്തിൽ ഇങ്ങനെ അത്ഭുതകരമായ വിധി വന്നിരിക്കുന്നു. സുപ്രീം കോടതി വിധിയിൽ തന്നെ പറഞ്ഞിട്ടുണ്ട് ജലനിരപ്പ് ഉയർത്തിയതിനുശേഷം ഒരു സ്വതന്ത്ര ഏജൻസി അതിന്റെ കാര്യക്ഷമത പരിശോധിക്കണമെന്ന്, ഉയർത്തിയതിനുശേഷം പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട കോടതി പറഞ്ഞിട്ടുള്ളത്. അത് ആദ്യമാണോ പരിശോധിക്കേണ്ടത് അതോ ഉയർത്തിയതിനുശേഷമാണോ പരിശോധിക്കേണ്ടത് എന്നുള്ളത് ആലോചിക്കേണ്ട കാര്യമാണ്. നേരത്തെ പി. ടി. തോമസൊക്കെ പറഞ്ഞു, 126 അടിയേ ഇപ്പോൾ ജലനിരപ്പ് ഉള്ളുവെന്ന്. പക്ഷെ പത്രത്തിൽ കണ്ടത് ശരിയാണെങ്കിൽ മൂന്നടി കൂടി പിന്നീട് അടുത്ത കാലത്ത് ഉയർന്നിട്ടുണ്ട്. അത് 126 അടിയാണോ ഇനി അതല്ല ..... നമുക്ക് ഇപ്പോൾ ഒരു ചെറിയ തോന്നലുണ്ട് 136 അടിവരെ സുരക്ഷിതം ആണെന്ന മട്ടിലാണ് നമ്മൾ പോകുന്നത്. 136 അടിവരെ ഒരപകടവും ഇല്ലെന്ന് തീരുമാനിച്ചപോലെ പോകുന്നു, ആരാണ് ഇപ്പോൾ ഇതൊക്കെ പരിശോധിച്ചത്? 136 അടി തന്നെ സുരക്ഷിതം ആണെന്ന് ആരു പറഞ്ഞു? 136 അടി തന്നെ സുരക്ഷിതമായിട്ടുള്ള ഒരു അവസ്ഥയാണ്, ആ ജലനിരപ്പുതന്നെ മതി, അതുണ്ടായാൽപിന്നെ ഒരപകടവും ഉണ്ടാകില്ല എന്ന് ആര് പറഞ്ഞു? അപകടം ഏത് സമയത്തും സംഭവിക്കാം. അതിപ്പോൾ പുതിയതായി ഉണ്ടാക്കിയ അണക്കെട്ടിനും സംഭവിക്കാം. പക്ഷെ ഈ 136 അടിപോലും safe ആണെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് ഈ ജലനിരപ്പ് ഉയർത്തുന്ന പ്രശ്നമില്ല. പുതിയ അണക്കെട്ട് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുകയേ നിർവ്വാഹമുള്ളൂ. പുതിയ അണക്കെട്ട് ഉണ്ടാക്കുന്നതിന് പണ്ടുകാലത്ത് സമർപ്പിച്ച എസ്റ്റിമേറ്റ് 24 കോടി രൂപയുടേതാണത്രേ. ഇപ്പോൾ 300 കോടി രൂപ എന്തായാലും വേണ്ടിവരുമെന്നാണ് പത്രങ്ങളിലൊക്കെ കണ്ടത്. അപ്പോൾ പുതിയ അണക്കെട്ട് നിർമ്മിക്കുകയും ഈ വെള്ളം തമിഴ്നാടുകാർക്ക് തുടർന്ന് കൊടുക്കുന്നതിന് ആവശ്യമെങ്കിൽ ആ കരാർ പാലിക്കാൻ ബാദ്ധ്യതയുണ്ടെങ്കിൽ അങ്ങനെ അണക്കെട്ട് നിർമ്മിക്കുകയും അതിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഈ അണക്കെട്ടിന്റെ പ്രവർത്തനം പൂർണ്ണമായും നിറുത്തിവയ്ക്കുകയും അതുപോലെ നിയമസഭാസമിതി ശുപാർശചെയ്ത മുപ്പതിനായിരം കോടി രൂപയുടെ ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും നഷ്ടപരിഹാരം തമിഴ്നാട്ടിൽ നിന്ന് ഈടാക്കുന്നതിനുള്ള ചില സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്തുകൊണ്ട് വളരെ സുശക്തമായ കർശനമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിന് സമ്പൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: പാനൽ ഓഫ് ചെയർമാൻ കഴിഞ്ഞ നിയമസഭ സമ്മേളനത്തിലേതു തന്നെ തുടരും.

ശ്രീ. പി. ജയരാജൻ: സർ, ഈ ബിൽ ഏകകണ്ഠമായിത്തന്നെ ഈ നിയമസഭ പാസാക്കണം. പക്ഷേ ഭരണപക്ഷത്തുള്ള ചിലരുടെ ചർച്ച കേട്ടപ്പോൾ

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും,

ചോരയാണ് അവർക്ക് കൗതുകം.--

മി. സ്പീക്കർ: നമുക്ക് വിഷയത്തിലേക്ക് വരാം. പ്ലീസ്.

ശ്രീ. പി. ജയരാജൻ: വിഷയത്തിലേക്കാണ് വരുന്നത്. ഇവിടെ ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം കേട്ടാൽ തോന്നും നായനാർ കോവളത്തുപോയി ചർച്ച ചെയ്തതിനുശേഷമാണ് ഈ ബിൽ വന്നതെന്ന്. സുപ്രീം കോടതിയിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്ക നിലയിൽ വാദഗതികൾ ഉന്നയിച്ച് നമ്മുടെ വാദങ്ങൾ സമർത്ഥിച്ച് നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ എടുക്കുന്നതിൽ വന്നിട്ടുള്ള ഒരു വീഴ്ചയാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് ഇത്തരം ഒരു ബിൽ അവതരിപ്പിക്കാൻ നിർബന്ധിതമായിട്ടുള്ളത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ വളരെയേറെ വർഷം പഴക്കമുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ മുല്ലപ്പെരിയാർ ഡാമിൽ നിന്ന് തമിഴ്നാടിന് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. സുപ്രീം കോടതിവിധിയിൽ തന്നെ അത് പറയുന്നുണ്ട്. 1886 ഒക്ടോബർ 21-നാണ് തിരുവിതാംകൂർ മഹാരാജാവും ഇൻഡ്യാ സ്റ്റേറ്റ് സെക്രട്ടറിയും തമ്മിലുള്ള ഈ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി കെട്ടിയിട്ടുള്ള ഈ ഡാമിൽ വെള്ളം പല കാലങ്ങളിൽ പല അടികളായിട്ട് നിലനിന്നിട്ടുണ്ട്. 1943-ലെ വെള്ളപ്പൊക്കക്കാലത്ത് വെള്ളത്തിന്റെ അളവ് 154.80 അടിയായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതിനുശേഷം 63 വർഷം പിന്നിട്ടിരിക്കുകയാണ്. ഇപ്പോൾ ഡാം ഉണ്ടായതിനുശേഷം 110 വർഷം പിന്നിട്ടിരിക്കുകയാണ്. അപ്പോൾ 50 വർഷം കാലാവധി നിശ്ചയിച്ചിട്ടുള്ള ഈ ഡാമിന് 110 വർഷത്തിനുശേഷവും സുപ്രീം കോടതി വിധി അടിസ്ഥാനപ്പെടുത്തി ആപൽക്കരമായ ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. 30 ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള നിലയിലാണ് ഇപ്പോൾ ഈ ഡാം നിൽക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് ഇത് 136 അടിയായിട്ട് നിലനിറുത്തണമെന്ന കേരളത്തിന്റെ മൊത്തം താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം കേരള നിയമസഭ പാസാക്കണമെന്ന് സർവകക്ഷിയോഗത്തിൽ തന്നെ അഭിപ്രായം ഉയർന്നുവന്നിട്ടുള്ളത്. ഇത്തരം ഒരു നിയമനിർമ്മാണം നടത്താൻ ഈ നിയമസഭയ്ക്ക് തീർച്ചയായിട്ടും അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൻ കീഴിൽ എൻട്രി 17 എന്നുപറയുന്നത് ജലമാണ്. ആ ജലവുമായി ബന്ധപ്പെട്ടിട്ടുള്ള നിയമനിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭയ്ക്കുതന്നെ പൂർണ്ണമായ അവകാശമുണ്ട്. ഈ മുല്ലപ്പെരിയാർ ഡാമിൽ 136 അടിയായിട്ട് ജലം നിലനിൽക്കണം, അത് ഉയർത്തരുത് എന്ന് കേരള നിയമസഭയും കേരളവും ആവശ്യപ്പെടുമ്പോൾ അത് തീർച്ചയായിട്ടും തമിഴ്നാട്ടിലെ ജനങ്ങളുമായിട്ട് ഏതെങ്കിലും തരത്തിലുള്ള തർക്കത്തിന്റെ പ്രശ്നമല്ല.

136 അടിയായി ജലനിരപ്പ് നിജപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ട അവസരത്തിൽത്തന്നെ എഗ്രിമെന്റ് അനുസരിച്ച് കേരളം തമിഴ്നാട്ടിന് വെള്ളം കൊടുക്കുന്നുണ്ട്. അത് തുടരണമെന്നുതന്നെയാണ് കേരളം ആവശ്യപ്പെടുന്നത്. അതുകൊണ്ട് വാട്ടർ ഡിസ്പ്യൂട്ടിന്റെ പ്രശ്നമില്ലെന്ന് സുപ്രീം കോടതി തന്നെ പറഞ്ഞിട്ടുണ്ട്. ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർത്തിക്കഴിഞ്ഞാൽ ഇത്രയും വർഷത്തെ കാലപ്പഴക്കമുള്ള ഡാമിന് വലിയ അപകട ഭീഷണിയായിരിക്കും. ആ അണക്കെട്ട് തകർന്നാൽ ഇടുക്കി ഡാമിനേയും അത് ബാധിക്കും. ആ അണക്കെട്ട് തകർന്നാൽ ഇടുക്കി ഡാമിലെ ജലം 245 ഘന അടിയായി മാറും. ഇത്രയും ജലത്തെ ഇടുക്കി ആർച്ച് ഡാമിന് തടഞ്ഞുനിർത്താൻ കഴിഞ്ഞാലും ചെറുതോണിക്ക് ഇത്രയും വെള്ളത്തെ തടഞ്ഞുനിർത്താനാകില്ലെന്ന് വിദഗ്ധന്മാർ പറഞ്ഞിട്ടുണ്ട്. അത്തരത്തിൽ ഒരു വൻ ഭീഷണി ഉയർന്നുവന്ന സാഹചര്യത്തിലാണ് കേരളത്തിലെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ ഇത്തരമൊരു ബില്ല് ആവശ്യമായി വന്നിരിക്കുന്നത്. ജലനിരപ്പുയർത്തിയാൽ അവിടെയുള്ള അപൂർവ്വ ജൈവസമ്പത്തിന് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാകുമെന്നാണ് പാരിസ്ഥിതിക പഠനങ്ങൾ തെളിയിച്ചിട്ടുള്ളത്. അവിടെയുള്ള ടൈഗർ റിസർവ്വിന്റെ വിസ്തീർണ്ണം 777 ചതുരശ്ര കിലോമീറ്ററാണ്. പുഷ്പിക്കുന്ന 1965 ഇനങ്ങളും 1440 ഇനം ബഹുപത്ര സസ്യങ്ങളും 525 ഇനം ഏകപത്ര സസ്യങ്ങളും അവിടെയുണ്ട്. സസ്യസമ്പത്തിന്റെ അമൂല്യഖനിയാണ് ജലനിരപ്പുയർത്തുന്നതോടെ വെള്ളത്തിനടിയിലാകാൻ പോകുന്നത്. 12 ചതുരശ്ര കിലോമീറ്റർ വനപ്രദേശംകൂടി വെള്ളത്തിനടിയിലാകും. 155 ഇനം പയർ വർഗ്ഗങ്ങളും 143 ഇനം ഓർക്കിഡുകളും ഈ പ്രദേശത്ത് കണ്ടെത്തിയിട്ടുണ്ട്. ഇവിടെയുള്ള 1500 ജൈവ ഇനങ്ങളിൽ 460 സസ്യങ്ങളും അപൂർവ്വമായി മാത്രം കാണുന്നവയാണ്. ഈ പ്രദേശങ്ങളിൽ 168 പുല്ലിനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 25 വർഷമായി ജലനിരപ്പ് 136 അടിയായി തുടരുന്നതിനാൽ തടാകത്തിനോട് ചേർന്ന കരകളിൽ വന്യജീവികൾ സ്ഥിരം താവളം സൃഷ്ടിച്ചിട്ടുണ്ട്. 100 മീറ്റർ ചുറ്റളവിൽ ആനകൾ കൂടുതലായിട്ടുണ്ട്. മാൻ, കലമാൻ തുടങ്ങിയ മൃഗങ്ങൾ ധാരാളമായിട്ടുണ്ട്. ഈ മൃഗങ്ങൾക്കെല്ലാം പ്രിയമേറിയ 35 പുല്ലിനങ്ങൾ ഇവിടെയുണ്ട്. 21 വർഷത്തിനിടയ്ക്ക് രൂപംകൊണ്ട ആദിവാസി സെറ്റിൽമെന്റുകളും കൃഷിയിടങ്ങളുമെല്ലാം സുപ്രീം കോടതി വിധി അനുസരിച്ച് വെള്ളത്തിനടിയിലാകും. ഇങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങൾ സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിൽ കേരളത്തിന് സംഭവിച്ചിട്ടുള്ള പരാജയമാണ് യഥാർത്ഥത്തിൽ സുപ്രീം കോടതിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലൊരു വിധിയുണ്ടാകാൻ ഇടയായിട്ടുള്ളത്. 1979-ലാണ് ജലനിരപ്പ് 136 അടിയായി കുറച്ചത്. ഡാമിന്റെ 136 അടിക്ക് മുകളിൽ വരുന്ന ഭാഗത്താണ് കൂടുതൽ ചോർച്ച 1979-ൽ കണ്ടെത്തിയത്. ഇക്കാര്യം യഥാർത്ഥത്തിൽ സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയാതിരുന്നത് ദുരൂഹമാണ്. 1931-ലും, 1935-ലും, 1958-ലും, 1961-ലും ഈ ഡാമിലെ ചോർച്ച തടയാൻ ഗ്രൗട്ടിംഗ് നടത്തിയിരുന്നു. ഡാമിന്റെ ശേഷി കുറവാണ് ഇതൊക്കെ വ്യക്തമാക്കുന്നത്. ചോർച്ച സംബന്ധിച്ച് ഇപ്പോൾ മാത്രമല്ല ചർച്ച ചെയ്തത്. 2001 ജനുവരി മാസത്തിൽ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയുണ്ടായി. അതിൽ കേന്ദ്ര വിദഗ്ദ്ധസമിതി അംഗമായിട്ടുള്ള ശ്രീ. എം. കെ. പരമേശ്വരൻ നായർ അന്ന് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ഈ ആപത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള ഒരു ഭാഗം ....ഈ വിദഗ്ദ്ധസമിതി അംഗമെന്ന നിലയിൽ ഒക്ടോബർ മാസം ഡാം സന്ദർശിച്ചപ്പോൾ കാണാതിരുന്ന പല വിള്ളലുകളും ഭൂചലനത്തിനുശേഷം അവിടം സന്ദർശിച്ചപ്പോൾ കാണാൻ കഴിഞ്ഞതായും എന്നാൽ അവയെല്ലാം തന്നെ പ്ലാസ്റ്റർ ചെയ്ത് അടച്ച നിലയിലായിരുന്നുവെങ്കിലും അവയിലൂടെ ചെറിയതോതിൽ ജലപ്രവാഹമുണ്ടായിരുന്നതായും ഡാമിന്റെ സ്പെസിഫിക്കേഷനനുസരിച്ച് ഡൗൺ സ്ട്രീം ബ്ലോക്ക് ചെയ്യാനോ അവിടെ ഗ്രൗട്ടിംഗ് നടത്താനോ പാടില്ലെന്നും ചെറിയ തോതിലുണ്ടാകുന്ന ജലപ്രവാഹം പുറത്തുപോകാൻ അനുവദിച്ചില്ലെങ്കിൽ മർദ്ദം വീണ്ടും കൂടുകയാണ് ചെയ്യുന്നതെന്നും ശ്രീ. എം. കെ. പരമേശ്വരൻ നായർ സബ്ജക്ട് കമ്മിറ്റിയെ അറിയിച്ചു. ..... എന്ന് പറയുമ്പോൾ വളരെ പഴകിയിട്ടുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ ഡാം നിർമ്മിച്ചത്. ഇടുക്കി ഡാമിലൊക്കെത്തന്നെ വെള്ളം കനിഞ്ഞുപോകാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചിടത്തോളം അതുണ്ടായിട്ടില്ല. ചോർച്ച അടയ്ക്കുന്നതുതന്നെ കൂടുതൽ മർദ്ദം ഡാമിനകത്ത് സൃഷ്ടിക്കാനാണ് ഉപകരിക്കുക. ഡാമിന്റെ ഭിത്തികളിൽ അത് വലിയ നിലയിലുള്ള മർദ്ദം ഉണ്ടാക്കും, അത് വലിയ നിലയ്ക്കുള്ള അപകടത്തിന് സാധ്യതയുണ്ടെന്ന് വിദഗ്ദ്ധൻമാർ 2001-ൽത്തന്നെ അറിയിച്ചിട്ടുള്ളതാണ്. അപ്പോൾ വിദഗ്ദ്ധന്മാരുടെ ഈ അഭിപ്രായങ്ങൾ പരിഗണിച്ചിട്ട് ആ കാര്യങ്ങളെല്ലാം സുപ്രീം കോടതിയിൽ കേരളത്തിനുവേണ്ടി ഹാജരാകുന്ന വക്കീലൻമാരെ ബോദ്ധ്യപ്പെടുത്തി ആ വക്കീലൻമാർ സമർത്ഥമായി കോടതിയിൽ അവതരിപ്പിക്കുന്നതിൽ പരാജയപ്പെടുകയാണ് ചെയ്തത്. ഈ ബില്ല് പൈലറ്റ് ചെയ്തുകൊണ്ട് രാവിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ ഒരു ഭാഗം പിൻവലിച്ചു. അത് ബില്ലിലെ 4 കെ-യാണ്. 4 കെ-യിൽ പറയുന്നത്, "(k) two eminent public men nominated by the Government" അത് അദ്ദേഹം പിൻവലിച്ചു. സർവ്വകക്ഷി യോഗം നടക്കുന്നു; കേരളത്തിന്റെ താൽപ്പര്യം സുപ്രീം കോടതി വിധിയാൽ ഹനിക്കപ്പെട്ടു എന്ന് സാർവ്വത്രികമായി ബോദ്ധ്യം വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാഹചര്യത്തിൽ എന്തിനുവേണ്ടിയാണ് ഈ two eminent public men nominated by the Government എന്നുള്ള ഈ പുതിയ ബില്ലിലെ നിർദ്ദേശം പിൻവലിച്ചത്? ഞാൻ നേരത്തെയുള്ള ആക്ട് പരിശോധിച്ചു. ആ ആക്ടിൽ ഡാം സേഫ്ടി അതോറിറ്റിയിൽ ആരെല്ലാമാണുള്ളത്? Composition of the Authority – (1) The authority shall consist of the following members, namely:-

(a) a retired Judge of the High Court who shall be the Chairman of the authority;

(b) the Secretary to Government, Water Resources Department, ex-officio;

(c) the Chief Engineer, Investigation and Design and two other Chief Engineers of the Water Resources Department to be nominated by the Government, ex-officio;

(d) the Chief Engineer, Central Water Commission, nominated by the Government;

(e) the Chief Engineer (Civil), The Kerala State Electricity Board;

(f) the Chairman, Kerala State Pollution Control Board, (ex-officio);

(g) two experts in the field of conservation of water resources and dams to be nominated by the Government;

(h) an eminent geologist, nominated by the Government;

(i) the Director of Centre for Earth Science Studies (CESS), ex-officio;

(j) the Principal Chief Conservator of Forests, ex-officio.

ഇങ്ങനെ പറഞ്ഞിട്ടുള്ള വിദഗ്ദ്ധൻമാർ മാത്രമാണ് ഡാം സേഫ്ടി അതോറിറ്റിയിൽ ഉണ്ടായിരുന്നത്. ആ വിദഗ്ദ്ധൻമാരുടെ അഭിപ്രായം ഡാമിന്റെ ഉയരം 136 അടിയിൽനിന്ന് ഉയരാതിരിക്കുന്നതിന് വളരെയധികം പ്രധാന്യപ്പെട്ട ഒരു സാഹചര്യമായിരിക്കെ എന്തിനാണ് ഈ eminent person-നെ ഈ ബില്ലിൽ പുതിയതായി ഈ കമ്മിറ്റിയെ ഉൾപ്പെടുത്തിയത്? അവിടെയാണ് ഈ ഗവണ്മെന്റിന് എത്രമാത്രം ഡാമിന്റെ സുരക്ഷിതത്വത്തിലും കേരളത്തിന്റെ ജനങ്ങളുടെ ജീവന്റെ സുരക്ഷിതത്വത്തിലും താൽപര്യമുണ്ടെന്നുള്ള കാര്യം ബോദ്ധ്യമാകുന്നത്. നേരത്തെ പറഞ്ഞു, നിലവിലുള്ള ആക്ട് പ്രകാരം ഡാം സേഫ്ടി അതോറിറ്റി രൂപീകരിച്ചുകൊണ്ട് നിങ്ങൾ 2006 ഫെബ്രുവരി പതിനെട്ടാം തീയതി ഉത്തരവിറക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധന്മാരായ ആളുകളെ ഉൾപ്പെടുത്തേണ്ട സ്ഥാനത്ത് നിങ്ങൾ രണ്ടാളുകളെ ഉൾപ്പെടുത്തി. ഒന്ന്, ശ്രീ. തോമസ് മാത്യു, ചെറിയത്തിൽ, ചത്തിലോട് ലൈൻ, നാലാഞ്ചിറ പോസ്റ്റ്, തിരുവനന്തപുരം. അദ്ദേഹം ഏത് വിദഗ്ദ്ധനാണ്? ഡാം സേഫ്റ്റി അതോറിറ്റിയെ സംബന്ധിച്ചിടത്തോളം two experts എന്നുപറയുന്നുണ്ട്. രണ്ട് എക്സ്പെർട്ടുകളുടെ കൂട്ടത്തിലുള്ള വിദഗ്ദ്ധനായ ഈ തോമസ് മാത്യു ആരാണ്? ഈ ഗവണ്മെന്റിന് എത്രത്തോളം താൽപര്യമുണ്ടെന്നുള്ളതിന്റെ തെളിവാണത്. ഞാൻ മനസ്സിലാക്കിയത്, അദ്ദേഹം ഇലക്ട്രിസിറ്റി ബോർഡിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി വർക്ക് ചെയ്തിട്ട് റിട്ടയർ ചെയ്ത ആളാണെന്നാണ്. അദ്ദേഹത്തെയാണ് ഒരു വിദഗ്ദ്ധനായി നിയമിച്ചിരിക്കുന്നത്. ഇനി രണ്ടാമത്തെയാൾ, ചെക്കേനാട്ട് കെ. രാജേന്ദ്രനാഥ്, ചെക്കേനാട്ട് ഹൗസ്, പോസ്റ്റ് പറക്കോട്, അടൂർ. അദ്ദേഹം അടൂരിലെ മുൻ മുനിസിപ്പൽ ചെയർമാനാണ്. ഇവരാണ് ഡാം സേഫ്ടി അതോറിറ്റിയിലെ രണ്ട് വിദഗ്ദ്ധന്മാർ. Two experts in the field of conservation of water resources and dams to be nominated by the Government. ആ സ്ഥാനത്തേക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപര്യമുള്ള രണ്ട് ആളുകളെ നിശ്ചയിച്ചിട്ടുള്ള നാണംകെട്ട അവസ്ഥയാണ് കേരളത്തിനുണ്ടായിരിക്കുന്നത്. പിന്നെ എങ്ങനെയാണ് ഡാമിന് സുരക്ഷയുണ്ടാകുന്നത്; കോടതിയിൽ എങ്ങനെയാണ് കേസ് ജയിക്കുന്നത്? ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഡാമിന്റെ സുരക്ഷയോ ജനങ്ങളുടെ സുരക്ഷയോ ഒന്നും പ്രശ്നമല്ല. കിട്ടുന്ന അവസരം ഉപയോഗപ്പെടുത്തി എന്തെങ്കിലും കൈക്കലാക്കാൻ കഴിയുമോ എന്നുള്ള താൽപര്യം മാത്രമാണുള്ളത്. ഈ ബിൽ പാസ്സാക്കി നിയമമായിക്കഴിഞ്ഞാലും മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ഈ ഗവൺമെന്റിന്റെ കയ്യിൽ നിലനിൽക്കുമെന്നയാതൊരു അഭിപ്രായവുമില്ലെങ്കിലും ഈ നിയമം കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാൻ ഭാവിയിൽ ഉപകരിക്കുമെന്നുള്ളതുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. കെ. മണി: സർ, God's own country, ദൈവത്തിന്റെ സ്വന്തം നാട്ടിൽ ബഹുമാന്യനായ ബാലകൃഷ്ണപിള്ള ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ പ്രകൃതിസൗന്ദര്യങ്ങളും നമുക്കുണ്ട്. കടൽ, മല, വനം, മഴ എന്നിവയെല്ലാമുണ്ട്. പക്ഷേ നമ്മുടെ ഭൂമിയിൽ വെള്ളമില്ല. ശ്രീ. പി.ടി. തോമസ് പറഞ്ഞതുപോലെ വെള്ളത്തിന് വേണ്ടി യുദ്ധം ചെയ്യേണ്ട സാഹചര്യമാണ്. ഒരു ലിറ്റർ മിനറൽ വാട്ടർ 20 രൂപ കൊടുത്ത് വാങ്ങി കുടിക്കേണ്ട സാഹചര്യമാണ് ഇപ്പോഴും നമുക്കുള്ളത്. ഈ അവസാന ഘട്ടത്തിൽ, ചരിത്രത്തിൽ ഒരു മാറ്റമുണ്ടാക്കാൻ വേണ്ടി നമ്മുടെ നാടിന്റെയും പൊതുജനങ്ങളുടെയും താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് ഇവിടെ ഈ ബിൽ കൊണ്ടുവന്നിട്ടുള്ള ബഹുമാന്യനായ ജലവകുപ്പു മന്ത്രിയേയും സ്പീക്കറെയും മുഖ്യമന്ത്രിയേയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. ഇവിടെ പലരും രാഷ്ട്രീയപരമായിട്ട് സംസാരിച്ചു. ഇതിനെ ഒരിക്കലും രാഷ്ട്രീയപരമായിട്ട് കാണരുത്. നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യമായിട്ടു മാത്രമേ കാണാവൂ. 1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാറിൽ നിന്ന് നമുക്ക് കിട്ടുന്ന ഇൻകം സോഴ്സസ്, റവന്യൂ സോഴ്സസ്, ഡാമിന് എന്തെങ്കിലും അപകടം പറ്റിയാൽ നമ്മുടെ രാജ്യത്തുണ്ടാകുന്ന നാശനഷ്ടങ്ങൾ ഇവയെക്കുറിച്ചാണ് നമ്മൾ പറയേണ്ടത്. ഈ ഡാം ഉണ്ടാക്കിയതിന്റെ പ്രസക്തമായ, കാതലായ ഭാഗം ഇപ്പോൾ ആരും ചിന്തിക്കാറില്ല. തിരുവിതാംകൂർ ഗവൺമെന്റും ബ്രിട്ടീഷ് ഗവൺമെന്റുമാണ് ഇതുണ്ടാക്കിയത്. തമിഴ്നാട് ഗവൺമെന്റല്ല. അന്ന് തമിഴ്നാട് ഗവൺമെന്റ് ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ എഗ്രിമെന്റാണ്. 111 വർഷങ്ങൾക്ക് ശേഷമാണ് നമ്മൾ ഇപ്പോൾ അതിനെപ്പറ്റി ചർച്ച ചെയ്യുന്നത്. നമ്മുടെ രാജ്യത്തെ അന്തർ സംസ്ഥാനനദീജല വിവാദങ്ങൾ ഇപ്പോൾ ചർച്ച ചെയ്യുകയാണ്. കാവേരി ട്രൈബ്യൂണലുണ്ട്, പറമ്പിക്കുളം-ആളിയാറുണ്ട്, മുല്ലപ്പെരിയാറുണ്ട്. ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതിനൊരു അന്തിമ തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കേന്ദ്രത്തിൽ പല ഗവൺമെന്റുകൾ ഉണ്ടായിട്ടില്ലേ? നമ്മുടെ സംസ്ഥാനത്ത് തന്നെ എത്ര ഗവൺമെന്റുകളുണ്ടായിട്ടുണ്ട്? ഇത്രയും വലിയ ഗൗരവമായ കാര്യങ്ങളെപ്പറ്റി ചർച്ച നടത്തി എന്തെങ്കിലും തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? പ്രാക്ടിക്കലായി ചിന്തിക്കുക, പ്രാക്ടിക്കലായി വിജയം കൊള്ളുക. അതല്ലേ നമ്മൾ ആലോചിക്കേണ്ടത്? പക്ഷെ ഇതുവരെ നമുക്ക് ഒരു തീരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? 999 വർഷക്കാലയളവിലേക്കാണ് ഈ എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. എന്തുകൊണ്ടാണ് 999 വർഷക്കാലത്തേക്ക് എഗ്രിമെന്റുണ്ടാക്കുന്നത്? അൻപതോ അറുപതോ എഴുപതോ വർഷത്തേക്ക് ഉണ്ടാക്കിക്കൂടേ? 999 വർഷത്തേക്ക് ഒരു എഗ്രിമെന്റുണ്ടാക്കുകയാണെങ്കിൽ അത് പെർമനെന്റാണ്. അവർക്ക് അതിനകത്ത് എല്ലാ കാര്യങ്ങളും എൻജോയ് ചെയ്യാനുള്ള വകുപ്പാണ്. ആദ്യം നമ്മൾ അമെന്റ് ചെയ്യേണ്ടത് ആ വകുപ്പാണ്. 999 വർഷക്കാലയളവിലേക്ക് ഏതൊരു പ്രസ്ഥാനവും എഗ്രിമെന്റുണ്ടാക്കുമ്പോൾ, ലീസിന് കൊടുക്കുമ്പോൾ അതിലുള്ള ന്യൂനതകൾ പരിശോധിക്കണം. എന്തിന് 999 വർഷത്തേക്ക് കൊടുക്കണമെന്നുള്ളതാണ് നമ്മൾ വിലയിരുത്തേണ്ടത്. ഈ 999 വർഷത്തെ ലീസ് പൊസഷൻ കൊണ്ട് ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന് പല അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുല്ലപ്പെരിയാറിന്റെ കാര്യം മാത്രം ഞാൻ പറയുന്നില്ല. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം, പ്ലാന്റേഷൻ മേഖലയിൽ 999 വർഷം ബ്രിട്ടീഷ് കരാറുണ്ടായിട്ടുണ്ട്. അതിൽ നിന്നും ഒരടി സ്ഥലം പോലും എടുക്കാൻ നമുക്ക് ഇപ്പോഴും നിയമത്തിൽ അംഗീകാരമില്ല. നിയമസാധുതയില്ലാതെ 999 വർഷത്തേക്ക് അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റും തിരുവിതാംകൂർ ഗവൺമെന്റും ഉണ്ടാക്കിയ കരാറിനെപ്പറ്റി നമ്മൾ വിദഗ്ദ്ധമായി പരിശോധിക്കേണ്ടതാണ്. നമ്മുടെ കേസിനെ സംബന്ധിച്ചിടത്തോളം ആർബിട്രേഷനുകളുണ്ടാകുന്നു, ട്രൈബ്യൂണലുണ്ടാകുന്നു, ഹൈക്കോടതിയിൽ പോകുന്നു, സുപ്രീം കോടതിയിൽ പോകുന്നു. സുപ്രീം കോടതിയിൽ പോയി ഈ കേസ് ചർച്ച ചെയ്യുമ്പോൾ അവർ ചോദിക്കുന്ന ഒറ്റ ചോദ്യം ആർബിട്രേഷനിലോ ട്രൈബ്യൂണലിലോ ഒരു ചർച്ച വരുമ്പോൾ എന്തെങ്കിലും കമന്റ്സ് അതിനകത്തുണ്ടോ? എന്തെങ്കിലും അഭിപ്രായങ്ങൾ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഇന്റേണൽ ആയിട്ട്, അതിനകത്തുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട് എന്നുപറഞ്ഞാൽ സുപ്രീം കോടതിയെ സംബന്ധിച്ചിടത്തോളം നമ്മുടെ അഭിപ്രായങ്ങൾക്ക് വില ഇല്ലാത്തതുകൊണ്ട് എളുപ്പമായിട്ട് സുപ്രീം കോടതി വിധി നമുക്കെതിരായിട്ട് പ്രഖ്യാപിക്കാം. പക്ഷേ അത് അങ്ങനെ ഉണ്ടാകാത്ത രീതിയിൽ ഈ നിയമസഭയിലെ നമ്മൾ ഓരോരുത്തരും നമ്മുടെ സ്റ്റേറ്റിന്റെ പ്രധാനപ്പെട്ട ഇഷ്യൂ ആണെന്ന രീതിയിൽ ഇതിനെ കാണണം. മറിച്ച് ചിന്തിക്കരുത്. നമുക്ക് ജനങ്ങൾ അനുവദിച്ചിരിക്കുന്നത് 5 വർഷക്കാല സമയമാണ്. ജനവിധി മാനിച്ച് നമ്മൾ 5 വർഷത്തേക്ക് ഇവിടെ വരുന്നു. നമുക്ക് ഇവിടെ കിട്ടുന്ന പത്തോ മുപ്പതോ മിനിട്ട് സമയം എന്തെങ്കിലും രാഷ്ട്രീയം പറഞ്ഞിട്ട് പോയാൽ മതിയാകില്ല. 30 ലക്ഷം ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നം സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എത്ര ഗവൺമെന്റുകൾ ഇതുവരെയുണ്ടായിട്ടുണ്ട്? ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി നിയമനിർമ്മാണത്തിന് വേണ്ടി അമെന്റ്മെന്റിനുവേണ്ടി ബിൽ കൊണ്ടുവരുമ്പോൾ അതിൽ അദ്ദേഹത്തിനെ അഭിനന്ദിക്കണ്ടേ? അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണോ ഡാം ഉണ്ടായത്? അല്ലെങ്കിൽ ശ്രീ. ടി. എം. ജേക്കബിന്റെ കാലഘട്ടത്തിലാണോ ഈ ഡാം ഉണ്ടായത്? ഇതിനെപ്പറ്റി പ്രതിപക്ഷങ്ങൾ കൊണ്ടുവരുന്ന ചർച്ചകൾക്കൊക്കെ ശ്രീ. ടി. എം. ജേക്കബ് നന്നായിട്ട് മറുപടി പറഞ്ഞിട്ടുണ്ട്. 136 അടിയിൽ കൂടുതൽ വെള്ളം ശേഖരിക്കുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടാകും, ശരിയാണ്. അങ്ങനെ ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അതിന് ആൾട്ടർനേറ്റീവ് എന്താണ് ചെയ്യേണ്ടത്?

ശ്രീ. സാജു പോൾ: കഴിഞ്ഞ ദിവസം പാർലമെന്റിൽ തമിഴ്നാട്ടിൽ നിന്നുള്ള എം.പി.മാർ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് സുപ്രീം കോടതി വിധി നടപ്പിലാക്കി തരണമെന്ന് അതിശക്തമായി ആവശ്യപ്പെടുകയും ബഹുമാന്യനായ എ. കെ. ആന്റണി അടക്കമുള്ളവർ അതിൽ ഇടപെടുകയും ചെയ്തു. കോൺഗ്രസിന്റെ ഒരു സഖ്യകക്ഷിയായിട്ടുള്ള ഡി. എം. കെ. ഉൾപ്പെടെയുള്ളവരാണ് അക്കാര്യത്തിൽ ഇങ്ങനെയൊരു നിർദ്ദേശം വച്ചത്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരുമായി സമവായത്തിൽ എത്തുന്നതിനോ കേരളത്തെ സഹായിക്കുന്നതിനോ അതുപോലെതന്നെ തമിഴ്നാടുമായി ഏറ്റവും അടുത്ത ബന്ധമുള്ള ബഹുമാന്യനായ എ. കെ. മണി ഉൾപ്പെടെ ഉള്ളവർ ശ്രമിച്ച് ഈ കാര്യത്തിന് ഒരു പരിഹാരമുണ്ടാക്കുന്നതിന് എന്തെങ്കിലും ഇടപെടൽ നടത്തിക്കൂടേ?

ശ്രീ. എ. കെ. മണി: അത് തെറ്റായ ഒരു പ്രചരണമാണ്. എനിക്ക് തമിഴ്നാടിനോടല്ല താൽപ്പര്യം. I am born and brought up here. ഞാൻ കേരളീയനാണ്, കേരളത്തിൽ ജനിച്ചവനാണ്. പാർലമെന്റിൽ തീരുമാനം വരുമ്പോൾ ശ്രീ. എ. കെ. ആന്റണി വളരെ ശക്തമായി കേരളത്തിന്റെ താൽപ്പര്യം പറഞ്ഞിട്ടുണ്ട്. 19 എം. പി. മാർ എവിടെപ്പോയി? അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി മാത്രം നിലകൊള്ളുന്ന എ. കെ. മണിയാണ് ഞാൻ. കേരളത്തിലെ ജനങ്ങൾക്ക് ഒരു അപകടമുണ്ടാവുകയാണെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തമിഴ്നാട്ടിലെ ജനങ്ങൾക്ക് എതിരായിട്ട് എത്രാണ്ട് നിയമം പാസ്സാക്കുന്ന മട്ടിൽ ഇതിനെ വ്യാഖ്യാനിക്കുന്നത് ശരിയാണോ? നമ്മുടെ ഡാമിന്റെ സേഫ്റ്റിയാണ്. 136 അടി വേണ്ടെന്നോ ഡാം വേണ്ടെന്നോ അല്ലല്ലോ ഇവിടെ പറയുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. എ. കെ. മണി : സഹോദരബന്ധം നിലനിറുത്താൻ സാധിക്കണം. ഇപ്പോൾ സ്റ്റേജിൽ കയറി ലോകത്തൊഴിലാളികളെല്ലാം ഒന്നിച്ചാകണമെന്നു പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഇക്കാര്യത്തിൽ എന്തിനാണ് വിവേചനം കാണിക്കുന്നത്? തെറ്റാണ്. ആ ഏർപ്പാട് പാടില്ല. സ്റ്റേജിലൊന്നും പ്രവൃത്തിയിലൊന്നും. അതാണ് ഞാൻ നേരത്തെ പറഞ്ഞത് പ്രാക്ടിക്കലായി ചിന്തിക്കുക, പ്രാക്ടിക്കലായി പ്രവർത്തിക്കുക, അല്ലാതെ അവിടെയൊന്നു പറയുക ഇവിടെ മറ്റൊന്നു പറയുക. ഇത് എല്ലാ കാലഘട്ടത്തിലുമുള്ളതാണ്. നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത് നമ്മുടെ ഉദ്യോഗസ്ഥന്മാർ ആകട്ടെ, നമ്മുടെ മന്ത്രിമാരാകട്ടെ, ജനപ്രതിനിധികളാകട്ടെ നമ്മുടെ നാടിന്റെ താല്പര്യമാണ് ആദ്യം കാണേണ്ടത്. അതിന് എന്തെങ്കിലും തകരാർ പറ്റുകയാണെങ്കിൽ നമ്മൾ ഒരു ശക്തമായ തീരുമാനം എടുക്കാൻ തയ്യാറായി പോകണം. അവിടെപ്പോയി താഴോലിച്ചതുകൊണ്ടായില്ല. അല്ലെങ്കിൽ സർക്കാരത്തിൽ നമ്മൾ ഒരിക്കലും വീഴാൻ പാടില്ല. അവർ എല്ലാ തന്ത്രങ്ങളും കാണിക്കും. കാരണം അവരെ സംബന്ധിച്ചിടത്തോളം അവരുടെ സ്റ്റേറ്റിന്റെ നേട്ടമാണ്. അവരുടെ സ്റ്റേറ്റിന്റെ നന്മയ്ക്കുവേണ്ടി മാത്രം അവർ പ്രവർത്തിക്കുകയാണ്. നമുക്ക് പലപ്പോഴും അത് ഉണ്ടായിരുന്നില്ല. കാരണം മാറിമാറി വരുന്ന ഗവൺമെന്റുകളിലുള്ള അഭിപ്രായങ്ങൾ മാറിവരുന്നു. ജനപ്രതിനിധികൾ അഞ്ചു വർഷത്തിൽ കൂടുതലോ അല്ലെങ്കിൽ പത്തുവർഷത്തിൽ കൂടുതലോ ഇരിക്കാറില്ല. ഇതിനെപ്പറ്റി ആരാണ് വിദഗ്ദ്ധന്മാർ? വളരെ ക്ലിയറാണ്. ഇതിനകത്ത് പറഞ്ഞിരിക്കുന്നത് ആരൊക്കെയാണ്? ഡാം സേഫ്ടി അതോറിറ്റിയിലെ ആൾക്കാരായി ആരാണ് വേണ്ടത്? ഞങ്ങൾക്ക് ഇതിനെപ്പറ്റി വല്ലതും അറിയാമോ? അതാണ് അദ്ദേഹം പറഞ്ഞത്. രണ്ട് പബ്ലിക് കമ്മിറ്റികൾ വേണ്ടയെന്നുള്ളതാണ്. വളരെ കാര്യമല്ലേ? ഇവരെക്കൊണ്ട് എന്താണ് നേട്ടം? രണ്ട് എം. എൽ. എ. യോ എം. പി. യോ മന്ത്രിയോ പോയതുകൊണ്ട് ഒരു ഡാം സംരക്ഷിക്കാൻ പറ്റുമോ? ഇതിനകത്ത് വിദഗ്ദ്ധനായി ചെല്ലേണ്ടത്, മുല്ലപ്പെരിയാറിനെ സംബന്ധിച്ചിടത്തോളം ആ കാലഘട്ടത്തിൽ, ബ്രിട്ടീഷ് ഗവൺമെന്റ് പോലും ഈ ഡാമിന്റെ ആവശ്യമില്ലെന്നു പറഞ്ഞു. പണം ഇല്ല, അതുകൊണ്ട് ഇത് പണിയണ്ട എന്നു പറഞ്ഞതാണ്. ചരിത്രം അതാണ് പറയുന്നത്. എന്നിട്ടും താല്പര്യം കാണിച്ചതുകൊണ്ടാണ് അന്ന് ബിൽഡുയി ഈ ഡാം പണിയാൻ കാരണം. ഹൈ ടെക്നോളജി തന്നെയാണ്, നമുക്ക് പലർക്കും പല തകരാറുണ്ടാകുന്നു. അത്തരം സാങ്കേതിക വിദ്യ നമുക്ക് ഇപ്പോഴില്ല. വലിയ വലിയ ടെക്നോളജിയിൽ മിടുക്കന്മാരായ എഞ്ചിനീയർമാർക്ക് പോലും മനസ്സിലാകാത്ത അറിവില്ലാത്ത കാര്യങ്ങൾ കൊണ്ടാണ്

അന്നത്തെ സാങ്കേതിക വിദ്യയുമായി ഡാം നിർമ്മാണ പണി പൂർത്തീകരിച്ചിട്ടുള്ളത്. ഇപ്പോൾ തമിഴ്നാട്ടിൽ ചെന്നാൽ കാണാം. മധുര മീനാക്ഷിയമ്മൻ ക്ഷേത്രം. 600 വർഷങ്ങൾക്ക് മേലുള്ളതാണ്. ഈ സാങ്കേതിക വിദ്യയിലാണ് ആ ക്ഷേത്രം പണിതത്. അങ്ങനെ സാങ്കേതിക വിദ്യകൾകൊണ്ടാണ് ചെയ്തിരിക്കുന്നത്. ഇപ്പോൾ പലരും പല അഭിപ്രായങ്ങൾ പറയുന്നു. പലരും പല അഭിപ്രായങ്ങൾ പറഞ്ഞാലും ആ പല അഭിപ്രായങ്ങൾ നമ്മൾ ഉൾക്കൊള്ളുമോത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി. എം. ജേക്കബും മന്ത്രിയായിരുന്ന അവസരങ്ങളിലും പല അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. ആ പല അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ട് നമുക്ക് എവിടെയെങ്കിലും എത്താൻ പറ്റുമോ? എത്താൻ പറ്റുകയില്ല. നമ്മൾ ഇതിനുവേണ്ടി വിദഗ്ദ്ധന്മാരെ നിയമിക്കുക. സ്റ്റേറ്റിന്റെ താല്പര്യത്തിനുവേണ്ടി ഈ ഡാമിനെ ഏത് തരത്തിൽ സംരക്ഷിക്കാൻ കഴിയും, ഏത് സ്ഥലത്തുനിന്നു ഇൻകം സോഴ്സുണ്ടാക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധരടങ്ങുന്ന കമ്മിറ്റിയെ വയ്ക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ബുദ്ധിമുട്ടാണ്. ഇറിഗേഷൻ പർപ്പസിനു വേണ്ടിയാണ് അന്നത്തെ എഗ്രിമെന്റ്. പക്ഷേ അവർ കണ്ടത് വേറൊരു ഇൻകമാണ്. എങ്ങനെ? ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാമെന്നു അവർ കണ്ടെത്തി. ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാൻ കണ്ടെത്തിയത് എപ്പോഴാണ്? 1935 ലാണ്. അന്നു നമ്മൾ അഭിപ്രായം പറഞ്ഞു. എവിടെയെങ്കിലും എതിർപ്പുണ്ടായിരുന്നോ? എതിർപ്പില്ല. അന്ന് സുപ്രീം കോടതിയിൽ പോകാൻ പറ്റുമായിരുന്നില്ല. കാരണം സുപ്രീം കോടതി ഉണ്ടായിരുന്നില്ല. സുപ്രീം കോടതി ഇല്ലാതിരുന്ന കാലഘട്ടത്തിൽ രാജവാഴ്ചയുടെ കാലഘട്ടത്തിൽ പോലും അന്ന് അവർ എഗ്രിമെന്റിലൂടെ കാര്യങ്ങൾ നേടി. 1935-നുശേഷം എത്ര വർഷമായി? ഇപ്പോഴും അവർ കറണ്ട് എടുത്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ അവർ അവരുടെ സ്റ്റേറ്റിന്റെ താല്പര്യത്തിനുവേണ്ടി ഒരുമിച്ച് നീങ്ങുമ്പോൾ നമുക്ക് എന്തിനാണ് വ്യത്യസ്തമായ അഭിപ്രായങ്ങളും തീരുമാനങ്ങളും? നമ്മൾ ശക്തമായിട്ട് തന്നെ അസംബ്ലിയിൽ ഒറ്റക്കെട്ടായി നിൽക്കാൻ തയ്യാറാകണം. അവർ എന്തെങ്കിലും കാണിക്കട്ടെ. നമ്മൾ അതിനെപ്പറ്റി ചിന്തിക്കേണ്ട ആവശ്യമില്ല. നമുക്ക് നമ്മുടെ രാജ്യത്തിന്റെ ഇന്റെറസ്റ്റാണ് നോക്കേണ്ടത്. നമ്മുടെ ജനങ്ങളുടെ ജീവനാണ് കാണേണ്ടത്. 136 അടിയിൽക്കൂടുതൽ ജലനിരപ്പ് ഉയർത്തിയാൽ ഈ ഡാമിന് അപകടമുണ്ടാവുകയാണെങ്കിൽ തീർച്ചയായും അത് മറ്റവൻ നിയമിക്കുന്ന ഒരു ഹൈലെവൽ കമ്മിറ്റി അല്ലെങ്കിൽ എംപവർഡ് കമ്മിറ്റിയെ മാത്രം വിശ്വസിക്കാതെ തന്നെ നമുക്ക് നമ്മുടേതായ സാങ്കേതിക വിദഗ്ദ്ധന്മാർ കേരളത്തിലില്ലേ? വലിയ വിദഗ്ദ്ധന്മാരാണ് നമ്മുടെ രാജ്യത്തുള്ളത്. അങ്ങനെ നല്ല വിദഗ്ദ്ധന്മാരെക്കൊണ്ട് പരിശോധിപ്പിക്കുകയും അതിന്റെ ഗ്യാരണ്ടി ടൈം നമുക്ക് ഇപ്പോഴും ഉണ്ട്. 136 അടിയിൽ കൂടുതൽ വെള്ളം പിടിക്കുകയാണെങ്കിൽ അപകടം ഉണ്ടാകുമോ എന്നുള്ള തീരുമാനം, കമന്റ്സ് ആ വിദഗ്ദ്ധകമ്മിറ്റിയിൽ നിന്നുണ്ടാകണം. അത് വിലയിരുത്തിക്കൊണ്ടു വേണം ഈ ഡാമുമായി നമുക്ക് മുന്നോട്ട് പോകാൻ. അല്ലാതെ ജനങ്ങൾക്ക് ആശങ്കയുണ്ടാകുന്ന രീതിയിലുള്ള ചർച്ചയ്ക്ക് വഴിയൊരുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ അസംബ്ലിയിൽ പാടില്ല. നിയമസഭയിൽ പാടില്ല. ഇത് നിയമമാണ്. സുപ്രീം കോടതിയുടെ തീരുമാനത്തിന് എതിരെ പറയാൻ നമുക്ക് എന്താണ് അവകാശമിരിക്കുന്നത്? നമുക്ക് ഒരു അവകാശവുമില്ല. നമ്മൾ അത് പറയാൻ പാടില്ല. ലംഘനമാണ്. നമ്മൾ ബുദ്ധിയുള്ള ആൾക്കാരാണ്. നമുക്ക് അങ്ങനെ ഒരു തെറ്റ് സംഭവിക്കരുത്. നമ്മൾ ഒരിക്കലും പറയാൻ പാടില്ല. സുപ്രീം കോടതി വിധി അന്തിമമല്ലല്ലോ. ഒരു ജഡ്ജുമെന്റും അന്തിമമല്ല. എവിടെയെങ്കിലും ഒരു നൂല് കിട്ടിയാൽ മതി നിയമത്തെ സംബന്ധിച്ചിടത്തോളം ആ നൂലിൽ പിടിച്ചുനിൽക്കാവുന്നതാണ്. അത് കിട്ടിയാൽ മതി എവിടെയെങ്കിലും. അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാവുന്ന രീതിയിൽ ചർച്ച ചെയ്ത് നമുക്ക് ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന, 30 ലക്ഷം ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന രീതിയിലാകരുത്. ഇടുക്കിയുടെ വികസനമാണ് ഞങ്ങളുടെ താല്പര്യം. ജീവൻ ടി.വി.യിൽ ഇടുക്കിയുടെ വികസനത്തെപ്പറ്റി ചർച്ച ചെയ്തു. എന്റെ ബഹുമാനപ്പെട്ട സഹപ്രവർത്തകൻ ശ്രീ. ജയചന്ദ്രൻ അവിടെയുണ്ടായിരുന്നു. മുല്ലപ്പെരിയാർ തിരിച്ചുപിടിക്കാനുള്ള ചർച്ചയാണ്. അത് തെറ്റാണ്. വികസനം എന്നു കാണുന്നത് നമ്മുടെ നിലവിലുള്ള സമ്പത്തും കാര്യങ്ങളും അനുസരിച്ചു വേണം നമ്മുടെ വികസനം കണ്ടെത്താൻ. അതുകൊണ്ട് ആ കാര്യങ്ങളെല്ലാം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ നമുക്ക് വലിയ അപകടം സംഭവിക്കുമെന്നത് ഉറപ്പാണ്. അതുകൊണ്ട് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ രാഷ്ട്രീയം കാണാതെ ഒറ്റക്കെട്ടായ തീരുമാനം നമ്മുടെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയുള്ള തീരുമാനമായിരിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിന്റെ ചർച്ചയെ അനുകൂലിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടെ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി നിയമത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞാൻ ഇതിന്റെ പോയിന്റ്സ് മാത്രം പറയാനാണ് ഉദ്ദേശിക്കുന്നത്. ദീർഘമായ ഒരു പ്രസംഗത്തിനുള്ള സമയം ഇല്ലല്ലോ. ഈ കരാർ 1886 ഒക്ടോബർ മാസം 29-ാം തീയതി ഒപ്പിട്ട ഒരു പാട്ടക്കരാറാണ്. ഇത് നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നു 155 അടി പൊക്കംവരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8,000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേക്കാണ് ഈ കരാർ അനുസരിച്ച് നമ്മൾ ഒപ്പ് വച്ചിരിക്കുന്നത്. അത് 1970 മേയ് 29-ാം തീയതി നമ്മൾ പുതുക്കി. പുതുക്കിയപ്പോൾ ഈ കരാറിന്റെ പ്രാബല്യം 999 വർഷം എന്നുള്ളത് നമ്മൾ ഈ പാട്ട കരാറിൽ മാറ്റിയിട്ടില്ല. 999 വർഷമെന്നു വച്ചാൽ 1000 വർഷമാണ്. ഈ ആയിരം വർഷക്കാലത്തെ ഒരു കരാർ എന്നു പറയുന്നത് എനിക്ക് തോന്നുന്നത് ലോകത്ത് എവിടെയെങ്കിലും ഈ ആയിരം വർഷത്തിന് കരാർ ഒപ്പ് വച്ചതായിട്ട് കാണാൻ കഴിയുകയില്ല. എന്തോ നമുക്കൊരു അബദ്ധംപറ്റി. 1970-ൽ ഇത് പുതുക്കിയപ്പോഴും നമ്മൾ അത് ശ്രദ്ധിച്ചില്ല. സാധാരണ കരാറുകളെല്ലാം 99 വർഷമെന്നാണ് പറയുക. ഇത് 999 വർഷമാണ്. നമുക്ക് പറ്റിയ അബദ്ധത്തിൽ നിന്നു എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മറികടക്കാൻ പറ്റും എന്നുള്ളതിനെക്കുറിച്ചാണ് നമ്മൾ കൂട്ടായിട്ട് ആലോചിക്കേണ്ടത്. ഇതിനകത്ത് ഇപ്പോഴത്തെ 136 അടി ലവൽ വരാൻ ഉണ്ടായ കാരണം ഈ ഡാമിന്റെ സുരക്ഷിതത്വത്തിന്റെ കുറവുകൊണ്ടാണ്. ഇവിടെ പറഞ്ഞതുപോലെ 1895-ലാണ് മുല്ലപ്പെരിയാർ ഡാം കമ്മീഷൻ ചെയ്യുന്നത്. കരാർ വച്ചത് 1886-ൽ. 1886-ലെ കരാറിനുശേഷമാണ് ഈ ഡാം പുതുക്കി പണിയുന്നത്. ഡാമിന്റെ ഓൾഡ് ടെക്നോളജി ഇവിടെ പറഞ്ഞു. അതേക്കുറിച്ച് ആവർത്തിക്കുന്നില്ല. 25-11-1979-ലാണ് നമ്മൾ 136 അടിയായി വാട്ടർ ലവലും ഇതിന്റെ മാക്സിമം ലവൽ 155 അടിയാണ്. ഫുൾ റിസർവോയർ ലവൽ 152 അടിയെന്നു നമ്മൾ പല സ്ഥലത്തും സമ്മതിച്ചിട്ടുണ്ട്. 136 അടിയിലേക്ക് ഉയർത്തണമെന്നുള്ളത് അന്ന് സി. ഡബ്ല്യു. സി. ചെയർമാൻ ശ്രീ. കെ. സി. തോമസിന്റെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയാണ് തീരുമാനം എടുത്തതും വാട്ടർ ലവൽ താഴ്ത്തിയതും. അതിനുശേഷം ഇപ്പോൾ 26 വർഷം കഴിഞ്ഞു. 26 വർഷമായി ഒരേ ലവലിൽ നിൽക്കുകയാണ്. അപ്പോഴാണ് സുപ്രീം കോടതിയുടെ വിധി വന്നിരിക്കുന്നത്. ഈ സുപ്രീം കോടതി വിധിയെ സംബന്ധിച്ച് ഇവിടെ ചില ആളുകൾ ചില കാര്യങ്ങൾ ഒക്കെ പറഞ്ഞു. ഇതിനകത്ത് ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു അനാസ്ഥയും ഉണ്ടായിട്ടില്ല. അങ്ങനെ പറയുന്നത് ശരിയല്ല. ഇവിടെ ചില മാധ്യമങ്ങൾ അങ്ങനെ പ്രചരിപ്പിക്കുന്നുണ്ട്. നമ്മളിൽ കുറെ ആൾക്കാർ അങ്ങനെ പറയുന്നുണ്ട്. ഇത് ശരിയല്ല. ഈ കേസ് സുപ്രീം കോടതിയിൽ വന്നത് എങ്ങനെയാണ്? കേരള ഹൈക്കോടതിയിലും തമിഴ്നാട് ഹൈക്കോടതിയിലും വന്ന റിട്ട്പെറ്റീഷൻസ് അത് തമിഴ്നാട് ഗവൺമെന്റും സുബ്രഹ്മണ്യം സ്വാമിയും കൂടി ഒരു ട്രാൻസ്ഫർ പെറ്റീഷൻ സുപ്രീം കോടതിയിൽ കൊടുത്ത് അങ്ങോട്ട് വന്ന് അവിടെ വന്ന പെറ്റീഷനുകളിൽ ഒരു പെറ്റീഷനിന്മേലാണ് ഈ തീരുമാനം എടുത്തിരിക്കുന്നത്. ഇത് സുപ്രീം കോടതിയിൽ വന്ന അവസരത്തിൽ ആ transfer petition file ചെയ്തതിനെത്തുടർന്ന് തമിഴ്നാട് സർക്കാരിന്റെ ട്രാൻസ്ഫർ പെറ്റീഷന് എതിരായി 17-3-1999-ലും സുബ്രഹ്മണ്യം സ്വാമിയുടേതിന് എതിരായി 21-4-1999-ലും കേരള സർക്കാർ ഫയൽ ചെയ്ത കൗണ്ടർ അഫിഡവിറ്റിൽ Article 26 Inter State Water Dispute Act 1956 section 11 എന്നിവ പ്രകാരം പ്രസ്തുത പ്രശ്നങ്ങൾ സുപ്രീം കോടതിയുടേയോ മറ്റേതെങ്കിലും കോടതിയുടേയോ അധികാരപരിധിയിൽ വരുന്നതല്ലെന്നും അങ്ങനെയുള്ള പ്രശ്നങ്ങൾ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിടണമെന്നും നമ്മൾ പറഞ്ഞിട്ടുണ്ട്. 7-2-2000-ത്തിൽ സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം 5-4-2000-ത്തിലാണ് തിരുവനന്തപുരത്തുവച്ച് അന്തർ സംസ്ഥാന തർക്കത്തെ, ഈ എഗ്രിമെന്റിനെക്കുറിച്ചുള്ള ചർച്ച മുഖ്യമന്ത്രിമാരുടെ ലവലിൽ നടക്കുന്നത്. ഒരു എക്സ്പെർട്ട് കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. ഈ എക്സ്പെർട്ട് കമ്മിറ്റി എന്നുപറയുന്നത് സുപ്രീം കോടതി നിയമിച്ച കമ്മിറ്റിയല്ല. Central Government Water Resources Minister, അവരെ അഡ്വൈസ് ചെയ്യാൻ വേണ്ടിയാണ് ഡോ. മിത്തലിന്റെ നേതൃത്വത്തിൽ ഈ കമ്മിറ്റി ഉണ്ടാക്കിവച്ചത്. ഡോ. മിത്തലിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ കമ്മിറ്റിയിൽ ആകെയുള്ള അംഗങ്ങളിൽ,

സി. ഡബ്ല്യൂ. സി. യുടെ അഞ്ചു പേർ, അവർ പറഞ്ഞത്, തമിഴ്നാടിന്റെ ഒരു പ്രതിനിധി, കേരളത്തിന്റെ ഒരു പ്രതിനിധി, ഇതിനകത്ത് ഈ കമ്മിറ്റിയുടെ ആദ്യ സിറ്റിംഗ് നടന്നത്, അവർ ഡോ. മിത്തലിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ വിസിറ്റ് മുല്ലപ്പെരിയാറിൽ നടത്തിയത് 10-10-2000-ത്തിൽ ആണ്. 10-10-2000-ത്തിൽ വന്നതിനുശേഷം ഇവർ ആറു സിറ്റിംഗ് നടത്തിയിട്ടുണ്ട്. ഈ ആറാമത്തെ സിറ്റിംഗ് നടത്തിയത് 16-3-2001-ലാണ്. ഇവർ വിസിറ്റിനു വരുന്നത് 10-10-2000-ത്തിൽ. അതുകഴിഞ്ഞ് ആറാമത്തെ സിറ്റിംഗ് 16-3-2001-ൽ. അപ്പോൾ ചുരുങ്ങിയ പിരീഡിനുള്ളിൽ ആറു സിറ്റിംഗ് നടത്തി ഒരു റിപ്പോർട്ട് ഉണ്ടാക്കി. അന്ന് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തുതന്നെയാണ് നമ്മുടെ എക്സ്പെർട്ട് ആയിട്ട് കെ. എസ്. ഇ. ബി. യുടെ ടെക്നിക്കൽ മെമ്പറായ ശ്രീ. എം. കെ. പരമേശ്വരൻ നായരെ നിയോഗിച്ചത്. ഈ കമ്മിറ്റിയുടെ ആദ്യത്തെ പരിശോധനയ്ക്ക് മുല്ലപ്പെരിയാറിൽ വരുമ്പോൾ അവർ അവിടെവച്ചുതന്നെ ഇതൊന്നും പരിശോധിക്കാതെ വാട്ടർ ലവൽ ഉയർത്താമെന്നു പറഞ്ഞു. അപ്പോൾ ഒരു pre-decided കമ്മിറ്റിയാണ് അവിടെ പോയത്. അതിനകത്ത് ഈ പരമേശ്വരൻ നായർ കൊടുത്ത തർക്കം രേഖപ്പെടുത്തുവാൻ പോലും ആദ്യം അവർ തയ്യാറായിട്ടില്ല. ഞാൻ അതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്കും പോകുന്നില്ല. ഇതിനുശേഷം നമ്മൾ വളരെ റെലവന്റ് ആയിട്ട് ഒരു കാര്യം പറഞ്ഞു. ഐസോടോപ്പ് സ്റ്റഡി നടത്തണം. വളരെ സാങ്കേതികമായ ഒരു സംഗതിയാണ്. ഈ മുല്ലപ്പെരിയാറിന്റെ Environmental Protection Forum, Union of India-ക്കും മറ്റുള്ളവർക്കും എതിരായി സുപ്രീം കോടതിയിൽ സമർപ്പിച്ച റിട്ട്-പെറ്റീഷന്മേൽ തമിഴ്നാട് സമർപ്പിച്ച കൗണ്ടർ അഫിഡവിറ്റിന്മേൽ 13-2-2005-ൽ കേരളം മറുപടി സമർപ്പിച്ചിട്ടുണ്ട്. അതിൽ ഡാമിലെ ജലനിരപ്പ് ഉയർത്തിയാൽ ഭൂകമ്പംമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ മുല്ലപ്പെരിയാർ ബേബി ഡാം അതിജീവിക്കുകയില്ലായെന്ന് ബാംഗ്ലൂർ ഐ. ഐ. എസ്. സി-യിലെ പ്രൊഫസർ ആയ ശ്രീ. ആർ. എൻ. അയ്യങ്കാർ നടത്തിയ പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നൂറ്റാണ്ട് പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിൽ ബാബാ അറ്റോമിക് റിസർച്ച് സെന്റർ, മുംബൈയെക്കൊണ്ട് ഒരു ഐസോടോപ്പ് സ്റ്റഡി നടത്തണമെന്നുള്ള കേരളത്തിന്റെ ആവശ്യം പാടേ നിരാകരിച്ചുകൊണ്ടുള്ള തമിഴ്നാടിന്റെ പ്രതികരണവും പ്രസ്തുത അഫിഡവിറ്റിൽ ഉൾപ്പെടുത്തി സുപ്രീം കോടതിയെ അറിയിച്ചു. അപ്പോൾ സുപ്രീം കോടതിയിൽ ഈ കേസ് നടക്കുമ്പോൾ ഈ കാര്യങ്ങൾ പരിഗണനയ്ക്കു വിധേയമാക്കിയില്ല എന്നു പറയുന്നത് ശരിയല്ല. സുപ്രീം കോടതിയിൽ കൊടുക്കുന്ന അഫിഡവിറ്റിൽ പറയുന്ന കാര്യങ്ങളാണല്ലോ സുപ്രീം കോടതി നോക്കേണ്ടത്. ജഡ്ജ്മെന്റ് അവർക്ക് ഇഷ്ടമുള്ളത് എഴുതാം. പക്ഷേ ഈ അഫിഡവിറ്റിൽ കേരളത്തിന്റെ ആർഗ്യുമെന്റ്സ് വളരെ ഭംഗിയായി നമ്മൾ പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇത് അവിടെ പ്രസന്റ് ചെയ്തില്ല, പ്രസന്റ് ചെയ്തില്ല എന്ന് പിന്നേയും ആവർത്തിച്ചാവർത്തിച്ച് പറയുന്നത് ശരിയല്ല. ഇതിനകത്ത് ഒരു ഗവൺമെന്റിനേയും കുറ്റം പറയേണ്ട കാര്യമില്ല. വക്കീലന്മാർ കേസ് എങ്ങനെ വാദിക്കണമെന്ന് നമുക്ക് വക്കീലിനകത്ത് കയറിനിന്ന് സംസാരിക്കുവാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവൺമെന്റ് സപ്ലിമെന്റ് ചെയ്യേണ്ട കാര്യങ്ങൾ സപ്ലിമെന്റ് ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ അവർക്ക് ആവശ്യമുള്ള മെറ്റീരിയൽസ് കൊടുത്തിട്ടുണ്ടോ? കൊടുത്തിട്ടുണ്ട് ഈ കേസിൽ. അതിനുശേഷം ഇപ്പോൾ സുപ്രീം കോടതി പറഞ്ഞിരിക്കുന്ന ഈ ജഡ്ജ്മെന്റ് വന്നിരിക്കുന്ന ഡേറ്റ് ഫെബ്രുവരി 27, 2006 ആണ്. റിവ്യൂ പെറ്റിഷൻ കൊടുക്കാൻ ഒരു മാസത്തെ സമയമുണ്ട്. എനിക്ക് മന്ത്രിയോട് പറയാനുള്ളത്, റിവ്യൂ ഹർജി ഫയൽ ചെയ്യണം. വളരെ അത്യാവശ്യമാണ്. കാരണം ഈ ജഡ്ജ്മെന്റിന്റെ രണ്ടാമത്തെ പേജിൽ അവർ പറയുന്നു It is known as Mullaperiyar dam consisting of main dam, baby dam and other ancillary works. Salient features of the dam as mentioned in the agreement are as follows:
Type of dam, length of the main dam എന്നുപറഞ്ഞ് എഫ്.ആർ.എൽ അടക്കം അവർ പറഞ്ഞിട്ടുണ്ട്. In the past, reservoir was filled up to full level of 152 feet as per the agreement. The agreement was modified in the year 1970. സർ, അത് തെറ്റാണ്. ഈ എഗ്രിമെന്റിനകത്ത് ഇങ്ങനെ പറയുന്ന ഒരു ഷെഡ്യൂൾ അപ്പെന്റ് ചെയ്തിട്ടില്ല. സുപ്രീം കോടതിക്ക് അത് എവിടെനിന്നു കിട്ടി? എഗ്രിമെന്റെന്നു പറയുന്നത് രണ്ടു കൂട്ടരുടെയും കയ്യിലുള്ള സാധനമല്ലേ? ജഡ്ജ്മെൻറിൽ പറഞ്ഞിരിക്കുന്നത് ഇത് salient features agreement-ൽ പറഞ്ഞിരിക്കുന്നതാണ് എന്നാണ്. ഇത് തെറ്റാണ് എഗ്രിമെന്റിൽ അങ്ങനെ പറഞ്ഞിട്ടില്ല. factual error ആണ്. എഗ്രിമെന്റ് രണ്ടു കൂട്ടരുടെയും കയ്യിലുണ്ട്. ആർക്കും തർക്കമില്ല. അതിൽ പറയാത്ത ഒരു കാര്യം സുപ്രീം കോടതിക്ക് ഭാവനയിൽക്കൂടി പറയാൻ പറ്റുമോ? ഞാൻ സുപ്രീം കോടതിയെ ബഹുമാനിക്കുന്നു, കോടതികളെ ബഹുമാനിക്കുന്നു. പക്ഷേ അവരുടെ നിഗമനത്തോട് യോജിക്കുവാൻ സാധ്യമല്ല. ഫാക്ട്സിന്റെ ബേസിലല്ല ഈ ജഡ്ജ്മെന്റ് സുപ്രീം കോടതി എഴുതിയിരിക്കുന്നത്. പിന്നെ അടുത്തു പറയുന്നു, Whether disputes are liable to be referred to arbitration. സുപ്രീം കോടതിയുടെ ജഡ്ജ്മെന്റിൽ പതിനാലാം പേജിൽ നാലാമത്തെ പാരഗ്രാഫായിട്ട് പറഞ്ഞിരിക്കുകയാണ് It is contented that the lease deed dated 29th October 1886, provides that whenever any dispute of question arises between the lesser and the lessee touching upon the rights, duties or liabilities of either party. it shall be referred to two arbitrators and then to an umpire, if they differ this clause was amended in supplementary agreement dated 29th May 1970. തെറ്റാണ്. 1970 മേയ് 29-ൽ നമ്മൾ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതിനകത്ത് അമെന്റ് ചെയ്തിട്ടില്ല. factual error ആണ്. ഇത് എങ്ങനെ സുപ്രീം കോടതിയുടെ നിഗമനത്തിൽ എത്തി? 1970-ലെ എഗ്രിമെന്റ് നമ്മൾ അവിടെ കൊടുത്തിട്ടുണ്ട്. അപ്പോൾ സുപ്രീം കോടതിയിൽ ആരും പറയാത്ത ഒരു കാര്യം സുപ്രീം കോടതി ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുകയാണ്. എന്നിട്ടാണ് അവർ ഈ നിഗമനത്തിൽ എത്തിയിരിക്കുന്നത്. പിന്നെ വേറൊന്നും അവർ പറയുന്നു. പിന്നെ പറഞ്ഞിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? By raising the water level the boundaries of the sanctuary do not get altered. The total area of the sanctuary remains 777 square kilometers. സർ, ഇതിൽ 1950-ലെ കണക്കാണ് അവർ പറയുന്നത്. 1979-ൽ 136 അടിയിലേക്ക് വാട്ടർ ലവൽ താഴ്ത്തിയെന്നും അതിനുശേഷം 26 വർഷമായി ഈ wild life sanctuary-യുടെ area-ൽ വ്യത്യാസം വന്നിട്ടുണ്ടെന്ന് ഏതു മണ്ടനാണ് മനസ്സിലാകാത്തത്? ആർക്കാണ് മനസ്സിലാകാത്തത്? 26 വർഷം കിടക്കുന്ന ഒരു സ്ഥലത്ത് പുല്ലു മുളയ്ക്കാം, മരം മുളയ്ക്കാം. ഒക്കെ മുളച്ചിട്ടില്ലേ? എന്നിട്ട് ഇവർ ജഡ്ജ്മെന്റിൽ പറയുന്നു By raising the water level the boundaries of the sanctuary do not get altered. Factual mistake ആണ്. നമ്മൾ earthquake-നെപ്പറ്റി പറഞ്ഞില്ലേ? അവർ പറയുന്നത് എന്താണ്? ജഡ്ജ്മെന്റിൽ പറയുന്നു Regarding the issue as to safety of the dam on water level being raised to 142 feet from the present level of 136 fect, the various reports have examined the safety angle in depth including the view point of earthquake resistance. The apprehensions have been found to be baseless. In fact the reports suggested on obstructions attitude on the part of the State of Kerala. ഇവിടെ earthquake ഉണ്ടായി എന്നുള്ളത് സത്യമല്ലേ? നമ്മുടെ 'സെസി' ന്റെ റിപ്പോർട്ട് അവർ കണക്കിൽപ്പോലും എടുത്തില്ല. നമ്മൾ അവിടെ കൊടുത്ത റിപ്പോർട്ട് നോക്കാതെ സുപ്രീംകോടതിക്ക് പറയാൻ പറ്റുമോ earthquake ഡാമിനെ ബാധിക്കുകയില്ലെന്ന്? ബാധിച്ചുവെന്ന് പറഞ്ഞിരിക്കുന്നത് അവർ കണക്കിലെടുത്തിട്ടില്ല. അത് കണക്കിലെടുക്കാത്തത് മഹാ തെറ്റല്ലേ? ഈ സ്റ്റേറ്റിനോടു ചെയ്ത ഏറ്റവും വലിയ അനീതിയല്ലേ? അതുപോലെ തന്നെ The Deputy Director, Dam Safety Monitoring Directorate,. Central Water Commission, Ministry of Water Resources in affidavit of April 2004 has inter-alia stated that during the recent earthquake mentioned by Kerala Government in its affidavit no damage to the dam was reported by CWC officers who inspected the dam. 'സെസ്' കൊടുത്ത റിപ്പോർട്ട് അവർ നോക്കിയിട്ടില്ല. ഇത് ആരെങ്കിലും ഏതെങ്കിലും ഒരു ഭാഗത്ത് എഴുതിവച്ചാൽ അവർ പറയുന്നതുമാത്രം നോക്കി വിധി എഴുതണമോ? അങ്ങനെയാണെങ്കിൽ ഈ 'സെസ്' എന്നു പറയുന്ന ഏജൻസിക്ക് എന്താണ് വിലയുള്ളത്? അതിനകത്തുള്ളത് സയന്റിസ്റ്റുകളല്ലേ? അതുപോലെതന്നെ There is no report suggest that the safety of the dam would be affected if the water level is raised for the present to 142 feet. തികച്ചും തെറ്റായ ചില നിഗമനങ്ങളാണ് സുപ്രീം കോടതിയുടെ വിധിമൂലം വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ നമ്മൾ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യണം. കാരണം നമ്മൾ ഇപ്പോൾ നിയമം പാസ്സാക്കുന്നു. അപ്പോൾ അവർക്ക് ചോദിക്കാം. നിയമം മാത്രം പോരല്ലോ? നിങ്ങൾ എന്തുകൊണ്ട് ഇത് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. റിവ്യൂ വന്നാൽ നമുക്ക് അറിയാം ഓപ്പൺ കോർട്ടിൽ വാദമില്ല. ഇത് ജഡ്ജ്മെന്റ് എഴുതി ജഡ്ജിമാർക്കുതന്നെ സർക്കുലേറ്റ് ചെയ്യും. പക്ഷേ ഈ factual errors-ന്റെയും

ഒരിക്കലും എഗ്രിമെന്റിൽ പറയാത്ത കാര്യങ്ങളുടേയും അടിസ്ഥാനത്തിൽ ജഡ്ജ്മെന്റ് എഴുതിയിട്ടുണ്ടെങ്കിൽ ആ എഴുതിയ മൂന്നു ജഡ്ജിമാരും ഈ കേരളത്തോടു കാണിച്ചത് തികഞ്ഞ അനീതിയാണ്. അത് നീതിന്യായപീഠത്തോടു അവർ കാണിക്കുന്ന അനീതിയാണ്. ഇത് നമുക്ക് അവരുടെ മുമ്പിൽ പറയാൻ കഴിയണം. എഴുതുമ്പോൾ തെറ്റുപറ്റാൻ പാടില്ലല്ലോ. ആ തെറ്റ് തെറ്റാണെന്ന് ചൂണ്ടിക്കാണിച്ചാൽ വിവേകമുള്ള ജഡ്ജിമാർ അത് അംഗീകരിക്കും. അതുകൊണ്ട് ഈ സ്റ്റേറ്റിനു വേണ്ടി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. ഞാൻ മറ്റു കാര്യങ്ങളിലേക്ക് ദീർഘമായി കടന്നുപോകുന്നില്ല. വേറെയൊന്ന് നമുക്ക് ചെയ്യാവുന്ന ഒരു സംഗതിയുണ്ട്. 1980-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ 26 (a) Sub section (iii)-ൽ പറയുന്നത് No alteration of the boundaries of sanctuaries shall be made except on a resolution passed by the Legislature of the State. നമുക്ക് ഒരു അധികാരമുണ്ട്. റൂൾ 130 പ്രകാരം നാളത്തെ ചർച്ച അവസാനിക്കുമ്പോൾ ഒരു റസല്യൂഷൻ ഇവിടെ മൂവ് ചെയ്ത് 275 അനുസരിച്ചുള്ള ഒരു റസല്യൂഷൻ എടുത്ത് വൈൽഡ് ലൈഫ് സാങ്ച്വറിയുടെ ബൗണ്ടറി ഫിക്സ് ചെയ്യണം. വേറൊന്നുള്ളത്, സുപ്രീം കോടതി തന്നെ 12-12-1996-ലെ ഒരു ജഡ്ജ്മെന്റിൽ T. N. Godavarma Thirumulpad Vs. Union of India and others-ആ ജഡ്ജ്മെന്റിൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ആക്ട് അതുപോലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് ഈ ആക്ടിനെ സംബന്ധിച്ച് എങ്ങനെ നിലപാട് സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ ജഡ്ജ്മെന്റ് ഞാൻ വായിക്കുന്നില്ല. ഇവിടെ പറഞ്ഞത് ഏതിയയെ സംബന്ധിച്ചുള്ള സാങ്കേതികമായ ഒരു വിഷയമാണ്. പക്ഷേ 1980-ലെ ആക്ട് അനുസരിച്ച് നമുക്ക് അധികാരമുണ്ട്. നിലവിലുള്ള നിയമം വച്ച് ചെയ്യാം. ഞാൻ എന്റെ സജഷൻ പറയുന്നുവെന്നേയുള്ളൂ. ഗവൺമെന്റ് ആലോചിക്കണം. മറ്റൊന്ന് ഈ നിയമത്തിൽ തന്നെ ചെയ്യണ്ട ഒരു സംഗതി, ഞാൻ ഇത് പറയാനുള്ള കാരണം എന്താണെന്നുവച്ചാൽ, 1996 സെപ്റ്റംബർ 26-ന് ഈ നിയമസഭ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്, കുര്യാർകുറ്റി-കാരപ്പാറ ഡാമുമായി ബന്ധപ്പെട്ടുകൊണ്ട് പുതിയ ഡാം വരുന്ന സമയത്ത്. 1950-ലെ അന്നത്തെ റിപ്പോർട്ടാണ് ഇപ്പോൾ നമ്മുടെ കയ്യിലുള്ളത്. 777 സ്കയർ കിലോമീറ്റർ എന്നുള്ളത് അല്ലല്ലോ വരുന്നത്? 1996-ൽ സെക്രട്ടറി ഇൻ-ചാർജ്ജ് ആയിരുന്ന വ്യക്തി ഒപ്പിട്ട റസല്യൂഷന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. നമ്മൾ ഇവിടെ പാസ്സാക്കിയിട്ടുണ്ട്. ഇവിടെ പ്രീസിഡന്റ് ഉണ്ട്. അപ്പോൾ അത് നമുക്ക് എടുക്കാം. ഈ നിയമത്തിലെ ഒന്നുരണ്ട് സജഷൻസ് കൂടി പറയുകയാണ് ഒന്ന്, 68 (a) എന്ന പുതിയൊരു സെക്ഷൻ നമ്മൾ ഇൻകോർപ്പറേറ്റ് ചെയ്തിരിക്കുകയാണ്. Protection of action and immunities from challenge etc. എന്നുപറഞ്ഞ് സബ് ക്ലാസ് 2-ൽ പറയുന്നു. No civil court shall have jurisdiction to settle, decide or deal with any question of fact or to determine any matter which

LIBRARY ARCHIVES Kerala Legislative Assembly

is by or under this Act required to be settled, decided or dealt with or to be determined by the Authority under this Act. അതിനുശേഷം ഒരു പുതിയ സെക്ഷൻ കൂടി ചേർക്കണം. ഇതിൽ വരാവുന്ന പോസിബിലിറ്റീസൊക്കെ ഉണ്ട്. ഡഫിനിഷൻ ക്ലാസ്സിൽ വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. custodian ആരൊക്കെ ആവാം. Custodian means any State Government or any Local Authority. Any State Government, തമിഴ്നാടിനും ആവാം. തമിഴ്നാടിന് വരാൻ പാടില്ല എന്നില്ലല്ലോ. ഡാം സേഫ്റ്റി അതോറിറ്റി ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അതിനു മുമ്പിൽ ഹാജരായി അവർക്ക് വേണമെങ്കിൽ സുപ്രീം കോടതിയുടെ ജഡ്ജ്മെന്റ്, നേരത്തെയുള്ള അഫിഡവിറ്റ് ഇവയെല്ലാം വച്ചുകൊണ്ട് അവർ ഒരു ആർഗ്യുമെന്റ് നടത്തുന്നു. സ്വാഭാവികമായും ഒരു പെറ്റീഷൻ അതോറിറ്റി കേട്ടാൽ ആ പെറ്റീഷനുമേൽ ഒരു സ്പീക്കിംഗ് ഓർഡർ വേണം, ഒരു ജഡ്ജ്മെന്റ് വേണം. ആ ജഡ്ജ്മെന്റ് വന്നാൽ സിവിൽ കോർട്ടിലേക്ക് വേറെ പോകാനുള്ള റൈറ്റുണ്ട് ഇപ്പോഴത്തെ പ്രകാരം. അതിനുവേണ്ടി ചെയ്യേണ്ടത് എന്റെ അഭിപ്രായത്തിൽ, മന്ത്രിയുടെ പരിഗണനയ്ക്കും വന്ന ഒരു കാര്യമാണ്. സബ് സെക്ഷൻ (3) ആയി "(3) Findings of facts by the Authority leading to its advise recommendations, orders or directions as provided in the parent Act as amended from time to time, shall be final and shall not be called in question before any court of law and no court of law shall entertain any legal proceedings, civil, criminal or otherwise challenging any finding of fact by the Authority in accordance with the functions assigned to it by the parent Act as amended from time to time". ഇത് വന്നില്ലെങ്കിൽ ഈ നിയമം പാസ്സാക്കി വയ്ക്കുന്നതുകൊണ്ട് വലിയ അർത്ഥമില്ലാതെ വരും. നമുക്ക് മുൻകരുതലുകൾ എടുത്തേ പറ്റൂ. നമ്മൾ ചൂടുവെള്ളത്തിൽ വീണ പൂച്ചയാണ്. പച്ചവെള്ളം കണ്ടാലും നമ്മൾ മടിക്കണം. നമുക്ക് അബദ്ധങ്ങൾ ഏറെ പറ്റി. ഇനി പറ്റാൻ പാടില്ല. ഇന്ന് നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി ഐകകണ്ഠ്യേന ഈ നിയമം പാസ്സാക്കുന്നത് വലിയൊരു പർപ്പസോടുകൂടിയാണ്. ഇതിനെ നശിപ്പിക്കാനുള്ള ശക്തമായ ലോബികൾ പുറത്തുണ്ട്. പല സ്വാധീനവും ചെലുത്താൻ കഴിയുന്ന ആളുകളുണ്ട്. സന്ദർഭവശാൽ ഒരു കാര്യം പറയട്ടെ. പറമ്പിക്കുളം-ആളിയാർ കരാറിന്റെ ചർച്ചയ്ക്ക് പല പ്രാവശ്യം പോയ ഒരു മന്ത്രിയാണ് ഞാൻ. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ എൺപതും എൺപത്തിയഞ്ചും വയസ്സൊക്കെ പ്രായമുള്ള ആളുകളെ അവിടെ കാണാം. അവർ തമിഴ്നാട്ടിൽ നിന്ന് റിട്ടയർ ചെയ്ത എൻജിനീയർമാരാണ്. പണ്ട് നമ്മൾ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായിരുന്ന സമയത്താണല്ലോ ആ ഭാഗത്ത് ഡാമുകളൊക്കെ വന്നത്. ഇപ്പോഴും അവർക്ക് സർവ്വീസിൽ തുടരാനുള്ള സൗകര്യം ഒരുക്കിക്കൊടുത്തിരിക്കുകയാണ്. കേരളത്തിൽ 55 വയസ്സ് കഴിഞ്ഞ ആരെയെങ്കിലും നമുക്ക് വയ്ക്കാൻ പറ്റുമോ? ഇവിടെ അപ്പോൾ വിമർശനമാവുമല്ലോ. ഞാനും വിമർശിക്കും. എല്ലാവരും വിമർശിക്കും. നമ്മൾ അത്തരത്തിലുള്ള ഒരു വർഗ്ഗത്തിൽ പെടുന്നവരാണ്. അവിടെ എന്തും കാണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ആരെ വേണമെങ്കിലും വയ്ക്കാം. എത്ര വർഷം വേണമെങ്കിലും വയ്ക്കും. ഞാൻ വെറുതെ പറഞ്ഞതല്ല. 85-ഉം 88-ഉം വയസ്സുള്ളവരെ അവിടെ വച്ചിട്ടുണ്ട്. അവർക്ക് ഓർമ്മശക്തിയുമുണ്ട്. അവരെ ഡിപ്പൻഡ് ചെയ്താണ് കാര്യങ്ങൾ പലതും പോകുന്നത്. അതാണ് തമിഴ്നാട്. അതുകൊണ്ട് വളരെ വലിയൊരു ലോബി പുറത്തുണ്ട്. മറ്റൊരു കാര്യം എനിക്ക് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ലോകായുക്ത നിയമം നമ്മൾ പാസ്സാക്കിയിട്ടുണ്ട്. ആ നിയമത്തിൽ Sec.19. Power to Punish for contempt. അതിന്റെ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. അപ്പോൾ അത് കേരള നിയമസഭയ്ക്കും പാസ്സാക്കാമല്ലോ. ഞാൻ കേട്ടത് ഇവിടത്തെ ലാ ഡിപ്പാർട്ടുമെന്റിനോട്, എനിക്ക് അരോചകമൊന്നുമില്ല, പക്ഷെ ലാ ഡിപ്പാർട്ട്മെന്റ് പറയുന്നു Power to punish for contempt എന്ന പ്രൊവിഷൻ വയ്ക്കുന്നത് ശരിയല്ല. ലോകായുക്ത നിയമത്തിൽ ഇത് കൊണ്ടുവരാമെങ്കിൽ എന്തുകൊണ്ട് ഇവിടെ കൊണ്ടുവന്നുകൂടാ? ആ നിയമം കേരള നിയമസഭ പാസ്സാക്കിയതല്ലേ? അത് നടപ്പിൽ വന്നു. അതിൽ പറയുന്ന അതേ പ്രൊവിഷൻ ഇവിടെ ചേർക്കണം. The Authority shall have and exercise the same jurisdiction and power in respect of contempt of itself as the High Court has and may exercise, and for this purpose the provision of the Contempt of Courts Act, 1971 (Act 70 of 1971) shall have effect subject to the modification that the reference therein made to the High Court shall be construed to the reference made to the Authority. ബഹുമാനപ്പെട്ട മന്ത്രി ഇതിന് അമെന്റ്മെന്റ് കൊണ്ടുവരണം. ലോകായുക്ത നിയമത്തിൽ Power to punish for contempt എന്ന പ്രൊവിഷൻ ആകാമെങ്കിൽ ഈ നിയമത്തിലും അത് ആവാം. ലാ ഡിപ്പാർട്ടുമെന്റ് എന്തുപറഞ്ഞാലും അത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ഇത് കൊണ്ടുവന്നില്ലെങ്കിൽ ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കില്ല. ബഹുമാനപ്പെട്ട മന്ത്രി പുതിയ സെക്കൻഡ് ഷെഡ്യൂൾ കൊണ്ടുവന്നു. നല്ല കാര്യമാണ്. ഇതിനകത്ത് ഷെഡ്യൂൾ ഡാമാണ് പറയുന്നത്. ഷെഡ്യൂൾ ഡാമിൽ പത്തെണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്തെങ്കിലും ഒരു ക്രൈറ്റീരിയ അതിന് നിശ്ചയിക്കണം. നെയ്യാർ ഇറിഗേഷൻ ഡാം-1973 ആക്ടിലെ ഷെഡ്യൂളിൽ Description of the dam, Year of completion, Full Reservoir level എന്നാണ് പറയുന്നത്. അത് എടുത്തുകളയണം. Full Reservoir level എന്നുള്ള വാക്ക് എടുത്തുകളയണം. കാരണം മുല്ലപ്പെരിയാർ 136 ഫീറ്റ് എന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. നമ്മൾ എല്ലാ സ്ഥലങ്ങളിലും സമ്മതിച്ചിട്ടുള്ളതും നേരത്തെയുള്ളതിനകത്തും full reservoir ലവൽ 152 ഫീറ്റാണ്. പിന്നെ ഒരു ചോദ്യം വരാം, നിങ്ങൾ എങ്ങനെ 136 എന്ന നിഗമനത്തിൽ എത്തി എന്ന്. നമുക്ക് അത് അവോയിഡ് ചെയ്യാൻ വേണ്ടി "പെർമിസിബിൾ റിസർവോയർ ലവൽ" എന്ന് ആക്കിയാൽ മതി. നമുക്ക് അങ്ങനെ ചെയ്യാം. അതിനെ മറികടക്കാൻ നമുക്ക് അതുവഴി സാധിക്കും. പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നിവ പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ടിരിക്കുന്ന ഡാമുകളാണ്. ഈ ഡാമുകളെല്ലാം 1961-63 പീരിയഡിൽ

LIBRARY ARCHIVES Kerala Legislative Assembly

തീർന്നതാണ്. ആ ഡാമുകൾ ഇതിനകത്ത് ഉൾക്കൊള്ളണം. 1940-ൽ തീർന്ന ഡാമാണ് പള്ളിവാസൽ; ഏറ്റവും ആദ്യത്തെ ഡാമാണ്, സ്വാതന്ത്ര്യത്തിനുമുമ്പ്. അതും ഇതിനകത്ത് വന്നിട്ടില്ല. അതുപോലെ പെരിങ്ങൽകുത്ത് 1957-ൽ പൂർത്തിയായതാണ്. പന്നിയാർ 1963-ൽ പൂർത്തിയായി. നേര്യമംഗലം 1961-ൽ പൂർത്തിയായി, വാഴാനി 1962-ൽ പൂർത്തിയായി. എന്റെ അഭിപ്രായത്തിൽ 1973 നമ്മൾ ഒരു കട്ട് ഓഫ് ഡേറ്റായിട്ട് എടുക്കുകയാണെങ്കിൽ 1973-ന് മുൻപ് തീർന്നിട്ടുള്ള എല്ലാ ഡാമുകളും ഷെഡ്യൂൾ ഡാമിന്റെ പരിധിക്കകത്ത് വരണം. പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് ഇത് മൂന്നുമാണ് നമ്മുടെ സ്റ്റേറ്റിൽ ഉള്ളത്. അതുതന്നെയല്ല, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് ഈ മൂന്ന് ഡാമുകളാണ് നമ്മുടെ സ്റ്റേറ്റിനകത്ത് വരുന്നത്. അതെല്ലാം 1962-63 കാലഘട്ടത്തിൽ ഉള്ളതാണ്. എനിക്ക് കിട്ടിയ കണക്കനുസരിച്ച് 18,19 ഡാമുകളുണ്ട്. ചിലപ്പോൾ അതിൽ കൂടുതലും കാണും. എന്റെ കയ്യിലുള്ള രേഖകൾ വച്ച് ഞാൻ മനസ്സിലാക്കി എടുത്തതാണ്. അത് ഉദ്യോഗസ്ഥൻമാർ കൂടി പരിശോധിച്ച ശേഷം ലവലും, ഇയർ ഓഫ് കംപ്ലീഷനും കൂടി പറഞ്ഞ് സെക്കന്റ് ഷെഡ്യൂൾ റിവൈസ് ചെയ്യണം. അങ്ങനെ കൂടി വരുമ്പോൾ നമുക്ക് അതിനകത്തെല്ലാം കൂടുതൽ ആമ്പിൾ ചാൻസസ് ഈ നിയമത്തെ സംബന്ധിച്ച് കിട്ടും. അങ്ങനെ നമുക്ക് ഇതിനെ കുറ്റമറ്റ നിയമമാക്കി മാറ്റാം. ഇവിടെ ശ്രീ. എ. കെ. ബാലൻ ഒരു സംശയം ഉന്നയിച്ചത് ഇത് നിലനിൽക്കുമോ എന്നാണ്. ഏത് നിയമമാണ് അവസാനനിയമമായിട്ട് നിലനിൽക്കുന്നത്? ഏത് നിയമം പാസ്സാക്കിയാലും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലേ? ഇത് 2003-ലെ ആക്ടാണ്, Irrigation and Water Conservation Act. അതിന് 2006-ൽ അമെന്റ്മെന്റ് വന്നു. ഇതിന് വീണ്ടും അമെന്റ്മെന്റ് വേണ്ടിവരും. വളരെ പ്രമാദമായ ഉണ്ണികൃഷ്ണൻ കേസിനകത്ത് കോൺസ്റ്റിറ്റ്യൂഷണൽ ബെഞ്ചാണ് വിധിയെഴുതിയത്. അതിനുശേഷം ശ്രീ. ടി. എം. എ. പൈ കേസ് വന്നപ്പോൾ കോൺസ്റ്റിറ്റ്യൂഷണൽ ബെഞ്ചാണ് ഇവിടെയും വിധി എഴുതിയത്. ഉണ്ണികൃഷ്ണൻ കേസിൽ അന്നത്തെ കോൺസ്റ്റിറ്റ്യൂഷണൽ ബെഞ്ചെടുത്ത പല അഭിപ്രായങ്ങളും അൺകോൺസ്റ്റിറ്റ്യൂഷണലാണെന്ന് പറഞ്ഞു. സുപ്രീം കോടതിയിൽ തന്നെ ഉണ്ടായതാണ്. അതുകൊണ്ട് ഏത് നിയമവും ഏത് കോടതിയിലും ചലഞ്ച് ചെയ്യാം. അതുകൊണ്ട് ജുഡീഷ്യറിയും ലെജിസ്ലേച്ചറും തമ്മിൽ ഒരു അൺഹെൽത്തി കോമ്പറ്റീഷൻ വേണ്ട. നമ്മൾ അതിന് ആഗ്രഹിക്കുന്നില്ലല്ലോ. കേരള നിയമസഭയ്ക്കൊരു റിക്കാർഡുണ്ട്. ഏറ്റവും കൂടുതൽ സോഷ്യൽ ലെജിസ്ലേഷൻ, ഏറ്റവും കൂടുതൽ ഇഫക്ടീവായിട്ടുള്ള നിയമനിർമ്മാണം നടത്തിയ ഒരു നിയമസഭയാണിത്. നമ്മൾ കോടതിയെ കളിയാക്കാനോ അവഹേളിക്കാനോ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: 2003-ലെ ബിൽ അന്ന് പാസ്സാക്കി. ശ്രീ. ടി. എം. ജേക്കബാണ് അതിവിടെ കൊണ്ടുവന്നത്. അതിന്റെ റൂൾസുണ്ടാക്കാൻ രണ്ടര-മൂന്നു വർഷമെടുത്തു. ഇപ്പോഴാണ് സേഫ്റ്റി അതോറിറ്റിയിലേക്കുള്ള ആളുകളെ നിയമിച്ചത്. റൂൾസുണ്ടാക്കാൻ വൈകിയതും സേഫ്റ്റി അതോറിറ്റിയിലേക്കുള്ള ആളുകളെ നിയമിക്കാൻ താമസം നേരിട്ടതും സുപ്രീം കോടതി വിധിയെ സ്വാധീനിച്ചിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് അങ്ങനെ പറയാൻ പറ്റില്ല. റൂൾസ് ഉണ്ടായില്ല എന്നുപറയുന്നത് ശരിയല്ല. 2003-ലെ ആക്ട് പാസായിക്കഴിഞ്ഞ് ഇമ്മീഡിയറ്റായിട്ട് തന്നെ റൂൾസ് ഉണ്ടായിട്ടുണ്ട്. ലാ ഡിപ്പാർട്ടുമെന്റിന്റെ ആളുകളും, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ആളുകളും, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആളുകളും കൂടിയിരുന്ന് ഡിസ്ക്കസ് ചെയ്ത് റൂൾസ് നിർമ്മിച്ചിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റി വരാൻ അൽപ്പം വൈകി. അതിന് എന്തെങ്കിലും സാങ്കേതിക കാരണം കാണും. അത് എനിക്ക് അറിയില്ല. മന്ത്രിയാണ് അതിനെക്കുറിച്ച് എന്തെങ്കിലും പറയേണ്ടത്. റൂൾസ് നമുക്കുണ്ട്. കഴിഞ്ഞുപോയത് കഴിഞ്ഞു. ഇപ്പോൾ നമ്മൾ ഡാം സേഫ്റ്റി അതോറിറ്റിയെ കൂടുതൽ സ്ട്രെങ്തൺ ചെയ്തു, കൂടുതൽ അധികാരങ്ങൾ കൊടുത്തു. അവർക്ക് തീരുമാനം എടുക്കാം. ആ തീരുമാനം അവർക്ക് തന്നെ ഇംപ്ലിമെന്റ് ചെയ്യാം. അതിന് വേറെ ആരുടേയും ഒരു സഹായം ആവശ്യമില്ല. അഡ്വൈസ് കൊടുത്താൽപ്പോലും ആ അഡ്വൈസിൻമേൽ എന്ത് നടപടി ഗവൺമെന്റ് സ്വീകരിച്ചു, അല്ലെങ്കിൽ ഏതെങ്കിലും അതോറിറ്റി സ്വീകരിച്ചു എന്നുള്ളത് ഈ കമ്മീഷനെ അറിയിക്കണമെന്നുള്ള പ്രൊവിഷൻ ഒക്കെ ഇതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്തിട്ടുണ്ട്. അതെല്ലാം നമുക്ക് ഗുണമായിട്ട് വരും.

ശ്രീ. സി. കെ. നാണു: ഈ വിധി കേരളത്തിന് എതിരായിട്ട് വരാനുള്ള കാരണങ്ങളിൽ ഒന്ന് കോടതിയും അഭിഭാഷകനും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്ന് സൂചിപ്പിക്കുന്ന രീതിയിൽ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഒരഭിപ്രായം ഇവിടെ പറഞ്ഞു. താങ്കൾ മന്ത്രിയായിരുന്ന അവസരത്തിൽ വച്ചിരുന്ന അഭിഭാഷകരും ഈ അഭിഭാഷകരും എല്ലാവരും ഒന്നാണോ? താങ്കൾ ഇവിടെ നേരത്തെ മൂന്ന്, നാല് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ഇതെല്ലാം സ്റ്റേറ്റിന്റെ താല്പര്യത്തിന് വിരുദ്ധമായി വന്നു. നമ്മൾ സമർപ്പിച്ച രേഖകൾ ശരിക്ക് പരിശോധിച്ചാൽ ഈ വിധി വരേണ്ടതല്ല. അങ്ങനെ വരുമ്പോൾ നമ്മുടെ അഭിഭാഷകന് കേരളത്തിന്റെ കാര്യങ്ങൾ വേണ്ടപോലെ സമർപ്പിക്കാൻ സാധിച്ചില്ല എന്നുള്ളതല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയെപ്പോലെ സീനിയറായിട്ടുള്ള ഒരു അംഗം ഞാൻ പറഞ്ഞതിനെ തെറ്റിദ്ധരിച്ച് ഉദ്ധരിക്കുമെന്ന് വിചാരിച്ചില്ല. ഞാൻ പറഞ്ഞത് അതല്ല. ഫയലിൽ ഒരു കത്തുണ്ട്. എനിക്ക് ആ കോടതിയിൽ അപ്പിയർ ചെയ്യാൻ കഴിയില്ല എന്നുപറയുന്ന ഒരു കത്ത് ഫയലിലുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. വക്കീൽ ഫീസ് കൊടുക്കാത്തതാണ് പ്രശ്നമെന്ന് പറഞ്ഞപ്പോൾ സ്വാഭാവികമായിട്ട് ആ കത്തിനെക്കുറിച്ച് അങ്ങ് അറിഞ്ഞിരിക്കാൻ സാധ്യതയില്ലാത്തതുകൊണ്ട് ഫയലിലെ ആ കത്തിന്റെ ചെറിയ ഒരു അംശം അങ്ങയെ ഓർമ്മിപ്പിച്ചു എന്നു മാത്രമേയുള്ളൂ. അത് കോടതിയും വക്കീലുമായിട്ടുള്ള പ്രശ്നമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ഫീസ് കൊടുക്കാൻ താമസിച്ചു, അതുകൊണ്ട് നമ്മുടെ വക്കീൽ കേസിന് സുപ്രീം കോടതിയിൽ ഹാജരാകുന്നില്ല എന്ന് സഭയിൽ ചോദ്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞിട്ടുള്ളതാണ്. സഭയുടെ രേഖകൾ പരിശോധിച്ചാൽ അറിയാം.

ശ്രീ. ടി. എം. ജേക്കബ്: ഫീസ് മുഴുവനും ഒന്നും ഇല്ല. ചില ഡ്യൂസ് വന്നിട്ടുണ്ട്. ഇല്ലെന്ന് ആരും പറയുന്നില്ല. അതുകൊണ്ട് കേസിന് വേണ്ടി അപ്പിയർ ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. ശ്രീ. ധവാൻ ആദ്യം നമ്മുടെ അഡ്വക്കേറ്റ് ആയിരുന്നു. അതിന്റെ കൂടെ ജൂനിയർ ലായർമാരും ഉണ്ടായിരുന്നു. അവർക്ക് പേമെന്റ് കൊടുത്തിരുന്നു. അതിനുശേഷം ശ്രീ. അയ്യരെ വച്ചു. ശ്രീ. അശോക് ദേശായിയുടെ നേതൃത്വത്തിൽ ഒരു പാനൽ നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. അതെല്ലാം നടന്നിട്ടുള്ളതാണ്. വക്കീൽ ഫീസൊന്നും കൊടുക്കാതിരുന്നിട്ടില്ല. ഡ്യൂസ് വന്നിട്ടുണ്ടാകാം. അത് ക്ലിയർ ചെയ്തുകൊടുത്തിട്ടുണ്ട്. അവർ കത്തെഴുതിയിട്ടുണ്ട്. അവർ അയച്ച കത്ത് ഞാൻ കണ്ടിട്ടുണ്ട്. നമ്മൾ അത് ക്ലിയർ ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അന്ന് ഞാനും അന്നത്തെ സെക്രട്ടറി ശ്രീ. മാത്യുവും ചീഫ് എഞ്ചിനീയർ ശ്രീ. ശശിയും കൂടി ഒന്നിച്ച് പോയി ശ്രീ. ധവാനെ കണ്ട് കേസിന്റെ കാര്യങ്ങൾ ഡിസ്കസ് ചെയ്തിട്ടുണ്ട്. നമ്മുടെ എ. ജി. യുടെ ഓഫീസുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ഡിസ്കസ് ചെയ്തിട്ടുണ്ട്. നമ്മൾ ലീഗൽ ഒപ്പീനിയൻ എടുത്തിട്ടുണ്ടല്ലോ. ആ ലീഗൽ ഒപ്പീനിയന്റെ ബേസിസിലാണ് ഡാം സേഫ്റ്റി അതോറിറ്റി ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ കൂട്ടിച്ചേർത്തത്. ചെയ്യേണ്ട കാര്യങ്ങൾ ഒക്കെ നമ്മൾ ചെയ്തു. ചില മാധ്യമങ്ങൾ, ഞാൻ മാദ്ധ്യമങ്ങളെ കുറ്റം പറയുകയാണെന്ന് മാദ്ധ്യമപ്രവർത്തകർ ധരിക്കരുത്, അതിനകത്ത് കേരള ഗവൺമെന്റ് ഒന്നും ചെയ്തില്ല, ഒന്നും ചെയ്തില്ല എന്ന് നാഴികയ്ക്ക് നാനൂറ് വട്ടം പറയുന്നത് ശരിയല്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കട്ടെ. അത് നമുക്ക് ഉൾക്കൊള്ളാൻ കഴിയും. പക്ഷെ ഒന്നും ചെയ്തില്ലെന്ന നിഗമനത്തിൽ എത്തുന്നത് ശരിയല്ല. നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം നമ്മൾ ഇന്ന് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ ഉണ്ടായ സാഹചര്യം ഇത് പ്രധാനപ്പെട്ടതു തന്നെയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും പ്രശ്നങ്ങൾ ഉണ്ടാകരുത്. അങ്ങനെ ഒരു panic situation ഇപ്പോൾ ഈ ഇലക്ഷൻ വരുമ്പോൾ 30 ലക്ഷം, 40 ലക്ഷം മരിക്കുന്നു എന്നൊക്കെ പറയുന്നത് ശരിയല്ല. ആരും മരിക്കാൻ പാടില്ലല്ലോ. ഒരു ഡാമിനും ക്ഷതം സംഭവിക്കാൻ പാടില്ല. എല്ലാവരും ആഗ്രഹിക്കുന്നത് അതല്ലേ? അതുകൊണ്ടല്ലേ നമ്മൾ കൂട്ടായിട്ട് നിയമത്തെക്കുറിച്ച് ചർച്ച നടത്തുന്നത്. അതുകൊണ്ട് ഒരു നല്ല നിയമം കുറ്റമറ്റതായി പാസ്സാക്കാൻ നമുക്ക് കഴിയണം. നാളെ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉൾക്കൊള്ളാൻ കഴിയുന്ന ഭേദഗതികൾ ഉൾക്കൊള്ളണം. 2003-ലെ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് യുനാനിമസായിട്ടാണ്

പാസ്സാക്കിയത്. അതുപോലെ നമുക്ക് ഈ അമെന്റ്മെന്റ് ബില്ലും യുനാനിമസായിട്ട് തന്നെ പാസ്സാക്കാൻ കഴിയും. റെസല്യൂഷന്റെ കാര്യത്തെക്കുറിച്ച്കൂടി ആലോചിക്കുക. ഞാൻ ഒരു നോട്ടീസ് കൊടുത്തിട്ടുണ്ട്. എന്താണെങ്കിലും ഇതിനെ സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടി പോകാൻ കഴിയണം. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം സ്വാഗതാർഹമാണ്. കുറേക്കൂടി ഭംഗിയാക്കേണ്ടതുണ്ടെങ്കിൽ നമ്മൾ അത് ഭംഗിയാക്കണം. അങ്ങനെയൊരു നല്ല ലെജിസ്ലേഷൻ 11-ാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിൽ പാസ്സാക്കി എന്നുള്ളത് ചരിത്രം രേഖപ്പെടുത്തട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്. പ്രധാനമായും കേരളത്തിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ ഉതകുമെന്ന് മാത്രമല്ല തുടർ പ്രവർത്തനങ്ങൾ നടത്താനും കൂടി നമ്മുടെ ഗവൺമെന്റിന് ശക്തിയും പ്രചോദനവും നൽകുന്നതാണ് ഈ ബിൽ. ഈ ബില്ലിനെക്കുറിച്ച് ഇവിടെ പ്രസംഗിച്ച പ്രസംഗങ്ങളൊക്കെ നിയമസഭയുടെ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. വിഷയത്തിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ട് കാര്യമാത്ര പ്രസക്തമായ നിർദ്ദേശങ്ങൾ ഇരുപക്ഷത്തുനിന്നും സമർപ്പിച്ചു എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. കാൽനൂറ്റാണ്ടു മുമ്പുതന്നെ ഒരു ബദൽ ഡാം വേണമെന്ന നിർദ്ദേശം ശക്തമായി ഉന്നയിച്ചിരുന്നു. തീർച്ചയായും ആ ബദൽ ഡാമിന്റെ കാര്യം പരിഹരിക്കാൻ പറ്റുമോ എന്ന് കേരള ഗവൺമെന്റ് ഗൗരവമായി ചിന്തിക്കണം. അതുപോലെതന്നെ എറണാകുളം, ഇടുക്കി ജില്ലകളിലെ ജനങ്ങളെ സംബന്ധിച്ച് നേരിട്ട ആശങ്ക പരിഹരിക്കാൻ ഇത് തീർച്ചയായും ഉപയുക്തമാകും. അതോടൊപ്പം തന്നെ ആറാം പേജിൽ ക്ലാസ് 9- രണ്ടാം പട്ടികയിൽ പത്ത് ഡാമുകളുടെ പേരുകൾ കൂട്ടിച്ചേർത്തിടത്ത് പാലക്കാട് ജില്ലയിലെ ശിരുവാണി ഡാം കൂടി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം അട്ടപ്പാടി ഉൾക്കൊള്ളുന്ന പാലക്കാട് ജില്ലയിൽ കേരളത്തിലെ 40 നദികളിൽ ഒരു പ്രധാനപ്പെട്ട നദിയായ കാവേരിയുടെ ഒരു ട്രിബ്യൂട്ടായ ഭവാനി ഒഴുകുന്നത് എന്റെ നിയോജക മണ്ഡലത്തിലൂടെയാണ്. ഭവാനിയും ഭവാനിയുടെ ഏറ്റവും വലിയ കൈവഴിയായ ശിരുവാണിയും ഒഴുകുന്നത് എന്റെ നിയോജകമണ്ഡലത്തിലൂടെയാണ്. കേരളത്തിന് അവകാശപ്പെട്ട 2.5 ടി. എം. സി. വെള്ളം ലഭിക്കേണ്ടത് പ്രധാനമായും ഈ നദിയിൽ നിന്നാണ്. ഇതിൽത്തന്നെ ഹങ്കിണപ്പാറ മലകളിൽനിന്നും ഉത്ഭവിക്കുന്ന ഭവാനി നദിയിൽ തമിഴ്നാട് ഇതിനകംതന്നെ മൂന്ന് തടയണകൾ നിർമ്മിച്ചു കഴിഞ്ഞു. അപ്പർ ഭവാനിയിൽ, വെസ്റ്റ് ഭവാനിയിൽ, ഈസ്റ്റ് വരകപ്പള്ളത്ത്. ഇതുസംബന്ധിച്ച് വളരെ വിവാദങ്ങൾ ഉണ്ടാവുകയും ഭവാനി നദിയിലെ വെള്ളം നമുക്ക് കാര്യമായി ഉപയോഗിക്കാൻ കഴിയില്ലെന്നും ഭവാനി നദിയിലെ വെള്ളം പുതൂർ പഞ്ചായത്തിലെ കുറച്ച് ആളുകൾ മാത്രം ഉപയോഗിച്ചുപോകുകയാണെന്നുമുള്ള വാദം വന്നപ്പോഴും തുടർന്ന് ഒരുപാട് അണക്കെട്ടുകളുടെ നിർദ്ദേശം വരികയുണ്ടായി. ആ അണക്കെട്ടുകൾ പലതും രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് കൊല്ലം മുമ്പ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങളൊന്നും ഉണ്ടായിട്ടില്ല. ചെമ്മണ്ണൂരും രംഗനാഥപുരവും തേക്കുവട്ടയും അതുപോലെതന്നെ ചാവടിയൂരിലും കൂടപ്പട്ടിയിലുമൊക്കെ പ്രഖ്യാപിച്ചിരുന്ന അണക്കെട്ടുകളുടെ തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. അതുപോലെതന്നെ പുതൂർ പഞ്ചായത്തിലൂടെ ഒഴുകിവരുന്ന വരകയാർ ഭവാനിയിലേക്ക് വരുന്ന ഒരു നദിയാണ്. ഒരു കാലത്ത് കേരളത്തിന്റെ ഏറ്റവും വലിയ നെല്ല് ഉൽപ്പാദന കേന്ദ്രമായിരുന്ന പുതൂർ പഞ്ചായത്തിലെ വരകയാർ കുന്തിയിലേക്ക് തിരിയുമ്പോൾ തന്നെ തമിഴ്നാട് തിരിച്ചു വിട്ടു. വരകയാർ ഇന്ന് വറ്റിവരണ്ട് ഒരു നീർച്ചാലായി മാറിയിരിക്കുകയാണ്. ഈ വരകയാർ തിരിച്ചുവിട്ടതുപോലെ പല വെള്ളവും പലപ്പോഴായി തമിഴ്നാട് തിരിച്ചുവിടുന്ന കാഴ്ച നേരിട്ട് കാണാൻ ബഹുമാനപ്പെട്ട മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്നെ അവിടെ എത്തുകയുണ്ടായി. അതോടൊപ്പംതന്നെ മലമ്പുഴയിലെ ഒന്നാം പുഴ 1999-ൽ തിരിച്ചു വിട്ടു എന്ന ആരോപണം ശക്തമായി ഉണ്ടാവുകയും നമ്മുടെ പത്ര മാധ്യമങ്ങളിൽ വരികയും ചെയ്തതാണ്. ഇപ്പോൾ ശിരുവാണിയെ സംബന്ധിച്ചിടത്തോളം 40 ദശലക്ഷം ലിറ്റർ വെള്ളമാണ് കോയമ്പത്തൂരിന് കൊടുക്കുന്നത്. തീർച്ചയായും കോയമ്പത്തൂരിന് കൊടുക്കുന്ന വെള്ളം കൊടുക്കണ്ട എന്നു പറയുന്നത് ഒരിക്കലും മനുഷ്യത്വപരമല്ല. തീർച്ചയായും വെള്ളം കൊടുക്കണം. കോയമ്പത്തൂരിലുള്ളത് നമ്മുടെ സഹോദരൻമാരാണ്. പ്രത്യേകിച്ച് കോയമ്പത്തൂർ നഗരത്തിലുള്ളത് മലയാളികളാണ്. ശിരുവാണി ഡാമിന്റെ ഉയരം കൂട്ടാനും നാളെ തമിഴ്നാട് മുന്നോട്ട് വരുമോ, നിർദ്ദേശം സമർപ്പിക്കുമോ എന്ന് നമ്മൾ ചിന്തിക്കണം. അതുകൊണ്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് ഷെഡ്യൂളിലെ പതിനൊന്നാമത്തെ ഡാമായി ശിരുവാണിയെ കൂട്ടിച്ചേർക്കണം. 1983-ലാണ് ശിരുവാണി ഉദ്ഘാടനം ചെയ്തതെങ്കിലും ശിരുവാണിയിലും നാളെ അവർ ഒരു വാദം ഉന്നയിക്കുമോ എന്ന് സംശയമുണ്ട്. കാരണം ശിരുവാണിയെ സംബന്ധിച്ചിടത്തോളം ഉയരം കൂട്ടുകയാണെങ്കിൽ തീർച്ചയായും ആ പ്രദേശത്തെ പരിസ്ഥിതിയുടെ ആവാസ വ്യവസ്ഥയ്ക്ക് ഒരുപാട് പ്രശ്നങ്ങൾ വരികയും നൂറോളം ഗ്രാമങ്ങൾ നശിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ തീർച്ചയായും ഉണ്ടാകും. മാത്രമല്ല പാലക്കയത്തിന്റേയും തച്ചമ്പാറ പഞ്ചായത്തിന്റെയും കാഞ്ഞിരപ്പുഴ ഡാമിന്റെയുമൊക്കെ സുരക്ഷിതത്വത്തിന് അത് ഭീഷണിയാകും. നാളെ ശിരുവാണി ഡാമിന് എന്തെങ്കിലും സംഭവിച്ചാൽ അത് തീർച്ചയായും പുലിയറ, കോട്ടമല, ഗൂളിക്കടവ്, അഗളി തുടങ്ങിയ പ്രദേശങ്ങളേയും ബാധിക്കും. അതുപോലെ ഈ പുഴയിലൂടെ ഒഴുകിപ്പോകുന്ന 2.5 ടി.എം.സി. വെള്ളം ഇന്നുവരെ നമ്മൾ ഉപയോഗിച്ചിട്ടില്ല. അതിന് ചിറ്റൂർ പുഴയിൽ എ.വി.ഐ.പി. എന്ന സ്ഥലത്ത് ഉയരം കുമ്മിയായിട്ടെങ്കിലും ഡാം നിർമ്മിക്കണമെന്ന പാലക്കാട് ജില്ലയിലെ മുഴുവൻ ആളുകളുടേയും ആവശ്യം ചെവിക്കൊള്ളാതെ മുന്നോട്ട് പോകുകയാണ്. തമിഴ്നാടിന്റെ പ്രദേശത്താണെങ്കിൽ ഈ പുഴയിലെ വെള്ളം ഉപയോഗിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അമ്മൻ മിനറൽ വാട്ടറും ശിരുവാണി വാട്ടറുമൊക്കെ അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്ക് ഏറ്റവും പ്രാധാന്യമുള്ള പ്രദേശമാണ്. നീലഗിരി ബയോസ്ഫിയറിന്റെ ആരംഭം കുറിക്കപ്പെടുന്നത് ശിരുവാണി മേഖലയിൽനിന്നാണ്. അതുകൊണ്ട് തന്നെ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് 1983-ൽ ഉദ്ഘാടനം ചെയ്ത ഡാം ആണെങ്കിലും രണ്ടാം ഷെഡ്യൂളിൽ ശിരുവാണി കൂടി ഉൾപ്പെടുത്തണം എന്നു മാത്രം അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സഭയുടെ മുമ്പിൽ എണീറ്റുനിന്നത്. കേരളത്തിന്റെ താൽപ്പര്യം പരിഗണിക്കാൻ ശിരുവാണി കൂടി ഉൾപ്പെടുത്തുകയും അട്ടപ്പാടിയിലൂടെ ഒഴുകിപ്പോകുന്ന ഭവാനി, ശിരുവാണി നദികളിലെ 2.5 ടി.എം.സി. വെള്ളം നമുക്ക് ഉപയുക്തമായാൽ പ്രത്യേകിച്ച് അട്ടപ്പാടിയെ സ്വർണ്ണഭൂമിയാക്കാനും കോട്ടത്തറ പോലെയുള്ള വില്ലേജുകളുടെ വളർച്ചയ്ക്ക് ശാശ്വതപരിഹാരം കാണാനും ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ അവിടെ ആരംഭിച്ചിട്ടുള്ള 219 കോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള അഹാഡ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും കഴിയും എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിന് എല്ലാവിധ പിന്തുണയും രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ. എ. ചന്ദ്രൻ</u> : സർ, കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബില്ലിന്റെ അവതരണത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതും ഈ ബില്ലിന് ആസ്പദവുമായ കാര്യം മുല്ലപ്പെരിയാർ ഡാമിൽ അധിക ജലം സംഭരിക്കുമ്പോഴുണ്ടാകാവുന്ന ദുരന്തത്തെ സംബന്ധിച്ച് ഉത്തരവാദിത്തത്തോടെ നമ്മൾ ഉൾക്കൊള്ളണമെന്നുള്ളതാണ്. ഇത്തരം ഒരു സംഭവം ഉണ്ടായിരുന്നില്ലായെങ്കിൽ ചിലപ്പോൾ നമ്മൾ ഈ ഭേദഗതിക്ക് ഇപ്പോൾ തുനിയുമായിരുന്നില്ല. അപ്പോൾ തലയിൽ തീ വീണപ്പോഴെങ്കിലും നമുക്ക് ഇതേക്കുറിച്ച് ചിന്തിക്കാൻ കഴിഞ്ഞു. ഇതുതന്നെ അപൂർണ്ണമാണെന്നാണ് പാലക്കാട് വരൾച്ചാ മേഖലയിൽനിന്ന് വരുന്ന ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് എനിക്ക് സഭ മുമ്പാകെ പറയാനുള്ളത്. സംഭരണം മാത്രം പോരാ, അതിന്റെ വിനിയോഗവും കൂടെ അത്യാവശ്യമായി വേണ്ടിയിരിക്കുന്നു. കാരണം ജലസംഭരണികൾ ഉണ്ടാക്കിയെങ്കിൽപ്പോലും അത് വേണ്ടപോലെ സംരക്ഷിക്കാതിരിക്കുന്നു. സംരക്ഷണമില്ലാത്തതു കൊണ്ടുതന്നെ ഏതൊക്കെ ആവശ്യത്തിനുവേണ്ടിയാണോ ജലസംഭരണി ഉണ്ടാക്കിയത് അതു നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ വന്നു. ഇനി ജലസംഭരണം നടത്തിയാൽത്തന്നെയും വിനിയോഗം വളരെയേറെ ദുർബലമാണ്. നമ്മുടെ ജലസംഭരണികളെ സംബന്ധിച്ചുള്ള ഒരു കാര്യം അത് കൈയ്യുക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിൽ എടുക്കുകയും കൊടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം നമുക്കുണ്ട്. അതുകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇക്കാര്യം നാളെ അമെന്റ് മെന്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ നല്ലതാണ്. അല്ലെങ്കിൽ ഇനിയുള്ള കാലങ്ങളിലെങ്കിലും അതിന് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണെന്ന് വിശ്വസിക്കുന്നു. ഈ പട്ടികയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുല്ലപ്പെരിയാർ തൊട്ട് പത്ത് ഡാമുകളുടെ കാര്യം പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദീകരണ കുറിപ്പിൽ പൂർത്തിയാക്കിയ വർഷവും ജലസംഭരണികളിലെ പൂർണ്ണ ജലവിതാനത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അതിൽത്തന്നെ അടിയെന്നും മീറ്ററെന്നുമാണ് എഴുതിയിരിക്കുന്നത്. അതൊന്ന് ഏകീകരിക്കാമായിരുന്നു. രണ്ട്, പൂർത്തിയാക്കിയത് സംബന്ധിച്ചു കേട്ടാൽ ഡാം സേഫ്റ്റിയെക്കുറിച്ച് നമുക്ക് ഒരു നിഗമനത്തിൽ എത്താൻ കഴിയില്ല. കാഞ്ഞിരപ്പുഴ പദ്ധതി അങ്ങേക്ക് അറിയാവുന്നതാണ്. തുടങ്ങിയതെന്ന്? പാർഷ്യലി കമ്മീഷൻ ചെയ്തത് എന്ന്? ഒരു പദ്ധതി വിഭാവനം ചെയ്യുകയും ഏറിയകൂറും പണി പൂർത്തിയാക്കുകയും ചെയ്താൽപ്പോലും അല്പം പദ്ധതിപ്രവൃത്തി ബാക്കിയുണ്ടെങ്കിൽ അത് കമ്മീഷൻ ചെയ്തതായി വരില്ല. അങ്ങനെയിരിക്കെ പൂർത്തിയാക്കിയ ഡേറ്റിനേക്കാളേറെ പണി തുടങ്ങിയതുവച്ച് വേണം നമുക്ക് ലിസ്റ്റ് ഉണ്ടാക്കാൻ. അതുകൊണ്ട് ശിരുവാണി, കാഞ്ഞിരപ്പുഴ പദ്ധതി ഉൾപ്പെടെയുള്ളതിന്റെ അനുഭവ പാഠം വച്ച് കൂടുതൽ പദ്ധതികളെ ഇതിൽ ഉൾപ്പെടുത്തേണ്ടതായി വരും. വേറൊന്ന് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ പറഞ്ഞതുപോലെ പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് ഈ മൂന്നും അന്തർ സംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ടതാണ്. ആ അന്തർസംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ടിട്ടുള്ളതിൽ പതനം സംഭവിച്ചത് കേരളത്തിലെ വെള്ളം തമിഴ്നാട് കൊണ്ടുപോയി തമിഴ് നാട്ടിൽ നിന്നും ഒരു ദാനം എന്ന നിലയിൽ നമുക്ക് നൽകി എന്നുള്ളതാണ്. അത് പുനഃപരിശോധിച്ച് നിയന്ത്രണത്തിൽ കൊണ്ടുവരാൻ ഈ ഡാം സേഫ്റ്റിയിൽ തുണക്കടവും പെരുവാരിപ്പള്ളവും പറമ്പിക്കുളവും കൂടി ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. കേരളത്തിൽ തമിഴ്നാട് ഡാം പണിത് അവരുടെ നിയന്ത്രണത്തിൽ വെള്ളം കൊണ്ടുപോയി സൗജന്യം എന്ന നിലയിൽ നമുക്ക് തരുന്ന ഏർപ്പാടിന് ഒരു മാറ്റം വരുത്താനാണ് പിന്നീടുണ്ടായ കാഞ്ഞിരപ്പുഴ പദ്ധതിയിൽ നമ്മൾ വിഭാവനം ചെയ്തത്. അതു കോയമ്പത്തൂർക്ക് കുടിവെള്ളം കൊണ്ടുപോകാൻ വേണ്ടിയുള്ളതാണ്. ആവശ്യം തമിഴ്നാടിന്റേതാണെങ്കിലും അതിന്റെ പണിയും നിയന്ത്രണവും നമ്മൾ ഏറ്റെടുത്തു. അത് ഒരു വലിയ ആശ്വാസമാണ്. അതിനെ പിന്തുടർന്നുവേണം മറ്റ് കാര്യങ്ങളിലേക്ക് നമുക്ക് പോകാൻ. ഇപ്പോൾ മുല്ലപ്പെരിയാറിൽ കൂടുതൽ വെള്ളം സംഭരിക്കുമ്പോഴുണ്ടാകുന്ന അപകടത്തെക്കുറിച്ചാണ് നമ്മൾ ഭയപ്പെടുന്നത്. ഇവിടെ കൂടുതൽ വെള്ളം സംഭരിക്കണം എന്നു പറയാൻ തമിഴ്നാടിന് എന്താണ് കാര്യം? ആ കരാർ ഉണ്ടാക്കിയതനുസരിച്ച് നമ്മൾ വെള്ളം കൊടുക്കാതിരുന്നിട്ടുണ്ടോ? അവർക്ക് വെള്ളം കിട്ടാതിരുന്നിട്ടുണ്ടോ? പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ വെള്ളം എടുക്കുന്നതിനുവേണ്ടി അയൽ സംസ്ഥാനമായ തമിഴ്നാട് പലതും ചെയ്തു. നമ്മൾ ഏകോദര സഹോദരങ്ങളെപ്പോലെ
2 P.M.] പോകുന്നവർ കേരളീയർ; കൊടുത്തു പഠിച്ചവർ, എടുക്കാൻ അറയ്ക്കുന്നോർ, എടുക്കാൻ കഴിയാത്തോർ ഇതൊക്കെയാണ്. പക്ഷേ ഒരു ചൊല്ലുണ്ടല്ലോ "വിളമ്പുന്നവർക്കില്ലെങ്കിലും ഉണ്ണുന്നോർക്കൊരു മര്യാദ." വിളമ്പുന്നോർക്കില്ലെങ്കിലും മര്യാദ ഉണ്ണുന്നോർക്കു വേണമെന്നുള്ളതാണ്. വിളമ്പുന്നവർ അതിഥികളോട് ഇനിയും വേണോ, വേണോയെന്ന് ചോദിച്ചു വിളമ്പും. അപ്പോൾ ഉണ്ണുന്നവർ ഔചിത്യം കാണിക്കണ്ടേ? മതിയെന്ന് പറയേണ്ടേ ? വിളമ്പുകാരന്റെ പ്രഭവിണ്യം ഈ പദാർത്ഥങ്ങൾ തീരുമ്പോൾ വേണോ വേണോയെന്ന് ചോദിക്കലാണ്. അപ്പോൾ സാധനം തീർന്നു എന്നു മനസ്സിലാക്കി മതിയെന്നു വിവരമുള്ളവർ പറയണം. അതുപോലെ കേരളത്തെ ഒരു വാട്ടർ ടാങ്കായി കണക്കാക്കി പറമ്പിക്കുളത്തും അതുപോലെ മറ്റു പല പ്രദേശങ്ങളിലും വെള്ളം എടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ അടിയന്തിരപ്രാധാന്യം കൊടുത്ത് നമ്മൾ ചർച്ച ചെയ്യുന്നു. മുല്ലപ്പെരിയാർ, ആ ഡാമിന്റെ കാര്യത്തിൽ നമ്മൾ കരാർ ഉണ്ടാക്കിയപ്പോൾ 999 കൊല്ലം എന്തിനാണ് വച്ചത്? ഈ ഭൂമുഖത്ത് അങ്ങനെ വർഷം വച്ച് ഒരു കരാർ എവിടെയെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? ഇല്ലേയില്ല. ആ കരാർ അനുസരിച്ച് അന്ന് കൃഷിക്കുമാത്രമായിട്ടാണ് വെള്ളം എടുക്കാൻ തീരുമാനമുണ്ടാക്കിയിട്ടുള്ളത്. അതും മധുരയ്ക്ക് മാത്രമായിട്ടാണ്. ഇന്നു മധുര വിട്ട് രാമനാഥപുരം തൊട്ട് കോയമ്പത്തൂർ വരെ വെള്ളം എടുക്കുന്നു. ആ കരാറിലില്ലാത്ത വൈദ്യുതി എടുക്കൽ കരാർ ലംഘനമായിരുന്നില്ലേ? അതു കഴിഞ്ഞു. പിന്നീട് ഒരു ബേബി ഡാം പണിതു. തമിഴ്നാട്ടിൽ ഒരു ഏർപ്പാടുള്ളതായി പറയപ്പെടുന്നു. കൂടുതൽ കൃഷിയുള്ള ആളുകൾ കളത്തിലൊരു ചിന്നവീട് വയ്ക്കാറുണ്ട്. അതിന് പല അർത്ഥവുമാണ്. ആ കണക്കിനാണോ ഈ മെയിൻ ഡാം കൂടാതെ ഇവിടെ എന്തും ചെയ്യാമെന്ന നിലയിൽ ബേബി ഡാം പണിയുന്നത്? ഇതിനെ സംബന്ധിച്ച് ഒന്നും നമുക്ക് യഥാവിധി ചോദ്യം ചെയ്യാൻ കഴിഞ്ഞില്ലായെന്നത് നമ്മുടെ വലിയ പോരായ്മയാണ്. വെള്ളത്തിന്റെ കാര്യത്തിൽ തമിഴ്നാട്ഗവൺമെന്റിനെ അഭിനന്ദിക്കണം. അവർ ചില്ലറ ചെലവുകൾക്ക് 200 കോടി രൂപ വയ്ക്കുന്നു. അതിന്റെ വലിപ്പമെത്രയുണ്ട്? ആ ചില്ലറ ചെലവ് നമുക്കു കിട്ടുമോയെന്ന് നോക്കാൻ തക്കവണ്ണം അതിൽ വീഴുന്ന ബുദ്ധിജീവികളെ മാത്രം നമ്മൾ വച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകില്ല. കേരളത്തിനോട് പ്രതിബദ്ധതയുള്ള, അതേയവസരത്തിൽ സാങ്കേതിക വിവരമുള്ള ആളുകളെ വേണം ഈ കാര്യങ്ങൾക്ക് നിയോഗിക്കാൻ. അത് ആദ്യം മുതൽ തെറ്റിയിട്ടുണ്ട്. ഈ കരാർ ഉണ്ടാക്കിയ കാലത്ത് തിരുവിതാകൂർ മഹാരാജാവ് പറഞ്ഞത് നമ്മൾ ചരിത്രത്തിൽ വായിച്ചിരുന്നില്ലേ? എന്റെ രക്തം വിറ്റ അനുഭവമാണെന്നു പറഞ്ഞ് അദ്ദേഹം വിലപിച്ചു. ആ വിലാപത്തെത്തുടർന്ന് ആ വികാരം ഉൾക്കൊള്ളാൻ നമുക്ക് പിന്നീട് ഉണ്ടാക്കിയ ഒരു കരാറിലും കഴിഞ്ഞിട്ടില്ല. അതൊക്കെ ഇന്നലെയിലെ സംഭവങ്ങൾ, ദുഃഖകഥകൾ. ഇതൊക്കെയൊന്ന്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിയെടുക്കാൻ തക്കവണ്ണം ഈ 999 എന്ന കാലാവധി ഉണ്ടാക്കിയ കരാറനുസരിച്ച് മുല്ലപ്പെരിയാറിന്റേതായാലും പറമ്പിക്കുളം-ആളിയാറിന്റേതായാലും എത്ര വെള്ളമാണ് അവർക്ക് എടുക്കാനവകാശപ്പെട്ടത്, ബാക്കി വെള്ളം നമുക്കുള്ളതാണ് എന്ന് താത്വികമായി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. അതു സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് മറ്റു നിലയിൽ ഇതിനു നിയമനിർമ്മാണം ഉണ്ടാക്കാമെങ്കിലും കക്ഷികളെ മുഴുവൻ വിളിച്ചു കൂട്ടിയാലോചിക്കേണ്ടതാണ്. ഇങ്ങനെ സഭ വിളിച്ചുകൂട്ടി ഇവിടെ രാഷ്ട്രീയ കാര്യങ്ങൾ ഒന്നും പറയാതെ നമ്മൾ ഈ തെരഞ്ഞെടുപ്പിനു മുന്നിലും ഈ സംസ്ഥാനത്തിന്റെ കാര്യത്തിൽ മുൻതൂക്കം നൽകി. അതിൽ വെള്ളത്തിന്റെ കാര്യം വേണ്ടപോലെ ഉൾക്കൊണ്ട് ഈ നിയമനിർമ്മാണത്തിന് ഒരുങ്ങിയത് തീർച്ചയായും വളരെ അഭിനന്ദനീയമായ ഒരു കാര്യമാണ്. അതിനേർപ്പെട്ട എല്ലാപേരെയും അഭിനന്ദിക്കുകയാണ്. ഈ കരാർ ഉണ്ടാക്കിയതിനുശേഷം വന്ന മറ്റു കാര്യങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തണം. ഈ പട്ടികയിൽ ഒരിക്കൽക്കൂടി ഇത് എന്നു തുടങ്ങിയെന്നു കാണിക്കണം. അത് ആരു പണിതാലും, തമിഴ്നാടിന്റെ പണം കൊണ്ടുചെയ്താലും തുടക്കം എന്ന് എന്നതിനെക്കുറിച്ച് നോക്കി വേണം നമ്മൾ കാര്യങ്ങൾ എടുക്കാൻ. ഇവിടെത്തന്നെ പണി തുടങ്ങിയത് 1886-ലാണ്. 1895-ൽ പണി പൂർത്തിയായി. ഇന്ന് സമ്പത്തില്ലാത്തതുകൊണ്ട് നമുക്കു പലതും വൈകുകയാണ് ചെയ്യുന്നത്. ആ സ്ഥിതി കണക്കിലെടുത്ത് വേണം നമ്മൾ ഈ കാര്യങ്ങളൊക്കെ മുന്നോട്ടു നീക്കാൻ. ഇന്ന് സർക്കാർ നേരിട്ടു പണിത ഡാമുകളുടെ സേഫ്റ്റിയെ സംബന്ധിച്ചാണ് നമ്മൾ പറയുന്നത്. സർക്കാർ നേരിട്ടു പണിതതല്ലാത്ത നിരവധി ജലസംഭരണികൾ നമ്മുടെ നാട്ടിലുണ്ട്. അത് ഏരികുളങ്ങൾ ഉൾപ്പെടെയുള്ളതാണ്. അതു തുറക്കുന്നതിന് നിരോധനം ഉണ്ടെന്നതിൽക്കവിഞ്ഞ് അതു സംരക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനും യാതൊരു ക്രമീകരണങ്ങളുമില്ല. ചെയ്യുന്നോർ ചെയ്യുന്നു; അല്ലാത്തവർ ചെയ്യുന്നില്ല. അത് ഇതിലുൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ നിരവധി സ്വകാര്യ അണക്കെട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ സ്വകാര്യ അണക്കെട്ടുകൾ മിക്കതും ഇന്ന് അന്യം നിന്നുപോകുകയാണ് ചെയ്യുന്നത്. അതു നമ്മൾ പുനരുജ്ജീവിപ്പിച്ചെടുക്കണം. അതും ഈ ഡാം സേഫ്റ്റിയുടെ കാര്യത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഈ ഡാം സേഫ്റ്റി കഴിഞ്ഞാൽ പിന്നീടതിന്റെ വിനിയോഗമാണ്. കൊല്ലങ്കോട് നിയോജക മണ്ഡലത്തിലെ 'ചുള്ളിയാർ' ഫെയിൽഡ് ഡാമായി. അതിനു പരിഹാരമായിട്ടാണ് നമ്മൾ കൂട്ടായി ശ്രമിച്ച് പലകപ്പാണ്ടി പദ്ധതി അതിവേഗം നടപ്പിലാക്കുന്നത്. പക്ഷേ ഫെയിൽഡ് ഡാമായത് നിരവധി വർഷങ്ങൾക്കുമുമ്പാണ്. അങ്ങനെയായതുകൊണ്ടു തന്നെയാണ് ആ ഡാം തകർന്നത്. അതിന്റെ വിനിയോഗത്തിനുള്ള കനാലുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞതാണ്. അപ്പോൾ ഡാം സേഫ്റ്റിയുടെ ഭാഗമായി ആ കാര്യം നമുക്കു പരിഗണിക്കേണ്ടതായിട്ടുണ്ട്. അതുപോലുള്ള മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളൊക്കെയാണ്. പലകപ്പാണ്ടിയുടെ കാര്യം പറയുമ്പോൾത്തന്നെ അതിനോടനുബന്ധിച്ച ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് എന്നുതൊട്ടെന്ന് അവലോകനം ചെയ്യാനിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കുറെ നടന്നുവെങ്കിലും കർഷകർക്കും, ജനങ്ങൾക്കും തൃപ്തിയാകത്തക്കവണ്ണം അതു പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അത് ഉണ്ടാക്കിയകാലത്തുള്ള പോരായ്മയാണ്. ബുദ്ധിജീവികളാണ് ആ കരാർ നടപ്പിലാക്കിയതും, ഒപ്പിട്ടതും. ഇനി അതിനെച്ചൊല്ലിയൊന്നും വിലപിച്ചിട്ട് കാര്യമില്ല. പക്ഷേ ഇനിയെന്തു ചെയ്യാൻ കഴിയുമെന്നതാണ് നമ്മളാലോചിക്കുന്നത്. അതിലെ പോരായ്മകൾ എങ്ങനെ നമുക്ക് നികത്താൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടത് അനിവാര്യമാണ്. പാലക്കാട് പലയിടവും ഉണങ്ങി വരണ്ടുകൊണ്ടിരിക്കുകയാണ്. ഇത്തവണ മഴ കിട്ടിയതുകൊണ്ട്, ജലസംഭരണി വേണ്ടപോലെ നിറയ്ക്കാൻ കഴിഞ്ഞതുകൊണ്ട്, അല്പം ആശ്വാസമുണ്ട്. ഇത് എത്ര നാൾ നിൽക്കും? ഇതിന്റെ കാരണം എന്താണ്? പറമ്പിക്കുളത്തെ വെള്ളം നമുക്കു യഥാവിധി കിട്ടാത്തതുകൊണ്ടാണ്. അങ്ങനെ കിട്ടാത്തതുകൊണ്ട് ഭാരതപ്പുഴയിൽ ഒഴുക്കില്ല. അതു നിലച്ചത് വെള്ളമില്ലാത്തതുകൊണ്ടല്ല. ഡൈവെർട്ട് ചെയ്തു കൊണ്ടുപോയിട്ടാണ്. അങ്ങനെ ചെയ്ത് തമിഴ്നാട് സമൃദ്ധിയിലാണ്. അതിൽ സന്തോഷമുണ്ട്. പക്ഷേ നമുക്കവകാശപ്പെട്ടത് എടുത്ത് വിനിയോഗിക്കാൻ കഴിയാത്ത ഒരു ദുസ്ഥിതിയുണ്ടാകുന്നത് പ്രോൽസാഹിപ്പിച്ചുകൂടല്ലോ. അതു വരാതിരിക്കാൻ തക്കവണ്ണം ഇതിനു നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ പ്രതിബദ്ധതയുള്ളവർ. അവരൊക്കെ ആയില്ലെങ്കിൽ ഗുണമില്ല. മാസപ്പടികളാവുകയോ, തമിഴ്നാട് ഗവൺമെന്റിന്റെ 200 കോടിയിൽ കണ്ണും നട്ടുകൊണ്ടിരിക്കുന്നവരോ ആണെങ്കിൽ എന്തു നിയമം ഉണ്ടാക്കിയിട്ടും ഒരു പ്രയോജനവും വരാനില്ല. കാലാകാലങ്ങളിൽ വെള്ളത്തിന്റെ കാര്യത്തിനു നിയോഗിക്കപ്പെടുന്നവർ, പ്രത്യേക എഗ്രിമെന്റ് പ്രകാരം നിയോഗിക്കപ്പെടുന്ന ഇന്റർ സ്റ്റേറ്റുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർ പ്രതിബദ്ധത ഉള്ളവർ ആയിരിക്കണം. ആർക്കും വേണ്ടാത്തവർ ആയിക്കൂടാ. ഉദ്യോഗസ്ഥരെ മാത്രം കുറ്റം പറഞ്ഞിട്ട് വലിയ പ്രയോജനമില്ല. അവർക്കുവേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കണം. ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണിവയൊക്കെ. ഈ വക കാര്യങ്ങൾ പറയാൻ സന്ദർഭം കിട്ടിയതിൽ സന്തോഷമുണ്ട്. കേരളത്തിൽ പാലക്കാട്, കുട്ടനാട് എന്നിവയും തൃശൂരിന്റെ കുറേഭാഗങ്ങളും ഒഴിച്ചാൽ മറ്റു പ്രദേശങ്ങളൊക്കെ പട്ടണപ്രാന്തങ്ങളായി മാറി മറ്റു കൃഷികളിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. നെൽകൃഷി നടത്തണമെങ്കിൽ വെള്ളം കെട്ടിനിർത്താതെ കഴിയില്ല. അതുകൊണ്ട് മരുഭൂമിയായിക്കൊണ്ടിരിക്കുന്ന പാലക്കാടിന് ഈ ഡാം സേഫ്റ്റിയുടെ എല്ലാകാര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംരക്ഷണം നൽകേണ്ടതാണ്. അതിനുവേണ്ടി ഉണ്ടാക്കുന്ന ഈ നിയമനിർമ്മാണത്തിന് എല്ലാവിധ പിൻതുണയും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ നിയമസഭയിൽ ഇരുപക്ഷവും ഒരേനിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാനായി നടത്തുന്ന ഈ നിയമനിർമ്മാണം കേരള ജനത ഏറെ താത്പര്യത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. കേരളത്തിൽ രണ്ടുതരത്തിലുള്ള നദികളാണുള്ളത്. ഒന്ന് കേരളത്തിൽ ഉത്ഭവിച്ച് കേരളത്തിൽ തന്നെ അവസാനിക്കുന്നവയും, മറ്റൊന്ന് കേരളത്തിൽ ഉത്ഭവിച്ച് മറ്റു സംസ്ഥാനങ്ങളിൽ അവസാനിക്കുന്നവയുമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ പരിധിയിൽ രണ്ടു തരത്തിലുള്ള നദികൾ വരുമെങ്കിലും അന്തർ സംസ്ഥാന നദികളുടെ തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ട്. സുപ്രീം കോടതിക്കുപോലും ഇക്കാര്യത്തിൽ അധികാരം നൽകിയിട്ടില്ല. ആർട്ടിക്കിൾ 262 അനുസരിച്ച് പ്രത്യേക ട്രൈബ്യൂണലിനാണ് ഈ കാര്യത്തിൽ അവകാശവും അധികാരവുമുള്ളത്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ സംസ്ഥാനത്താരംഭിച്ച് സംസ്ഥാനത്ത്തന്നെ അവസാനിക്കുന്ന നദിയാണ്. മുല്ലപ്പെരിയാർ നദിയും മുല്ലപ്പെരിയാർ അണക്കെട്ടും അത് സംബന്ധിച്ചുണ്ടായിട്ടുള്ള കരാറുകളും വളരെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അതിന്റെ യാഥാർത്ഥ്യത്തിലേക്ക് എത്താൻ കഴിയും. മുല്ലപ്പെരിയാർ നദീജല കരാർ വിവക്ഷിക്കുന്നത് തിരുവിതാംകൂർ മഹാരാജാവും ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റേറ്റ് സെക്രട്ടറിയും തമ്മിൽ 1856-ൽ ഒപ്പുവച്ച പെരിയാർ പാട്ട ഉടമ്പടിപ്രകാരം പെരിയാർ നദിയുടെ പോഷക നദിയായ മുല്ലപ്പെരിയാറിൽ മദ്രാസ് സംസ്ഥാനം തിരുവിതാംകൂർ സംസ്ഥാന അതിർത്തി പ്രദേശത്ത് ഒരു അണക്കെട്ട് പണിത് പെരിയാറിലെ ജലം കിഴക്കോട്ട് ഗതിതിരിച്ചുവിട്ട് മധുര, രാമനാഥപുരം പ്രദേശങ്ങളിൽ ജലസേചനം നടത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ സാഹചര്യമാണ് ഈ അണക്കെട്ട് ഉണ്ടാകുന്നതിന് ഉപോത്ബലകമായിട്ടുള്ളത്. 1886-ലെ പാട്ടക്കരാർ ഉടമ്പടി അനുസരിച്ച് 1895-ലാണ് മുല്ലപ്പെരിയാർ അണക്കെട്ട് പണികഴിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോഴത്തെ ഡിണ്ടിഗൽ, വിരുതുനഗർ, മധുര ജില്ലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജലസേചനം മുല്ലപ്പെരിയാറിൽ നിന്നാണ് ലഭ്യമാകുന്നത്. ജലസേചനത്തിനുവേണ്ടി മാത്രമാണ് അന്ന് പ്രസ്തുത അണക്കെട്ട് നിർമ്മിച്ചിരുന്നത്. അന്നത്തെ നിർമ്മാണ ഘട്ടത്തിൽ സാങ്കേതിക വിദ്യ ഇത്രത്തോളം പുരോഗതി പ്രാപിച്ചിരുന്നില്ല. ആ കാലഘട്ടത്തിൽ ചുണ്ണാമ്പും, മണലും, ശർക്കരയും ഇന്നത്തെ സിമന്റിനുപകരം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള അണക്കെട്ടാണ് മുല്ലപ്പെരിയാർ അണക്കെട്ട്. ഡാം നിർമ്മിച്ച കാലഘട്ടത്തിൽ അതിന്റെ ആയുർദൈർഘ്യം അറുപതു വർഷം ആയിരുന്നു കണക്കാക്കിയിരുന്നത്. ഇന്ന് നൂറ്റിപ്പതിനൊന്ന് വർഷം കഴിഞ്ഞിരിക്കുന്നു. അതുമാത്രമല്ല നിർമ്മാണഘട്ടത്തിൽ ഭൂകമ്പം മൂലമുണ്ടാകുന്ന ഉന്നതമർദ്ദത്തെ അതിജീവിക്കുവാനുള്ള സംവിധാനം ഡാമിന്റെ രൂപകൽപ്പനാവേളയിൽ കണക്കിലെടുത്തിരുന്നില്ല. ഡാമിന്റെ ആയുർദൈർഘ്യം അറുപതുവർഷമായി

രുന്നുവെങ്കിലും അതിനു മുൻപുതന്നെ ഡാമിന് ബലക്ഷയമുള്ളതായി പല റിപ്പോർട്ടുകളിലും കാണാൻ കഴിയും. രണ്ടാം ലോക മഹായുദ്ധകാലത്തുതന്നെ ഡാമിന് ബലക്ഷയം വന്ന് ചോർച്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ ചോർച്ച മാറ്റുന്നതിന് കാലാകാലങ്ങളായി ചെയ്തുവരുന്ന നടപടി സിമന്റ് കലക്കി ഗ്രൗട്ടുണ്ടാക്കി ഡാമിന്റെ ഉൾഭിത്തിയിൽ സ്പ്രേ ചെയ്യുന്ന സംവിധാനമാണ്. ഈ കാര്യങ്ങളിൽ ഒക്കെ സൂക്ഷ്മമായ ഒരു നിരീക്ഷണം ആവശ്യമാണ്. മറ്റൊരു പ്രധാന കാര്യം, കരാർ അനുസരിച്ചുള്ള വെള്ളം കൊണ്ടുപോകുന്നത് തിട്ടപ്പെടുത്താൻ ഡാം സേഫ്റ്റി അതോറിറ്റിക്ക് അധികാരം നൽകിയിട്ടില്ല. കരാർ അനുസരിച്ചുള്ള വെള്ളം മാത്രം നൽകുവാനുള്ള അധികാരം അതോറിറ്റിക്ക് നൽകുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്യണം. അതുപോലെതന്നെ 1970-ലെ അനുബന്ധ കരാർ അനുസരിച്ച് നമ്മുടെ വെള്ളം ഉപയോഗിച്ച് തമിഴ്നാട് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് അവർക്ക് ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നതിന് വ്യവസ്ഥ ഉണ്ടെങ്കിലും അവർ വിലയ്ക്ക് നമുക്ക് നല്കുന്ന വൈദ്യുതിയുടെ വിലയേക്കാൾ വളരെ കുറവാണ്. വൈദ്യുതി ഇനത്തിൽ തമിഴ്നാട് നമ്മളിൽ നിന്ന് ഈടാക്കുന്ന തുകയ്ക്ക് ആനുപാതികമായിട്ടെങ്കിലും അവരിൽ നിന്ന് തുക ഈടാക്കാനുള്ള അധികാരംകൂടി ഡാം സേഫ്റ്റി അതോറിറ്റിക്ക് നൽകാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. 1970-ലെ അനുബന്ധകരാറിൽ പറയുന്നത് ഓരോ മുപ്പതുവർഷം കഴിയുമ്പോഴും പാട്ടത്തുക വർദ്ധിപ്പിക്കണമെന്നാണ്. ഇപ്പോൾ വാർഷിക പാട്ടം ഏക്കറിന് മുപ്പതുരൂപയാണ്. കരാർ അനുസരിച്ച് 2000-ൽ പാട്ടത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാട്ടത്തുക കാലാകാലങ്ങളിൽ കൂട്ടിവാങ്ങുന്നതിനുള്ള അധികാരവും ഡാം സേഫ്റ്റി അതോറിറ്റിക്ക് നൽകിക്കൊണ്ട് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. സുപ്രീം കോടതി വിധിക്കെതിരായിട്ടല്ല ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. തമിഴ്നാട്ടിൽ ജലസേചനം നടത്തുന്നതോടൊപ്പം കേരള ജനതയുടെ സുരക്ഷയും വിശ്വാസവും ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടാണ് ബിൽ കൊണ്ടുവന്നത്. ഓരോ ഡാമിനും അതിന്റെ ജലസംഭരണിയുടെ ഉയരം തിട്ടപ്പെടുത്തിക്കൊണ്ട് ബില്ലിന്റെ ഷെഡ്യൂളിൽ പറയുന്നുണ്ട്. ഷെഡ്യൂളിൽ മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം 136 അടിയും, കുന്തളഡാം 75 അടിയും ബാക്കി ഡാമുകളിലെ ജലവിതാനം മീറ്ററിലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1960-നുശേഷം ഇൻഡ്യയൊട്ടാകെ ഔദ്യോഗികമായി എല്ലാ നിയമങ്ങളിലും മെട്രിക് മെഷർമെന്റ് ആണ് ഉപയോഗിക്കുന്നത്. 12 ഇഞ്ച് ഒരടി, മൂന്നടി ഒരു ഗജം, 220 ഗജം ഒരു ഫർലോങ്ങ്, 8 ഫർലോങ്ങ് ഒരു മൈൽ. ഈ ഇഞ്ച്, അടി, ഫർലോങ്ങ്, ഗജം ഇത്തരം അളവുകളൊക്കെ കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. മെട്രിക് മെഷർമെന്റിലേക്ക് ആക്കുവാനുള്ള ഒരു തീരുമാനം ഉണ്ടാകണം. ബില്ലിൽ പരാമർശിക്കുന്നതനുസരിച്ച് പത്തുഡാമുകളിലേയും ജലസംഭരണികളിലെ പൂർണ്ണ ജലവിതാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് വർദ്ധിപ്പിക്കുന്നത് ആവശ്യമെന്നപക്ഷം ഡാം സേഫ്റ്റി അതോറിറ്റിക്ക് അപേക്ഷ നൽകി ഡാം സേഫ്റ്റി അതോറിറ്റി അനുവദിച്ചാൽ മാത്രമേ ഉയരം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഡാം അതിന്റെ കാലപ്പഴക്കം കൊണ്ട് മനുഷ്യജീവനും സ്വത്തിനും ഭീഷണി ആണെന്ന് ഡാം സേഫ്റ്റി അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ കസ്റ്റോഡിയൻ ഡാം ശക്തിപ്പെടുത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ അതോറിറ്റിയുടെ നിർദ്ദേശം കസ്റ്റോഡിയൻ പാലിച്ചില്ലെങ്കിൽ ഡാമിന്റെ നിയന്ത്രണവും അതോടൊപ്പം കൈവശവും സർക്കാർ ഏറ്റെടുക്കുന്നതിനും അതോറിറ്റി പറഞ്ഞ നടപടികൾ പൂർത്തീകരിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് 1895-ൽ നിർമ്മിച്ച, അറുപതുവർഷം ആയുർദൈർഘ്യം പറഞ്ഞിരുന്ന ഒരു ഡാമാണ്. ഇപ്പോൾ നൂറ്റിപ്പതിനൊന്ന് വർഷം കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ ഡാം ശക്തിപ്പെടുത്തുന്നതിനുപകരം പുതിയ ഡാം നിർമ്മിക്കുകയാണ് ജനങ്ങളെ സംബന്ധിച്ച് അവരുടെ ആശങ്കയകറ്റാനും നമ്മുടെ സുരക്ഷയ്ക്കും ഏറ്റവും ആവശ്യമെന്നുള്ളത് ഈ സഭയിൽ ഈ നിയമനിർമ്മാണ ഘട്ടത്തിൽ പറയാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. അത് പുതുക്കി പണിയാൻ വേണ്ടിവരുന്ന കാലതാമസം, അതിന്റെ ഉയരം കുറച്ചുകൊണ്ടുവരുന്നതിന് ഡാം സേഫ്റ്റി അതോറിറ്റിക്ക് അവകാശവും അധികാരവും കൊടുക്കുന്നതിനുള്ള സാഹചര്യം കൂടി ഉണ്ടാകണം. ഡാമിന്റെ കാലപ്പഴക്കം കൊണ്ടുണ്ടാകുന്ന ബലക്ഷയത്തെ സംബന്ധിച്ച് വിവിധ തലത്തിലുള്ള ആശങ്കകൾക്കിടവന്ന സാഹചര്യത്തിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് ഡാം സേഫ്റ്റി അതോറിറ്റി നിർദ്ദേശിക്കുന്ന പക്ഷം മുല്ലപ്പെരിയാർ ജലനിരപ്പു കുറയ്ക്കുന്നതിലേക്ക് സ്പിൽവേ വഴി ജലം ഇടുക്കി ഡാമിലേക്ക് കൊണ്ടുപോകാൻ നിർദ്ദേശിക്കുന്നതിനുള്ള അധികാരം കൂടി ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. കേരളത്തിൽ, പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നുനാല് ജില്ലകളിൽ താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടുണ്ടാക്കുകയും അവരുടെ ജീവനെക്കുറിച്ചുള്ള സങ്കല്പത്തിൽ ആശങ്ക ഉയരുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, പതിനൊന്നാം നിയമസഭയുടെ ഈ അവസാന സമ്മേളനം നടക്കുന്ന സന്ദർഭത്തിൽ കേരള ജനതയുടെ താത്പര്യം സംരക്ഷിക്കുന്നതിന് നമ്മുടെ വാദഗതികൾ നിരത്തുവാൻ, വളരെ ആവശ്യമെന്ന നിലയിൽ വളരെ ചുരുങ്ങിയ സാഹചര്യങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ട് ഇന്ന് നടക്കുന്ന നിയമനിർമ്മാണം ഏറ്റവും ഉചിതമായിരിക്കുന്നു. തീർച്ചയായിട്ടും രാഷ്ട്രീയ പകപോക്കലിനേക്കാൾ അഭിപ്രായ സമന്വയം ഇക്കാര്യത്തിൽ പലപ്പോഴും ഈ നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ രണ്ടഭിപ്രായം ഇരുപക്ഷത്തും ഉണ്ടായിട്ടില്ല എന്നിരിക്കേ അവകാശത്തർക്കങ്ങളെക്കാളുപരിയായി അഭിപ്രായ സമന്വയത്തോടുകൂടി സഭയുടെ വികാരവും ഇന്ന് വിവക്ഷിക്കുന്ന ബില്ലിലെ ഭേദഗതികളും ഉൾപ്പെടുത്തി നാളെ നടക്കുന്ന ചർച്ചയും ഏറെ ഫലപ്രദമായി മാറി കേരള ജനതയുടെ ആശങ്കയ്ക്ക് അറുതി വരുത്തുവാനും സംരക്ഷണം ഉറപ്പുവരുത്തുവാനും ഈ ബില്ലിന് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, വളരെയധികം നിയമനിർമ്മാണങ്ങൾക്കും കലുഷിതമായ രംഗങ്ങൾക്കും നിരവധി ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച പതിനൊന്നാം കേരള നിയമസഭയുടെ 14-ാം സമ്മേളനം അവസാനിപ്പിച്ച് ഒരു തെരഞ്ഞെടുപ്പ് ഗോദയിലേക്ക് ഇറങ്ങിയ സാഹചര്യത്തിലാണ് സുപ്രീം കോടതി വിധി മുല്ലപ്പെരിയാറിനെക്കുറിച്ച് വന്നത്. സന്ദർഭത്തിനനുസരിച്ച് ഉയർന്നുകൊണ്ട് എല്ലാ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ച് ഈ കേരള നിയമസഭയിൽ മുല്ലപ്പെരിയാറിനെ സംബന്ധിച്ചുള്ള ഈ നിയമ ദേഗതി ഒരുമിച്ചുകൊണ്ടുവരാൻ ശ്രമിച്ചത് 1957-നു ശേഷമുള്ള കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു സുവർണ്ണ അദ്ധ്യായമായി ഞാൻ കരുതുകയാണ്. അങ്കക്കോഴികളെപ്പോലെ അങ്കം കൂടാനല്ല വേണ്ടിവന്നാൽ കേരളത്തിന്റെ താത്പര്യങ്ങൾക്കുവേണ്ടി യോജിക്കാനും കഴിയുമെന്ന് ഗവൺമെന്റും പ്രതിപക്ഷവും ഒരുപോലെ തെളിയിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ പ്രസംഗത്തിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുതൽ വളരെയധികം പേർ ഇവിടെ സംസാരിച്ചു. എല്ലാവരും പറയുന്ന കാര്യങ്ങൾ ഒന്നാണ്. അതുകൊണ്ട് ആവർത്തിച്ച് ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. പക്ഷേ പുള്ളിപ്പുലിക്ക് പുള്ളി മായ്ക്കാൻ കഴിയില്ല എന്നുപറയുന്നതുപോലെ ചിലരെങ്കിലും ചില ദുഃസൂചനകളോടുകൂടി സംസാരിച്ചു. അതിനും മറുപടി പറയുന്നത് ഈ ചർച്ചയുടെ സ്പിരിറ്റിന് നിരക്കുന്നതല്ലെന്ന് ഞാൻ കരുതുകയാണ്. ഈ നിയമം സാധാരണ നിയമസഭ പാസ്സാക്കുന്നതുപോലെയുള്ള കേവലമൊരു നിയമനിർമ്മാണമാണെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിൽ ഭയാശങ്കയിലായ 30 ലക്ഷം മനുഷ്യരുടെ ജീവനേയും സ്വത്തിനേയും സംബന്ധിച്ചുള്ള ആശങ്ക അവസാനിപ്പിക്കാനുള്ള ഒരു നിയമനിർമ്മാണമായി ഞാൻ കരുതുകയാണ്. പക്ഷേ വർഷങ്ങളായി നീണ്ടുനിൽക്കുന്ന ഈ പ്രശ്നം ഒരു നിയമനിർമ്മാണം കൊണ്ടുമാത്രം പരിഹരിക്കപ്പെടുമെന്ന് നമുക്ക് കരുതാൻ നിർവ്വാഹമില്ല. ജനാധിപത്യവ്യവസ്ഥിതിയിൽ ഇതുപോലുള്ള നിയമങ്ങൾ കൊണ്ടുവരുമ്പോൾ ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. അന്തർ സംസ്ഥാന നദീജലത്തെ സംബന്ധിച്ച് പലപ്പോഴും ദേശവ്യാപകമായി തർക്കങ്ങളും കോലാഹലങ്ങളും ഉണ്ടാകാറുണ്ട്. പക്ഷേ മുല്ലപ്പെരിയാറിനെ സംബന്ധിച്ചുള്ള ഏറ്റവും വലിയ ഒരു പ്രത്യേകത അന്തർ സംസ്ഥാന നദീജല തർക്കവുമായി ബന്ധപ്പെട്ടതല്ല മുല്ലപ്പെരിയാറിന്റെ പ്രശ്നം. സിംഹവാലൻ കുരങ്ങുകൾ ചാകുന്നു, അവയ്ക്ക് വംശനാശം നേരിടുന്നു എന്നുള്ളതിന്റെ പേരിൽ ഈ രാജ്യത്ത് കോടിക്കണക്കിന് രൂപയുടെ ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതികൾവരെ ഉപേക്ഷിച്ച സംസ്ഥാനമാണ് കേരളം. അത് തെറ്റാണെന്നുപറയുന്ന അഭിപ്രായമുള്ള ഒരാളല്ല ഞാൻ. പക്ഷേ 35 ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നത് നോക്കാതെ സുപ്രീം കോടതി, അത് ഏറ്റവും പരമോന്നത നീതിന്യായ കോടതിയാണെങ്കിലും അതിനോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെ പറയുന്നു, കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളോട് ചെയ്തത് ഏറ്റവും വലിയ ഒരു അപരാധമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ സിമന്റ് ഉപയോഗിക്കാതിരുന്ന ഒരു കാലത്ത് ചുണ്ണാമ്പ്, മണൽ, ശർക്കര എന്നിവചേർത്ത് സൂർക്കി കൊണ്ടു നിർമ്മിച്ച ഈ ഡാം നമ്മുടെ പഴയ സാങ്കേതിക വിദ്യയിൽ ഒരു അത്ഭുതമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഭൗമശാസ്ത്ര പഠനങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ സൗകര്യങ്ങളും ഉപയോഗിച്ച് ആധുനികകാലത്ത് കെട്ടുന്ന അണക്കെട്ടുകൾക്കുപോലും അതിന്റെ എഞ്ചിനീയർമാർ നിശ്ചയിക്കുന്ന ആയുസ് 50 വർഷമോ 60 വർഷമോ ആണ്. ഇത്രയും സാങ്കേതികമായ വൈദഗ്ദ്ധ്യമില്ലാത്ത കാലത്ത് അന്നത്തെ അതിന്റെ എഞ്ചിനീയർമാർ കണക്കാക്കിയ കാലാവധി നാല്പതോ അമ്പതോ കൊല്ലമാണ്. എന്നിട്ടും 111 വർഷമായി ഈ അണക്കെട്ട് ഇന്നുള്ള 136 അടിയിൽ തന്നെ നിലനിൽക്കുന്നത് ഒരു അത്ഭുതമാണെന്ന് നമ്മൾ കാണണം. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജാതകം കുറിക്കുമ്പോൾ അതിന്റെ എഞ്ചിനീയർമാർ സ്വപ്നത്തിൽപ്പോലും ഇങ്ങനെയൊരവസ്ഥ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. 999 കൊല്ലക്കാലത്തേക്കാണ് ഈ പാട്ടക്കരാർ എഴുതിയത്. ഇവിടെ പലരും സൂചിപ്പിച്ചു. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ലോക ചരിത്രത്തിലെവിടെയും ഇന്നുവരെ 999 വർഷത്തെ ഒരു കരാറും ഉണ്ടായിട്ടില്ല. അങ്ങനെ 999 കൊല്ലക്കാലത്തേക്ക് കേരളത്തിലെ ജനങ്ങളെ പണയം വയ്ക്കാൻ അന്നത്തെ ഈ കരാറിലേർപ്പെട്ടവരെ പ്രേരിപ്പിച്ചതെന്താണെന്ന് നമുക്ക് അറിയില്ല. അവരോട് ചോദിക്കാൻ അവർ ജീവനോടെ ഇരിപ്പുമില്ല. കവചകുണ്ഡലങ്ങൾ അഴിച്ചുകൊടുത്താൽ ജീവൻ നഷ്ടപ്പെടുമെന്നുകണ്ട് അത് ദാനം ചെയ്ത കർണ്ണനെപ്പോലെ ഒരു ദാനശീലം അവർ പ്രകടിപ്പിച്ചുവെന്നും പറയാൻ നിവൃത്തിയില്ല. 44 നദികളും അനേകം ജലാശയങ്ങളും അനേകം നദീജല സമ്പത്തുമുള്ള കേരളത്തിൽ കല്പാന്ത കാലത്തോളം ജലക്ഷാമമുണ്ടാവില്ലെന്നും ഇത് വാരിക്കോരി കൊടുത്താലും ഒരു കുഴപ്പവുമില്ലെന്നും കഴിഞ്ഞകാല ഭരണാധികാരികൾ ചിന്തിച്ചു എന്നുള്ളതാണ് വാസ്തവം. ഇതുസംബന്ധിച്ചുള്ള ചർച്ചകൾക്ക് പോകുന്ന കേരളത്തിലെ ഉദ്യോഗസ്ഥന്മാർ, അവർ വെറും ശമ്പളക്കാരും ആ ശമ്പളം വാങ്ങുന്നതിന് ജോലി ചെയ്യുന്നവരുമാണ്. ഇവിടെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു, 85-ഉം 90-ഉം വയസ്സായ തമിഴ്നാട് സർവ്വീസിലെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാർ അവിടെ ഇന്ന് നിലവിലുള്ള ഉദ്യോഗസ്ഥന്മാർക്കും മന്ത്രിമാർക്കും സാങ്കേതികോപദേശം നൽകി തമിഴ്നാട്ടിൽ ജലം അവരുടെ അത്യാവശ്യ കാര്യമാണ്, അത് നേടിയെടുക്കുന്നതിന് ശമ്പളം വാങ്ങി ജോലി ചെയ്യുന്നതിനപ്പുറം അവരുടെ സംസ്ഥാന ഗവൺമെന്റിനോടും അവരുടെ സംസ്ഥാനത്തെ ജനങ്ങളോടും കാണിച്ച സാമൂഹ്യപ്രതിബദ്ധതയാണ് തമിഴ്നാടിന്റെ വിജയത്തിനുകാരണം. അതുകൂടാതെ ആധുനിക ജനാധിപത്യ രാഷ്ട്രത്തിൽ ഒരു പരിഷ്കൃത ഭരണകൂടവും ചെയ്യാത്ത വിധം 200 കോടി രൂപയുടെ അക്കൗണ്ട് ഇല്ലാത്ത പണം ഉപയോഗിച്ച് സ്വാധീനിക്കേണ്ടവരെ സ്വാധീനിക്കാനും തെറ്റായ മാർഗ്ഗങ്ങളിലൂടെ തമിഴ്നാടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

താത്പര്യം നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളെ സംബന്ധിച്ച് ശ്രീ. കെ. എ. ചന്ദ്രനെപ്പോലുള്ളവർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2.2 സാന്ദ്രതയിൽ 80% കരിങ്കല്ലും 2.8 സാന്ദ്രതയിൽ 20% സുർക്കിയും എന്ന അനുപാതത്തിലാണ് മുല്ലപ്പെരിയാർ ഡാം നിർമ്മിച്ചത്. പണിത കാലത്ത് ക്യൂബിക് മീറ്ററിന് കരിങ്കൽ ഭാരം 2240 കിലോഗ്രാമും സുർക്കി 440 കിലോഗ്രാമും ആയിരുന്നു. അതിശക്തമായ ഒഴുക്കിൽ സുർക്കി വെള്ളത്തിൽ നഷ്ടപ്പെടുമെന്ന് നമുക്കറിയാം. അങ്ങനെ സുർക്കിയെല്ലാം ഒലിച്ചുപോകുകയും അതിനുശേഷം ഇന്ന് 2680 കിലോഗ്രാം വേണ്ടിടത്ത് 1400 കിലോഗ്രാം മാത്രമാണ് അതിന്റെ ഭാരമുള്ളത്. മൊത്തം ഭാരത്തിന്റെ 48.3% നഷ്ടപ്പെട്ടു എന്നർത്ഥം. ഇത് വ്യക്തമാക്കുന്നത് 50% ഉള്ള ഒരു കരിങ്കൽ കൂമ്പാരം മാത്രമാണ് ഇന്ന് മുല്ലപ്പെരിയാർ അണക്കെട്ട് എന്നുള്ളതാണ്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തും നഷ്ടപ്പെടുന്ന ഈ അണക്കെട്ടിന് എന്തെങ്കിലും അപകടമുണ്ടായാൽ, നഷ്ടപ്പെടുന്ന സാഹചര്യം വന്നാൽ ഇപ്പോൾ വിധി പ്രസ്താവിച്ച സുപ്രീം കോടതിയുടെ കീഴിലുള്ള കേരള ഹൈക്കോടതി കെട്ടിടംപോലും മുങ്ങിപ്പോകുമെന്നാണ് ഞാൻ ഒരു ലേഖനത്തിൽ വായിച്ചത്. അതുകൊണ്ട് അപകടം വന്നുകഴിഞ്ഞാലുള്ള ഇതിന്റെയൊരു ഭീകരാവസ്ഥയെക്കുറിച്ച് അല്ലെങ്കിൽ ഇതിന്റെ ഒരു ദയനീയാവസ്ഥയെക്കുറിച്ച് നാം ഇനിയും കൂടുതൽ ജാഗരൂകരാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പെരിയാറിലെ 11 ഡാമുകൾക്കും ഇടുക്കി ജല വൈദ്യുതി പദ്ധതികൾക്കും ആളുകളുടെ ജീവനും മാത്രമല്ല നമ്മുടെ ജൈവവൈവിദ്ധ്യത്തെ, ആവാസ വ്യവസ്ഥയെപ്പോലും ഈ ഡാമിന് എന്തെങ്കിലും സംഭവിച്ചാൽ നശിപ്പിക്കുമെന്നുള്ള കാര്യം ഒരു യാഥാർത്ഥ്യമാണ്. അന്നത്തെ മദ്രാസ് പ്രസിഡൻസിയുടെ കീഴിൽ മധുര ജില്ലയിലെ ജലസേചനത്തിന്, ഞാൻ അതിനെപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല, തമിഴ്നാടുമായുണ്ടാക്കിയ ഈ കരാറിൽ, ഇവിടെ നമ്മൾ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഗവൺമെന്റ് ശ്രദ്ധിച്ചില്ല എന്നൊക്കെ പറഞ്ഞു. 111 കൊല്ലമായുണ്ടായ ഈ ഡാമിന്റെ 999 വർഷത്തെ കരാറിൽ നിന്നും രക്ഷപ്പെടുന്നതിന്, എന്റെ ഒരു വിശ്വാസപ്രകാരം സർ സി. പി. രാമസ്വാമി അയ്യർക്ക് കേരള ചരിത്രത്തിലുള്ള സ്ഥാനം ഒരു സ്വേച്ഛാധിപതിയുടെ മുഖമാണ്. പുന്നപ്ര വയലാർ അടക്കമുള്ള വളരെയധികം പ്രക്ഷോഭങ്ങളെ അടിച്ചമർത്തിയ ആളാണ് സർ സി. പി. രാമസ്വാമി അയ്യർ. ഏതൊരു മനുഷ്യന്റേയും ചീത്ത വശങ്ങളോടൊപ്പം നന്മയെ നമുക്ക് കാണാതിരിക്കാൻ സാധിക്കുകയില്ല. തമിഴ്നാടിന്റെ പുത്രനായി ജനിച്ച്, കേരളത്തിൽ തിരുവിതാംകൂറിൽ ദിവാനായി വന്ന്, ജലസേചനത്തിനുവേണ്ടി കരാർ ഉണ്ടാക്കിയ ഒരു അണക്കെട്ടിലെ വെള്ളം, കുടിവെള്ളത്തിനും വൈദ്യുതിക്കും വേണ്ടി ഉപയോഗിക്കുന്നു എന്നു വന്നപ്പോൾ, വക്കീൽ കുപ്പായം ധരിച്ച് കോടതിയിൽ പോരാടുകയും ചരിത്രവിജയം നേടുകയും ചെയ്ത സർ സി. പി. രാമസ്വാമി അയ്യർ കാണിച്ച പ്രതിബദ്ധത, 1957-നു ശേഷം കേരളം ഭരിച്ച ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുകളൊന്നും കാണിച്ചിട്ടില്ല എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടു വേണം നാം മുന്നോട്ടു പോകേണ്ടത്. ഈ പ്രശ്നത്തിൽ നിന്ന് ആർക്കും കൈകഴുകി രക്ഷപ്പെടാൻ സാധിക്കില്ല. ഇവിടെ ശ്രീ. ടി. എം. ജേക്കബ് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. എങ്ങനെയാണ് ഈ വൈതരണിയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുക, അതിനെക്കുറിച്ചു നാം ചിന്തിക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ അണക്കെട്ടുകളിലും പരമാവധി ജലസംഭരണശേഷിയിൽ നിന്നും 20 അടി താഴെയാണ് ഷട്ടർ നിർമ്മിക്കാറുള്ളത്. പക്ഷേ മുല്ലപ്പെരിയാറിൽ ജലവിതാനത്തിന്റെ ഒപ്പമാണ് ഷട്ടർ. ഇതൊക്കെ നോക്കേണ്ട സമയത്ത് നോക്കാൻ കഴിഞ്ഞില്ല എന്നുള്ളതിനു അങ്ങോട്ടുമിങ്ങോട്ടും ആരോപണം പറഞ്ഞിട്ടു കാര്യമില്ല. ഏതായാലും ഷട്ടർ നിർമ്മിച്ചത് ഈ ഗവൺമെന്റിന്റെ കാലത്തല്ല എന്നുള്ള കാര്യം വ്യക്തമാണ്. ജലനിരപ്പ് 142 അടി ഉയർത്തിയാൽ, തേക്കടി തടാക തീരഭൂമിയും തുരുത്തുകളും ഉൾപ്പെടെ 1500 ഏക്കർ ഭൂമി നശിക്കും. മുല്ലപ്പെരിയാർ ഡാം സുരക്ഷിതമല്ലെന്ന് 1978-ൽ കേന്ദ്ര ജല കമ്മീഷൻ ഡോ. കെ. സി. തോമസ് കണ്ടെത്തിയതിനെത്തുടർന്ന് പുതിയ ഡാം പണിയാൻ ആലോചിച്ചതാണ്. അന്ന് 24 കോടി രൂപയാണ് ചെലവു പ്രതീക്ഷിച്ചത്. അന്ന് റിട്ടയേർഡ് ചീഫ് എൻജിനീയർ ശ്രീ. ബലറാം അതിനുവേണ്ടി ഒരു എസ്റ്റിമേറ്റും ഉണ്ടാക്കി. പിന്നീട് നടപടി ക്രമങ്ങളൊന്നുമുണ്ടായില്ല. മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിന് കൊടുക്കാൻ തീരുമാനിച്ച ജലത്തിനുപുറമെ, അവർ അന്യായമായി കടത്തിക്കൊണ്ടു പോകുന്ന ജലത്തിന്റേയും അതിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും യഥാർത്ഥ വിഹിതം കേരളത്തിനു കിട്ടുകയാണെങ്കിൽ, ആയിരക്കണക്കിനു കോടി രൂപ കിട്ടണം. പുതുക്കിയ എസ്റ്റിമേറ്റു പ്രകാരം അവിടെ ഒരു പുതിയ അണകെട്ടാൻ മൂന്നൂറു കോടി രൂപ മാത്രമേ ചെലവു വരുന്നുള്ളൂ. സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന്, നിയമനിർമ്മാണവും നടത്തി, സുപ്രീം കോടതിയിൽ ഒരു റിവ്യൂ പെറ്റീഷനും കൊടുത്ത്, നമ്മുടെ ജോലി കഴിഞ്ഞു എന്നുള്ള നിലയിൽ ഇരിക്കാതെ, ഈ കരാർ എങ്ങനെ റദ്ദാക്കിക്കിട്ടാൻ കഴിയുമെന്ന് പരിശോധിക്കുകയാണ് ശാശ്വതമായി വേണ്ടത്. നമ്മുടെ അണക്കെട്ടുകളുടെ നിർമ്മാണത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഒരു അണക്കെട്ടിന്റെ ഇൻസ്പെക്ഷൻ ഗ്യാലറിയിൽക്കൂടി ആർക്കും കടന്നു ചെല്ലാൻ കഴിയണം. ഞാൻ കാഞ്ഞിരപ്പുഴ അഡ്വൈസറി കമ്മിറ്റി മെമ്പർ ആയിരിക്കുമ്പോൾ ഇൻസ്പെക്ഷൻ ഗ്യാലറി സന്ദർശിക്കണമെന്നു പറഞ്ഞപ്പോൾ അവിടത്തെ ഉദ്യോഗസ്ഥരും കളക്ടറും അന്നു സമ്മതിച്ചില്ല. കാരണം അങ്ങോട്ടു പോകാൻ കഴിയില്ല എന്നുള്ളതുകൊണ്ടു തന്നെ. ഒന്നര വ്യാഴവട്ടക്കാല സമയമെടുത്ത്, കോടികൾ ചെലവഴിച്ച കാഞ്ഞിരപ്പുഴയുടെ ഇൻസ്പെക്ഷൻ ഗ്യാലറിയിൽ കൂടി കടന്നു പോകാൻ കഴിഞ്ഞില്ല എന്നു പറഞ്ഞാൽ എന്താണ് അതിനെക്കുറിച്ചു പറയേണ്ടതെന്നറിയില്ല. ആയിരക്കണക്കിന് കോടി രൂപ ചെലവഴിച്ചാലും അവർ ഉപയോഗിച്ച ഈ ജലത്തിനും വൈദ്യുതിക്കും നമുക്ക് കിട്ടേണ്ട പണം കിട്ടാതെ പോകുമ്പോൾ, മുന്നൂറു കോടി രൂപ ചെലവിൽ പുതിയ അണക്കെട്ടു

നിർമ്മിക്കുന്നതിനെക്കുറിച്ച് നാം ഗൗരവമായി ആലോചിക്കണം. ഏതാണ്ട് 20,000 കോടി രൂപയുടെ വെള്ളത്തിന്റെ പണം, യഥാർത്ഥ വിഹിതം നൽകുകയാണെങ്കിൽ തമിഴ്നാട് നമുക്കു തരണമെന്നാണ് വയ്പ്. അതിന്റെ കൂടെ ഈ അടുത്ത കാലത്ത് പാലക്കാട് ജില്ലയുടെ പല പ്രദേശത്തും ഭൂചലന സാധ്യതയുണ്ടായി. പണ്ട് നമ്മുടെ ധാരണ വടക്കേ ഇന്ത്യയിലും ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും മാത്രമേ ഭൂചലനം ഉണ്ടാകൂ എന്നായിരുന്നു. പ്രകൃതിക്ഷോഭങ്ങൾക്ക് ഇപ്പോൾ വർഗീകരണമൊന്നോ രാജ്യങ്ങളെന്നോ സംസ്ഥാനങ്ങളെന്നോ ഒരു വ്യത്യാസവുമില്ല. സുനാമിപോലും നമ്മൾ പ്രതീക്ഷിക്കാതെയാണ് വന്നത്. ഭൂചലന സാദ്ധ്യത ഏറ്റവും കൂടുതലുള്ള പ്രദേശമാണിത്. അഞ്ചു ഭൂ വിള്ളലുകളുള്ള ലിനിയാമെൻസ് പരിധിയിലാണ് കമ്പം, ഉടുമ്പൻചോല. ഈ ഭൂ വിള്ളലുകൾ ചേരുന്ന സ്ഥലത്താണ് മുല്ലപ്പെരിയാർ അണക്കെട്ട്. കമ്പം, പെരിയാർ, ഇടമലയാർ, മാട്ടുപെട്ടി, ഉടുമ്പൻചോല എന്നീ വിള്ളലുകളുടെ പരിധിയിലുള്ളതാണ് ഈ അണക്കെട്ട്. 1988-ൽ ഇടുക്കിയിലെ നെടുങ്കണ്ടത്തു നടന്ന ഭൂചലനത്തിനു കാരണം പെരിയാർ വിള്ളലുകളാണെന്ന് ശാസ്ത്രജ്ഞന്മാർ അന്നു പറഞ്ഞു കഴിഞ്ഞതാണ്. ഈ ഭൂചലനങ്ങളുടെ പശ്ചാത്തലത്തിൽ, ഭൂചലനത്തിനുശേഷം വന്ന കേന്ദ്ര പ്രതിനിധി സംഘം ഇങ്ങനെയൊരു റിപ്പോർട്ട് നൽകിയത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ ഖേദകരമാണ്. കേരളത്തിലെ ജനങ്ങളുടെ ജീവനേക്കാൾ വലുതല്ല അണക്കെട്ടിൽ ഉയരുന്ന ആറടി വെള്ളം. ആറടി വെള്ളമുയർത്തി ലക്ഷക്കണക്കിന് ജനങ്ങളെ ആറടി മണ്ണിലാക്കാനുള്ള തമിഴ്നാട് ഗവൺമെന്റിന്റെ പ്രവൃത്തികൾക്കു കൂട്ടു നിൽക്കുന്ന സുപ്രീം കോടതിയുടെ ഈ അന്യായമായ വിധിയെയും അംഗീകരിക്കാൻ കേരളത്തിലെ മൂന്നു കോടി ജനങ്ങൾക്ക് സാധ്യമല്ല എന്ന് കേവലം നിയമനിർമ്മാണം കൊണ്ടുമാത്രമല്ല, ജനങ്ങളുടെ സംഘടിത ശക്തി കൊണ്ടുകൂടി അവർക്കു മനസ്സിലാക്കിക്കൊടുക്കണം. വടക്കേ ഇന്ത്യയിൽ ഇതുപോലെ വിദ്യാസമ്പന്നമല്ലാത്ത സംസ്ഥാനത്ത് പ്രകൃതിയെ സംരക്ഷിക്കുന്നതിനും അണക്കെട്ടുകളുടെ ഭീകരതയ്ക്കു മെതിരെ പോരാട്ടം നടത്തി ജനങ്ങൾ വിജയം വരിക്കുന്ന രാജ്യത്ത് കേരളത്തിലെ മൂന്നു കോടി ജനങ്ങൾക്ക് ഒറ്റക്കെട്ടായി ഈ അധാർമ്മികമായ പ്രവൃത്തിക്ക് എതിരെ പോരാടാൻ, ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നേതൃത്വം കൊടുക്കണം. സുപ്രീം കോടതിയിലെ ഏതാനും ജഡ്ജിമാർ വിധിയെഴുതുന്ന പേനയുടെ തുമ്പിലാണ് കേരളത്തിന്റെ ജനങ്ങളുടെ ജീവൻ എന്ന് കരുതരുത്. ശ്രീ. ടി. എം ജേക്കബ് വിശദമായി കാര്യങ്ങൾ വിശദീകരിച്ചു. അതിന് റിവ്യൂ പെറ്റീഷൻ കൊടുക്കണം. യഥാർത്ഥ ശാസ്ത്രീയമായ നിഗമനങ്ങൾ മനസ്സിലാക്കാതെ, സെസിന്റെ റിപ്പോർട്ടു പോലും പരിഗണിക്കാതെയാണ്, ഇപ്രകാരമൊരു വിധി പുറപ്പെടുവിച്ചിരിക്കുന്നത്. സുപ്രീം കോടതിയിൽ ബോദ്ധ്യപ്പെടുത്താത്തതുകൊണ്ടല്ല, പക്ഷേ അവർ അതു വേണ്ട മാതിരി പരിഗണിച്ചില്ല എന്നുള്ളതാണ് വാസ്തവം. അതിനു വേണ്ട ശ്രമങ്ങൾ നടത്തണം. അതുപോലെ ഈ ആക്ടിൽ എനിക്ക് ഒരു അഭിപ്രായമുണ്ട്. ഈ ഭേദഗതി ബില്ലിൽ മൂല നിയമത്തിലെ 6-ാം വകുപ്പിന് പകരം സബ് സെക്ഷൻ (ഡി)

LIBRARY ARCHIVES Kerala Legislative Assembly

"മനുഷ്യജീവനോ വസ്തുവിനോ ഭീഷണിയാകുമെന്ന് കാണുകയാണെങ്കിൽ" എന്നുള്ളത് "ഇതര ജന്തുജീവജാലങ്ങൾക്കോ, അല്ലെങ്കിൽ ജൈവവൈവിദ്ധ്യത്തിനോ" എന്നാക്കണം. വർത്തമാന കാലത്ത് വെറും മനുഷ്യനും മനുഷ്യന്റെ സമ്പത്തിനും മാത്രമല്ല, ഈ ഭൂമി ഇനി നിലനിൽക്കണമെങ്കിൽ ജൈവവൈവിദ്ധ്യത്തിനും അപകടമുണ്ടാകാൻ പാടില്ല. വർഷങ്ങൾക്കു മുമ്പ് നമ്മുടെ പൂർവ്വികന്മാർ ജലമൊന്നും ഒരു പ്രശ്നമല്ല എന്നു ചിന്തിച്ചതിന്റെ പരിണിതഫലമാണ് നാമിന്നു അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ ജൈവവൈവിദ്ധ്യത്തിനും അപകടം വരുമ്പോൾ ഇടപെടാൻ കഴിയുന്നവിധത്തിൽ ഒരു ഭേദഗതി ഉണ്ടാക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്. ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ കേരള നിയമസഭയുടെ ചരിത്രത്തിൽ ഇന്നും നാളെയും ഇങ്ങനെ ഏകകണ്ഠമായി ഒരു നിയമം നിർമ്മിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൊട്ട് പ്രതിപക്ഷ ഉപനേതാവ് അടക്കമുള്ള മഹാഭൂരിപക്ഷം വരുന്ന മെമ്പർമാർ കക്ഷിരാഷ്ട്രീയത്തിനതീതമായി, ആ വികാരം ഉൾക്കൊണ്ടു എന്നുള്ളതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ആ സന്തോഷത്തോടുകൂടി തന്നെ ഈ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടിയുള്ള ഈ ബില്ലിനെ പൊതുവിൽ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഈ കാര്യത്തിൽ ഈ ബിൽ ഒരു സമഗ്ര പരിഹാരമാണോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. സുപ്രീം കോടതി വിധി മറികടക്കാൻ ഈ നിയമ നിർമ്മാണത്തിനു സാധിക്കുമെങ്കിൽ അതു നന്നായിരിക്കും എന്നുതന്നെയാണ് എന്റെയും അഭിപ്രായം. അക്കാര്യം നിയമവിദഗ്ദ്ധർ തീരുമാനിക്കട്ടെ. ഇപ്പോൾ ഞാൻ അതിനെക്കുറിച്ച് ഒരു അഭിപ്രായ പ്രകടനം നടത്താൻ തയ്യാറാകുന്നില്ല. എന്നാൽ സുപ്രീം കോടതിയിൽ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിനെതിരെ രൂക്ഷമായ ആരോപണങ്ങളാണ് ഉയർന്നുവന്നിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. കാരണം ഇവിടെ എനിക്കു മുമ്പ് സംസാരിച്ച ശ്രീ. ടി. എം. ജേക്കബ് ചില കാര്യങ്ങൾ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചു. ഇപ്പോൾ നമ്മൾ നിയമനിർമ്മാണത്തിനുവേണ്ടി ഇങ്ങനെ ഒത്തുചേരേണ്ടിവന്ന പ്രസ്തുത സുപ്രീം കോടതി വിധിയെക്കുറിച്ചുള്ള പരാമർശത്തിൽ ഇവിടെ അദ്ദേഹം ഉപയോഗിച്ച വാക്ക് "ഫാക്ച്വൽ മിസ്റ്റേക്ക്" എന്നാണ്. അങ്ങനെ മാത്രമേ ഇപ്പോൾ അദ്ദേഹത്തിനു പറയാൻ പറ്റൂ. സുപ്രീം കോടതി വിധിയുടെ വിവിധ ഭാഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ട് അത്രയും പറയാൻ തയ്യാറായല്ലോ എന്നുള്ളതിൽ സന്തോഷമുണ്ട്. ഫാക്ച്വൽ മിസ്റ്റേക്ക് ആണോ യഥാർത്ഥത്തിൽ ഉണ്ടായത് എന്നതിനെ സംബന്ധിച്ച് പരിശോധനയും പഠനവും ഉണ്ടാകണമല്ലോ. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച ചരിത്രത്തിലേക്കൊന്നും ഞാൻ വിശദമായി കടക്കുന്നില്ല. 1895-ൽ നിർമ്മിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഡാമിന്റെ പ്രഖ്യാപിതമായ ആയുസ്സ് 50 വർഷമായിരുന്നു. ഇപ്പോൾ അതു 111 വർഷം പിന്നിട്ടു. 1994-ൽ ചൂണ്ടിക്കാണിച്ച സംഗതികളെല്ലാം ഇന്നും ഗുരുതരമായി തുടരുകയാണ്. ജലസേചനത്തിനു മാത്രമായിരുന്ന കരാർ തമിഴ്നാട് ലംഘിച്ചിട്ട് വൈദ്യുതി ഉല്പാദനവും തുടങ്ങി. ഈ വിഷയത്തിൽ 1941-ൽ ട്രിബ്യൂണലിന്റെ തീരുമാനമുണ്ടായതാണ്. അതൊക്കെ ഇവിടെ സംസാരിച്ച ആളുകൾ സൂചിപ്പിച്ചു. എന്നിട്ടും 1970-ൽ തമിഴ്നാടിന്റെ ആവശ്യം പരിഗണിച്ചുകൊണ്ട് നമ്മുടെ സർക്കാർ

[അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ സ്പീക്കർ]

കരാർ പുതുക്കാൻ തീരുമാനിച്ചു. അഞ്ച് ജില്ലകളിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്, ഏകദേശം 30 ലക്ഷം മുതൽ 50 ലക്ഷംവരെയുള്ള ആളുകൾക്ക് അപകടം സംഭവിക്കുന്ന ഒരു വിഷയമെന്നുള്ള നിലയിൽ തമിഴ്നാട് ഇതിനെ കാണുന്നില്ലെന്നുള്ളതാണ് ഗൗരവതരമായ പ്രശ്നം. തമിഴ്നാടിന് വെള്ളം കൊടുക്കുകയെന്നുള്ളതല്ല ഇവിടത്തെ തർക്ക വിഷയം. ഈ ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്നുള്ളതാണ് കേരള സർക്കാരിന്റെയും കേരളത്തിലെ ജനങ്ങളുടേയും ആവശ്യം. ഇക്കാലമത്രയും തങ്ങൾക്ക് ജലം നൽകി സഹായിച്ച ഒരു ജനതയും ഒരു പ്രദേശവും എന്ന സമീപനം ദൗർഭാഗ്യവശാൽ, തമിഴ്നാട്ടിലെ ബന്ധപ്പെട്ട ആളുകൾ കാണുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. നിയമസഭയുടെ അഡ്ഹോക് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് ചില നിഗമനങ്ങളിൽ എത്തിയിട്ടുണ്ട്. നിയമസഭയുടെ അഡ്ഹോക് കമ്മിറ്റിയുടെ 1994-ലെ മുല്ലപ്പെരിയാർ നദീജല കരാറുമായി ബന്ധപ്പെട്ട വിശദമായ പരാമർശം നമ്മുടെ മുന്നിലുണ്ട്. ആ കരാറിന്റെ കോപ്പിയുണ്ട്. കരാറിന്റെ നിയമസാധുതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അതിന്റെ പതിനേഴാമത്തെ പേജിൽ 45-ാമത്തെ ഖണ്ഡികയിൽ പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച അഡ്ഹോക് കമ്മിറ്റിയുടെ വ്യക്തമായ റിപ്പോർട്ടുണ്ട്. ഇരുപത് വർഷക്കാലത്തിലധികം നടന്ന കൂടിയാലോചനകൾക്കുശേഷം തിരുവിതാംകൂർ മഹാരാജാവും ഇൻഡ്യാ ഗവൺമെന്റ് സ്റ്റേറ്റ് സെക്രട്ടറിയും തമ്മിലുള്ള കരാറാണ് 1886-ലെ പെരിയാർ പാട്ട ഉടമ്പടി. സ്വാതന്ത്ര്യലബ്ധിക്ക് 61 വർഷം മുൻപുണ്ടാക്കിയ കരാറാണിത്. പറമ്പിക്കുളം-ആളിയാർ കരാറിൽ അന്തർ സംസ്ഥാന നദികൾ ഉൾപ്പെടുന്നുണ്ടെങ്കിലും പെരിയാർ പാട്ട ഉടമ്പടിയിൽ കേരള സംസ്ഥാനത്തിലെ പെരിയാർ നദി മാത്രമാണ് ഉൾപ്പെടുന്നത്. ഈ കരാർ പ്രകാരം സംസ്ഥാനത്തിന് പാട്ടമിനത്തിൽ തുച്ഛമായ വരുമാനം ലഭിക്കുമെന്നല്ലാതെ ജലവിഭവം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തിന്റെ താൽപ്പര്യം ഒരു വിധത്തിലും പരിഗണിക്കാതെ ദീർഘമായ ഒരു കാലയളവിലേക്ക് ഒപ്പുവച്ച ഈ കരാറിന് സ്വാതന്ത്ര്യലബ്ധിയോടുകൂടി നിയമസാധുത നഷ്ടപ്പെട്ടു എന്നതാണ് സമിതിയുടെ സുചിന്തിതമായ അഭിപ്രായം. 1994-ലെ അഡ്ഹോക് കമ്മിറ്റിയുടെ അഭിപ്രായം ഇക്കാര്യത്തിലുണ്ട്. 46, 47 പാരഗ്രാഫുകളിൽ ഡാമിന്റെ സുരക്ഷാ നടപടികളെ സംബന്ധിച്ച് വളരെ വ്യക്തമായി ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. അത് ബന്ധപ്പെട്ട കേന്ദ്ര ജല കമ്മീഷന്റെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരണമെന്ന് ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. 1987 വരെ നടന്ന പണികൾ പരിശോധിച്ചതിൽ തമിഴ്നാട്, ഡാമിൽ അനധികൃതമായി അരമതിൽ കെട്ടി പൂർത്തിയാക്കിയതായി കണ്ടെത്തി. കേന്ദ്ര ജല കമ്മീഷന്റെ അദ്ധ്യക്ഷതയിൽ 25-11-1979-ൽ കൂടിയ യോഗത്തിൽ കേരളത്തിലേയും തമിഴ്നാട്ടിലേയും ഉദ്യോഗസ്ഥൻമാർ തീരുമാനിച്ച പണിയിൽ ഇത് ഉൾപ്പെട്ടിരുന്നില്ല. അനധികൃതമായി അരമതിൽ നിർമ്മിച്ച കാര്യം കേന്ദ്ര ജല കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു. ഡാം ശക്തിപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതായി തമിഴ്നാട് സർക്കാർ അറിയിച്ചിട്ടുണ്ട്. ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സാങ്കേതിക വിദഗ്ദ്ധൻമാരുടെ അഭിപ്രായം ആരായണമെന്നും ഇതിനായി ഒരു കമ്മിറ്റിയെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇതാണ് ആ കമ്മിറ്റിയുടെ ശുപാർശ. 26 വർഷം കഴിഞ്ഞപ്പോൾ സംസ്ഥാന സർക്കാരിനെതിരായി വിധി വന്നിരിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ആശങ്കയ്ക്ക് ഒരു സ്ഥാനവും കൽപ്പിക്കാത്ത ഒരു വിധിയാണ് ഇൻഡ്യയിലെ പരമോന്നത നീതിപീഠത്തിൽ നിന്നും വന്നിരിക്കുന്നത്. 136 അടിയെന്ന് നിശ്ചയിച്ച് 26 വർഷം കഴിഞ്ഞതിനുശേഷം 50 വർഷം ആയുസ്സുള്ള ഒരു ഡാമിനെ സംബന്ധിച്ച് എങ്ങനെ ഇൻഡ്യയിലെ പരമോന്നത നീതിപീഠത്തിന് 142 അടിയായി വർദ്ധിപ്പിക്കാൻ ഒരു വിധിയെഴുതാൻ കഴിഞ്ഞു എന്നതിനെ സംബന്ധിച്ച് പഠനവും പരിശോധനയും ഇതിന് സമാന്തരമായി നടത്താൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. കാരണം 50 വർഷം മാത്രം ആയുസ്സ്, എന്നാൽ ഇപ്പോൾ 111 വർഷമായി. 136 അടിയാണെന്ന് ശാസ്ത്രീയമായി വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെട്ടു. എന്നിട്ട് 26 വർഷം കഴിയുമ്പോൾ സുപ്രീം കോടതി വിധി വരുന്നു. ഇൻഡ്യയുടെ ഭാഗമായ ഒരു സംസ്ഥാനത്തെ 50 ലക്ഷത്തോളം വരുന്ന ജനങ്ങളുടേയും അഞ്ചോളം ജില്ലകളുടേയും നിലനിൽപ്പിനെ ബാധിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് factual mistake ഉണ്ടായി എന്നുപറഞ്ഞ് ജനങ്ങളുടെ മുന്നിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയുമോ? കഴിയില്ല. അവിടെയാണ് അതിന്റെ വസ്തുതാപരമായ പരിശോധനയുണ്ടാകണമെന്ന് ഞാൻ ആവർത്തിച്ച് സൂചിപ്പിക്കാൻ കാരണം. 1994-ലെ അഡ്ഹോക് കമ്മിറ്റി നിയമ സാധുതയില്ലാത്തതാണ് ഈ കരാറെന്ന് കണ്ടെത്തി. ജലനിരപ്പ് സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശയില്ലാതെ ഉയർത്തരുതെന്ന് നിർദ്ദേശിച്ചു. കേരളത്തിന്റെ ജലം ഉപയോഗിച്ചുകൊണ്ടുള്ള തമിഴ്നാട്ടിന്റെ വൈദ്യുതി ഉൽപ്പാദനത്തിന് റീഡിംഗ് കൃത്യമായി എടുക്കണമെന്ന് ആ കമ്മിറ്റി നിർദ്ദേശിച്ചു. ബേബി ഡാമിലെ ജലനിരപ്പ് ഉയർത്തുന്നത് അനുവദിക്കരുതെന്നും ആ കമ്മിറ്റിയുടെ ശുപാർശയിൽ ഉണ്ടായിരുന്നു. അതിനുശേഷമാണ് കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 136 അടിയിൽ കൂടുതൽ ജലനിരപ്പുയർത്തിയാൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് നൽകിയത്. വനമേഖലയിലെ അപൂർവ്വ സസ്യജാലങ്ങളെ സംബന്ധിച്ചും പെരിയാർ ടൈഗർ റിസർവോയറിലുണ്ടാകുന്ന ഭീഷണിയെ സംബന്ധിച്ചും ആ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. 1980-ൽ നിലവിൽ വന്ന വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് വെള്ളത്തിന്റെ അളവ് 136 അടിക്കുമേൽ ഉയർത്താൻ പാടില്ലെന്നുള്ള വസ്തുത നമ്മുടെ മുന്നിലുണ്ട്. 1964 മുതൽ ആരംഭിച്ച ഡാമിന്റെ ബലക്ഷയം 2000-ലും 2001-ലും ഉണ്ടായ ഭൂചലനത്തെത്തുടർന്ന് ഗുരുതരമായി എന്നതും ഡാമിൽ വിള്ളലും ചോർച്ചയും ശക്തിപ്പെട്ടു എന്നതും എല്ലാപേരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. അത് എന്തുകൊണ്ട് സുപ്രീം കോടതിക്ക് അംഗീകരിക്കാനും കാണാനും കഴിയാതെ വന്നുയെന്നതാണ് ഈ സന്ദർഭത്തിൽ നാം ഗൗരവതരമായി കാണേണ്ട കാര്യം. 2001-ൽ സുപ്രീം കോടതിയിൽ വന്ന കേസ് കേരളം ഫലപ്രദമായി കൈകാര്യം ചെയ്തോ എന്നുള്ളതും പരിശോധിക്കണം. തമിഴ്നാടിനുവേണ്ടി 2001 മുതൽ വിധിയുണ്ടാകുന്നതുവരെ ഒരു വക്കീലാണ് ഹാജരായിരുന്നത്. എന്നാൽ കേരളത്തിന്റെ സ്ഥിതി എന്തായി? എന്തിനാണ് വക്കീലന്മാരെ ഇങ്ങനെ മാറ്റുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സീനിയർ അഡ്വക്കേറ്റിനെ മാറ്റി. പിന്നീട് പി. പി. റാവു ഉണ്ടായിരുന്നു അദ്ദേഹം പിൻവാങ്ങി. ശ്രീ. ടി. എൻ. വിശ്വനാഥ അയ്യരാണ് പിന്നീട് വന്നത്. കേസ് നടത്തിപ്പിൽ പോരായ്മയുണ്ടായി എന്നുള്ളതുകൊണ്ടുതന്നെ, തമിഴ്നാട് സർക്കാരിന് അനുകൂലമായി എന്നുപറയുമ്പോൾ നിങ്ങൾ എന്നെ പുള്ളിപ്പുലിയായി കാണരുത്. നമ്മൾ കൂട്ടായി ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമ്പോൾ ഇതൊക്കെ സജീവമായി പരിശോധിക്കപ്പെടണം.

<u>ശ്രീ. പി. ടി. തോമസ്</u> : ശ്രീ. ടി. എൻ. വിശ്വനാഥ അയ്യർ വളരെ പ്രഗൽഭനായ ഒരു അഭിഭാഷകനും കേരള ഹൈക്കോടതിയിലെ പ്രഗൽഭനായ ജഡ്ജിയും ആയിരുന്നുയെന്ന കാര്യം അങ്ങേക്ക് അറിയാമോ?

<u>ശ്രീ. ടി. കെ. ദേവകുമാർ</u> : ഞാൻ ഒരു അഭിഭാഷകന്റേയും കഴിവിനെക്കുറിച്ചല്ല ചോദിച്ചത്. പ്രമുഖനായ, ശേഷിമാനായ ആ അഭിഭാഷകനെ ആദ്യംതന്നെ പി. ടി. തോമസിന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് യു. ഡി. എഫ്. നിയമിക്കണമായിരുന്നു എന്നെ ഞാൻ പറഞ്ഞുള്ളൂ. മൂന്നുമാസം കൂടുമ്പോൾ വക്കീലിനെ മാറ്റരുതെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. കേസ് പഠിച്ച് കോടതിയിൽ അവതരിപ്പിക്കുകയെന്നുള്ളതാണ് പ്രധാനം. കേസ് പഠിപ്പിക്കാൻ ആളുണ്ടാകണം. കേസ് കൃത്യമായി നടക്കുന്നുണ്ടോയെന്ന് നോക്കണം. ഇതു പറഞ്ഞതുകൊണ്ട് ഒരു കാര്യം കൂടി ഞാൻ പറഞ്ഞേക്കാം. മധുര-രാമനാഥപുരം പ്രദേശങ്ങളിൽ ജലസേചനം നടത്തുകയെന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം എന്ന് അങ്ങ് തന്നെ ഇവിടെ സൂചിപ്പിച്ചല്ലോ. മധുര-രാമനാഥപുരം പ്രദേശങ്ങളിൽ ഇന്ന് കൃഷി നടത്തുന്നത് ആരാണെന്നുകൂടി നമ്മൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. ബിനാമി പേരുകളിലോ സ്വന്തം പേരുകളിലോ ഈ മധുര-രാമനാഥപുരം പ്രദേശങ്ങളിൽ കൃഷി നടത്തുന്നവർ അങ്ങോട്ട് വെള്ളം പോകരുതെന്ന ആവശ്യവുമായി, ഒരു ജനതയെ പ്രതിനിധീകരിക്കാൻ ശ്രമിച്ചാൽ ചിലപ്പോൾ ഇത്തരം പാളിച്ചകൾ ഉണ്ടാവാൻ സാധ്യതയുണ്ട് എന്നത് തള്ളിക്കളയാൻ സാധിക്കുകയില്ലല്ലോ. ശ്രീ. ടി. എൻ. വിശ്വനാഥ അയ്യരെ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കരുതെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ആദ്യാവസാനം കേസ് നടത്താനും ആ കേസ് കൃത്യമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അല്ലാതെ ഞാൻ വേറൊരു ആരോപണവും പറയാൻ ശ്രമിച്ചിട്ടില്ല. ലോകത്ത് ഒരിടത്തും 111 വർഷം പഴക്കമുള്ള ചുണ്ണാമ്പും ശർക്കരയും കൊണ്ടുണ്ടാക്കിയ മറ്റൊരു ഡാം ഉണ്ടോയെന്ന് എനിക്കറിയില്ല. ഇന്നലെ ഒരു ചാനലിനകത്ത് ഈ ഡാം രണ്ടാമത് പണിഞ്ഞ ശ്രീ. പൈലി എന്നയാൾ ഒരു അഭിമുഖത്തിൽ പറഞ്ഞ കാര്യം നമ്മൾ ഗൗരവമായി ശ്രദ്ധിച്ചതാണ്. അന്ന് ആ ഡാമിന് ഒരു തൊപ്പി ഉണ്ടാക്കി വയ്ക്കുകയായിരുന്നു എന്നാണ് അദ്ദേഹം തന്നെ പ്രയോഗിച്ച വാക്ക്. അതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചിടത്തോളമുള്ള നമ്മുടെ ആശങ്ക നീതിപീഠത്തിന്റെ മുന്നിലും അടിവരയിട്ട് ഒന്നുകൂടി പറയട്ടെ. കേന്ദ്ര ഭരണാധികാരികളുടെ മുന്നിലും സമർപ്പിക്കാൻ നമ്മുടെ ഈ കൂട്ടായ പരിശ്രമം കൂടുതൽ ഉപകരിക്കേണ്ടിയിരിക്കുന്നു. ഇതിന്റെയുള്ളിലേക്ക് കടന്ന് ഒരു പരിശോധന നടത്തിയാൽ ആ പരിശോധന അപകടം ചെയ്യുമോയെന്നുപോലും എനിക്ക് ഭയമുണ്ട്. കാരണം ഇതുമായി ബന്ധപ്പെട്ട് സഭയിൽ വന്ന അടിയന്തിര പ്രമേയത്തിന് ബഹു. മന്ത്രി പറഞ്ഞ മറുപടി പോലും സുപ്രീം കോടതിയുടെ മുന്നിൽ തമിഴ്നാട് ദുർവ്യാഖ്യാനം ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ടെന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് തന്നെ ഈ നിയമത്തിന്റെ ഉള്ളിലേക്ക് കടന്ന് ഒരു പരിശോധന നടത്തി ആ പരിശോധന നാളെ കേരളത്തിന്റെ വാദമുഖങ്ങൾക്ക് ദോഷം ചെയ്യാൻ ഇടയാക്കാതിരിക്കട്ടെ എന്നുള്ളതുകൊണ്ട് ഇതിന്റെ അകത്തേക്ക് കടന്ന് അതിന്റെ ഓരോ ഘടകത്തെ സംബന്ധിച്ചും ഓരോ വശങ്ങളെ സംബന്ധിച്ചും കൂടുതൽ പരിശോധിക്കാനും വിമർശിക്കാനും ഞാൻ തയ്യാറാകുന്നില്ല. നാലാമത്തെ വകുപ്പ് ഇന്ന് പിൻവലിച്ചു. പീരുമേട് എം.എൽ.എ-യും ഇടുക്കി പാർലമെന്റ് മെമ്പറോ അല്ലെങ്കിൽ ഇടുക്കി ജില്ലയിലെ ഏതെങ്കിലും ഒരു എം.എൽ.എ-യോ ഇതുമായി ബന്ധപ്പെട്ട സമിതിയിൽ ഉണ്ടാകണം. ഇത്രയും സങ്കീർണ്ണമായിട്ടുള്ള ഒരു പ്രശ്നപരിഹാരത്തിനുവേണ്ടി, ഡാം സംരക്ഷിക്കാൻ നമ്മൾ തയ്യാറാക്കുന്ന സംവിധാനത്തിന്റെ ഭാഗമാകുന്നത് നന്നായിരിക്കും എന്ന ഒരഭിപ്രായം എനിക്കുണ്ട്. ഞാൻ ഒരു മാന്യനല്ല എന്നുള്ള അഭിപ്രായമാണ് പീരുമേട് എം.എൽ.എ-ക്ക് ഉള്ളതെങ്കിലും ഈ നാടിന്റെ താൽപര്യം കണക്കിലെടുത്തുകൊണ്ട് അങ്ങനെയൊരു നിർദ്ദേശം വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഇ. എം. അഗസ്തി</u> : സർ, എന്റെ ബഹുമാന്യനായ സുഹൃത്ത്, ശ്രീ. ടി. കെ. ദേവകുമാർ സംസാരിക്കുമ്പോൾ അദ്ദേഹം മാന്യനല്ലാത്ത ആളാണ് എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ എന്ന് പറഞ്ഞത് ശരിയല്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ സഭയിൽ സംസാരിക്കുമ്പോൾ, അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഞാൻ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി എനിക്ക് നല്ല അഭിപ്രായമാണുള്ളത്. ഞാൻ വീണ്ടും ആവർത്തിച്ചുപറയുന്നു അദ്ദേഹത്തിന് എന്തെങ്കിലും വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ അദ്ദേഹത്തോടും സഭയോടും മാപ്പു ചോദിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സന്തോഷം. ഞാൻ പിൻവലിച്ചു. സഭ പിരിയുന്ന ദിവസം നമ്മൾ സുഹൃത്തുക്കളായതുകൊണ്ട് പരാമർശം ഓർമ്മിച്ചുവെന്നേയുള്ളൂ. ഫെബ്രുവരി 21-ാം തീയതി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞതാണ്. വീണ്ടും നമ്മുടെ നാടിനുവേണ്ടി, ഇത്തരത്തിലൊരു വിഷയം അവതരിപ്പിക്കാൻ കഴിഞ്ഞു. അതിൽ സർക്കാരിനെ അഭിനന്ദിച്ചപ്പോൾ, ഒരു സത്യംകൂടി അപ്പുറത്തുനിന്നു സംസാരിച്ചവർ പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഈ വിഷയം, കേരളത്തിന്റെയും നാടിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കേരളത്തിന്റെ ആദരണീയനായ പ്രതിപക്ഷനേതാവും കേരളത്തിലെ പ്രതിപക്ഷ പ്രസ്ഥാനങ്ങളും കാണിച്ച താല്പര്യം ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ഈ സഭാ സമ്മേളനം നടത്താൻ, ഒരു സർവ്വകക്ഷിയോഗത്തിലേക്ക് വരാൻ നടപടിയെടുത്ത ഇടതുപക്ഷജനാധിപത്യ മുന്നണി . . . . . .

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മെമ്പർ ഇപ്രകാരമൊരു സമവായം രൂപപ്പെടുത്തുന്നതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാണിച്ച താല്പര്യത്തെ പ്രത്യേകം എടുത്തുപറയുകയുണ്ടായി. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഇത്തരത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളേയും ഒരു സമവായത്തിലേക്ക് കൊണ്ടുവന്ന മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നടത്തിയ ശ്രമം കൂടി അങ്ങ് സ്മരിക്കണം എന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ : ഇതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു സർവ്വകക്ഷി യോഗം വിളിക്കാൻ മുൻകൈയെടുക്കുകയും ഇത്തരത്തിൽ ഒരു സംവിധാനത്തിന് രൂപം കൊടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്ത ഇപ്പുറത്തിരിക്കുന്ന കക്ഷികളോടും അതിലെ നേതാക്കൻമാരോടും രാഷ്ട്രീയ നേതൃത്വത്തോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഞങ്ങളുടെ നിർദ്ദേശം അംഗീകരിച്ച് ഇത്തരത്തിലൊരു സംവിധാനമൊരുക്കുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്ത സർക്കാരിനേയും മുഖ്യമന്ത്രിയേയും ആ പ്രദേശത്തെ എം. എൽ. എ. ഉൾപ്പെടെയുള്ളവരേയും ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : പീരുമേട് എം.എൽ.എ. നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയുന്നതോടൊപ്പം മുമ്പ് പീരുമേട് എം. എൽ. എ. ആയിരുന്ന ഡെപ്യൂട്ടി സ്പീക്കർ ആദരണീയനായ സി. എ. കുര്യൻ അവിടെ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് രണ്ട് ആഴ്ചയോളം നിരാഹാരം നടത്തിയതുകൂടി അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടാകുമല്ലോ?

ശ്രീ. ടി. കെ. ദേവകുമാർ : കേരളത്തിലെ ജനങ്ങളുടെ ആശകകൾ അകറ്റാൻവേണ്ടി ജനങ്ങളോടൊപ്പം നിൽക്കുന്ന പ്രസ്ഥാനങ്ങൾ ഒട്ടേറെ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തിയിട്ടുണ്ട്. ഈ സംരംഭം ഈ രൂപത്തിൽ രൂപപ്പെടുത്തിയെടുത്തതിന് ഒരു രാഷ്ട്രീയ ലാഭവും കാണാതിരുന്ന പ്രതിപക്ഷത്തെ അഭിനന്ദിക്കേണ്ടിയിരുന്നു എന്നു മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. ഈ നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ പോരായ്മകൾ ഉണ്ടെങ്കിലും ഭാവിയിൽ ആ പോരായ്മകൾ പരിഹരിക്കാൻ കഴിയുമെന്ന പ്രതീക്ഷയോടുകൂടി തന്നെ കണ്ണും കാതുമില്ലാതെ എന്തിലും ഏതിലും വിധി പറഞ്ഞാൽ അതിന് മഹനീയമായ അംഗീകാരം കിട്ടുമെന്ന് ധരിക്കുന്ന ആളുകളുടെ മുന്നിൽ ഒരു ജനതയുടെ പ്രതിഷേധമായി ഈ നിയമം എന്നും നിലകൊള്ളുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ധാരാളം ആളുകൾ ഈ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയിൽ പങ്കെടുക്കാത്ത പല ആളുകളും ഇതിനകത്ത് ഇടപെടലുകൾ നടത്തുകയും അവർ അവരുടേതായ അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഞാൻ അവരോട് എല്ലാപേരോടും നന്ദി രേഖപ്പെടുത്തുകയാണ്. കേരളം ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിൽക്കുന്നു എന്നുള്ള ഇംപ്രഷൻ നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കാൻ കഴിയണം. അത് കേരളത്തിന്റെ താല്പര്യം പരിരക്ഷിക്കാൻ ആവശ്യമാണ്. മാത്രമല്ല ഇതുപോലെയൊരു സംഭവത്തിൽ കേരളത്തിൽ രണ്ട് അഭിപ്രായമില്ല, ഒറ്റ അഭിപ്രായമേ ഉള്ളൂവെന്ന് വരുത്തുന്നതിനുവേണ്ടി സഹകരിച്ച എല്ലാ സഹോദരരോടും ഞാൻ ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുകയാണ്. അതിന് സമവായം ഉണ്ടാക്കുന്നതിനുവേണ്ടി പരിശ്രമിച്ച ആളുകളുണ്ട്.. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ, പ്രതിപക്ഷ നേതാവിനെ വിളിച്ച് ആലോചിച്ച് ഈ ചർച്ചയ്ക്ക് തുടക്കം കുറിക്കണമെന്ന് തീരുമാനമെടുത്ത മുഖ്യമന്ത്രിയുടെ നിലപാട് അതിനേക്കാൾ അപ്പുറത്ത് നിൽക്കുന്നു. അതിനോട് പോസിറ്റീവായി പ്രതികരിച്ച മാഷ്ട്രീയ കക്ഷി നേതാക്കൻമാരുണ്ട്. അവരെല്ലാം ചെയ്ത നല്ല പ്രവർത്തനത്തെ ഞാൻ ഒരിക്കൽക്കൂടി ശ്ളാഘിക്കുകയാണ്. ഇന്ന് ഇതുപോലെ ഒരു ചർച്ച നടത്തുന്നതിനുവേണ്ടി ഇന്നലെ സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയ ബഹുമാനപ്പെട്ട സ്പീക്കറും ഇക്കാര്യത്തിൽ വളരെ അഭിനന്ദനം അർഹിക്കുന്നു. ഇന്നലെ പൊതുവായ ചില കാര്യങ്ങളെ സംബന്ധിച്ച് ഒരു നിഗമനത്തിലെത്തണമെന്ന തീരുമാനത്തിലെത്തിച്ചതിന് ബഹുമാനപ്പെട്ട സ്പീക്കറേയും അഭിനന്ദിക്കുകയാണ്. ഈ ചർച്ചയിലേക്ക് വരുമ്പോൾ നമ്മുടെ മുമ്പിൽ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളുണ്ടായിരുന്നു. ലെജിസ്ലേറ്റീവ് കോംപീറ്റൻസിയെ സംബന്ധിച്ച് ചില ആളുകൾ ചില തർക്കങ്ങൾ ഉന്നയിച്ചു. ചർച്ചയിൽ ലെജിസ്ലേറ്റീവ് കോംപീറ്റൻസിയെക്കുറിച്ചുള്ള കാര്യങ്ങളാണ് ശ്രീ. എ. കെ. ബാലൻ ഇവിടെ പറയാൻ സാധ്യതയെന്നാണ് എന്റെ വിശ്വാസം. ഇവിടെ ഉദ്ധരിക്കുന്നതിനുവേണ്ടി ധാരാളം സുപ്രീം കോടതി വിധികൾ എന്റെ കയ്യിലുണ്ട്. പക്ഷേ ഞാൻ അതൊന്നും പറയുന്നില്ല. എങ്കിലും രണ്ട് കാര്യങ്ങൾ പറയാതിരിക്കാൻ കഴിയുകയില്ല. ഈ നിയമത്തിനകത്ത് ലെജിസ്ലേറ്റീവ് കോംപീറ്റൻസി ഉണ്ടോ; ഉണ്ട് എന്നുള്ളതാണ് നമുക്ക് കിട്ടിയിട്ടുള്ള വിദഗ്ദ്ധ നിയമോപദേശം. നമ്മുടെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിലെ 108-ാം വ്യവസ്ഥ അനുസരിച്ച് ലെജിസ്ലേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

കോംപീറ്റൻസി നഷ്ടപ്പെടുമോയെന്ന് സംശയം ഉന്നയിച്ച ആളുകളുണ്ട്. ഇക്കാര്യത്തിൽ ലെജിസ്ലേറ്റീവ് കോംപീറ്റൻസി ഫുൾ ആയിട്ട് ഉണ്ട് എന്നാണ് നമുക്ക് കിട്ടിയിട്ടുള്ള ഉപദേശം. രണ്ടാമത്തെ കാര്യം, നമ്മുടെ മൗലികാവകാശത്തിനോ അല്ലെങ്കിൽ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ വിരുദ്ധമായി ഇത് ബാധിക്കുമോ എന്നുള്ളതാണ്. ഇക്കാര്യത്തിൽ അത് ബാധിക്കുകയില്ല എന്നുള്ളതുകൊണ്ട് നമുക്ക് ഇവിടെ നിയമം ഉണ്ടാക്കാൻ അവകാശമുണ്ട്. ആ നിയമം നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. സിവിൽ കോടതി നിയമം സെക്ഷൻ 68 എ (2) അനുസരിച്ച് ഹൈക്കോടതിക്കും സുപ്രീം കോടതിക്കും ജൂറിസ്ഡിക്ഷനുണ്ട്. ആർട്ടിക്കിൾ 32 അനുസരിച്ച് ഹൈക്കോടതിക്കും സുപ്രീം കോടതിക്കും അവരുടേതായ ജൂറിസ്ഡിക്ഷനുകളുണ്ട്. ആർട്ടിക്കിൾ 226 അനുസരിച്ച് അവരുടെ അവകാശങ്ങൾ ലെജിസ്ലേച്ചറിന് എടുത്തുകൊണ്ടുപോകാൻ കഴിയുകയില്ല. അതുകൊണ്ട് നിയമം പാസ്സാക്കിയാലും നാളെ കൺസ്ട്രക്ഷൻ ചെയ്യുകയില്ലെയെന്നുള്ളത് പ്രസക്തമേയല്ല. നമ്മൾ നിയമം പാസ്സാക്കും. ആ നിയമവുമായി നമ്മൾ മുന്നോട്ടുപോകും. ആരെങ്കിലും കൺസ്ട്രക്ഷൻ ചെയ്താൽ അതിന് മറ്റ് പരിഹാരമാർഗ്ഗങ്ങൾ തേടും. നമ്മുടെ നിയമത്തെ പരിരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പോകും. അതുകൊണ്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള രണ്ട്, മൂന്ന് പ്രസക്തമായ കൺസ്ട്രക്ഷൻസിനെ സംബന്ധിച്ച് നമുക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതിന് എല്ലാപേരും ഒരുമിച്ചുനിൽക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ സുപ്രീം കോടതിയുടെ ചില പരാമർശങ്ങളെക്കുറിച്ച് ശ്രീ. ടി. എം. ജേക്കബ് സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒരു വക്കീൽ കൂടി ആയതുകൊണ്ട് പറയാം. ഏത് ജഡ്ജ്മെന്റ് വന്നാലും അതിനകത്ത് ഫാക്ച്വൽ എറേഴ്സും ഡിഫറൻസസുമൊക്കെ ഉണ്ടാകും. അതിനുമുകളിൽ അപ്പീൽ കൊടുക്കാനുള്ള മാർഗ്ഗം നോക്കിക്കൊള്ളണം. അതിന് നിയമവിദഗ്ദ്ധരുടെ അഭിപ്രായം അറിഞ്ഞ്, മേൽ നടപടി എന്താണെന്ന് പരിശോധിക്കണം. ആ മേൽ നടപടികളൊന്നും നമ്മുടെ മുന്നിൽ അടഞ്ഞിട്ടില്ല. ആ മേൽ നടപടികളെല്ലാം ഓപ്പണായി നിൽക്കുകയാണ്. പക്ഷേ സുപ്രീം കോടതി നടത്തിയ ഒരു പരാമർശം ദുഃഖകരമാണ്. അത് കേരളത്തിനുവേണ്ടി പറയാതിരിക്കുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. 70 ടി. എം. സി. വെള്ളമാണ് ഇടുക്കി ഡാമിൽ ശേഖരിക്കാൻ കഴിയുന്നത്. അത് താഴെയുള്ള ഡാമാണെന്ന് എല്ലാപേർക്കും അറിയാം. അവിടെ 57.365 ടി. എം. സി. വെള്ളമാണ് സംഭരണശേഷിയെന്ന് കണക്കാക്കിയിരിക്കുന്നത്. മുല്ലപ്പെരിയാറിലെ വെള്ളം 11 ടി. എം. സി. എന്നാണ് കണക്കാക്കിയിരിക്കുന്നത്. സുപ്രീം കോടതി പറയുന്നു, If the worst happened more than 11 T.M.C. water would be taken by Idukki Dam. എന്നു പറഞ്ഞാൽ മുല്ലപ്പെരിയാർ ഡാം പൊട്ടിയാലും ഇടുക്കി ഡാമിൽ ഇത് കണ്ടെയിൻ ചെയ്യാൻ കഴിയുമെന്നാണ്. ഒരു ഡാം പൊട്ടുന്നത് ചോർപ്പിലൂടെ വെള്ളം ഒഴിക്കുന്നതുപോലെയാണോ? ഒരു ഡാം പൊട്ടിയാലുണ്ടാകാവുന്ന സംഭവങ്ങൾ വിശദീകരിക്കാൻ കഴിയുമോ? ഒരു ഡാം പൊട്ടുന്നതിനെക്കുറിച്ച് കേരളത്തിൽ മനസ്സാക്ഷിയുള്ള ഒരു വ്യക്തിക്ക് ചിന്തിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ? സുപ്രീം കോടതിയുടെ ഈ പരാമർശത്തിൽ സത്യം പറഞ്ഞാൽ കേരള സമൂഹം ഒരുമിച്ച് ദുഃഖം രേഖപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഞാൻ കേരളാ ഗവൺമെന്റിനുവേണ്ടി, പ്രതിപക്ഷത്തുള്ള ആളുകൾക്കുവേണ്ടി, ഈ സഭയ്ക്കുവേണ്ടി നമ്മുടെ ദുഃഖം അറിയിക്കുകയാണ്. ഒരു സങ്കല്പത്തിൽ അങ്ങനെ ഒരു സെന്റൻസ് എങ്ങനെ വന്നുപെട്ടുപോയിയെന്ന് എനിക്കറിയില്ല. ഒരിക്കലും വരരുതായിരുന്ന ഒരു പരാമർശം ഈ ജഡ്ജ്മെന്റിൽ വന്നുപെട്ടത് വലിയ ദുഃഖകരമായിപ്പോയി. അതുകൊണ്ട് അങ്ങ് പറഞ്ഞ കാര്യങ്ങൾ അടക്കം, ജഡ്ജ്മെന്റിൽ പ്രസക്തമായി സൂചിപ്പിച്ചിട്ടുള്ള, if the worst happened എന്നുള്ള സങ്കൽപ്പത്തോടുകൂടിയുള്ള സെന്റൻസ് അടക്കമുള്ള കാര്യങ്ങളിൽ നിയമപരമായി എന്തൊക്കെ പരിഹാരമാർഗ്ഗങ്ങൾ നടത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് നമുക്ക് പരിശോധിക്കാം. അതൊന്നും റിക്കോർഡിൽ ഈ രൂപത്തിൽ കിടക്കാൻ ഇടയാകരുത്. അതുകൊണ്ടാണ് മേൽ നടപടികൾ സ്വീകരിക്കുമെന്ന് സൂചിപ്പിച്ചത്. നമ്മുടെ അംഗങ്ങളെല്ലാപേരും പോസിറ്റീവായിട്ടുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ഇപ്പോൾ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സന്ദർഭമായതുകൊണ്ട്, രാഷ്ട്രീയം നന്നായി സർച്ചാർജ്ജ് ചെയ്തിരിക്കുന്ന സിറ്റുവേഷൻ ആയതുകൊണ്ട്, എത്ര പോസിറ്റീവായാലും ചെറിയ അള്ളും മുള്ളും ഒക്കെ അവിടെയും ഇവിടെയും ഇട്ട് പോകുന്നത് സ്വാഭാവികമാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പരാമർശിക്കുന്നില്ല. കാരണം എന്റെ നിയോഗം അങ്ങനെയൊരു പരാമർശമല്ല പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് അത്തരത്തിലൊരു പരാമർശം ഉണ്ടാക്കുന്നില്ല. പിന്നെ ശ്രീ. ടി. കെ. ശശിയെ വച്ച കാര്യം ഇവിടെ സൂചിപ്പിച്ചു. ശ്രീ. ടി. കെ. ശശി 10 കൊല്ലമായി ആ സ്ഥാനത്ത് ഇരിക്കുകയാണ്. ഞാൻ ആകെ സസ്പെൻഡ് ചെയ്തു എന്നുള്ളതാണ് ചെയ്തിട്ടുള്ളത്. അതൊക്കെ ഇതിനകത്ത് ഇൻസിഗ്നിഫിക്കന്റ് ഫാക്ടറാണ് എന്നുള്ളതുകൊണ്ട് ഞാൻ അതും ഇതും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നില്ല. സെൻട്രൽ വാട്ടർ കമ്മീഷന്റെ ചെയർമാൻ ശ്രീ. കെ. സി. തോമസ് അടക്കം കേരളത്തിന്റെയും തമിഴ്നാടിന്റേയും പ്രതിനിധികൾ

3.00 P.M.] ഒരുമിച്ച് ചേർന്ന് 1979 നവംബർ മാസം 25-ാം തീയതി മുന്ന് കണ്ടീഷന്റെ അടിസ്ഥാനത്തിൽ ഈ ഡാമിൽ 136 അടിയാക്കി ലവൽ നിർത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഹ്രസ്വകാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ, അടിയന്തിരമായി ചെയ്തു തീർക്കേണ്ട കാര്യങ്ങൾ എന്നിവയാണ്. ഈ മൂന്നു കാര്യങ്ങളും ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് അതിന്റെയടിസ്ഥാനത്തിൽ 136 അടിയാക്കി ലെവൽ നിശ്ചയിക്കുകയുണ്ടായി. അന്നു മുതൽ ഇന്നുവരെ 136 അടി ലെവലിൽ തന്നെയാണ് പോയിട്ടുള്ളത്. ദൗർഭാഗ്യവശാൽ എന്റെ ഒരു പരാമർശത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അത് സത്യമല്ല. ഞാൻ പറഞ്ഞത് 136 അടിയിലെങ്കിലും അത് നിറുത്തണ്ടേ? വളരെ സീരിയസ്സായിട്ടുള്ള സാഹചര്യത്തിൽ നിയമസഭയിലെ എല്ലാ വിഭാഗത്തിലുംപെട്ട ആളുകളും ഒരുപോലെ ശബ്ദം ഉയർത്തിയപ്പോൾ ഞാനന്ന് പറഞ്ഞു നമ്മൾ മുല്ലപ്പെരിയാറിൽ പോകാൻ തീരുമാനിച്ചിരിക്കുന്നു. അന്നുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പ്രതിപക്ഷ നേതാവ് മുല്ലപ്പെരിയാർ സന്ദർശിക്കാൻ വരുന്നു എന്നു പറഞ്ഞു. ഞങ്ങൾ അവിടെ പോയി. അവിടെ flood water കയറിയിരിക്കുകയാണ്. കല്ലും മണ്ണും കൂട്ടിയിട്ടിരിക്കുന്നതുകൊണ്ട് അവിടെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. ഒഴുക്ക് പൂർത്തീകരിച്ചു കൊണ്ടുപോകുന്നതിനുവേണ്ടി അതിന്റെ മുൻപിലുള്ള കല്ലും മണ്ണും മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. അന്ന് അവിടെ ഒട്ടേറെ തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇതുപോലുള്ള നിയമസഭാവേദിയിൽ ആ തടസ്സങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നത് രണ്ടു ജനവിഭാഗങ്ങൾ തമ്മിലുള്ള തർക്കമായി വന്നേക്കാൻ സാധ്യതയുണ്ടോ എന്ന് ശങ്കിക്കുന്നതുകൊണ്ട് ഞാൻ ആ തടസ്സങ്ങളൊന്നും ഇവിടെ വിശദീകരിക്കുന്നില്ല. പക്ഷേ കല്ലും മണ്ണും മാറ്റുന്നതിലേക്കായി നമ്മൾ അവർക്ക് ഒരു മാസത്തെ കാലാവധി കൊടുത്തു. അതിനുള്ളിൽ കല്ലും മണ്ണും നീക്കിയില്ലെങ്കിൽ മറ്റു നടപടികളിലേക്ക് പോകുമെന്ന് തോന്നത്തക്കവിധത്തിലുള്ള സൂചനകളും കൊടുത്തു. ഭാഗ്യവശാൽ ഒരു മാസംകൊണ്ട് അതിന്റെ മുൻപിലുണ്ടായിരുന്ന എല്ലാ തടസ്സങ്ങളും മാറി. ഒരു കാര്യം ഞാൻ സന്തോഷത്തോടുകൂടി പറയുകയാണ്. പത്തൊമ്പതോ ഇരുപതോ കൊല്ലക്കാലമായി സമൂഹത്തിലുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ഒരുപോലെ ശബ്ദിച്ചിട്ടും 136 അടിക്ക് തടസ്സമായി നിന്ന കല്ലും മണ്ണും മാറ്റാൻ കഴിഞ്ഞിട്ടില്ല. പക്ഷേ നമ്മളെല്ലാം ഒരുമിച്ച് നിന്നതുകൊണ്ട് ആ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു എന്നത് ഞാൻ ഒന്നുകൂടി അനുസ്മരിക്കുകയാണ്. ഇവിടെ ഡാം സേഫ്റ്റി അതോറിറ്റിയുടെ ഒരു കമ്മിറ്റി വച്ചതിലെ തർക്കങ്ങളെക്കുറിച്ച് പറഞ്ഞു. സത്യം പറഞ്ഞാൽ അതിനകത്ത് വലിയ തർക്കം ഉണ്ടാകേണ്ട കാര്യമില്ല. ഡാം സേഫ്റ്റി അതോറിറ്റി കമ്മിറ്റിയിൽ വൈൽഡ് ലൈഫ് ബോർഡിലെ ഒരു പ്രതിനിധിയേയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനിൽ ദീർഘകാലം ഡാമിൽ ജോലി നോക്കിയിരുന്ന ഒരാളേയും കൂടി വച്ചിട്ടുണ്ട്. അവർക്ക് ഇതൊന്നും അറിയില്ല എന്ന് പറയുന്നത് ശരിയല്ല. എനിക്ക് തോന്നുന്നത് അവർ ജോലിയിൽ പ്രവേശിച്ച കാലത്തെ ബയോഡേറ്റാ കിട്ടിയ ആളുകളായിരിക്കാം ഈ തർക്കിച്ചിട്ടുള്ള ആളുകൾ. എന്നു പറഞ്ഞാൽ 30, 32 കൊല്ലത്തിനുമുമ്പ് അന്നത്തെ അവരുടെ സാഹചര്യം വച്ച് തർക്കിക്കുന്ന ആളുകളായിരിക്കും. ഞാൻ തർക്കത്തിനൊന്നും മുതിരുന്നില്ല. പക്ഷേ ഒന്ന് ഭരണപക്ഷത്തേയും ഒന്ന് പ്രതിപക്ഷത്തേയുമായിട്ട് രണ്ട് ആളുകൾ അതതിനകത്ത് വന്നു. ഈ രണ്ട് പേരും അവരുടെ കടമ ഭംഗിയായി നിർവഹിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ജയരാജൻ:</u> ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വിദഗ്ദ്ധൻമാരായ ആളുകളെ വച്ചു എന്നാണ്. അവർ ഏത് രംഗത്താണ് വൈദഗ്ദ്ധ്യം നേടിയിട്ടുള്ളത് എന്ന് പറഞ്ഞിട്ടില്ല. ഈ വൈദഗ്ദ്ധ്യമുള്ള രണ്ടുപേരും അടൂർ പരിസരത്തുനിന്നും എങ്ങനെ വന്നു എന്നുള്ളതുകൂടി അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സി. പി. എം പോളിറ്റ് ബ്യൂറോയിലെ അധികം ആളുകളും കണ്ണൂരിൽനിന്നും വരുന്നത് തെറ്റാണെന്ന് പറയാൻ പറ്റുമോ? നമ്മളെപ്പോലെ ഉന്നതതലത്തിൽനിന്ന് കാര്യങ്ങൾ കാണുന്ന ആളുകൾ ഈ ചെറിയ കാര്യങ്ങളിൽ കയറിപ്പിടിക്കരുത്. അവരും കേരളത്തിൽ ജീവിക്കുന്നവരല്ലേ? ഈ ബില്ലിനകത്ത് 'Functions of the Authority' പറയുന്നുണ്ട്; 62-ാം സെക്ഷനിൽ. ഞാൻ വിശദീകരിക്കുന്നില്ല. പലരും അതിനെക്കുറിച്ച് സൂചിപ്പിച്ചു. അതിലെ ഡി, ഇ, എഫ് ഇത് മൂന്നും വായിച്ചാൽ ഈ ഗവൺമെന്റിന്റെയും ഈ സഭയുടേയും intention എന്താണെന്നുള്ളത് വളരെ കൃത്യമായി മനസ്സിലാക്കും. ഇതിനകത്തെ (ഡി) മാത്രം വായിക്കാം. To direct the custodian... Definition clause-നകത്ത് custodian-നെ ഡിഫൈൻ ചെയ്തിട്ടുണ്ട്. അതിൽ ഗവൺമെന്റിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് എന്നു പറയുന്നത് കേരളാ ഗവൺമെന്റിനെക്കുറിച്ചാണ്. Custodian എന്ന് പറയുമ്പോൾ കേരളാ ഗവൺമെന്റ് മാത്രമല്ല വരുന്നത്. To direct the custodian to carry out any alteration, improvement, replacement or strengthening measures to any dam found to pose a threat to human life or property. ഇത് വളരെ ക്ലിയറാണ്. ആ custodian-ന് ഡയറക്ഷൻ കൊടുക്കാനുള്ള powers നമ്മുടെ ഡാം സേഫ്റ്റി അതോറിറ്റിക്ക് കൊടുക്കുകയാണ്. അതല്ലെങ്കിൽ നമ്മൾ യാചിക്കുന്ന അല്ലെങ്കിൽ നമ്മൾ അഭ്യർത്ഥിക്കുന്ന നിലയിൽ നിന്ന് മാറ്റി ആ custodian-ന് ഡയറക്ഷൻ കൊടുക്കാനുള്ള powers ഇതിനകത്ത് വരികയാണ്. (ഇ) To direct the custodian to take measures to suspend the functioning of any dam..... നമ്മുടെ ജീവന് ഉറപ്പും സുരക്ഷിതത്വവും ഇല്ലാതെ വന്നാൽ ആ ഡാമിന്റെ പ്രവർത്തനം suspend ചെയ്യണം. To suspend the functioning of any dam, to decommission any dam or restrict the functioning of any dam if public safety or threat to human life or property, so requires. ഇതിനെക്കാൾ വളരെ കൃത്യമായിട്ട് എന്താണ് പറയാനുള്ളത്? ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കും എന്നു തന്നെയാണ് പറഞ്ഞത്. സുപ്രീം കോടതി വിധിക്കകത്ത് പറഞ്ഞത്, വളരെ മോശമായ സാഹചര്യം ഉണ്ടായാലും ഇങ്ങനെ വെള്ളം പൊയ്ക്കോട്ടെ എന്നു പറയുന്ന രൂപത്തിൽനിന്നും മാറി ഡാം സേഫ്റ്റി അതോറിറ്റിക്ക് ഡയറക്ഷൻ കൊടുക്കാൻ കഴിയും decommission ചെയ്യാനും അതോടൊപ്പം ഈ ഡാമിന്റെ functioning restrict ചെയ്യാനും മറ്റു നടപടികൾ എടുക്കാനും ഈ അതോറിറ്റിക്ക് അധികാരം കൊടുക്കുന്നതാണ്. എഫ്- To advise the Government, custodian or other agencies about policies and procedures to be followed in site investigation, design, construction, operation and maintenance of dams. ഈ ഡാം സേഫ്റ്റി അതോറിറ്റിക്ക് ഏറ്റവും കൂടുതൽ അധികാരം കൊടുത്തുകൊണ്ട് ഡാം സേഫ്റ്റി അതോറിറ്റി എടുക്കുന്ന ഒരു തീരുമാനം ഗവൺമെന്റിനുപോലും binding ആയി നിർത്തിക്കൊണ്ട് custodian-ന് ഡയറക്ഷൻ കൊടുക്കാൻ കഴിയത്തക്ക വിധത്തിൽ കൂടുതൽ അധികാരത്തോടുകൂടി ഡാം സേഫ്റ്റി അതോറിറ്റി

കൊണ്ടുവരികയാണ്. ഇവിടെ സുപ്രീം കോടതി വിധിയെ മറികടക്കുക മാത്രമല്ല, സെക്കന്റ് ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള ഡാമുകൾ ഉണ്ട്. അതൊക്കെ ദീർഘകാലമായി പഴക്കമുള്ളതാണ്. ആ പഴക്കമുള്ള അണക്കെട്ടുകളെക്കുറിച്ച് ഏതെങ്കിലും സാഹചര്യത്തിൽ പരിശോധന നടത്തണ്ടേ? ആ അണക്കെട്ടുകളുടെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി എന്ത് എന്നതിനെക്കുറിച്ച് വിദഗ്ദ്ധമായ ഒരു അഭിപ്രായ പ്രകടനം വേണ്ടേ? അതിന്റെയടിസ്ഥാനത്തിൽ അത് പരിശോധന നടത്താനുള്ള പവേഴ്സോടുകൂടി അവർ എടുക്കുന്ന തീരുമാനം mandatory ആയി മാറത്തക്ക വിധത്തിൽ, അവർ കൊടുക്കുന്ന ഡയറക്ഷൻ പാലിക്കത്തക്ക വിധത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമായ ഒരു നിയമനിർമ്മാണമായി ഈ നിയമനിർമ്മാണം നിൽക്കുകയാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> അതിന്റെ പീരീഡ് മാത്രം പറഞ്ഞാൽ മതിയോ? Inter state നദീജല തർക്കങ്ങളുള്ളതുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ തർക്കമുള്ളതാണ്. Inter state ആണ്. അത്തരം ഡാമുകളെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുകൂടേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അങ്ങ് ഇതു പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യംകൂടി പറയാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ കതകടച്ച് എല്ലാം എതിർക്കുന്ന ഏർപ്പാടില്ല. നല്ല നിർദ്ദേശങ്ങൾ പ്രതിപക്ഷത്തുനിന്നു വന്നാൽ അതുപടി നമുക്ക് അത് പരിശോധിക്കാവുന്നതാണ്. ഭരണകക്ഷി അംഗങ്ങളുടെ ഭാഗത്തുനിന്ന് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നമ്മൾ ഒരു ബിൽ ഇവിടെ പ്രസന്റ് ചെയ്തു, ആ ബിൽ ചർച്ചയ്ക്ക് വരികയാണ്. നാളെ ക്ലോസ് ബൈ ക്ലോസ് ചർച്ചയിലേക്ക് നമ്മൾ പോകുകയാണ്. ആ ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ നമുക്ക് അംഗീകരിക്കാവുന്ന വിധത്തിലുള്ള ഏതു നിർദ്ദേശം വന്നാലും അതിൽ കണ്ണടച്ച് നമ്മൾ 'നോ' എന്നുപറയുന്ന പ്രശ്നമേ ഇല്ല. സ്വാഭാവികമായിട്ടും ഭരണകക്ഷി-പ്രതിപക്ഷ ബഞ്ചുകളിലുള്ള നമ്മുടെ അംഗങ്ങൾക്ക് അവരവരുടേതായ താൽപ്പര്യം അനുസരിച്ച് അത് കൊണ്ടുവരാവുന്നതാണ്. നമ്മുടെ പൊതു മാനദണ്ഡങ്ങൾക്ക് വിരുദ്ധമല്ല എന്നുവരികിൽ അത് അക്സപ്റ്റ് ചെയ്യാൻ ഗവൺമെന്റിന് ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ഡാമിന്റെ ഏജ് അനുസരിച്ച് ആണോ ഉണ്ടാക്കേണ്ടത് എന്ന്. നമ്മൾ ഷെഡ്യൂൾ ചെയ്തിരിക്കുന്നത് പത്തെണ്ണമാണ്. ഈ ഷെഡ്യൂൾ എക്സ്റ്റൻഡ് ചെയ്യരുത് എന്ന ഒരു നിബന്ധന നമുക്കില്ല. ഈ ഷെഡ്യൂൾ നമുക്ക് വേണമെങ്കിൽ മാറ്റാം. ശ്രീ. ടി. എം. ജേക്കബ് പ്രസംഗിച്ചപ്പോൾ പഴക്കം കൂടിയ ഡാമുകൾ ഉണ്ട് അത് ചേർത്തിട്ടില്ല എന്ന് സൂചിപ്പിച്ചു. അത് പരിശോധിക്കുന്നതിൽ നമുക്ക് ഒരു വിഷമവുമില്ല. പക്ഷേ ഒരു 10 ഡാം നമ്മൾ ഷെഡ്യൂൾഡ് ഡാം ആയി കണ്ടെത്തിയിട്ടുണ്ട്. ഷെഡ്യൂൾഡ് ഡാമുകളോടൊപ്പം ഏതെങ്കിലും കൂടി കൂട്ടിച്ചേർക്കണമോ എന്ന് അതിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് പരിശോധിക്കാം. പരിശോധിച്ച് അതുകൂടി ഷെഡ്യൂൾ (2)-നകത്ത് ചേർക്കുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല. അത് കൂടി നമുക്ക് പരിശോധിക്കാവുന്നതാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒന്നും അടഞ്ഞ മനസ്സല്ല, ഗവൺമെന്റ് വളരെ ഓപ്പൺ മൈൻഡോടുകൂടി ഇതൊക്കെ കാണാനാണ് ആഗ്രഹിക്കുന്നത്. ഞാൻ ഇതിന്റെ മറ്റ് പശ്ചാത്തലത്തിലേക്കൊന്നും കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. കേസുകളെ ക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു, കേസ് തോൽക്കുമ്പോൾ വക്കീലിനെ കുറ്റം പറയുന്നത് എന്ത് ന്യായമാണ്? അങ്ങും അഭിഭാഷകനല്ലേ? കേസ് തോൽക്കുമ്പോൾ വക്കീലിനെ കുറ്റം പറഞ്ഞിട്ട് വല്ല കാര്യവും ഉണ്ടോ? വക്കീൽ വക്കീലിന്റെ മാക്സിമം നോക്കും. കേസ് ജയിപ്പിച്ചു തരാം എന്നുപറഞ്ഞ് ആരെങ്കിലും വക്കാലത്തേൽക്കുമോ?

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> കോടതി വെറുതേ വിടണമെന്ന് ആഗ്രഹിച്ചാലും കക്ഷിക്ക് ശിക്ഷ മേടിച്ച് കൊടുക്കുന്ന സൈസ് വക്കീലൻമാർ ഉണ്ടെന്ന് ഒരു വക്കീലായ അങ്ങേക്ക് അറിയാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ശരിയാണ്, എത്ര നല്ല കേസും ഇതുപോലെ വാദിച്ച് വഷളാക്കുന്നവർ ഇല്ലേ എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. ഞാൻ അത് അംഗീകരിക്കുന്നു. അതുകൊണ്ട് അതിലൊന്നും ഞാൻ എതിരുപറയുന്നില്ല. അത് അവരവരുടെ സ്വഭാവത്തിന്റെ പ്രത്യേകതയനുസരിച്ചും നാക്കിന്റേയും വാക്കിന്റേയും പ്രത്യേകതയനുസരിച്ചും ആ രൂപത്തിൽ അങ്ങ് പൊയ്ക്കൊള്ളും. നമ്മൾ അതൊന്നും കയറിപ്പിടിക്കേണ്ട കാര്യമില്ല. നമ്മുടെ ഈ കേസിനകത്ത് നമുക്ക് കേരളത്തിന്റെ താൽപ്പര്യം പരിരക്ഷിക്കണം. അതുകൊണ്ട് വെറുതേ വക്കീലൻമാരെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> ഈ കേസിൽ നമ്മുടെ ഭാഗത്തുനിന്ന് വീഴ്ചപറ്റിയെന്ന് പത്രങ്ങളും, ഇതൊക്കെ ഫോളോ ചെയ്യുന്ന എല്ലാവരും പറഞ്ഞതാണ്. ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒരു കാര്യമുള്ളത് പ്രഗത്ഭരായ വക്കീലൻമാരായിരിക്കാം, ഒരു കേസിൽ ഒരേ ദിവസം തന്നെ കേരളത്തിനുവേണ്ടി ഹാജരാകുക അതേ ദിവസം തന്നെ വേറെ കേസിൽ നമുക്കെതിരായി ഹാജരാകുക. അപ്പോൾ എങ്ങനെയാണ് ആ കേസിൽ അവർ നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യം സംരക്ഷിക്കുക.

<u>ശ്രീ. ടി. എം. ജേക്കബ്:</u> ശ്രീ. രാജേന്ദ്രൻ പറഞ്ഞ കാര്യം ശരിയല്ല, അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അങ്ങയുടെ മനസ്സിൽ എന്താണിരിക്കുന്നത് എന്ന് ഞാൻ ചികഞ്ഞ് നോക്കുന്നില്ല. അതല്ല അങ്ങ് പറഞ്ഞത് എന്നുപറഞ്ഞതു കൊണ്ട് ഞാൻ ഇനി അതിന് മറുപടി പറയുന്നില്ല. പക്ഷേ നമ്മൾ കേസ് ഒരു വക്കീലിനെ വിശ്വസിച്ച് ഏൽപ്പിക്കുകയാണ്, ആ വക്കീലിന് ആവശ്യമായിട്ടുള്ള എല്ലാ ഫീഡ് ബാക്കും നമ്മൾ കൊടുക്കുകയാണ്. ആ വക്കീൽ കേസ് പ്രസന്റ് ചെയ്യുകയാണ്. കേസ് പ്രസന്റ് ചെയ്തത് മോശമാണ് എന്ന് ജഡ്ജ്മെന്റിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തും ഉണ്ടായിട്ടില്ല. വെറുതെ വിടണമെങ്കിലും അതിനും വക്കീൽ സമ്മതിക്കുന്നില്ല എന്നൊക്കെ പണ്ട രൂപത്തിലുള്ളതുപോലെ ആലങ്കാരികമായൊക്കെ നമുക്ക് സംസാരിക്കാം. പക്ഷെ ഇതിനകത്ത് അവർ ആധികാരികമായി എടുത്തിട്ടുള്ളത് ഒരു രേഖ മാത്രമാണ്. വളരെ സീനിയർ ലായേഴ്സ് ആയിരുന്നു, കേരള ഹൈക്കോടതിയിലെ ജസ്റ്റീസ് ആയിരുന്ന ശ്രീ. ടി. എൻ. വിശ്വനാഥ അയ്യരെക്കുറിച്ച് കേരളത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടോ? ഈ കേസ് ജയിച്ചില്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുന്നു, ഞാൻ അതിനെ കസ്റ്റ്യൻ ചെയ്യുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെ നമുക്ക് ചോദ്യം ചെയ്യാൻ പറ്റുമോ? മാത്രമല്ല, അവിടെ രാമനാഥപുരത്തോ മറ്റെവിടെയോ കൃഷിക്ക് വെള്ളം കൊണ്ടുപോകുന്നതിനെപ്പറ്റിയൊക്കെ ഇതുമായിട്ടൊക്കെ ദുഃസൂചനയുടെ ഒരംശമെങ്കിലും ചേർത്ത് ഒരു വിഷപ്രയോഗം നടത്തുന്നത് ശരിയാണോ? അതുകൊണ്ട് നമ്മൾ വക്കീൽ പ്രൊഫഷനിൽ ഇരിക്കുന്ന ആളുകളെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. അവർ അവരുടേതായ എല്ലാ രൂപത്തിലും ശ്രമിച്ചിട്ടുണ്ടാകാം. അങ്ങനെയാണെങ്കിൽ നല്ല വക്കീലിനെ വച്ചാൽ ഒരു കേസും തോൽക്കുകയില്ലല്ലോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> നമ്മൾ അഭിഭാഷകരെ സംബന്ധിച്ച് പറയുമ്പോൾ സുപ്രീം കോടതിയിൽ ഹാജരായവരെല്ലാം സൂപ്പർ സീനിയേഴ്സ് അഡ്വക്കേറ്റുമാരാണ്. വളരെ നല്ലവരാണ്. നമ്മൾ ഒരിക്കൽ ശ്രീ. കെ. കെ. വേണുഗോപാലിനെ അഡ്വക്കേറ്റാക്കാൻ ശ്രമിച്ചു, അദ്ദേഹം നമ്മളോട് പറഞ്ഞ ഒരു വാക്ക് തമിഴ്നാടിനുവേണ്ടി വേറെ കേസ് വാദിക്കുന്നുണ്ട് അതുകൊണ്ട് ഒക്കില്ല എന്നാണ്. ഒരു സ്റ്റേറ്റിനുവേണ്ടി വാദിക്കുന്ന വക്കീൽ പിന്നെ വേറെ ഒരു സ്റ്റേറ്റിനുവേണ്ടി വാദിക്കും എന്നുപറയുന്നതു തന്നെ ശരിയല്ല. അങ്ങനെ ഉണ്ടായിട്ടുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സത്യം പറഞ്ഞാൽ ഞാൻ അത് പറയാതിരുന്നതാണ്. ഞാൻ ശ്രീ. കെ. കെ. വേണുഗോപാലുമായി ബന്ധപ്പെട്ടതാണ്, ഇനി കോടതിയിൽ ഹാജരാകാൻ എനിക്ക് നിവൃത്തിയില്ല, ഒഴിവാക്കണമെന്നുപറഞ്ഞ് ശ്രീ. ധവാന്റെ കത്തുവന്നു. അങ്ങനെ കത്ത് വന്നുകഴിഞ്ഞപ്പോൾ നമുക്ക് ഒരു പുതിയ വക്കീലിനെ കണ്ടെത്തണം. സ്വാഭാവികമായിട്ടും ഒരു മലയാളി എന്നുള്ള നിലയിൽ നമ്മുടെ മനസ്സിൽ വന്നുപെട്ടത് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലുള്ള ഒരു പേരാണ്. ഞങ്ങൾ ബന്ധപ്പെട്ടു, പക്ഷെ അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ ചില ലിമിറ്റ്സ് ഉണ്ട്. കാരണം ഇപ്പോൾ അദ്ദേഹം എൻഗേജ് ചെയ്യുന്ന ചില കേസുകളുണ്ട്. ആ കേസുകളുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ലിമിറ്റ്സ് സത്യസന്ധമായി അദ്ദേഹം വിശദീകരിച്ചു. നമ്മൾ അപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ ഒപ്പീനിയൻ അനുസരിച്ച് നമ്മുടെ സീനിയർ ലായേഴ്സായ ശ്രീ. ടി. എൻ. വിശ്വനാഥ അയ്യരെ എൻഗേജ് ചെയ്തു. അദ്ദേഹവും ഗവൺമെന്റുമായി ഒരു തർക്കവും ഒരു കാര്യത്തിലും ഉണ്ടായിട്ടില്ല. അദ്ദേഹം സത്യസന്ധമായി കേസ് നടത്തിയിട്ടുണ്ടാകാം. പക്ഷെ കേസിന്റെ വിധി ഇങ്ങനെയായത് ശരിയായില്ല. പിന്നെ ഒരു കാര്യം ഉള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഭവത്തിൽ കേരളാ ഗവൺമെന്റ് എടുത്തിരിക്കുന്ന ഏതു നടപടിയെയാണ് അവിടെ നിന്നു വന്നിട്ടുള്ള ആളുകൾ അംഗീകരിച്ച് പോയിട്ടുള്ളത്? സുപ്രീം കോടതിയിൽ നമ്മുടെ ഒരു അഫിഡവിറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ അഞ്ചംഗ വിദഗ്ദ്ധ കമ്മിറ്റി വരുന്നത്. മുഖ്യമന്ത്രിമാർ തമ്മിൽ ചർച്ച ചെയ്ത് തീരുമാനിക്കട്ടെ എന്ന ഒരു തീരുമാനം ഉണ്ടായിരുന്നു. അങ്ങനെ മുഖ്യമന്ത്രിമാരുടെ തലത്തിലുള്ള ചർച്ച നടന്നു. പക്ഷെ ആ ചർച്ചയിൽ agree to disagree എന്നുള്ള പോയിന്റോടുകൂടിയാണ് അന്ന് ആ ചർച്ച അവസാനിക്കുന്നത്. അവസാനം ഇവിടെ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വയ്ക്കാം എന്നുപറഞ്ഞു. എക്സ്പെർട്ട് കമ്മിറ്റിയെ വയ്ക്കുന്നതിൽ കേരളാ ഗവൺമെന്റും യോജിച്ചുകൊണ്ട് ഒരു എക്സ്പെർട്ട് കമ്മിറ്റിയിലോട്ട് പോയി. അഞ്ചംഗങ്ങൾ കേരള-തമിഴ്നാട് കക്ഷികളായ സംസ്ഥാനങ്ങൾക്ക് പുറത്തുനിന്നുള്ളവരും രണ്ടുപേർ നേരത്തെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞ 85-90 വയസ്സിനോട് അടുത്ത ശ്രീ. മോഹനകൃഷ്ണനും, ശ്രീ. പരമേശ്വരൻ നായരുമായിരുന്നു നമ്മുടെ പ്രതിനിധിയായി വന്നത്. അന്നത്തെ ഗവൺമെന്റ് നോമിനേറ്റ് ചെയ്ത ശ്രീ. പരമേശ്വരൻ നായരും തമിഴ്നാട് പ്രതിനിധിയായി വന്നത് അന്നത്തെ തമിഴ്നാട് ഗവൺമെന്റ് നോമിനേറ്റ് ചെയ്ത ശ്രീ. മോഹനകൃഷ്ണനും ആയിരുന്നു. ഈ അംഗങ്ങളും നേരത്തെ തന്നെ തീരുമാനിച്ചിരുന്ന മറ്റ് അഞ്ചംഗങ്ങളും അടക്കം ഏഴംഗങ്ങളാണ് ഇത് പരിശോധിച്ചത്. പിന്നീടുള്ള കഥകൾ എല്ലാവർക്കുമറിയാം. സമയക്കുറവുകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. അതിൽ ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമുണ്ടോ? ശ്രീ. പി. ജെ ജോസഫ് മാത്രമാണ് അതിന് വ്യത്യസ്തമായി ഒരു അഭിപ്രായം പറഞ്ഞത്, അന്നും അദ്ദേഹത്തിന് മനസ്സിലാകുന്ന രൂപത്തിൽ ഒരു കാര്യം ഞാൻ ചോദിച്ചു, 16-3-2001-ൽ ആ റിപ്പോർട്ട് സബ്മിറ്റ് ചെയ്തു. ആ റിപ്പോർട്ടിനോട് നമുക്ക് യോജിക്കാൻ പറ്റില്ലാന്ന് പറഞ്ഞ് നമ്മൾ അതിനെ എതിർത്തിട്ടില്ല. പക്ഷെ അതൊന്നും ഞാൻ ചർച്ചാവിഷയമാക്കുന്നതേ ഇല്ല. അദ്ദേഹം മാത്രമാണ് അതിനകത്ത് എക്സപ്ഷണലായിട്ട് ഒരു വാക്ക് പറഞ്ഞത്, അന്ന് ഞാൻ ഇത് സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ യോഗത്തിലുണ്ട്, ശ്രീ. കെ. പി. രാജേന്ദ്രനും ഉണ്ടായിരുന്നു. അന്ന് അങ്ങ് ഒന്നും മിണ്ടിയില്ലല്ലോ. ആരും മിണ്ടിയില്ല. ഇത് പൊട്ടുന്നേ എന്നുംപറഞ്ഞ് വിളിച്ചുപറയുകയാണ്. എന്തൊരു കഷ്ടമാണ്, അങ്ങനെ ഭയപ്പെടുത്തുന്ന രൂപത്തിൽ വരാൻ പറ്റില്ലല്ലോ. ഇത് നമ്മുടെ ലക്ഷ്യത്തിലെത്തണം, കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കണം. പക്ഷെ 10, 35-ലക്ഷം ആളുകളെ ഭയപ്പെടുത്തിക്കൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ പറ്റുമോ, അതിന്റെ അർത്ഥം ഇങ്ങനെ ഒരു ഭയപ്പാടില്ല എന്നല്ല. പക്ഷെ അതിന് നമ്മുടെ സമൂഹത്തിൽ ഇങ്ങനെ ഒരു അരക്ഷിതബോധം ഉണ്ടാക്കിക്കൊണ്ട് പോകാതെതന്നെ നിയമപരമായ മാർഗ്ഗത്തിലൂടെ നീങ്ങാൻ പറ്റുമല്ലോ. അതിൽ കേരളത്തിൽ ഒരൊറ്റ ആളുമാത്രമേ വ്യത്യസ്തമായ ഒരു സമീപനം എടുത്തുള്ളൂ. അദ്ദേഹത്തിന്റെയും മനസ്സ് മാറട്ടെ എന്നുള്ള പ്രാർത്ഥനയേ എനിക്കുള്ളൂ. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്നുപറഞ്ഞു. വേണമെങ്കിൽ ജുഡീഷ്യൽ അന്വേഷണമാകാം. ഞാൻ ഈ പറഞ്ഞ കാര്യം എല്ലാംകൂടി അതിൽ ടേംസ് ഓഫ് റഫറൻസിൽ ചേർത്താൽ മതി. സുപ്രീം കോടതി വിധിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ആരാ പറയുക? ഞാൻ അതിനെക്കുറിച്ചൊന്നും മറുപടി പറയാനിരുന്നതല്ല. അതുകൊണ്ടാണല്ലോ മൂന്നുദിവസമായിട്ട് ഇതിനെക്കുറിച്ച് നമ്മളൊന്നും മിണ്ടിയിട്ടില്ലല്ലോ. സുപ്രീം കോടതി വിധിയെക്കുറിച്ച്, ചീഫ് ജസ്റ്റീസ് ഓഫ് ഇൻഡ്യ അടങ്ങുന്ന മൂന്നംഗ ബഞ്ചിൽ അവരുടെ വിധിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നു പറഞ്ഞാൽ പിന്നെ നമുക്ക് എന്താ പറയാൻ പറ്റുക? അതുകൊണ്ട് വാദിച്ച് മിടുക്കനാകാനൊന്നും ഇക്കാര്യം എടുക്കണ്ട. ഇത് കേരളത്തിന്റെ പ്രശ്നമാണ്. കേരളത്തിൽ നമുക്കെല്ലാവർക്കും ഒരുമിച്ചുനിൽക്കാൻ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ സമവായം കറക്ടാണ്. നമുക്ക് ആ കറക്ടായ മാർഗ്ഗത്തിലൂടെ പോകണം. അതുകൊണ്ട് ഈ ബിൽ ഇവിടെ പാസ്സാക്കണം. നാളെ ഇവിടെ ക്ലാസ് ബൈ ക്ലാസ് ആയിട്ടുള്ള ചർച്ചയിലേക്ക് പോകുകയാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> നമ്മുടെ ജലനിരപ്പ് താഴ്ത്തി നിർത്തിയതിനെ തുടർന്നുണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ പ്രാമുഖ്യം കൊടുത്ത് അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് കുറേക്കൂടി ഗൗരവമായ സമീപനം സ്വീകരിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വളരെ നല്ലതാണ്. അത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശനത്തിലും 1972-ലെ നിയമത്തിലും 1980-ലെ നിയമത്തിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> നേരത്തെ ഈ സ്പിൽവേകളൊക്കെ നീക്കം ചെയ്തതിനെക്കുറിച്ചൊക്കെ പറഞ്ഞല്ലോ. സുപ്രീം കോടതി വിധി വന്നതിനെത്തുടർന്ന് തമിഴ്നാട് അവിടെ പല പ്രവർത്തനങ്ങളും നടത്തുന്നു, അവർ ഇലക്ട്രിസിറ്റി ഉൽപ്പാദനം നിർത്തിവച്ചതിന്റെ ഫലമായി അവിടെ വെള്ളത്തിന്റെ ലവൽ വളരെ വർദ്ധിക്കുന്നു, ഇതൊക്കെ നമ്മുടെ ചർച്ചയിൽ വന്നതാണ്. തമിഴ്നാട് അവിടെ ചില നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു എന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയോ, അന്നത്തെ ആ യോഗത്തിൽ വന്ന പരാമർശം പത്രവാർത്തകളിലും ഉണ്ട്. അതുസംബന്ധിച്ച് മന്ത്രി ഉദ്യോഗസ്ഥരെ വച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അങ്ങനെ വല്ല നിർമ്മാണപ്രവർത്തനവും നടത്തുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഇന്ന് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട് അവിടെ 126 അടി വെള്ളം എന്നാണ്. ഇന്ന് രാവിലെ വന്ന റിപ്പോർട്ടാണ്. ഇനി രാവിലെ മഴ പെയ്ത് പിന്നെ അതിനേക്കാൾ വ്യത്യാസം ഉണ്ടാകുമോയെന്ന് എനിക്ക് അറിയില്ല. പക്ഷെ 126 അടി എന്നുള്ളതാണ് എനിക്കു കിട്ടിയിരിക്കുന്ന റിപ്പോർട്ട്. അവിടെ വേറെയും രണ്ടുമൂന്നു പോയിന്റ്സുണ്ട്, പക്ഷെ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലൊരു ചർച്ചയിൽ അത് പറയേണ്ട, കേരള ഗവൺമെന്റ് അല്ല, നമുക്ക് ചെയ്യേണ്ട ഒത്തിരി കാര്യങ്ങൾ അവിടെയുണ്ട്. അതെന്താണെന്നുള്ളത് നിയമസഭയിൽ പറയണ്ട, കാരണം ഇവിടെയുണ്ടാകുന്ന എല്ലാ ഡെലിബ്രേഷൻസും സുപ്രീം കോടതിയിൽ പോകുന്നതാണ്. അതുകൊണ്ട് അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. നമുക്ക് പിന്നീട് ആ കാര്യത്തെക്കുറിച്ച് ചർച്ചചെയ്യാം. നമുക്ക് ഒത്തിരി മാർഗ്ഗങ്ങളുണ്ട്. സർ, ഈ ഒരു മാർഗ്ഗവും ഇല്ലാതിരുന്നപ്പോഴല്ലേ അവിടെയുണ്ടായിരുന്ന കല്ലും മുള്ളുമെല്ലാം എടുത്തുകൊണ്ട് പോയല്ലോ, എല്ലാം പോയല്ലോ, ഈ നിയമം നിലനിൽക്കുമ്പോഴും ഈ ആളുകൾ നില്ക്കുമ്പോഴും ഈ സംവിധാനം നിൽക്കുമ്പോഴും എല്ലാം കൊണ്ടുപോയല്ലോ, ഒത്തിരി മാർഗ്ഗങ്ങൾ നമുക്കുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. പെരിയാർ ടൈഗർ റിസർവാണ്, നേരത്തെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു, അതിന്റെ അതിർത്തി നിർണ്ണയിക്കാൻ നമുക്ക് അവകാശമുണ്ടെന്നു പറഞ്ഞു, ഞാൻ റെക്കോർഡുകൾ പരിശോധിച്ചപ്പോൾ നേരത്തെ ഒരിക്കൽ അതിർത്തി നിർണ്ണയിച്ചിരുന്നതാണ്. 1950-ൽ അതിന്റെ അതിർത്തി തീരുമാനിച്ചിരുന്നതാണ്. 776 സ്ക്വയർ കിലോമീറ്റർ എന്നാണ് അന്ന് അതിർത്തി തീരുമാനിച്ചതെന്ന് എനിക്കു തോന്നുന്നു. പിന്നീട് അതിർത്തി നമുക്ക് പുനർ നിർണ്ണയം നടത്തണമെന്ന് വരികിൽ എനിക്കു കിട്ടിയിരിക്കുന്ന വിദഗ്ദ്ധോപദേശം അവിടെ സെൻട്രൽ ബോർഡ് കമ്മിറ്റിയിൽ പോകേണ്ടിവരുമെന്നാണ്. അതുകൊണ്ട് ഒരു മാർഗ്ഗവും നമ്മൾ അടച്ചിടുന്നില്ല. എല്ലാ മാർഗ്ഗങ്ങളും നമ്മൾ പരിശോധിക്കുകയാണ്. സഭ ഇതുപോലെ ഒരുമിച്ചു ചർച്ച ചെയ്ത ഒരനുഭവം വേറെയുണ്ടാവില്ല എന്നാണ് എനിക്കു തോന്നുന്നത്. ശ്രീ. സി. പി. മുഹമ്മദ് ഒരു കാര്യം ചോദിക്കുന്നു, അതിനുകൂടി വഴങ്ങാം.

ശ്രീ. സി. പി. മുഹമ്മദ്: ആ സെക്ഷനിൽ മനുഷ്യരുടേയും സമ്പത്തിന്റേയും കൂടെ ജൈവ വൈവിദ്ധ്യത്തിനും എന്നുകൂടി ചേർത്താൽ നന്നായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞില്ലേ ഗവൺമെന്റിന് അതിൽ വളരെ തുറന്ന മനസ്സാണുള്ളത്. നമ്മൾ ഇക്കാര്യത്തിലൊന്നും അടഞ്ഞ രൂപത്തിൽ സമീപിക്കുന്നില്ല. കേരള സമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടി കേരളം ഒരുമിച്ച് നിൽക്കുന്ന ഈ അന്തരീക്ഷം നിലനിർത്തണം. നാളെയും ഇതുപോലെ ഇതിനകത്ത് പൂർണ്ണമായി യോജിച്ച് നമുക്ക് ഇതിനെ പാസാക്കിയെടുക്കാൻ കഴിയണം. ഇതിനെക്കുറിച്ച് പല രൂപത്തിൽ സംസാരിച്ചുവെങ്കിലും ബില്ലിനെ പൊതുവേ എല്ലാപേരും സ്വാഗതം ചെയ്യുകയാണ് ഉണ്ടായത്. അതുകൊണ്ട് ഈ അന്തരീക്ഷത്തിൽ എത്തിച്ചതിന് ഞാൻ എല്ലാപേർക്കും ഒരിക്കൽക്കൂടി നന്ദി പറയാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ഈ ബില്ലിന്റെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്കുള്ള ഭേദഗതി നോട്ടീസുകൾ ഇന്ന് വൈകുന്നേരം ആറ് മണിക്കുമുമ്പ് നൽകാവുന്നതാണ്.

IV അറിയിപ്പ്

മി. സ്പീക്കർ: മുൻ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണന്റെ അർദ്ധകായ പ്രതിമ നാളെ രാവിലെ 8.30-ന് നിയമസഭാ പ്രവേശന ഹാളിൽ അനാച്ഛാദനം ചെയ്യുകയാണ്. പ്രതിമയിൽ പുഷ്പാർച്ചന നടത്താനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.25-ന് യോഗം പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly